# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


**വാല്യം 1**

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

**വാല്യം 28**

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

**വാല്യം 29**

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

**വാല്യം 30**

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമുഴി
9. വെച്ചൂച്ചിറ

**വാല്യം 31**

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

**വാല്യം 32**

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

**വാല്യം 33**

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

**വാല്യം 34**

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

**വാല്യം 35**

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

**വാല്യം 36**

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

**വാല്യം 37**

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

**വാല്യം 38**

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

**വാല്യം 39**

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

**വാല്യം 40**

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

**വാല്യം 41**

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

**വാല്യം 42**

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

6

| വാല്യം 43 |
|---|

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

| വാല്യം 44 |
|---|

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

| വാല്യം 45 |
|---|

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

| വാല്യം 46 |
|---|

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

| വാല്യം 47 |
|---|

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

| വാല്യം 48 |
|---|

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

| വാല്യം 49 |
|---|

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

| വാല്യം 50 |
|---|

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

| വാല്യം 51 |
|---|

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

| വാല്യം 52 |
|---|

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

| വാല്യം 53 |
|---|

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

| വാല്യം 54 |
|---|

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

| വാല്യം 55 |
|---|

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

| വാല്യം 56 |
|---|

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്.

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

**വാല്യം 114**

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

**വാല്യം 115**

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

**വാല്യം 116**

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

**വാല്യം 117**

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

**വാല്യം 118**

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

**വാല്യം 119**

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

**വാല്യം 120**

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

**വാല്യം 121**

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

**വാല്യം 122**

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

**വാല്യം 123**

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

**വാല്യം 124**

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

**വാല്യം 125**

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

**വാല്യം 126**

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

**വാല്യം 127**

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പനങ്ങാട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

## വാല്യം 153

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

## വാല്യം 154

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

## വാല്യം 155

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

## വാല്യം 156

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

## വാല്യം 157

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാലാ

## വാല്യം 158

### ഇടുക്കി ജില്ല

1. തൊടുപുഴ

## വാല്യം 159

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

## വാല്യം 160

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

## വാല്യം 161

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

## വാല്യം 162

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

## വാല്യം 163

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

## വാല്യം 164

### വയനാട് ജില്ല

1. കൽപ്പറ്റ

## വാല്യം 165

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

## വാല്യം 166

### കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്






# കൽപ്പററ നഗരസഭ

# വികസനരേഖ

# CHANDRAGIRI AUDITORIUM

## MAIN ROAD, KALPETTA



**Facilities Provided**

Situated in the heart of town

1000 seats capacity main hall

350 seats capacity dining

Ample Space for parking

Mini Conferance hall

Snack bar

Childrens Park

CHANDRAGIRI GROUP

18OF, MAIN ROAD, KALPETTA
WAYANAD

17

അധികാരം ജനങ്ങളിലേക്ക്

# കൽപ്പറ്റ നഗരസഭ
# വികസന രേഖ




അഡ്വ:പി.ചാത്തുക്കുട്ടി
(ചെയർമാൻ)



ടി.കെ.അച്ചുതൻ
(വൈസ് ചെയർമാൻ)



ഷേർളി ജോസ്
(ഹെൽത്ത് കമ്മിറ്റി
ചെയർമാൻ)



കെ.സുഗതൻ
(വർക്സ് കമ്മിറ്റി
ചെയർമാൻ)

## മുൻ പ്രസിഡന്റുമാർ



എം.കെ.ജിനചന്ദ്രൻ



കല്ലങ്കോടൻ
മൊയ്തീൻ ഹാജി



ടി.എസ്.വി.അയ്യർ



ടി.എൻ.കൃഷ്ണൻനായർ



പി.എം.പത്മനാഭൻ



വി.എ.മത്തായി



കല്ലങ്കോടൻ
അബ്ദുറഹിമാൻ

# മുൻസിപ്പാലിറ്റി കൗൺസിലർമാർ


എം.എം.രമേശൻ മാസ്റ്റർ


പി.കെ.അബൂബക്കർ


എം.എം.ജയ


ഗ്രേസി കുര്യൻ


ടി.എൻ.രാജഗോപാലൻ


കെ.പി.മമ്മദ്


വിൽസൻ രാജ്


പുഷ്പവല്ലി


മൊയ്തീൻകുട്ടി


എൻ.കെ.ഇബ്രാഹീം


സുലോചന ഗോവിന്ദൻകുട്ടി


വേണു


അലവി വടക്കേതിൽ


ശോഭനാ സുബ്രമണ്യം


പി.ഉണ്ണിക്കുട്ടി


സിസിലി ടീച്ചർ

1. ആമുഖം
2. പൊതുവിവരണം
3. ചരിത്രം
4. കൃഷി, ജലസേചനം
5. മൃഗസംരക്ഷണം
6. വ്യവസായം
7. വിദ്യാഭ്യാസം
8. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം
9. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
10. വനിത
11. കുടിവെള്ളം, പൊതുജനാരോഗ്യം.
12. ഭവന നിർമ്മാണം, സാമൂഹ്യ ക്ഷേമം
13. സംസ്കാരം
14. സഹകരണം
15. വിഭവ സമാഹരണം

KALPETTA
MUNICIPAL COUNCIL



# ആമുഖം

*സമൂഹത്തിന്റെ വികസനം ജനതയുടെ ഉത്സവ മായി മാറുന്ന രാഷ്ട്രീയ അവസ്ഥയിൽ മാത്രമേ ക്ഷേമരാഷ്ട്ര സങ്കല്പം യാഥാർത്ഥ്യമാകുകയുള്ളൂ.*

*ഇന്നലെ വരെ കേട്ടുമാത്രം തഴമ്പിച്ച സാധാരണക്കാരന്റെ കാതുകൾ പുതിയ വികസന പരിപ്രേക്ഷ്യത്തിന് കാതോർക്കുകയാണ്. ഉപഭോക്താവിന്റെ ദൈന്യതയിൽ നിന്ന് ഉൽപാദകന്റെ ഔന്നത്യത്തിലേക്ക് മലയാളി ഉയരുകയാണ്. ജനകീയ ആസൂത്രണ പ്രക്രിയയുടെ ഒരു ഘട്ടം ഇവിടെ അവസാനിക്കുകയാണ്. ഇന്നലെവരെ തെരഞ്ഞെടുക്കാൻ മാത്രം അവകാശമുണ്ടായിരുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ നാടിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും നിർദ്ദേശിക്കാനും ഒരുമയോടെ ഗ്രാമസഭകളിൽ എത്തിച്ചേർന്നു.*

*ഏതാനും ഉദ്യോഗസ്ഥ പ്രമാണികളും ഉന്നത ഭരണാധികാരികളും തങ്ങളുടെ ലാവണങ്ങളിലിരുന്ന് ആരുടെയൊക്കെയോ താൽപര്യങ്ങൾ ക്കനുസൃതമായി തയ്യാറാക്കിയിരുന്ന പഞ്ചവത്സര പദ്ധതികൾ വിടപറയുകയായി. വിഭവങ്ങൾ എന്തെന്ന് അറിയാതെ, ആവശ്യങ്ങൾ അറിയാതെ മറ്റ് വകുപ്പുകൾ എന്ത് നടത്തുന്നു എന്നറിയാതെ തങ്ങളുടെ മാത്രം ലോകത്ത് നിന്ന് തീരുമാനിച്ച് ആരോരുമറിയാതെ നടപ്പിലാക്കിവരുന്ന പദ്ധതികളും വഴിനീങ്ങുകയായി.*

*ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന പഞ്ചായത്ത് രാജ്- അധികാര വികേന്ദ്രീകരണ പ്രക്രിയ യാഥാർത്ഥ്യ മാവുകയാണ്.*

*ഇവിടെ ഞങ്ങൾ ഗ്രാമസഭകളിൽ നിന്നും ചികഞ്ഞെടുത്ത യഥാർത്ഥ വസ്തുതകളും പതിവ് ചട്ടകൂടുകളിൽ നിന്നും ലഭിച്ച പരിമിതികൾ നിറഞ്ഞ കണക്കുകളും ചേർത്ത് കൽപ്പറ്റ നഗരസഭയുടെ വികസന രേഖ സമർപ്പിക്കുന്നു.*

*1933 ൽ ബ്രിട്ടീഷുകാരൻ രൂപീകരിച്ച കൽപ്പറ്റ പഞ്ചായത്ത് 1990 ൽ നഗരസഭയായി മാറി വീട്ടുകരം പിരിക്കലും. തെരുവുകളുടെ സംരക്ഷണവും മാത്രമായിരുന്ന പഞ്ചായത്തിന്റെ അധികാരം പദ്ധതി രൂപീകരണം വരെ എത്തിച്ചേർന്നിരിക്കുന്നു.*

*1997 ൽ ആരംഭിക്കുന്ന 9 ാം പദ്ധതി ജനകീയ പദ്ധതി ആക്കാനുള്ള പ്രവർത്തനത്തിന് ഇപ്പോൾ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തയ്യാറായിരിക്കുകയാണ്. ജന പങ്കാളി ത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക മാത്രമല്ല. അവ നടപ്പിൽ വരുത്താൻ കൂടി ജനങ്ങൾ പ്രതിജ്ഞാബദ്ധ രാണല്ലോ. കേരളത്തിന്റെ വികസന മുരടിപ്പ് മാറ്റിയെടുക്കാൻ ജാതി-മത-രാഷ്ട്രീയ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളേയും ഒന്നിച്ചണിനിരത്താൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞിരിക്കുകയാണ്. ഈ പ്രവർത്തനത്തിന് ചാലക ശക്തിയായി പ്രവർത്തിച്ച സാംസ്ഥാന ആസൂത്രണ ബോർഡിനോടും കൽപ്പറ്റ യിലെ ജനങ്ങൾക്കുള്ള നന്ദിരേഖപ്പെടുത്തട്ടെ.*

*ഇവിടെ നടക്കുന്ന വികസന സെമിനാറിൽ ഉരുത്തിരിയുന്ന വികസന പദ്ധതികൾ നാടിന്റെ മുഖച്ഛായ തന്നെ മാറ്റാൻ കഴിയുന്നതായിരിക്കുമെന്ന് സംശയമില്ല. പദ്ധതി വിഹിതത്തിന്റെ 40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവെച്ച സർക്കാറിന്റെ പ്രഖ്യാപനവും ഈ പദ്ധതിയുടെ വിജയത്തിൽ നമ്മുടെ പ്രതീക്ഷ വർദ്ധിപ്പിക്കുന്നു. ഇതോടൊപ്പം പ്രാദേശിക നിർമാണ പ്രവർത്തനങ്ങളിൽ ഓരോരുത്തരും തങ്ങളുടെ പങ്ക് നിർവ്വഹിച്ച് പദ്ധതി വിഹിതം വിപുലീകരിക്കാൻ കഴിയുന്ന അവസ്ഥയും സംജാതമായിരിക്കയാണ്.*

*ആസൂത്രണ പരിപാടിയുടെ ഭാഗമായി നടന്ന സംസ്ഥാനതല പരിശീലനത്തിൽ 5 പേർ പങ്കെടുത്തു. ജില്ലാതല പരിശീലനത്തിൽ 13 പ്രവർത്തകർ പങ്കെടുത്തു. തുടർന്ന് മുനിസിപ്പൽതല പരിശീലന ത്തിൽ 65 പേരും പങ്കെടുത്തു. ബഹു: **ശ്രീ. പ്രേമചന്ദ്രൻ എം.പി.** ഉൽഘാടനം നിർവ്വഹിച്ചു. പരിശീല നത്തിനു ശേഷം സാമുദായിക രാഷ്ട്രീയ സന്നദ്ധ യുവജന സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്ത ഒരു യോഗവും നടത്തി.*

*തുടർന്ന് നടന്ന ഗ്രാമസഭകളിൽ മൊത്തം 2671 പേർ പങ്കെടുത്തു. 29.9.96-ാം തിയ്യതി തുടങ്ങിയ ഗ്രാമസഭ 6.10.96 -ാം തിയ്യതി അവസാനിച്ചു. 2-ാം ഘട്ട പരിപാടികൾ മുനിസിപ്പൽതല പരിശീലന ത്തോടെ ആരംഭിച്ചു. നാട്ടറിവുകളും ഔദ്യോഗിക രേഖകളും സംയോജിപ്പിച്ച് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 13 വിഭാഗങ്ങളിലായി ജില്ലാ പരിശീലനം നേടിയവരുടേയും കൗൺസിലർ മാരുടേയും നേതൃത്വത്തിൽ ഗ്രൂപ്പുകളായി ചേർന്ന് വിവരങ്ങൾ ശേഖരിക്കുകയും ഗ്രാമസഭ ചർച്ചകളുടെ ക്രോഡീകരണം നടത്തുകയുമുണ്ടായി. കൂടാതെ 7 വാർഡുകളിലൂടെ പഠന പര്യടനം നടത്തി.*


*കേരള പിറവി ദിനത്തിന്റെ 96 നവം: 1 ന് നടത്തിയ പുനരർപ്പണ ദിനം 4, 6, 8, 9, 12, 14, 18 വാർഡുകളിൽ വികസന പദ്ധതികൾ ഏറ്റെടുത്തു കൊണ്ട് നടത്തി ഈ ജനകീയ വികസനോൽസവത്തിൽ 867 ആളുകൾ തങ്ങളുടെ ശാരീരികാദ്ധ്വാനം സംഭാവന നൽകി.*

*തുടർന്ന് വീണ്ടും മുനിസിപ്പൽ തലത്തിൽ പരിശീലനം നടത്തുകയും വികസന സെമിനാറിനെ ക്കുറിച്ചാലോചിക്കുകയും ചെയ്തു.*

*ഓരോ വിഷയങ്ങളിലെയും വിദഗ്ദരും മുനിസിപ്പൽ ജീവനക്കാരും അനുഭവസമ്പത്തുള്ളവരും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും ഒത്ത് ചേർന്ന് നടത്തിയ ഒരു നീണ്ട പരിശ്രമത്തിന്റെ ഭാഗമായാണ് വികസന റിപ്പോർട്ട് രൂപപ്പെട്ട് വന്നിട്ടുള്ളത്.*

*ഏതൊരു വെല്ലുവിളിയേയും ഏറ്റെടുത്ത് നടത്താൻ തയ്യാറായ സേവന സന്നദ്ധരായി നാടിന്റെ വികസനത്തിൽ അഭിമാനം കൊള്ളുന്ന ഒരു പറ്റം ജനങ്ങൾ ഇവിടെയുണ്ട് എന്നുള്ളത് നഗരസഭയെ സംബന്ധിച്ചിടത്തോളം ചാരിതാർത്ഥ്യത്തോടെ പറയാൻ കഴിയും.*

*കാർഷിക-വ്യാവസായിക മേഖലകളിലേക്കുള്ള കൽപ്പറ്റ നിവാസികളുടെ കുതിച്ചു ചാട്ടത്തിന് ഈ വികസനരേഖ സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.*



# ഭൂപ്രകൃതി

ഡക്കാൻ പീഠഭൂമിയുടെ തുടർച്ചയായി കിടക്കുന്ന കൽപ്പറ്റകുന്നുകളും വയലുകളും ചേർന്ന ഭൂപ്രകൃതി യാണ്. അക്ഷാംശം 11° 26' 28" നും 11° 98' 22"നും രേഖാംശം 75° 46' 38" നും, 76° 26' 11" നും ഇടയിൽ വയനാട് ജില്ലയുടെ തെക്ക് കിഴക്ക് ഭാഗത്താണ് കൽപ്പറ്റ നഗരസഭ സ്ഥിതിചെയ്യുന്നത്.

നഗരസഭയുടെ വിസ്തീർണ്ണം 32.14 ച.കിമിയാണ് 7478.72 ഏക്കർ കരഭൂമിയും 1070.17 ഏക്കർ വയലുമാണ്.

ഇവിടെ ഭൂരിഭാഗം പ്രദേശങ്ങളിലും പശിമയുള്ള ചുവന്നമണ്ണാണ് കണ്ടുവരുന്നത്. ഇതിന് പുറമെ പാറ ക്കല്ലുകളും, കരിമണ്ണും വയലുകളിൽ മണൽ കലർന്ന മണ്ണും ചിലയിടങ്ങളിൽ കളിമണ്ണും കണ്ട് വരുന്നു. അമ്ലത്വം കൂടിയ സ്വഭാവമാണ് മണൽതരങ്ങൾക്ക് പൊതുവേ ഉള്ളത്. വയലുകളിൽ 'മനിക്ക' യുള്ള പ്രദേ ശങ്ങളിൽ ഫലഭൂവിഷ്ഠത വളരെ കുറവാണ്. കുന്നിൻ പ്രദേശങ്ങളിൽ ജലലഭ്യത വളരെ കുറഞ്ഞാണ് കാണുന്നത്. വയൽ പ്രദേശങ്ങളിൽ ജലലഭ്യത ഉണ്ടെ ങ്കിലും കുടിവെള്ളത്തിനായി ഉപയോഗിക്കാൻ പല സ്ഥലങ്ങളിലും കഴിയാറില്ല. പ്രധാനമായും ഒരു പുഴ യാണ് ഇവിടെ ഉള്ളത്. മേപ്പാടി പഞ്ചായത്തിൽനിന്നും തുടങ്ങി കോട്ടത്തറ പഞ്ചായത്തിലേക്കാണ് പുഴ അവ സാനിക്കുന്നത്. ഇരുമ്പു പാലം പുഴയിൽ വേനൽക്കാ ലത്ത് തുച്ചമായ നീരൊഴുക്കാണ് ഉണ്ടാകുന്നത്. ഇത് കൂടാതെ 2 തോടുകളും ഇവിടെ ഒഴുകുന്നുണ്ട്. റാട്ട കൊല്ലി മലയിൽ നിന്നും, ഗുഡലായ് കുന്നിൽ നിന്നും ധാരാളം ചെറുനീരൊഴുക്കുകളും ഉത്ഭവിക്കുന്നുണ്ട്.

## കാലാവസ്ഥ

മെയ് അവസാനത്തോടുകൂടി ആഗസ്ത് ആദ്യം അവസാനിക്കുന്നതും സെപ്തംബർ ആദ്യം തുടങ്ങി ഒക്ടോബർ പകുതിയോടുകൂടി അവസാനിക്കുന്ന രണ്ട് മൺസൂൺ മഴകളാണ് കൽപ്പറ്റയിൽ പൊതുവായി ലഭി ക്കുന്നത്. 11°C ക്കും 35°C ക്കും ഇടയിലാണ് ചൂട് അനുഭ വപ്പെടാറുള്ളത്. നവംബർ പകുതിമുതൽ മാർച്ച് ആരം ഭംവരെ മഞ്ഞും തണുപ്പും അനുഭവപ്പെടാറുണ്ട്. പൊതുവെ മഴകുറഞ്ഞ ഈ കാലഘട്ടമാണ് കൽപ്പറ്റ യിൽ താമസത്തിന് അനുയോജ്യമായിട്ടുള്ളത്.

# കൽപ്പറ്റ നഗരസഭ പൊതുവിവരണം

| | | |
|---|---|---|
| ജില്ല | : | വയനാട് |
| താലൂക്ക് | : | വൈത്തിരി |
| വില്ലേജ് | : | കൽപ്പറ്റ |
| നിയമസഭാ മണ്ഡലം | : | കൽപ്പറ്റ- MLA രാമചന്ദ്രൻമാസ്റ്റർ |
| ലോകസഭാമണ്ഡലം | : | കോഴിക്കോട്- M.Pവീരേന്ദ്രകുമാർ |
| വിസ്തീർണ്ണം | : | 34,14 ചതുരശ്ര കിലോമീറ്റർ |

**അതിരുകൾ:**


വടക്ക്-കോട്ടത്തറ, മുട്ടിൽ പഞ്ചായത്തുകൾ

കിഴക്ക്- മേപ്പാടി, മുട്ടിൽ പഞ്ചായത്തുകൾ

പടിഞ്ഞാറ് -വെങ്ങപ്പള്ളി, പൊഴുതന പഞ്ചായത്തുകൾ

തെക്ക്- വൈത്തിരി പഞ്ചായത്ത്.

| | | |
|---|---|---|
| ജനസംഖ്യ | : | (1991 സെൻസസ്)229449 |
| സ്ത്രീകൾ | : | 11165 |
| പുരുഷൻന്മാർ | : | 11784 |
| വോട്ടർമാർ | : | 16721 |
| ജനസാന്ദ്രത | : | 672.20 |
| ആകെ വീടുകൾ | : | 4668 |
| പട്ടികജാതി | : | 1448 |
| പട്ടിക വർഗ്ഗം | : | 2426 |
| സാക്ഷരർ | : | 16547 84.15% |
| പുരുഷൻന്മാർ | : | 9006 |
| സ്ത്രീകൾ | : | 7541 |
| വാട്ടർ കണക്ഷൻ (കേരള വാട്ടർ അതോറിറ്റി) | : | 651 |
| ഡിവിഷനുകൾ | : | 20 |
| ചെയർമാൻ | : | അഡ്വക്കറ്റ് പി.ചാത്തുക്കുട്ടി |
| വൈസ് ചെയർമാൻ | : | T.K. അച്യുതൻ |
| വർക്സ് കമ്മറ്റി ചെയർമാൻ | : | K.സുഗതൻ |
| ഹെൽത്ത് കമ്മറ്റി ചെയർമാൻ | : | ഷേർളി ജോസ് |



# ചാലിപ്പുഴയിൽ നിന്ന് കൽപ്പറ്റയിലേക്ക്

*ഈ കൊച്ചു ചരിത്രരേഖക്ക് വില്ല്യം ലോഗൻെറ മലബാർ മാന്വൽ; ഒ.കെ. ജോണിയുടെ വയനാടിൻെറ സാംസ്കാരിക ഭൂമിക, പ്രശസ്ത ചരിത്രകാരൻമാരായ ഡോ. എം.എസ്. നാരായണൻ, ഡോ. എം. ആർ. രാഘവ വാര്യർ, ഡോ. കെ. കെ. എൻ. കുറുപ്പ്, മലയിൻകീഴ ഗോപാലകൃഷ്ണൻ എന്നിവരുടെ പഠനങ്ങളും ബ്രിട്ടീഷ് രേഖകളും അവലംബമാക്കിയിട്ടുണ്ട്. ധർമ്മരാജയ്യരുടെ ഡയറി കുറിപ്പുകളും കെ. ജി. മാധവൻ നായർ, മുൻ പഞ്ചായത്ത് പ്രസിഡണ്ട പി. എം. പത്മനാഭൻ, സ്വാതന്ത്ര്യ സമര സേനാനിയും, മുൻ പഞ്ചായത്ത് വൈസ് പ്രസിഡണ്ടുമായ രാമൻ നായർ, പ്രശസ്ത മാപ്പിള കവി പി. എം. എ. തങ്ങൾ, കെ. ജി. പത്മനാഭൻ നായർ, വേങ്ങാട ആലി എന്നീ വന്ദ്യവയോധികരുടെ തെളിഞ്ഞ ഓർമ്മകളും ഈ ചരിത്ര ലേഖനത്തിന സഹായകമായിട്ടുണ്ട്.*

**വ**യനാടിൻെറ വന്യ സൗന്ദര്യത്തിന് തൊടുകുറിയായി ഒരു കൊച്ചുപട്ടണം. കൊടും വേനലിൽ പോലും വറ്റാത്ത അരുവികൾ, നിത്യ ഹരിതാഭമായ തേയിലതോട്ടങ്ങൾ, പണ്ടം കെട്ടിയ കാപ്പിച്ചെടികൾ, ഘന ഗംഭീരമായ മലനിരകൾ...... ഒരു ഛായാചിത്രം പോലെ മനോഹരമാണ് കൽപ്പറ്റ. വിവിധ മതസ്ഥർ ഇടകലർന്ന് വസിക്കുന്ന ഇവിടം ഇന്നേവരെ അശാന്തിയുടെ നേരിയ തീപ്പൊരി പോലും ചിതറിയിട്ടില്ല. പുരോഗതിയുടെ രാജവീഥിയിൽ നിലകൊള്ളുന്ന ഈ കൊച്ചു പട്ടണത്തിനുമുണ്ട് ഒരു ചരിത്രം. മലമ്പനിയോടും, വന്യ മൃഗങ്ങളോടും പൊരുതിയ ആദ്യ ജനതയുടെ നിലനിൽപ്പിൻെറ ചരിത്രം. വസൂരിയും, കോളറയും മരണം വിതച്ച ദുരന്ത ചരിത്രം. ഇതിലെല്ലാം ഉപരി സ്വാതന്ത്ര്യത്തിൻെറ ഉൾവിളി കേട്ട് ബ്രിട്ടീഷുകാരോട് പോരാടിയ ഒരു കൂട്ടമാളുകളുടെ വീരസ്മരണകൾ. ഈ കൊച്ചു പട്ടണത്തിൻെറ ചരിത്ര ഊടുവഴികളിലൂടെ സഞ്ചാരം തുടങ്ങാം.

❖ ❖ ❖ ❖

20 ാം നൂറ്റാണ്ടിൻെറ തുടക്കം വരെ കൽപ്പറ്റ ചാലിപ്പുഴയായിരുന്നു. ഇന്നത്തെ ഇരുമ്പ് പാലം പുഴയായിരുന്നു അന്നത്തെ ചാലിപ്പുഴ. ചാലിപ്പുഴ എന്ന പേര് വന്നതിൻെറ പിന്നിൽ ഒരു കഥയുണ്ട്. അന്ന് ഇരുമ്പുപാലം പുഴയുടെ തീരങ്ങളിൽ കൂട്ടമായി താമസിച്ച് ചാലിയൻമാർ (നെയ്ത്തുകാർ ) തുണി നെയ്തിരുന്നു. അതിനാലാണത്രേ ചാലിപ്പുഴ എന്ന പേര് വന്നത്. രജിസ്ട്രാർ ഓഫീസ്, പോലീസ്

സ്റ്റേഷൻ തുടങ്ങി എല്ലാം അന്ന് ഈ പേരിലാണ് അറിയപ്പെട്ടത്. ആ കാലത്ത് വസ്തു എടപാടുകൾ ചാലിപ്പുഴ രജിസ്ട്രാർ ഓഫീസിന്റെ മുദ്രയണിഞ്ഞു ഇന്നും പഴമക്കാരുടെ കൈകളിലുണ്ട്. ഇന്നും പ്രായം ചെന്ന ആദിവാസികൾ കൽപ്പറ്റയെ ചാലിപ്പുഴ എന്നാണ് വിളിക്കുന്നത്.

കൈനാട്ടി മുതൽ പുളിയാർമല (അന്ന് ആലം തട്ട) വരെയുള്ള പ്രദേശമായിരുന്നു യഥാർത്ഥത്തിൽ കൽപ്പറ്റ. 'കൽപ്പേട്ട 'എന്ന കന്നഡ പദം ലോപിച്ചാണ് കൽപ്പറ്റ എന്ന വാക്കുണ്ടായത്. കർണ്ണാടകയിൽ നിന്നും വന്ന ജൈനൻമാരാണ് കൽപ്പേട്ട എന്ന് നാമകരണം ചെയ്തത്. കല്ലിന്റെ സങ്കേതം എന്നാണ് കന്നഡയിൽ അർത്ഥം. ജൈന സ്വാധീന മുള്ള പ്രദേശമായിരുന്നു അന്ന് കൽപ്പറ്റ. ചാലിപ്പുഴ കൽപ്പറ്റയായി മാറിയപ്പോൾ ഈ പ്രദേശം പഴയ കൽപ്പറ്റയായി. വില്ല്യം ലോഗന്റെ മലബാർ മാന്വലിൽ പഴയ കൽപ്പറ്റയെ കുറിച്ച് പരാമർശമുണ്ട്.

വണ്ടിപ്പേട്ട എന്ന പേരിലായിരുന്നു ഇന്നത്തെ നഗര സഭാ ബസ് സ്റ്റാന്റ് പരിസരം അറിയപ്പെട്ടിരുന്നത്. കർണ്ണാടകയിൽ നിന്ന് വന്ന ചരക്ക് കാളവണ്ടികൾ താവളമടിച്ചിരുന്ന സ്ഥലമായതിനാലാണ് വണ്ടിപ്പേട്ട എന്നപേർ വന്നത്. ഇന്നത്തെ കൽപ്പറ്റയുടെ ഏറ്റവും തിരക്ക് പിടിച്ച ഭാഗമായ ചുങ്കത്തിന് ആ പേർ വന്നതിന് പിന്നിലും ഒരു കഥയുണ്ട്. ബ്രിട്ടീഷുകാർ ആ ഭാഗത്തായിരുന്നു ഷെഡ്ഡ് കെട്ടി ചുങ്കം പിരിച്ചിരുന്നത്. പിണങ്ങോട് റോഡിലേക്ക് തിരിയുന്ന വലത് വശത്തായിരുന്നു പിരിവു പുര. കോഴിക്കോട് മൈസൂർ റോഡിന് കുറുകെ ഒരു കൂറ്റൻ മരഗേറ്റും ബ്രിട്ടീഷുകാർ സ്ഥാപിച്ചിരുന്നു.

❖ ❖ ❖ ❖

ക്രിസ്തുവിന് 1000 വർഷം മുമ്പ് കൽപ്പറ്റയുടെ ചരിത്രം തുടങ്ങുന്നുവെന്ന് രേഖകളിൽ നിന്ന് അനുമാനിക്കാം. എ. ഡി. 930 വരെ മൈസൂരിലെ ഗൻഗാ വംശത്തിന്റെ ഭരണത്തിന്റെ ഭാഗമായിരുന്നു. പിന്നീട് ഹോയ്സലാ വംശത്തിന്റെ കീഴിലായി. അതിന് ശേഷം വിജയ നഗര സാമ്രാജ്യത്തിന്റെ കീഴിലും തുടർന്ന് മൈസൂർ ഓഡയാർ വംശത്തിന്റെ ആധിപത്യത്തിലുമായി. പിന്നീട് കൽപ്പറ്റയെകുറിച്ച് ചിതറിയ ചിത്രങ്ങൾ നൽകുന്നത് വില്ല്യം ലോഗന്റെ മലബാർ മാന്വലും, ബ്രിട്ടീഷ് രേഖകളുമാണ്. കോട്ടയം രാജവംശത്തിന്റെ കീഴിലായിരുന്ന കൽപ്പറ്റയുടെ ചരിത്രമാണ് പിന്നീട് അങ്ങോട്ട് കാണുന്നത്. 1000 യോദ്ധാക്കളുള്ള കൽപ്പറ്റ നായരായിരുന്നു പഴശ്ശിരാജ വംശത്തിന്റെ പ്രതിനിധിയായി ഭരണം നടത്തിയ തെന്ന് ഡച്ച് ഗവർണ്ണർ വാൻറീസ് രേഖപ്പെടുത്തുന്നു.

മൈസൂർ സുൽത്താൻമാരുടെ പടയോട്ട ത്തിന്റെ ഫലമായി കൽപ്പറ്റ മലബാറിൽ നിന്നും മാറി ശ്രീരംഗപട്ടണത്തിന്റെ ഭാഗമായി. ഇതിന് ശേഷം ടിപ്പു സുൽത്താന്റെ മരണം വരെ കൽപ്പറ്റ മൈസൂരിന്റെ ഭാഗമായിരുന്നു. വയനാടിനെ വിഭജിക്കാൻ തീരുമാനിച്ചതോടെ പഴശ്ശിരാജാ ബ്രിട്ടീഷുകാരുമായി ഇടഞ്ഞു. മാവിലാംതോട്ടിൽ വച്ച് 1805 നവംബർ 30ന് പഴശ്ശി രാജാവ് വെടിയേറ്റ് മരിച്ചു. ഇതോടെ പൂർണ്ണമായും ബ്രിട്ടന്റെ കീഴിലായ വയനാടിന്റെ കൂടെ കൽപ്പറ്റയും ആധുനിക ചരിത്രത്തിലേക്ക് കടന്നു വന്നത്. ബ്രിട്ടീഷുകാർക്ക് മുമ്പ് വരെയുള്ള ചരിത്ര സാംസ്കാരിക സൂചനകൾ അതീവ ദുർബലമാണ്.

❖ ❖ ❖ ❖

വന്യ മൃഗങ്ങൾ യഥേഷ്ടം വിഹരിച്ചിരുന്ന മലയോരങ്ങളിൽ പ്രശാന്ത ജീവിതം നയിച്ചിരുന്ന അപരിഷ്കൃതരായ കറുത്ത മനുഷ്യരായിരുന്നു കൽപ്പറ്റയുടെ യഥാർത്ഥ അവകാശികൾ. വനഭൂവിൽ കാട്ടുകിഴങ്ങുകളും, കായ്കനികളും ശേഖരിച്ച് അവർ ജീവിതം നയിച്ചു. കാട്ടുമൃഗങ്ങളെ വേട്ടയാടാനും അവർ സമർത്ഥരായിരുന്നു. മലഞ്ചെരിവുകളിൽ അവർ മരച്ചീനിയും മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും വളർത്തിയിരുന്നു. തേൻശേഖരങ്ങൾ തേടിയും മറ്റും കാട്ടിൽ സ്വതന്ത്രമായി ജീവിച്ച ഈ ജനതയുടെ ജീവിതം തീർത്തും ഉല്ലാസഭരിതമായിരുന്നു. ഇതിനിടയിലാണ് പൊന്ന് വിളയുന്ന മണ്ണിന്റെ കാന്തിക ശക്തി നാട്ടുമനുഷ്യരെ കൽപ്പറ്റയിലേക്ക് ആകർഷിച്ചത്.

ജീവിതത്തിന് പുതിയ മേച്ചിൽപുറങ്ങൾ തേടി കർണ്ണാടകയിലെ കാവേരി നദീതടങ്ങളിൽ നിന്നും ജൈനമതക്കാർ കൂട്ടത്തോടെ കൽപ്പറ്റയിലെത്തി. പഴയ കൽപ്പറ്റ ജൈന വിഭാഗത്തിന്റെ സങ്കേതമായി മാറി. ജൈനമതത്തിലെ തന്നെ തരകൻമാരായിരുന്നു അവരിൽ കൂടുതൽ. കരിമ്പ് കൃഷി മുഖ്യ ജീവിതോ പാധിയാക്കിയ ഇവർ കരിമ്പ് ഉപയോഗിച്ച് ശർക്കര

ഉണ്ടാക്കിയിരുന്നു. പിന്നീട് പുതിയ പ്രകൃതി വിഭവങ്ങൾ തേടി ഇവരിൽ വലിയൊരു വിഭാഗം പനമരം, അഞ്ചുകുന്ന്, പുത്തനങ്ങാടി, വെണ്ണിയോട് എന്നീ കേന്ദ്രങ്ങളിലേക്ക് നീങ്ങി. തുടർന്ന് കൽപ്പറ്റ ജൈനമതത്തിലെ തന്നെ ഗൗഡർമാരുടെ ആധിപത്യത്തിലായി. ജൈനചരിത്രത്തിലേക്ക് വെളിച്ചം വീശി. ഇന്നും അവയുടെ അവശിഷ്ടങ്ങൾ കൽപ്പറ്റയിലെ പല ഭാഗങ്ങളിലും ചിതറിക്കിടക്കുന്നുണ്ട്. മൈലാടി പാറയിൽ സ്ഥാപിച്ച തീർത്ഥങ്കരനായ ചന്ദ്രനാഥ സ്വാമിയുടെ സ്തൂപം, പുത്തൂർ വയലിലെ ക്ഷേത്രാവശിഷ്ടങ്ങൾ എന്നിവ ഇതിന് ഉദാഹരണമാണ്. പഴയ കൽപ്പറ്റയിലെ അനന്തനാഥ സ്വാമിക്ഷേത്രം ഉൽസവത്തിന് ദൂരെ ദിക്കിൽ നിന്ന് പോലും ഭക്തൻമാർ എത്തിയിരുന്നു.

കോട്ടയം രാജഭരണത്തിൻെറ ഭാഗമായിട്ടാണ് 500 വർഷം മുമ്പ് നായൻമാർ കൽപ്പറ്റയിലെത്തുന്നത്. വയനാട്ടിൻെറ ആധിപത്യം തങ്ങൾക്കായിരുന്നുവെങ്കിലും മലമ്പനിയും, വന്യമൃഗങ്ങളും വയനാട്ടിലേക്ക് പോകുന്നതിൽ വലിയൊരു വിഭാഗം നായൻമാരെ തടഞ്ഞു. ഇതിനു പരിഹാരമായി 600 നായൻമാരേയും 60 കുടുംബങ്ങളേയും നിർബന്ധമായി ഭരണം നടത്താൻ വയനാട്ടിലേക്ക് അയക്കേണ്ടി വന്നു കോട്ടയം ഭരണകൂടത്തിന്. നാട്ടിലേക്ക് മടങ്ങിയാൽ വധശിക്ഷ ഉണ്ടാകുമെന്ന ഭീഷണിയും നിലവിലുണ്ടായിരുന്നു. 60 കുടുംബങ്ങളിൽ 6 നാടുവാഴികളെ തിരഞ്ഞെടുത്ത് 6 ദേശത്തിൻെറ ഭരണമേൽപ്പിച്ചു. നാടുവാഴിക്ക് ഇഷ്ടം പോലെ ഭൂമി സ്വന്തമാക്കാൻ അനുവദിച്ചിരുന്നു. കൽപ്പറ്റയിലെ പ്രധാന നാടുവാഴി കൽപ്പറ്റ നായരായിരുന്നു. പിന്നീട് ബ്രിട്ടീഷ് ഭരണം വന്നപ്പോൾ നായർ തറവാട്ടുകാർ തന്നെയായിരുന്നു ബ്രിട്ടീഷുകാരുടെ പ്രതിപുരുഷൻമാരായി ഭരണം നടത്തിയത്. കൽപ്പറ്റയിലെ പ്രധാന നായർ കുടുംബം കൽപ്പറ്റ ഗ്രാമക്കാരായിരുന്നു. കൽപ്പറ്റയിലെ ഭൂസ്വത്തിൻെറ മുഖ്യഭാഗവും അവരുടെ കൈവശമായിരുന്നു. ഒരു പതിറ്റാണ്ട് മുമ്പ് വരെ കൽപ്പറ്റ ചന്ത ഗ്രാമക്കാരുടെ അധീനതയിലായിരുന്നു.

ഇവർക്ക്പിറകെ ബ്രാഹ്മണരും കൽപ്പറ്റയിലെത്തി. പാലക്കാട് ജില്ലയിലെ നൂറുണ്ണി, താരകം, പല്ലാവൂർ, മേലാക്കോട് എന്നീ വില്ലേജുകളിൽ നിന്നായിരുന്നു അവർ എത്തിയത്. അവർ മുഖ്യമായും സാമ്പത്തിക സ്ഥാപനങ്ങളാണ് നടത്തിയിരുന്നത്. തോട്ടങ്ങൾ വാങ്ങി കൃഷിയിലും ഏർപ്പെട്ടു വന്നു. ഗൗഡൻമാരെ സാമ്പത്തികമായി പലപ്പോഴും സഹായിക്കാറ് ബ്രാഹ്മണരായിരുന്നു.

കച്ചവടക്കാരായും തോട്ടം തൊഴിലാളികളായും മുസ്ലീങ്ങളും കൽപ്പറ്റയിലെത്തി. ജീവിത പ്രയാസങ്ങളിൽ നിന്നും രക്ഷ നേടാൻ കൽപ്പറ്റയിലെത്തിയ മുസ്ലീങ്ങളുമുണ്ട്. 1921 ലെ മലബാർ കലാപം ഇവരുടെ കുടിയേറ്റത്തിന് ആക്കം കൂട്ടി. തിരുവിതാംകൂറിൽ നിന്ന് വയനാട്ടിലേക്ക് ക്രിസ്ത്യൻ കുടിയേറ്റമുണ്ടായെങ്കിലും ജനസംഖ്യാ വർദ്ധനവിൽ കൽപ്പറ്റയെ അത് കാര്യമായി ബാധിച്ചിട്ടില്ല. കൽപ്പറ്റയിലെ സമീപ പ്രദേശങ്ങളിലേക്കാണ് അവർ നീങ്ങിയത്.

❖ ❖ ❖ ❖

ബ്രിട്ടീഷ് ഭരണത്തോടെയാണ് കൽപ്പറ്റയിൽ നേരിയ തോതിലെങ്കിലും വികസനമെത്തുന്നത്. 1887 ന് മുൻപ് തന്നെ ജയിൽ, റജിസ്ട്രാർ ഓഫീസ്, പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ് എന്നിവ കൽപ്പറ്റയിലുണ്ടായിരുന്നുവെന്ന് വില്യം ലോഗൻ മലബാർ മാന്വലിൽ രേഖപ്പെടുത്തുന്നു. പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്നത് ഇന്നത്തെ വില്ലേജ് ഓഫീസ് കെട്ടിടത്തിലാണ്. അന്നത്തെ ലോക്കപ്പ് മുറി ഇന്നും വില്ലേജ് ഓഫീസിൽ കാണാം. തിരുഹൃദയ ദേവാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു വത്രെ ജയിൽ ഉണ്ടായിരുന്നത്. ജയിലിനുവേണ്ടി നിർമ്മിച്ച കുറ്റൻ മതിലിൻെറ അവശിഷ്ടങ്ങൾ നമുക്ക് ഇപ്പോഴും കാണാവുന്നതാണ്. പ്ലാൻേറഷൻ ഓഫീസ്, ബ്ലോക്ക് ഓഫീസ്, മലേറിയ ഓഫീസ്, ലേബർ ഓഫീസ്, കോടതി എന്നിവ 1920 കളിൽ കൽപ്പറ്റയിൽ ഉണ്ടായിരുന്നു.

1821 ലഫ്റ്റൻറ് കേണൽ വാർഡും കോർണറും ചേർന്ന് നടത്തിയ സർവ്വേയിൽ വയനാട്ടിലൊരിടത്തും ടൗൺ ഉണ്ടായിരുന്നില്ലെന്ന് രേഖപ്പെടുത്തുന്നു. എന്നാൽ കൽപ്പറ്റയിൽ ഏതാനും വ്യാപാര സ്ഥാപനങ്ങളുണ്ടായിരുന്നുവെന്ന് ആ രേഖയിൽ പറയുന്നുണ്ട്. തെക്കെ വയനാട്ടിലെ വ്യാപാരം മുഴുവൻ കൽപ്പറ്റ കേന്ദ്രീകരിച്ചായിരുന്നു നടന്നിരുന്നത്.

രണ്ട് നൂറ്റാണ്ടിൻെറ പഴങ്കഥയുള്ള കൽപ്പറ്റ ചന്ത മലബാറിലെ തന്നെ ഒന്നാംകിട ചന്തയായിരുന്നു. ഇവിടേക്ക് മൈസൂരിൽ നിന്നും കാളവണ്ടിമാർഗ്ഗമെത്തിയിരുന്ന ചരക്കുകളായിരുന്നു



1940-50തുകളിലെ കൽപ്പറ്റ ചന്ത. ചിത്രത്തിൽ കാണുന്ന ഇരുനിലകെട്ടിടത്തിലായിരുന്നു അന്ന് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്.

വ്യാപാരരംഗത്തെ മുഖ്യമായും നിയന്ത്രിച്ചിരുന്നത്. മൈസൂരിൽ നിന്നും ഇങ്ങിനെ 150 ലേറെ കാളവണ്ടികൾ എത്തിയിരുന്നു. മേപ്പാടി, പൊഴുതന, വെങ്ങപ്പള്ളി, കോട്ടത്തറ, മുട്ടിൽ, തൃക്കൈപ്പറ്റ, വൈത്തിരി എന്നിവിടങ്ങളിലെ ജനങ്ങൾ കാൽനടയായി ഇവിടെ എത്തുന്നതോടെ ചന്ത പ്രദേശം ജനനിബിഡമാകും. ഞായറാഴ്ച്ചയായിരുന്നു അന്നും ചന്ത.

1921 ലാണ് ആദ്യമായി കൽപ്പറ്റയിൽ ബസ്സ് എത്തുന്നത്. കോഴിക്കോടു നിന്ന് പുതുപ്പാടി യിലേക്കുള്ള ബസ് കൽപ്പറ്റയിലേക്ക് നീട്ടുകയായിരുന്നു. മലബാർ കലാപത്തോടെ 1922 ൽ ബ്രിട്ടീഷുകാർ ബസ് പിടിച്ചെടുത്തു. പിന്നീട് 1927 ലാണ് ബസ് സർവ്വീസ് പുന:രാരംഭിക്കുന്നത്. ജിനചന്ദ്ര, പത്മപ്രഭ, കല്ലങ്കോടൻ മൊയ്തീൻ, നീലിക്കണ്ടി മൊയ്തീൻ ഹാജി, അറക്കൽ മൊയ്തു ഹാജി എന്നിവർക്കാണ് കാർ ഉണ്ടായിരുന്നത്. കൽപറ്റയുടെ കുതിപ്പിനും കിതപ്പിനും സാക്ഷിയായ ഇരുമ്പ് പാലം 1940 ൽ തകർന്നു. ബദൽ കോൺക്രീറ്റ് പാലം ഉയർന്നെങ്കിലും സ്മരണയെന്നോണം ഇരുമ്പ് പാലം എന്ന പേര് ഇന്നും നിലനിൽക്കുന്നു. 1954 ലാണ് പട്ടണത്തിലെ മൈസൂർ-കോഴിക്കോട് റോഡ് ടാറിംഗ് നടത്തിയത്. 1956 ജനുവരി 14 നാണ് വൈദ്യുതി കൽപ്പറ്റയിലെത്തുന്നത്. 1958 ൽ ടെലഫോണുമെത്തി.

❖ ❖ ❖ ❖

കൽപ്പറ്റയിൽ ജൈനമതക്കാരുടെ വരവോടെ തന്നെ സംഘടിത കൃഷി ആരംഭിച്ചിരുന്നു. കരിമ്പായി രുന്നു പ്രധാന വിള. പ്രകൃതിക്ഷോഭം മൂലം അവ നശി ക്കുകയായിരുന്നുവെന്ന് ചരിത്രകാരൻമാർ രേഖപ്പെടു ത്തുന്നു. 1830 മുതൽ കൽപ്പറ്റയിൽ അറബിക്കാ കാപ്പി കൃഷി തുടങ്ങിയെങ്കിലും 19ാം നൂറ്റാണ്ടിന്റെ ഒടുക്കത്തോടെ ഒരുതരം കുമിൾ രോഗം ബാധിച്ച് നശിച്ചുപോവുകയാണുണ്ടായത്. 20ാം നൂറ്റാണ്ടിന്റെ തുടക്കം കുരുമുളക് ആയിരുന്നു പ്രധാന കൃഷി. 1914-1919 ലെ ഒന്നാം ലോക മഹായുദ്ധകാലത്ത് കുരുമുളകിന് നല്ലകാലമായിരുന്നു. 700 റാത്തൽ കണ്ടിക്ക് 300 രൂപ വരെ ലഭിച്ചിരുന്നു. രണ്ടാം ലോക യുദ്ധത്തോടെ കുരുമുളകിന് ഭാവിയില്ലാതായി. കുമിൾ രോഗവും വിലയിടിവുമായിരുന്നു കാരണം.

1919 ൽ മണിയങ്കോട് കൃഷ്ണഗൗഡർ റോബസ്റ്റാ കാപ്പി കുരുമുളക് തോട്ടത്തിൽ ഇടവിള യായി കൃഷി ചെയ്തു തുടങ്ങി. വിത്തുകൾ സുഹൃത്തു ക്കൾക്കും നൽകിയിരുന്നു. പരീക്ഷണാർത്ഥം തുടങ്ങിയ റോബസ്റ്റാ കാപ്പി 5 വർഷം കൊണ്ട് ഫലം നൽകി ത്തുടങ്ങി. കുരുമുളക് തോട്ടങ്ങൾ കാപ്പി തോട്ടങ്ങ ളായി മാറുകയായിരുന്നു. 1930 തോടെ റോബസ്റ്റാ കാപ്പി കൽപ്പറ്റയിൽ വ്യാപകമായി. 1940 ൽ കർഷകർ ഒരു സംഘടനക്ക് രൂപം നൽകി. അതാണ് ഇന്നത്തെ കോഫി ഗ്രോവേർസ് അസോസിയേഷൻ. അന്ന് വില 700 റാത്തൽ കണ്ടിക്ക് 100 രൂപയായിരുന്നു.

1933 ൽ മധുര നാരങ്ങ ഇടവിളയായി രംഗ പ്രവേശനം ചെയ്തു. 1933 മുതൽ 1950 വരെ മധുര നാരങ്ങക്ക് കൽപ്പറ്റയിൽ സുവർണ്ണകാലമായിരുന്നു. നല്ല വിലയും ലഭിച്ചു. മധുര നാരങ്ങ കൃഷിക്കാർ സഹകരണ സംഘം രൂപവൽക്കരിച്ചു. ബാംഗ്ലൂരിലെ പട്ടാള ക്യാമ്പുകളിൽ പോലും കൽപ്പറ്റ മധുരനാരങ്ങ എത്തിച്ചിരുന്നു. കാലാവസ്ഥയുടെ വ്യതിയാനവും കൂടെ വന്ന രോഗവും നാരങ്ങകൃഷിയുടെ ചരമ ഗീതം കുറിച്ചു. കൃഷി വിദഗ്ദ്ധരുടെ ഗവേഷണങ്ങൾക്ക് പിടി നൽകാതെ നാരങ്ങ എന്നെന്നേക്കുമായി നഷ്ടമായി. അതേ സമയം ബ്രിട്ടീഷുകാരുടെ തേയിലത്തോട്ടങ്ങൾ യാതൊരു വിഘ്നവും കൂടാതെ തഴച്ചു വളരുകയായിരുന്നു.

❖ ❖ ❖ ❖

മരണം വിതക്കുന്ന മഹാമാരികൾ കൽപ്പറ്റയിൽ എന്നും ഉണ്ടായിരുന്നു. ഇവിടുത്തെ ജനതയുടെ ചരിത്രം തന്നെ മലമ്പനിയോടും, കാട്ടുമൃഗങ്ങളോടുമുള്ള പോരാട്ടമായിരുന്നു. മലമ്പനിയെ തുടർന്ന് കൽപ്പറ്റയിൽ ഏറെ പേർ മരിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്താണ് ഫലപ്രദമായ പ്രതിരോധ കുത്തിവയ്പുകൾ ആരംഭിച്ചത്. കൽപ്പറ്റയിൽ ഒരു മലേറിയ ഓഫീസ് തന്നെ ഉണ്ടായിരുന്നു.

ശക്തമായ പ്രതിരോധ നടപടികൾ മൂലം 1945 - 1946 ഓടെ മലമ്പനി തുടച്ചുമാറ്റാൻ കഴിഞ്ഞു.

1918 ൽ വസൂരിയും കോളറയും കൽപ്പറ്റയിൽ താണ്ഡവമാടി. മരിച്ചവരുടെ എണ്ണത്തിന് കൈയ്യും കണക്കുമില്ല. യുദ്ധകാലഘട്ടമായതിനാൽ ബ്രിട്ടീഷ് സർക്കാറിന് പ്രതിരോധ നടപടികൾ സ്വീകരിക്കാൻ സാമ്പത്തികമായി പ്രയാസം നേരിട്ടു. ഒരാളും അവ ശേഷിക്കാതെ തുടച്ചു നീക്കപ്പെട്ട കുടുംബങ്ങളും അന്ന് ഉണ്ടായിരുന്നു. മഹാമാരികൾ മനുഷ്യരെ കൂട്ടത്തോടെ കൊന്നൊടുക്കുകയായിരുന്നു.

കൽപ്പറ്റയിൽ കൊച്ചു അങ്ങാടിയിൽ പോലും ജഡങ്ങൾ വീണു കിടന്നു. അക്കാലത്ത് ഒരു ജഡം മറവ് ചെയ്യാൻ 1.25 രൂപയാണ് സർക്കാർ അനുവദിച്ചിരുന്നത്. എന്നിട്ടും ആരും മുന്നോട്ട് വന്നില്ല. ദുർഗന്ധം വമിക്കാൻ തുടങ്ങുന്നതോടെ മൃതദേഹങ്ങൾ തൊട്ടടുത്ത നാടുവാഴിയുടെ ദേശത്തേക്ക് നീക്കുകയായിരുന്നു വത്രേ ചെയ്തിരുന്നത്. ജഡം മുസ്ലീങ്ങളുടേതായിരുന്നു വെന്ന് പറയലും ഒരു തന്ത്രമായിരുന്നു. അങ്ങിനെ യെങ്കിൽ ജഡം മുസ്ലീങ്ങൾ ഏറ്റെടുത്ത് ഖബർ സ്ഥാനിൽ മറവ് ചെയ്യുമായിരുന്നു.

1944-45 വർഷങ്ങളിൽ വീണ്ടും കോളറ കൽപ്പറ്റ യിൽ ഏറെ മരണം വിതച്ചു. 1958 ൽ വസൂരിയും നിരവധി പേരെ കൊന്നൊടുക്കി.

❖ ❖ ❖ ❖

1921 ൽ ഔദ്യോഗിക കണക്കു പ്രകാരം കൽപ്പറ്റയിലെ ജനസംഖ്യ 2469 ആയിരുന്നു. ഹിന്ദുക്കൾ - 1913, മുസ്ലീങ്ങൾ - 440, മറ്റുള്ളവർ - 116 എന്നിങ്ങനെ. അന്നത്തെ ആകെ കൈവശ ഭൂമി 5591 ഏക്രയാണ്. 71 വ്യക്തികളുടേയും 116 കുടുംബ സ്വത്തുക്കളുമായിരുന്നു അത്. അഡ്ലെയഡ്, കരോലീന, തോര്യമ്പത്ത്, പെരുന്തട്ട എന്നീ 4 എസ്റ്റേറ്റു കളാണ് ഉണ്ടായിരുന്നത്.

പ്രധാന തോട്ടവിള കുരുമുളക് ആയിരുന്നു. കാപ്പി, ചായ, റബ്ബർ, നെല്ല്, മുത്താറി, വാഴ, പച്ച ക്കറികൾ എന്നിവയും കൃഷി ചെയ്തിരുന്നു. കാർഷികാവശ്യങ്ങൾക്ക് ഉഴവുമാടുകളെയാണ് ഉപ യോഗിച്ചിരുന്നത്. യാത്രക്കായി 35 കാളവണ്ടികളും, പാലിൻെറ ആവശ്യത്തിന് 241 എരുമകളും, 308 പശുക്കളുമുണ്ടായിരുന്നു. അന്ന് ***കൽപ്പറ്റ ചന്തയിൽ പച്ചക്കറി വന്നിരുന്നില്ല എന്നത് ഒരു പ്രത്യേകതയാണ്.***

ഭൂമി വില തുലോം കുറവായിരുന്നു. ആ കാലഘട്ട ത്തിലെ വമ്പിച്ച നികുതി സമ്പ്രദായമായിരുന്നു ഇതിനു കാരണം.

കൃഷിയിടങ്ങളിൽ ആദിവാസികളായിരുന്നു തൊഴിലാളികൾ. യജമാനൻ - തൊഴിലാളി ബന്ധം ദൃഢമായിരുന്നു. നെല്ലായിരുന്നു കൂലിയായി നൽകിയിരുന്നത്. ഇതിനു പുറമേ ഓണം വിഷു ദിവസങ്ങളിൽ പല ആനുകൂല്യങ്ങളുള്ള അവകാശവും അവർക്കുണ്ടായിരുന്നു. നിലയടി, കല്ലും മണ്ണും, കാരിക്കൽ, ഒക്കുപൊടി കാര എന്നീ ആനുകൂല്യങ്ങൾ അവർ അനുഭവിച്ചു. കൽപ്പറ്റയിലെ തന്നെ ചില ഭാഗങ്ങളിൽ ആദിവാസികൾ ഏറെ ദുരിതങ്ങൾക്കും വിധേയമായിരുന്നു.

❖ ❖ ❖ ❖

**സ്വാ**തന്ത്ര്യ സമരത്തിൻെറ അലയൊലികൾക്ക് വയനാട്ടിൽ ആദ്യമായി പ്രതിധ്വനിയുണ്ടായത് കൽപ്പറ്റ യിലാണ്. 1921 ൽ നിസ്സഹകരണ പ്രസ്ഥാനത്തിന് പ്രാരംഭ നടപടികൾ തുടങ്ങിയപ്പോൾ മണിയങ്കോട് കൃഷ്ണ ഗൗഡർ, മുണ്ടേരി സുന്ദരയ്യ ധർമ്മ രാജ് അയ്യർ എന്നിവരുടെ നേതൃത്വത്തിൽ കോൺഗ്രസിൻെറ ഒരു കോടി ഫണ്ടിലേക്ക് പണം അയച്ചു കൊടുത്തിരുന്നു.

വയനാട്ടിലെ പ്രഥമ രാഷ്ട്രീയയോഗം 1921 ൽ വണ്ടിപേട്ടയിൽ നടന്നു. **കെ. പി. കേശവ മേനോൻ** യോഗത്തിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിന് നേതൃത്വം നൽകിയ ധർമ്മരാജ അയ്യർ തൻെറ ഡയറി യിൽ ഇപ്രകാരം കുറിക്കുന്നു.

''*കൃഷ്ണ ഗൗഡരും സുന്ദരയ്യരും ആയിരുന്നു യോഗത്തിന് പ്രോൽസാഹനം നൽകിയത്. കോഴി ക്കോട്ടിലെ കോൺഗ്രസ് നേതാവായിരുന്ന കെ. പി. കേശവമേനോനു മൊന്നിച്ച് ഇസ്ലാം മത പണ്ഡിതനും വാഗ്മിയുമായ മുസ്ല്യാരും കൂടെ ഉണ്ടായിരുന്നു. കൽപ്പറ്റ അങ്ങാടിയിലെ നീലിക്കണ്ടി കുഞ്ഞീത് എന്നി വരുടെ പീടികയുടെ മുകളിൽ വച്ചായിരുന്നു യോഗം തീരുമാനിച്ചത്. ഇത് അറിഞ്ഞ് വൈത്തിരി പോലീസ് തോക്കുമായി പാറാവ് ചുറ്റാൻ തുടങ്ങി. കൂടിയിരുന്ന വളരെയധികം ജനങ്ങൾ ഭയപ്പെട്ടുപോയി. ഇത് കണ്ട് ഭയന്ന കുഞ്ഞീത് തൻെറ സ്ഥലത്ത് യോഗം കൂടുവാൻ അനുവദിക്കുകയില്ലെന്ന് പറഞ്ഞു. യോഗത്തിന് സ്ഥലമില്ലാത്തതിനാൽ നിരാശപ്പെടാതെ കൃഷ്ണ ഗൗഡർ കൂലിക്കാരെ കൂട്ടി അങ്ങാടിക്കടുത്തുള്ള ഒരു മാവിൻ ചുവട് ചെത്തി വെടുപ്പാക്കി അവിടെ യോഗം*

*കൂടി. രണ്ട് അതിഥികളുടേയും പ്രസംഗങ്ങൾ ജനങ്ങളെ ആഹ്ലാദഭരിതരാക്കി. ആ യോഗത്തിന് ഞാൻ നന്ദി പ്രകടനം നടത്തിയത് ഒരു പ്രസംഗം മൂലമായിരുന്നു."*

ഇക്കാലത്ത് തന്നെയാണ് വയനാട്ടിൽ ആദ്യ മായി കോൺഗ്രസ് കമ്മിറ്റി കൽപ്പറ്റയിൽ രൂപ വൽക്ക രിച്ചത്. യോഗത്തിൽ വിശദീകരണം നടത്തിയത് എ. കെ.ഗോപാലൻ (**എ. കെ.ജി**) ആയിരുന്നു. വളരെ കുറഞ്ഞ പേരെ യോഗത്തിൽ പങ്കെടുത്തുള്ളൂ. ജില്ലയിൽ ആദ്യമായി ഖദർ തുണി എത്തിയതും കൽപ്പറ്റയിലാണ്. ധർമ്മരാജ അയ്യർ ആണ് കൊണ്ടു വന്നത്. കൃഷ്ണ ഗൗഡരും സുന്ദരയ്യരും ഖാദി പ്രചാരകരായി മാറി. വീടു വീടാന്തരം കയറിയിറങ്ങി ഖദർ വിറ്റഴിക്കലാ യിരുന്നു പ്രചാരക മാർഗ്ഗം.

1927 ൽ മദ്രാസിൽ വച്ച് ഒരാഴ്ച നീണ്ടുനിന്ന കോൺഗ്രസ് സമ്മേളനത്തിൽ മലബാർ പ്രതിനിധികളായി കൽപ്പറ്റയിലെ കൃഷ്ണ ഗൗഡർ, സുബ്ബയ്യ ഗൗഡർ, ധർമ്മരാജയ്യർ എന്നിവർ പങ്കെടുത്തിരുന്നു. ആ സമ്മേളനത്തിൽ വച്ച് മഹാത്മാ ഗാന്ധി, ആനിബസൻറ്, മുഹമ്മദലി ജിന്ന, ഷൗക്കത്തലി, മൗലാനാ മുഹമ്മദലി എന്നിവരെ നേരിൽ കാണാൻ കഴിഞ്ഞതിൻെറ ചാരിതാർത്ഥ്യം ധർമ്മരാജയ്യരുടെ ഡയറിക്കുറിപ്പുകളിൽ തെളിഞ്ഞു കാണുന്നു.

കൽപ്പറ്റക്കാരനായ സുബ്ബയ്യ ഗൗഡർ ഗാന്ധിജി യുടെ പ്രവർത്തനത്തിൽ ആവേശം ഉൾക്കൊണ്ട് തൻെറ ഒസ്യത്തിൽ വലിയൊരു തുക ഹരിജനോ ദ്ധാരണത്തിന് നീക്കിവച്ചു. പത്രങ്ങൾ ഇതിനെ മുക്തകണ്ഠം പ്രശംസിച്ചെഴുതി. സുബ്ബയ്യ ഗൗഡരുടെ സംഭാവന ഏറ്റുവാങ്ങി ഹരിജനോദ്ധാരണ കേന്ദ്രം തുടങ്ങാൻ 1934 ജനുവരി 14 ന് ഗാന്ധിജി കൽപ്പറ്റയിൽ വന്നു. ഗാന്ധിജിയെ കാണാൻ കൽപ്പറ്റ യിൽ ഒഴുകിയെത്തിയ ജന സഞ്ചയം അഭൂതപൂർവ്വ മായിരുന്നു. രാവിലെ 9 മണിക്ക് കൽപ്പറ്റയിലെത്തിയ ഗാന്ധിജിയെ ഗിരിവർഗ്ഗക്കാരായ സ്ത്രീ പുരുഷൻമാർ പരമ്പരാഗതമായ വേഷവിധാനങ്ങളോടും, വാദ്യ ഘോഷങ്ങളോടും കൂടിയാണ് എതിരേറ്റത്. ഗാന്ധിജിയോടൊപ്പം കെ. കേളപ്പൻ, ദേശബന്ധു, ശ്യാംജി സുന്ദർ ദാസ്, കെ. മാധവ മേനോൻ, യു. ഗോപാല മേനോൻ എന്നിവരും ഉണ്ടായിരുന്നു. ധർമ്മരാജയ്യരുടെ നേതൃത്വത്തിലാണ് ഗാന്ധിജിയെ സ്വീകരിച്ചത്. ഹരിജനോദ്ധാരണ ഫണ്ടിലേക്ക് ഒട്ടേറെ പേർ ഗാന്ധിജിക്ക് പണക്കിഴി സമ്മാനിച്ചു. കൽപ്പറ്റ നിവാസികളുടെ സംഭാവന 500 രൂപ മുണ്ടേരി സുന്ദരയ്യർ, കല്ലങ്കോടൻ മൊയ്തീൻ എന്നിവരായിരുന്നു പിരിച്ചെടുത്തത്.

1930 ൽ മലബാർ ജില്ലാ ബോർഡിൽ ധർമ്മരാജ അയ്യരും, സുന്ദരയ്യരും അംഗങ്ങളായി. കെ. കെ. കേളപ്പനായിരുന്നു ബോർഡിൻെറ പ്രസിഡണ്ട്. തുടർന്ന് വിദ്യാഭ്യാസ കൗൺസിലിലും ധർമ്മരാജ അയ്യർ മെമ്പർ ആയി.

1940-41 കാലത്ത് വ്യക്തി സത്യാഗ്രഹം തുടങ്ങിയപ്പോൾ കൽപ്പറ്റയിലും അതിൻെറ ചലന മുണ്ടായി. ഇ. കെ. ശേഖരൻ നായരായിരുന്നു ഇതിനു നേതൃത്വം നൽകിയത്. നമ്മുടെ പഞ്ചായത്തിൻെറ വൈസ് പ്രസിഡണ്ടും സ്വാതന്ത്ര്യ സമര സേനാനി യുമായ വി. എൻ. രാമൻ നായരുടെ പേർ ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണ്.

❖ ❖ ❖ ❖

**രാ**ഷ്ട്രീയ രംഗങ്ങളിൽ കൽപ്പറ്റക്കാർ എന്നും നിറഞ്ഞുനിന്നിരുന്നു. 1945ൽ നടന്ന തെരഞ്ഞെടു പ്പിൽ **എം. കെ. ജിനചന്ദ്രൻ** പാർലമെൻറ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ആന്ധ്രയിലെ പതപ്പുര രാജാവിനെയാണ് പരാജയപ്പെടുത്തിയത്. 1952 മദ്രാസ് സംസ്ഥാനത്തേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വയനാട് മണ്ഡലത്തിൽ നിന്ന് പത്മപ്രഭ ഗൗഡരും വെന്നിക്കൊടി പാറിച്ചു. കോൺഗ്രസിൻെറ പ്രമുഖ നേതാവും മന്ത്രിയുമായിരുന്ന കോഴിപ്പുറത്ത് മാധവ മേനോനെയാണ് പത്മപ്രഭ ഗൗഡർ പരാജയ പ്പെടുത്തിയത്.

കൽപ്പറ്റയിൽ രാഷ്ട്രീയ പ്രവർത്തനം സജീവ മാകുന്നത് അമ്പതുകളിലാണ്. കോൺഗ്രസിന് നേതൃത്വം നൽകിയിരുന്നത് എം. കെ. ജിനചന്ദ്രനും, വി. എൻ. രാമൻ നായരുമായിരുന്നു. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകിക്കൊണ്ട് പത്മപ്രഭ ഗൗഡർ, എ. പി. സുകുമാരൻ, ഇ. സൂപ്പിക്കുട്ടി എന്നിവരും രംഗത്ത് വന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുൻ നിരയിൽ പി. കെ. കോയ മാസ്റ്റർ , ഇ. കൃഷ്ണൻ മങ്കട, ഒ. ജി. കുറുപ്പ്, ബീരാൻ കുഞ്ഞി എന്നിവരും മുസ്ലീം ലീഗിൻെറ നേതൃത്വത്തിൽ പി. എം എ. തങ്ങൾ, വി. ഷെയ്ക്ക് ഇസ്മായിൽ, പള്ളിക്കണ്ടി മമ്മത് എന്നിവരും ശോഭിച്ചു.

എൻ. എം. ഡി. സി കേന്ദ്രീകരിച്ചാണ് കൽപ്പറ്റയിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം ആരംഭിക്കുന്നത്. 1955 ലെ പട്ടിണി ജാഥയും എടപ്പെട്ടി സമരവും ട്രേഡ് യൂണിയൻ പ്രവർത്തനത്തിന് പുതിയ മാനം നൽകി. എ. ഐ. ടി. യു. സി, ഐ. എൻ. ടി. യു. സി, ഡബ്ല്യു. ഇ. എൽ. യു എന്നിവയായിരുന്നു അന്നത്തെ ട്രേഡ് യൂണിയനുകൾ. പി. എ. മുഹമ്മദ്, ഒ. ജി. കുറുപ്പ്, പി. തങ്കമ്മ, കുമാരൻ, രാധാ ഗോപി മേനോൻ, സി. എച്ച്. കണാരൻ, കെ. പി. ഗോപാലൻ എന്നിവർ നേതാക്കളുമായിരുന്നു. എൻ. എം. ഡി. സി യിൽ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ മുസ്ലീം സ്ത്രീകൾ നേതൃത്വത്തിലേക്ക് കടന്നു വന്നത് ഒരു പുതുമയായിരുന്നു.

❖ ❖ ❖ ❖

1933 ലാണ് കൽപ്പറ്റ പഞ്ചായത്ത് രൂപം കൊള്ളുന്നത്. തലശ്ശേരി സബ് കലക്ടറുടെ നേതൃത്വത്തിൽ ജൻമിമാർ, പ്രമാണിമാർ, പൗര പ്രമുഖർ എന്നിവരുടെ യോഗം കൽപ്പറ്റയിൽ വിളിച്ചു ചേർത്തു. ഈ യോഗത്തിൽ നിന്നാണ് പഞ്ചായത്ത് രൂപവൽക്കരണ തീരുമാനം ഉണ്ടാകുന്നത്. നികുതി വർദ്ധനവിനെ ഭയന്ന് ആദ്യം തദ്ദേശവാസികൾ എതിർ ത്തെങ്കിലും പിന്നീട് വികസനത്തിൻെറ സാധ്യതകൾ ബോധ്യപ്പെട്ടപ്പോൾ അവർ തീരുമാനം അംഗീകരിക്കു കയും ചെയ്തു.

പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ടായി **കല്ലങ്കോടൻ മൊയ്തീനെ** ഐക്യകണ്ഠേന തിരഞ്ഞെ ടുത്തു. കൂടെ ആറ് മെമ്പർമാരേയും. തുടക്കത്തിൽ തുച്ഛമായ വരുമാനം മാത്രമുള്ള പഞ്ചായത്ത് സൈക്കിൾ, റേഡിയോ എന്നിവയ്ക്ക് പോലും നികുതി ഈടാക്കി യിരുന്നു. പഞ്ചായത്തിലെ ആദ്യ ജീവനക്കാരനായി **എടച്ചന ശംഭു നായരേയും** നിയമിച്ചു. അന്ന് പഞ്ചാ യത്ത് ഓഫീസ് പ്രസിഡണ്ട് കല്ലങ്കോടൻ മൊയ്തീൻെറ വീട് തന്നെയായിരുന്നു. പഞ്ചായത്ത് റിക്കാർഡുകൾ സൂക്ഷിച്ചതും ബോർഡ് യോഗം കൂടുന്നതും അവിടെ തന്നെ. രണ്ട് അലമാരയായി രുന്നു അന്ന് പഞ്ചായത്ത് വക ആകെ സ്വത്ത്.

ഗ്രാമ കോടതി വിളിച്ച് ചേർത്ത് ന്യായവിധി നടത്താനും പഞ്ചായത്തിന് അധികാരം ഉണ്ടായിരുന്നു. ക്രിമിനൽ കേസുകളിലും 150 രൂപ താഴെയുള്ള സിവിൽ കേസുകളിലും തീർപ്പ് കൽപ്പിച്ചിരുന്നു. പിഴയും അടിയുമായിരുന്നു ശിക്ഷകൾ. (1960 വരെ ഈ അവസ്ഥ തുടർന്നു.)

വീട്ടുകരം, തൊഴിൽകരം പിരിക്കൽ, ശുചീകരണം, തെരുവ് വിളക്ക് കത്തിക്കൽ, ഊടുവഴികൾ നന്നാക്കൽ, കൈപ്പാലം നിർമ്മാണം എന്നിവയായി രുന്നു പഞ്ചായത്തിൻെറ പ്രധാന ചുമതലകൾ. കല്ലങ്കോടൻ മൊയ്തീൻ അഞ്ച് വർഷം പ്രസിഡ ണ്ടായി തുടർന്നു. പ്രായാധിക്യം നിമിത്തം അദ്ദേഹം സ്ഥാനമൊഴിയാൻ സന്നദ്ധത പ്രകടിപ്പിച്ചു.

ഇതിനെ തുടർന്നാണ് 1948ൽ കൽപ്പറ്റയിൽ ഇംഗ്ലീഷ് അറിയുന്ന ഏകയാളും കൽപ്പറ്റ ബാങ്കേഴ്സിൻെറ മാനേജറുമായ **ടി. എസ്. വി. അയ്യർ** പ്രസിഡണ്ടായി തെരഞ്ഞെടുക്കുന്നത്. ഇദ്ദേഹത്തിൻെറ കാലത്താണ് പഞ്ചായത്തിൻെറ പ്രവർത്തനം ഇന്നത്തെ കെ. എഫ്. സി. ഓഫീസുള്ള സ്ഥലത്തെ ഇരുനില കെട്ടിടത്തിലേക്ക് മാറ്റിയത്.

1964 ജനുവരിയിലാണ് ആദ്യമായി പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുന്നത്. **എം. കെ. ജിനചന്ദ്രൻ** പ്രസിഡണ്ടായി. 1965 ൽ ആരോഗ്യപര മായ കാരണങ്ങളാൽ അദ്ദേഹം സ്ഥാനം രാജി വച്ചു. തുടർ വൈസ് പ്രസിഡണ്ടായിരുന്ന **ടി. എൻ. കൃഷ്ണൻ നായർ** പ്രസിഡണ്ട് പദം ഏറ്റെടുത്തു. 1967 ൽ **പി.എം. പത്മനാഭനായി** പ്രസിഡണ്ട്. ഇദ്ദേഹത്തിൻെറ കാലത്ത് പഞ്ചായത്തിൽ വികസനത്തിൻെറ കുതിച്ചുചാട്ടം തന്നെ ഉണ്ടായി. പഞ്ചായത്ത് ബസ് സ്റ്റാൻറിൻേറയും ഷോപ്പിംഗ് കോംപ്ലക്സിൻേറയും നിർമ്മാണം പഞ്ചായത്തിൽ ആദ്യമായി ശുദ്ധജല വിതരണ സംവിധാനം. പഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റിയതും ഇദ്ദേഹത്തിൻെറ പ്രവർത്തന കാലത്താണ്.

1967 ൽ ഒന്നാം ഗ്രേഡ് പഞ്ചായത്തായി ഉയർന്നു. 1971 മെയ് മുതൽ സ്പെഷൽ ഗ്രേഡ്

***ആദ്യാവസാനക്കാർ കല്ലൻങ്കോടൻമാർ***

*കൽപ്പറ്റ പഞ്ചായത്തിൻെറ ആദ്യ പ്രസിഡണ്ട് 1933 ൽ അധികാരമേറ്റെടുത്ത ശ്രീ. കല്ലങ്കോടൻ മൊയ്തീൻ ആയിരുന്നു. 1990ൽ പഞ്ചായത്ത് നഗര സഭയായി മാറിയപ്പോഴും ആ സ്ഥാനത്തിരുന്നത അദ്ദേഹത്തിൻെറ പിൻ തലമുറക്കാരനായിരുന്ന ശ്രീ. കല്ലങ്കോടൻ അബ്ദു റഹിമാനും.*

**ജേഷ്ഠാനുജൻമാർ വൈസ് പ്രസിഡണ്ടുമാർ**

*സഹോദരൻമാരായ ശ്രീ. ടി. എൻ. കൃഷ്ണൻ നായരും, ടി. എൻ. രാജ ഗോപാലൻ കൽപ്പറ്റ യുടെ വൈസ്പ്രസിഡണ്ടുമാർ ആയിരുന്നു. കൃഷ്ണൻ നായർ 1964 ലും രാജഗോപാലൻ 1988ലുമാണ് ഈ സ്ഥാനം അലങ്കരിച്ചത്.*

പഞ്ചായത്തായി വീണ്ടും ഉയർത്തി. 1969-70,70-71, 71-72 എന്നീ മൂന്ന് വർഷങ്ങളിൽ തുടർച്ചയായി 100% നികുതിയും പിരിച്ചെടുക്കാൻ പഞ്ചായത്തിന് കഴിഞ്ഞു. ഇതൊരു റിക്കാർഡ് ആണ്. 1973 ൽ സ്വാതന്ത്ര്യ രജത ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെട്ട മൽസരത്തിൽ കോഴിക്കോട് ജില്ലയിൽ പഞ്ചായത്തിന് **ഒന്നാം സ്ഥാനവും** സംസ്ഥാനതലത്തിൽ **രണ്ടാം സ്ഥാനവും** നേടിയെടുത്തു. 1973 മാർച്ച് 15 നാണ് പഞ്ചായത്ത് ഓഫീസ് ഗൂഡലായിലെ ഇപ്പോഴത്തെ കെട്ടിടത്തിലേക്ക് മാറിയത്. കെട്ടിടോൽഘാടനം മാതൃഭൂമി ചീഫ് എഡിറ്റർ കെ. പി. കേശവ മേനോനാണ് നിർവ്വഹിച്ചത്.

1979 ൽ **അഡ്വ. മത്തായി** പ്രസിഡണ്ടായി തെരഞ്ഞെടുത്തു. രണ്ടാം ശുദ്ധ ജല പദ്ധതി, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നിവ അദ്ദേഹത്തിൻെറ കാലത്താണ് നടന്നത്.

1988 ലെ തെരഞ്ഞെടുപ്പിനെ തുടർന്ന് **കല്ലങ്കോടൻ അബ്ദു റഹിമാനാണ്** പ്രസിഡണ്ടാകുന്നത്. കുറഞ്ഞ കാലയളവിൽ നാലുകെട്ട് ചോല ശുദ്ധജല പദ്ധതി തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങൾക്ക് ഇദ്ദേഹം നേതൃത്വം നൽകി.

പഞ്ചായത്തായ കാലത്ത് ജയപ്രകാശ് നാരായണൻ, വി. വി. ഗിരി, വി. കെ. കൃഷ്ണമേനോൻ, എൻ. എൻ. വാഞ്ചു, രാമകൃഷ്ണ റാവു,കാമരാജ്, ഗോവിന്ദ് വല്ലഭ് പന്ത്, പി. രാമചന്ദ്രൻ, വി. വിശ്വനാഥൻ, പട്ടം താണുപ്പിള്ള, എ.കെ.ജി. തുടങ്ങിയ എത്രയോ നേതാക്കൾക്കും, ഗവർണ്ണർമാർക്കും, മുഖ്യമന്ത്രിമാർക്കും കൽപ്പറ്റ സ്വാഗതമരുളിയിട്ടുണ്ട്.

❖ ❖ ❖ ❖


കൽപ്പറ്റ 1990 ഏപ്രിൽ 1ന് നഗരസഭയായി പ്രഖ്യാപിച്ചു. നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതി മുനിസിപ്പൽ ഉപദേശക സമിതിയംഗങ്ങളായും പ്രസിഡണ്ട് മുനിസിപ്പൽ ഉപദേശക സമിതി ചെയർമാനായും മാറി. 1991 ൽ ഒരു സർക്കാർ ഉത്തരവിലൂടെ ഈ ജനകീയ സമിതിയെ സംസ്ഥാന സർക്കാർ പിരിച്ചുവിട്ടു. ദൗർഭാഗ്യമെന്നു പറയട്ടെ പിന്നീട് വന്ന ഉദ്യോഗസ്ഥ ഭരണം ഒട്ടേറെ വിവാദങ്ങൾക്ക് ഇട നൽകി.

1995 സപ്തം. 25 ന് നഗരസഭയിലെ പ്രഥമ തെരഞ്ഞെടുപ്പ് നടന്നു. തുടർന്ന് അഡ്വ. പി. ചാത്തുക്കുട്ടി ചെയർമാനായി ഐക്യ കണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു.

കാലവും ചരിത്രവും ആരേയും കാത്ത് നിൽക്കാതെ അതിൻെറ പ്രയാണം തുടരും. ചരിത്രത്തിൻെറ സന്നിഗ്ദ ഘട്ടങ്ങളിൽ കൂടുതൽ കരുത്തോടെ വിജയമുഹൂർത്തങ്ങളിൽ കൂടുതൽ ആവേശം ഉൾക്കൊണ്ട് നമ്മുടെ നഗരസഭ മുന്നോട്ട് കുതിക്കുമെന്ന് പ്രത്യാശിക്കാം.

൧൦

**''ഇന്നത്തെ ചരിത്രം ഇന്നലെ വരെയുള്ള ചരിത്രങ്ങളുടെ ആകെ തുകയാണ്''**



# കൃഷിയും ജലസേചനവും

വയനാട്ടിന്റെ ആസ്ഥാനമായ കൽപ്പറ്റ സമുദ്ര നിരപ്പിൽ നിന്നും 2700 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. കുന്നുകളും, മലകളും, വയലുകളും, ചെറിയ താഴ്വരകളും അടങ്ങിയ വയനാടൻ ഭൂമി ശാസ്ത്രഘടനയാണ് കൽപ്പറ്റയിലുള്ളത്. മറ്റു മുനിസിപ്പാലിറ്റികളെ അപേക്ഷിച്ച് വളരെ പിന്നോക്കവുമാണ്.

ഇവിടത്തെ മുഖ്യ കൃഷി കാപ്പി, നെല്ല്, ചായ, വാഴ, കുരുമുളക്, ഇഞ്ചി, ഏലം തുടങ്ങിയവയാണ്. ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവയും കൃഷി ചെയ്യുന്നു.

1921 സെറ്റിൽമെൻറ് രേഖ പ്രകാരം കൽപ്പറ്റ നഗരസഭയുടെ ആകെ വിസ്തീർണ്ണം 3477.10 ഹെക്ടറാണ്. അതിൽ 2536.63 ഹെക്ടർ കരയും 414.97 ഹെക്ടർ വയലും 375 ഹെക്ടർ വനവും 150.5 ഹെക്ടർ പുറമ്പോക്ക് ഭൂമിയുമാണ്. ഇന്ന് ഭൂരിഭാഗം ഭൂവുടമകളും ചെറുകിട കർഷകരാണ്.

പട്ടിക-1

| | ഭൂപരിധി | കർഷകരുടെ എണ്ണം |
|---|---|---|
| 1. | 1 ഹെക്ടറിന് താഴെ | 3090 |
| 2. | 1 മുതൽ 2 ഹെക്ടർ വരെ | 713 |
| 3. | 2 ഹെക്ടറിന് മുകളിൽ | 307 |


ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിൻേറത് 0.07 ഹെക്ടറാണെങ്കിൽ കൽപ്പറ്റ നഗര സഭയുടേത് 0.12 ഹെക്ടർ ആണ്.

ആദ്യകാലങ്ങളിൽ നെൽ കൃഷിയും, നാണ്യവിളകളിൽ കാപ്പിക്കും, ചായക്കുമാണ് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത്. ഇവയെല്ലാം തന്നെ മഴയെ മാത്രം ആശ്രയിച്ചാണ് നിലകൊണ്ടിരുന്നത്. ജലസേചനം ചെറിയ കൈത്തോടുകൾ ഉണ്ടാക്കിയും, നീർച്ചാലിൽ തടയണ കെട്ടിയുമാണ് നടത്തിയിരുന്നത്. നെൽ വയലുകൾ അധികവും കൂട്ടുകുടുംബങ്ങളുടെ കൈവശമായതിനാൽ ജലസേചന സൗകര്യം അവർ തന്നെ ഒരുക്കിയിരുന്നു. എന്നാൽ നാണ്യവിളകൾക്ക് ആദ്യകാലങ്ങളിൽ മഴയെ കൂടാതെ യാതൊരു വിധ ജലസേചന സൗകര്യവും ഉണ്ടായിരുന്നില്ല.

നെൽവയലുകളിൽ പല സവിശേഷതകളോടും കൂടിയ നാടൻ വിത്തുകളായ വെളിയൻ, അടുക്കൻ, ഗന്ധകശാല, ജീരക ശാല, ചെന്താടി, തൊണ്ടി, കയമ എന്നിവ വ്യാപകമായി കൃഷി ചെയ്തു വന്നിരുന്നു. 1980-കളോടെ കൂടുതൽ വിള നൽകുന്ന അത്യുൽപ്പാദന ശേഷിയുള്ള ഐ. ആർ -8, എച്ച്-4, ജ്യോതി മുതലായ വിത്തുകൾ ഉപയോഗിച്ചു തുടങ്ങിയപ്പോൾ രാസ വളങ്ങളിലേക്കും, കീടനാശിനികളിലേക്കും കർഷകരുടെ ശ്രദ്ധ തിരിഞ്ഞു. വിത്തുകളും വളങ്ങളും വ്യാപകമായതോടെ ജലസേചനത്തിന് പമ്പ് സെറ്റുകളും ഉപയോഗിക്കുവാൻ തുടങ്ങി.

പാടങ്ങളിൽ ചേന, ചേമ്പ്, കപ്പ, വാഴ എന്നിവയും, വേനൽക്കാലത്ത് പച്ചക്കറികളും വ്യാപകമായി കൃഷിചെയ്തിരുന്നു. ചുരുക്കം ചിലയിടങ്ങളിൽ ചാമയും കൃഷി ചെയ്തിരുന്നു.

ജലസേചനത്തിനായി അരുവികൾ, നീർച്ചാലുകൾ, കൊച്ചുതോടുകൾ എന്നിവയിൽ മുളംകുറ്റികൾ, കാട്ടുമരച്ചില്ലകൾ, വാഴയില എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ ഉണ്ടാക്കി വെള്ളം കൃഷി സ്ഥലങ്ങളിലേക്ക് തിരിച്ചുവിട്ടിരുന്നു. കീട നിയന്ത്രണത്തിനായി എലിക്കെണി, മുറം വീശൽ, ചപ്പ് കുത്തൽ എന്നിവയും കാട്ടുമൃഗങ്ങൾക്കെതിരായി തീകാട്ടൽ, വെള്ളയടികളും വയലുകളിൽ ടിൻ അടികളും സ്ഥാപിച്ചിരുന്നു.



ചായ കൃഷി കമ്പനി തോട്ടങ്ങളുടെ കുത്തകയായപ്പോൾ ജനങ്ങളെ മറ്റൊരു നാണ്യവിള യായ കാപ്പികൃഷിയിലേക്ക് ശ്രദ്ധ തിരിച്ചു. കാപ്പികൃഷി ജനങ്ങളുടെ വരുമാന മാർഗ്ഗമായിരുന്നു. എന്നാൽ തുടർച്ചയായുള്ള വിലക്കുറവും ഉൽപ്പാദനത്തിനുള്ള ഭീമമായ ചിലവും ജനങ്ങളിൽ മറ്റ് കൃഷികളിലേക്ക് ശ്രദ്ധ തിരിപ്പിച്ചു. ആയതിനാൽ തോട്ടവിളകളിൽ കുരുമുളകിന് പ്രാധാന്യം വർദ്ധിച്ചു. എന്നാൽ പിൽക്കാലത്ത് കാപ്പിക്ക് പൂർണ്ണ വിപണന സ്വാതന്ത്ര്യം ലഭിച്ചതോടെ കാപ്പിയുടെ വിലനിലവാരം മെച്ചപ്പെടുകയും കാപ്പികൃഷിയിൽ ജനങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനും തുടങ്ങി.

1970 ൽ ഭൂപരിഷ്കരണം നടപ്പിലായതോടെ കൈവശ ഭൂമി അവകാശം ലഭിക്കുകയും സ്വന്തമായി വയലുകൾ ലഭിച്ച കർഷകൻ വീട് വെക്കുന്നതിനും മറ്റു വിളകൾ നടുന്നതിനും വയലുകൾ നികത്തി തുടങ്ങിയതോടെ ഉൽപ്പാദന രീതിക്ക് മാറ്റം വന്നു. ഉൽപ്പാദനച്ചിലവുകളുടെ അനിയന്ത്രിത വർദ്ധനവും കർഷകത്തൊഴിലാളികളെ കിട്ടാനുള്ള വിഷമവും നെൽകൃഷി ലാഭകരമല്ലാതാക്കി. വയലുകളിൽ വാഴയും, തെങ്ങും, കമുകും, ഇഞ്ചിയും, കപ്പയും സ്ഥാനം പിടിച്ചു. ഇത് കർഷകൻ പരമ്പരാഗതമായി കൃഷിചെയ്തിരുന്ന ഇടവിളകളേയും സാരമായി ബാധിച്ചു. ജനസംഖ്യയിലുണ്ടായ വർദ്ധനവും നെൽകൃഷിയെ അപ്രത്യക്ഷമാക്കുന്നതിന് ആക്കം കൂട്ടി. 1921 ൽ 414.97 ഹെക്ടറിൽ ഉണ്ടായിരുന്ന നെൽകൃഷി ഇപ്പോൾ കേവലം 50 ഹെക്ടറിലായി ചുരുങ്ങി.

### ഭൂവിനിയോഗം

കൽപ്പറ്റ നഗരസഭയുടെ ആകെ വിസ്തീർണ്ണം 3477.10 ഹെക്ടറാണ്. ഇതിൽ കുന്നുകൾ, മലകൾ, വയലുകൾ, കാടുകൾ എന്നിങ്ങനെയാണ് കാണപ്പെടുന്നത്. വയലുകളിലും പുഴയോരങ്ങളിൽ പശിമയുള്ള മണ്ണ്, ചുവന്നമണ്ണ്, ചേടിമണ്ണ് എന്നിങ്ങനെയാണ് കണ്ടുവരുന്നത്.

വർദ്ധിച്ചുവരുന്ന രാസവള പ്രയോഗം മണ്ണിൻെറ അമ്ലസ്വഭാവം വർദ്ധിപ്പിച്ചതായിട്ടാണ് കാണപ്പെടുന്നത്. 1994-95 ൽ 67% ആയിരുന്ന അമ്ലത 95-96 ന് 73% ആയി ഉയർന്നതായി കാണപ്പെട്ടു.

**പട്ടിക - 2**

| ഭൂവിനിയോഗം (ഹെക്ടറിൽ) | | |
|---|---|---|
| വിളകൾ | വിസ്തൃതി | ശതമാനം |
| നെല്ല് | 50 | 1.76 |
| കാപ്പി | 1519 | 52.80 |
| കുരുമുളക് | 301 | 10.46 |
| ചായ | 304 | 10.56 |
| വാഴ | 260 | 9.04 |
| തെങ്ങ് | 70 | 2.43 |
| ഇഞ്ചി | 85 | 2.95 |
| കമുക് | 80 | 2.78 |
| റബ്ബർ | 2 | 0.42 |
| ഏലം | 9 | 0.31 |
| പച്ചക്കറി | 7 | 0.24 |
| മറ്റു കൃഷികൾ | 180 | 6.25 |
| ആകെ | 2877 | |

ആകെ വിസ്തൃതിയുടെ ഭൂരിഭാഗവും കാപ്പികൃഷിയാണ്. നെൽകൃഷി ഒരു പരാജയമായതിനാൽ ഭൂരിഭാഗം നെൽപ്പാടങ്ങളിൽ വാഴയും കമുക് കൃഷിയും വ്യാപകമായി. റബ്ബർ കൃഷിയും ഒരു പരാജയമായിരുന്നു. മധുര നാരങ്ങ കൃഷി ഇന്ന് വെറും ഓർമ്മയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

*കൽപ്പറ്റയിൽ മിച്ചഭൂമി സമരം1971-72 കാലഘട്ടത്തിലാണ് അരങ്ങേറിയത്. എലസ്റ്റൺ, വെള്ളാരം കുന്ന് ഭാഗങ്ങളിലേക്കാണ് മാർച്ച നടത്തിയിരുന്നത്.*

പട്ടിക-3

| നെൽകൃഷി | |
|---|---|
| വിള | വിസ്തീർണ്ണം |
| ഒന്നാം വിള | 339 ഹെക്ടർ |
| രണ്ടാം വിള | 60 ഹെക്ടർ |
| (1981, കൃഷിഭവൻ) | |

നെൽകൃഷിയുടെ ഉൽപ്പാദനം നാടൻ വിത്തിനങ്ങൾ ഹെക്ടറിന് 1500-1600 കിലോഗ്രാമും സങ്കരയിനം നെല്ലിനങ്ങൾക്ക് ഹെക്ടറിന് 2400-2500 കിലോഗ്രാമാണ്.

മുഖ്യ വിളയായ കാപ്പിയുടെ ഉൽപ്പാദനക്ഷമത ഹെക്ടറിന് ശരാശരി 700 കിലോഗ്രാമാണ്. ഇത് മറ്റു മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ മോശമാണ്. അശാസ്ത്രീയമായ വളപ്രയോഗം ജലസേചനത്തിന്റെ അഭാവം ശാസ്ത്രീയ രീതിയിലുള്ള പരിചരണമില്ലായ്മ എന്നിവ കാപ്പിയുടെ ഉൽപ്പാദനത്തെ തളർത്തുന്ന പ്രധാന ഘടകങ്ങളാണ്.

## വളം

കൽപ്പറ്റ നഗര സഭയിൽ വളം വിൽപ്പനക്കായി സ്വകാര്യ വ്യക്തികളുടേയും കോ- ഓപ്പറേറ്റീവ് ബാങ്കിന്റേയുമടക്കം 18 റീട്ടെയിൽ വിൽപ്പനശാലകളാണ് ഉള്ളത്. കൃഷിക്ക് ഇന്ന് 95% ജനങ്ങളും രാസവളങ്ങളാണ് ഉപയോഗിക്കുന്നതെങ്കിലും ശാസ്ത്രീയമായ രീതിയിൽ മണ്ണ് പരിശോധന നടത്തിയല്ല വളപ്രയോഗം ചെയ്യുന്നത്. ഇത് കൃഷിച്ചിലവിന്റെ അനാവശ്യമായ വർദ്ധനക്ക് കാരണമാകുന്നു. അതോടൊപ്പം മണ്ണിന്റെ രാസഘടനയിലും വ്യതിയാനം വരുത്തുന്നു. ജൈവവളങ്ങൾ വളരെ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു.

## കീടനാശിനികൾ

കൽപ്പറ്റ നഗരസഭയിൽ കീടനാശിനികൾ വിൽക്കാനായി 11 വിൽപ്പന ശാലകളെയാണ് അനുവദിച്ചിട്ടുള്ളത്. കുരുമുളക്, ചായ, വാഴ, കാപ്പി, നെല്ല്, ഇഞ്ചി, പച്ചക്കറികൾ തുടങ്ങിയ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. പലരും അശാസ്ത്രീയമായ രീതിയിലാണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. കൃഷിക്കാരന്റെ അറിവില്ലായ്മ ഇതിനൊരു കാരണമാകുന്നുണ്ട്.

## കാർഷികോപകരണങ്ങൾ

പാടശേഖരക്കമ്മിറ്റികൾക്കും, കേര സമിതിക്കും, കുരുമുളക് സമിതികൾക്കുമായി കൃഷിഭവൻ മുഖേന നൽകിയ 5 ട്രാക്ടറുകൾ, 3 പവ്വർ ട്രില്ലറുകൾ, 18 കലപ്പകൾ, 40 റോക്കർ സ്പ്രേയറുകൾ, 20 നാപ് സാക്ക് സ്പ്രേയറുകൾ, 10 പമ്പ് സെറ്റുകൾ, 6 തെങ്ങുകയറ്റ യന്ത്രങ്ങൾ, 12 പോർട്ടബിൾ പമ്പ് സെറ്റുകൾ എന്നിവ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലുണ്ട്. ഇതു കൂടാതെ വ്യക്തികൾക്ക് 18 ജോഡി ഉഴവു മൃഗങ്ങളുണ്ട്. യന്ത്രവൽക്കരണം ത്വരിതപ്പെടുത്തിയതോടെ ഒരു കാലത്ത് വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായി തുടങ്ങി.

## സമിതികൾ

കൃഷി ഭവന്റെ കീഴിൽ 2 പാടസേഖര സമിതികളും 6 കുരുമുളക് സമിതികളും ഒരു കേര വികസന സമിതിയും പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നില്ല.

പട്ടിക 4

| പാടശേഖര സമിതിയും വിള ക്രമങ്ങളും | | |
|---|---|---|
| പേര് | ഒന്നാംവിള | രണ്ടാംവിള |
| മണിയംകോട് | 32.4 | 21.4 |
| അഡലേയഡ് | 14.4 | 5 |
| (അവലംബം കൃഷിഭവൻ കണക്കുകൾ) | | |

## കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് എന്നിവ ഇതിന്റെ കാരണങ്ങളിൽ പെടുന്നു. നഗരസഭയിലെ 20 വാർഡുകളിൽ 11 വാർഡുകളിൽ തൊഴിലാളികളെ ലഭ്യമാകുമ്പോൾ 9 വാർഡുകളിൽ തൊഴിലാളികളെ തീരെ ലഭിക്കുന്നില്ല. ഇവിടെ ശരാശരി കൂലി നിരക്ക് പുരുഷന് 70 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ്.

## കാർഷിക വായ്പ

രണ്ടു സഹകരണ ബാങ്കും അതിന്റെ ബ്രാഞ്ചുകളും 9 കൊമ്മേർഷ്യൽ ബാങ്കുകളും ഒരു കാർഷിക വികസന ബാങ്കും കൽപ്പറ്റ നഗരസഭയിൽ

പ്രവർത്തിക്കുന്നുണ്ട്. എല്ലാ ബാങ്കുകളും കൃഷി ക്കാവശ്യമായ വായ്പകൾ നൽകുന്നുണ്ട്. കൃഷി വായ്പകൾ കൂടുതലും ഉപയോഗപ്പെടുത്തുന്നത് വൻകിട, ഇടത്തരം കൃഷിക്കാരാണ്. ചെറുകിട കൃഷിക്കാരിൽ വളരെ കുറച്ചുപേർക്കേ വായ്പ ലഭിക്കുന്നുള്ളു. കൂടാതെ കൃഷിക്ക് വേണ്ടി അനുവവദിക്കുന്ന വായ്പകൾ പലതും മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നതായും പരാതിയുണ്ട്.

പട്ടിക 5

| ബാങ്ക് വായ്പ | |
|---|---|
| ബാങ്ക് | 95-96 |
| സർവ്വീസ് ബാങ്ക്, കൽപ്പറ്റ. | 43.18 ലക്ഷം |
| കാർഷിക വികസന ബാങ്ക് | 26.19 ലക്ഷം |
| മൊത്തം | 69.37 ലക്ഷം |

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ച് കൃഷി നടത്തുന്ന ഇവിടെ രണ്ട് ഘട്ടങ്ങളിലാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന ഇടവപ്പാതിയും സെപ്റ്റംബർ മുതൽ ഒക്ടോബർ

ടാബർ അവസാനം വരെ ലഭിക്കുന്ന തുലാവർഷവും. ഇടക്കിടെ വേനൽ മഴകളും ലഭിക്കുന്നു. ശരാശരി വർഷത്തിൽ 280 സെൻറീമീറ്റർ മഴലഭിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ലഭിച്ച മഴ പട്ടിക 6-ൽ ചേർക്കുന്നു.

## തോടുകൾ കുളങ്ങൾ

കൽപ്പറ്റ നഗരസഭയിൽ കൂടി ഒഴുകുന്ന ഏക കൊച്ചു പുഴയാണ് ഇരുമ്പുപാലം പുഴ. ഇതിന് 6 കി. മീ. ഓളം ദൈർഘ്യമുണ്ട് . കോട്ടപ്പടി വില്ലേജിൽ നിന്ന് തുടങ്ങി കോട്ടത്തറ വില്ലേജിലേക്ക് ഒഴുകുന്നു. ഇത് നഗരസഭയിലെ പല വാർഡുകളിൽ കൂടി ഒഴുകുന്നുണ്ട്. ചുരുക്കം ചില തോടുകൾ ഒഴിച്ച് മറ്റെല്ലാ തോടുകളിലുംവേനൽക്കാലത്ത് വെള്ളം ലഭിക്കാറില്ല. പല തോടുകളിലും താൽക്കാലിക തടയണകൾ ഉണ്ടാക്കി ജലസേചനം നടത്തുന്നു. അമ്പിലേരി അണക്കെട്ട് ചുരുക്കം കൃഷിക്കാർക്ക് മാത്രമേ ഗുണകര മാകുന്നുള്ളു. ചില കർഷകർ സ്വന്തമായി കുളം കുഴിപ്പിച്ച് ജലസേചനം നടത്തുന്നുണ്ട്.

## മണ്ണ് ജലസംരക്ഷണം

ആദ്യകാലങ്ങളിൽ വരമ്പുകളിലും വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും കയ്യാലകൾ നിർമ്മിച്ചും മണ്ണു ജലസംരക്ഷണ പ്രവർത്തികൾ ചെയ്തിരുന്നു. ജീവിത ക്രമത്തിലുള്ള പരിവർത്തനങ്ങളും കാർഷിക വൃത്തിയോടുള്ള വിമുഖതയും അന്യായമായ കാടു തെളിക്കലും മണ്ണ് ജലസംരക്ഷണത്തെ സാരമായി ബാധിക്കുകയും കൊച്ചു കൊച്ചു നീർച്ചാലുകൾ അപ്രത്യക്ഷമാവുകയും ചെയ്തു. 1994-95-ൽ 283 മീറ്റർ നീളത്തിന് 2 ലക്ഷം രൂപ ചിലവഴിച്ചു നെടുങ്കോട് തോടിന് സംരക്ഷണം നൽകിയതായി ജില്ലാ മണ്ണ് സംരക്ഷണ കാര്യാലയത്തിലെ കണക്കുകൾ കാണിക്കുന്നുണ്ട്.

## നഴ്സറികൾ

കൃഷിക്കാർക്കാവശ്യമായ പുതിയ ഇനം വിത്തുകളും നടീൽ വസ്തുക്കളും കൃഷി ഭവനിൽ നിന്നും മറ്റും സെൻറർ/ സ്റ്റേറ്റ് ഏജൻസിയിൽ നിന്ന് ആവശ്യാനുസരണം ലഭിക്കുന്നില്ല. ഇതിനായി സർക്കാർ അംഗീകാരവും സബ്സിഡിയും നൽകിയ രണ്ടു സ്വകാര്യ നഴ്സറികൾ തീരെ പ്രവർത്തിക്കുന്നില്ല. നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നത് മറ്റ് രണ്ട് സ്വകാര്യ നഴ്സറികളിൽ നിന്ന് മാത്രമാണ്.

## കൃഷിഭവൻ

1987 ലാണ് കൽപ്പറ്റയിൽ കൃഷിഭവൻ നിലവിൽ വന്നത്. 3 കൃഷി അസിസ്റ്റൻറുമാരും 1 കൃഷി ഓഫീസറും ഉള്ള കൃഷിഭവൻെറ പ്രവർത്തനം ഒരു പരിധി വരെ കർഷകർക്ക് ലഭിക്കുന്നുണ്ട്.

കാപ്പി ബോർഡിൻെറ കീഴിൽ 1958 മുതൽ കാപ്പി ഡമോൺസ്ട്രേഷൻ ഫാമും 1977 മുതൽ ഒരു പ്രാദേ ശിക ഗവേഷണ കേന്ദ്രവും കൽപ്പറ്റയിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും പരിമിതമായ കാപ്പി കർഷകർ മാത്രമേ അവരുടെ സാങ്കേതിക വിദ്യ ഉപയോഗ പ്പെടുത്തി കൃഷി നടത്താൻ മുന്നോട്ട് വരുന്നുള്ളു.

ഇതു കൂടാതെ സ്പൈസസ് ബോർഡ് , റബ്ബർ ബോർഡ്, സെറിഫെഡ് ഓഫീസുകളും കൽപ്പറ്റയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

പട്ടിക 6

| മഴയുടെ അളവ് (മില്ലീമീറ്റർ) | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | ജനു. | ഫെബ്രു | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപതം | ഒക്ടോ | നവം | ഡിസം |
| 1992 | - | 002.2 | - | 086.3 | 132.9 | 829.2 | 800.0 | 524.4 | 210.3 | 136.2 | 155.6 | - |
| 1993 | - | - | 008.0 | 134.2 | 122.6 | 402.8 | 754.2 | 363.5 | 046.6 | 252.2 | 090.4 | 056.8 |
| 1994 | 113.2 | 002.5 | 019.0 | 207.0 | 127.7 | 809.0 | 1171.8 | 418.5 | 336.3 | 484.8 | 063.2 | - |
| 1995 | 003.2 | - | - | 131.7 | 211.6 | 494.9 | 716.6 | 443.3 | 263.0 | 161.2 | 090.4 | - |
| 1996 | 006.8 | 014.8 | 103.0 | 102.0 | 104.2 | 695.2 | 786.4 | 336.0 | 179.3 | - | - | - |

(അവലംബം : R. C. R. S. ചുണ്ടേൽ)

## പ്രശ്നങ്ങൾ

കൽപ്പറ്റ നഗരസഭയിലെ ഭൂരിപക്ഷം ജനങ്ങളും കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്.

ഉൽപ്പാദന ചിലവിൽ വന്ന വർദ്ധനവ് കർഷക തൊഴിലാളികളുടെ എണ്ണക്കുറവ്, കാലവർഷ വ്യതിയാനങ്ങൾ, ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, വിറ്റഴിക്കാനുള്ള വൈഷമ്യങ്ങൾ, വന്യമൃഗ ശല്യങ്ങൾ, തുടർച്ചയായുള്ള കീടബാധ തുടങ്ങി യവയൊക്കെ നെൽകൃഷി ഉൽപ്പാദനം വളരെയധികം കുറക്കുന്നതിന് കാരണമായി.

മുഖ്യ കൃഷിയായ കാപ്പിക്ക് ചില ഭാഗങ്ങളിൽ മെച്ചപ്പെട്ട ഉൽപ്പാദനം ഉണ്ടെങ്കിലും ആനുപാതിക വർദ്ധന പലയിടത്തും ഇല്ല. വയലുകൾ നികത്തി ഇഞ്ചി, വാഴ, കമുക്, തെങ്ങ്, കപ്പ തുടങ്ങിയവ കൃഷി ചെയ്തപ്പോൾ ഇടവിളയായി ചെയ്തിരുന്ന ധാന്യ വർഗ്ഗങ്ങൾ നിശ്ശേഷം അപ്രത്യക്ഷമായി. വേനൽ പച്ചക്കറി കൃഷികളും കുറഞ്ഞു തുടങ്ങി.

ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തത് ഉൽപ്പാദനം കുറക്കുന്നതിന് കാരണമായി. അനിയന്ത്രിതമായ രാസവള, കീടനാശിനി പ്രയോഗങ്ങളും, ജൈവ വളത്തിൻെറ ലഭ്യതക്കുറവും പല സ്ഥലങ്ങളിലും മണ്ണിൻെറ ഘടനയെ സാരമായി ബാധിച്ചിട്ടുണ്ട്. കാടു വെട്ടും, മരം മുറിയും മണ്ണൊലിപ്പിന് ആക്കം കൂട്ടുകയും, മണ്ണിൻെറ ഫലഭൂയിഷ്ടത കുറക്കുകയും ചെയ്തു.

നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോടെ വയൽ നികത്തി വാഴ, കമുക്, തെങ്ങ്, ഇഞ്ചി, കപ്പ തുടങ്ങി കൃഷി ചെയ്ത പല സ്ഥലങ്ങളിലും ഉൽപ്പാദനം കുറഞ്ഞു വരുന്നതായി കാണുന്നുണ്ട്. ജലസേചന സൗകര്യക്കുറവും വ്യാപകമായി വന്ന രോഗങ്ങളും പ്രതീക്ഷിക്കാതെ എത്തുന്ന കാലാവസ്ഥാ മാറ്റങ്ങൾ എന്നിവ കൃഷിയെ കനത്ത നഷ്ടത്തിലാക്കുന്നു.

പ്രധാനമായും കൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ വാഴക്ക് കൂമ്പുചീയൽ, മഞ്ഞളിപ്പ് കീടബാധ നെല്ലിന് ഇലചുരുട്ടിപ്പുഴു മഞ്ഞളിപ്പ് , കാപ്പിക്ക് മുഞ്ഞബാധ, കായതുരപ്പൻ, തണ്ടു തുരപ്പൻ, കായകൊഴിച്ചിൽ, കുരുമുളകിന് ദ്രുതവാട്ടം, കമുകിനും ഇഞ്ചിക്കും മഹാളി, തെങ്ങിന് കൂമ്പു ചീയൽ, തണ്ടു തൊരപ്പൻ എന്നിവയാണ്. കൂടാതെ പല വാർഡുകളിലും അനുഭവപ്പെടുന്ന **കുരങ്ങു ശല്യം** കൃഷിക്കാരെ വല്ലാതെ തളർത്തുന്നു.

ആവശ്യമായ സന്ദർഭങ്ങളിൽ വിത്തിനങ്ങൾ ലഭിക്കാതിരിക്കുക, സാങ്കേതിക ഉപദേശങ്ങൾ, പരിജ്ഞാനങ്ങൾ, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ, മറ്റ് ഏജൻസികളിൽ നിന്നുള്ള കൃഷി വായ്പ തുടങ്ങിയവയെപ്പറ്റിയുള്ള അജ്ഞത, അതു ലഭിക്കാനുള്ള കാലതാമസം, ആധുനീക കാർഷിക ഉപകരണങ്ങളുടെ ലഭ്യതക്കുറവ് എന്നിവ ഉൽപ്പാദന ക്ഷമതക്ക് വിലങ്ങു തടിയായി നിൽക്കുന്നു.

### നിർദ്ദേശങ്ങൾ

1. രണ്ടാം വാർഡിൽ വാടോത്തും ഓടമ്പത്തും ഉള്ള ചെറിയ അണക്കെട്ടുകൾ പ്രവർത്തന യോഗ്യമാക്കുക.

2. നാലാം വാർഡിൽ അംമ്പിലേരിയിൽ പമ്പ് ഹൗസ് സ്ഥാപിച്ചാൽ കുടിവെള്ളം, നെൽകൃഷി, പച്ചക്കറി കൃഷി എന്നിവക്ക് ഉപകരിക്കും.

3. 8ാം വാർഡിൽ തട അണ കെട്ടി ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചന സൗകര്യം മെച്ചപ്പെടുത്താം.

4. ഒമ്പതാം വാർഡിലെ അണക്കെട്ട് വികസിപ്പിച്ചാൽ 20 ഹെക്ടർ സ്ഥലത്ത് കൂടുതലായി കൃഷി വ്യാപിക്കാൻ സാധിക്കും.

5. 10ാം വാർഡിൽ മരവയൽ പാലത്തിനടുത്ത് ചീപ്പ് പണിത് ചെറിയ കനാൽ വഴി വെള്ളം മുണ്ടേരി, എടഗുനി വയലുകളിൽ കുളങ്ങളുണ്ടാക്കി സംഭരിക്കുകയാണെങ്കിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാനും ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും കഴിയും.

7. പതിനേഴാം വാർഡിൽ റാട്ടക്കൊല്ലിയിൽ വിവിധ തലങ്ങളിൽ തടയണ കെട്ടി ജല സംഭരണം നടത്താം.

8. 20, 7 വാർഡുകളിലെ നടപ്പാറത്തോട്, മൂവട്ടിത്തോട് എന്നിവിടങ്ങളിൽ തടയണ കെട്ടി ജലസേചന സൗകര്യം വർദ്ധിപ്പിക്കാം.

9. കൃഷി: മുഖ്യവിളയായ നെല്ലും കാപ്പിയും വ്യാപകമാക്കാനുംഉൽപ്പാദനം വർദ്ധിപ്പിക്കാനും കൂടാതെ മറ്റ് കൃഷികളായ കുരുമുളക്, കമുക്, ഇഞ്ചി, ഏലം, വാഴ തുടങ്ങിയവയുടെ വിളവ് വർദ്ധിപ്പിക്കാനും ഇനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇനി അവശേഷിക്കുന്ന നെൽ പാടങ്ങൾ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

പ്രാദേശിക കാപ്പി ഗവേഷണ കേന്ദ്രത്തിലെ മണ്ണു പരിശോധന വിഭാഗത്തിൻേറയും മറ്റ് ഗവേഷണ വിഭാഗത്തിൻേറയും സഹായം പരമാവധി കൃഷിക്കാർ ഉപയോഗപ്പെടുത്തേണ്ടതാണ്.

നിലവിലുള്ള കൃഷി ഭവൻ വിപുലപ്പെടുത്തി കൃഷിക്കാർക്കാവശ്യമായ അത്യുൽപ്പാദന ശേഷിയുള്ള നടീൽ വസ്തുക്കളും വിത്തുകളും യഥാസമയം നിർദ്ദേശങ്ങളോടു കൂടി കൃഷി ഭവൻ, പാടശേഖര ക്കമ്മിറ്റി, കേരവികസന സമിതി, കുരുമുളക് വികസന സമിതികൾ മുഖേന എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. കർഷകർക്ക് ശാസ്ത്രീയമായി കൃഷി പരിജ്ഞാനം നിർബന്ധമായും നൽകേണ്ടതാണ്. മണ്ണ് പരിശോധന നടത്തി രാസവളം ശാസ്ത്രീയമായി ഉപയോഗിച്ചാൽ കൃഷി ചിലവ് കുറച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായകമാകും. മണ്ണുപരിശോധന ലാബറട്ടറി, അഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ വലിയ സഹായകമാകും. ജൈവ വളം മാത്രമുപയോഗിച്ചുള്ള നാണ്യ വിളകളും പച്ചക്കറി കൃഷിയും പ്രോൽസാഹിപ്പിക്കേണ്ടതാണ്. കൂൺ കൃഷി, പുഷ്പ കൃഷി, ഔഷധ സസ്യ കൃഷി എന്നിവ വികസിപ്പിക്കാനുള്ള നിർദ്ദേശങ്ങളും സാങ്കേതിക പരിജ്ഞാനവും ധന സഹായവും ലഭ്യമാക്കണം.

അത്യുൽപ്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ സൗജന്യമായി നൽകി എല്ലാ വീട്ടിലും അടുക്കള ത്തോട്ടം പ്രോൽസാഹിപ്പിക്കാൻ നഗര സഭ ശ്രമിക്കേണ്ടതാണ്. ഈ പരിപാടി സ്കൂൾ കോളേജ് തലത്തിലുള്ള Service- Society വഴി വ്യാപിപ്പിക്കേണ്ടതാണ്.

മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിന് വേണ്ട നിർദ്ദേശങ്ങളും ധനസഹായവും മണ്ണിര വളം നിർമ്മിക്കുന്ന കൃഷിക്കാർക്ക് നൽകേണ്ടതാണ്.

10. ജലസേചനം: മുമ്പ് സൂചിപ്പിച്ച സ്ഥലങ്ങളിൽ തടയണയും അണക്കെട്ടും കെട്ടി വെള്ളം സംഭരിക്കുകയാണെങ്കിൽ കാപ്പിക്കും, മറ്റു വിളകൾക്കും ഡ്രിപ്പ്, സ്പ്രിംഗ്ളർ ജലസേചനം നടത്താനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താം.

11. ഇൻഷുറൻസ് പദ്ധതി: കൃഷിയെ സംരക്ഷിക്കുന്നതിനും കൃഷിക്കാർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഇൻഷുറൻസ് പദ്ധതി നിർബന്ധമായും നടപ്പാക്കണം.

12. വിപണി : പ്രധാന ഉൽപ്പന്നങ്ങളായ നെല്ല്, വാഴ, പച്ചക്കറികൾ, നാണ്യ വിളകളായ കാപ്പി കുരുമുളക്, ഇഞ്ചി, ഏലം തുടങ്ങിയവയുടെ വിപണനത്തിന് നഗരസഭാതലത്തിൽ വിപണന കേന്ദ്രങ്ങളും, സംസ്കരണ കേന്ദ്രങ്ങളും ആരംഭിക്കേണ്ടതാണ്. സഹകരണാടിസ്ഥാനത്തിലും ഇതാകാം. നഗരസഭയുടെ കീഴിലുള്ള വിപണന കേന്ദ്രങ്ങളോ, സഹകരണ സംഘങ്ങളോ ഉൽപ്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാകുകയും ഉൽപ്പാദകർക്ക് മെച്ചപ്പെട്ട വില ലഭിക്കാൻ വഴിയൊരുക്കുകയും ചെയ്യും.


കർഷകത്തൊഴിലാളികൾക്ക് ഏകീകൃത കൂലി സമ്പ്രദായം അത്യാവശ്യമാണ്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് നഗര സഭ ശ്രദ്ധിക്കേണ്ടതാണ്.

കർഷകരെയും കർഷകതൊഴിലാളികളേയും അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ നഗരസഭാ തലത്തിൽ ഏർപ്പെടുത്തുന്നത് കൃഷിയെ പ്രോൽസാഹിപ്പിക്കാൻ സഹായകമാകും.

| വയനാടൻ കാലാവസ്ഥയിൽ കൽപ്പറ്റയിൽ കൃഷിചെയ്യാൻ കഴിയുന്ന പച്ചക്കറികൾ | | | |
|---|---|---|---|
| മാസം | കര | വയൽ | തരം |
| ജനുവരി | | * | വെണ്ട, പാവൽ, പടവലം, മുളക്, വഴുതന, ചീര, വെള്ളരി, കക്കരി, മത്തൻ, തണ്ണിമത്തൻ, തക്കാളി |
| ഫെബ്രുവരി | | * | വെണ്ട, പാവൽ, പടവലം, മുളക്, വഴുതന, ചീര, വെള്ളരി, കക്കരി, മത്തൻ, തണ്ണിമത്തൻ, തക്കാളി |
| മാർച്ച് | | * | വെണ്ട, പാവൽ, പടവലം, മുളക്, വഴുതന, ചീര, വെള്ളരി, കക്കരി, മത്തൻ, തണ്ണിമത്തൻ, തക്കാളി |
| ഏപ്രിൽ | * | * | ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ് |
| മെയ് | * | * | കൂർക്കൽ ,ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ് |
| ജൂൺ | * | | വേലിച്ചീര, മുരിങ്ങ, എളവൻ, മത്തൻ, തക്കാളി, |
| ജൂലായ് | * | | കാവയ്ക്ക , ആകാശവെള്ളരി, ചവ്ചിക്ക, പീച്ചിങ്ങ, |
| ആഗസ്ത് | * | | എളവൻ, മത്തൻ, പപ്പായ |
| സെപ്തംബർ | * | | കാരറ്റ്, മുള്ളങ്കി, കയ്പ, പടവലം |
| ഒക്ടോബർ | * | | കാരറ്റ്, മുള്ളങ്കി, കയ്പ, പടവലം, കോളിഫ്ലവർ,ക്യാബേജ്,ഉള്ളി |
| നവംബർ | * | * | വെണ്ട. പാവൽ, മുളക്, വഴുതന, തക്കാളി, ചീര, വെള്ളരി, കക്കരി, മത്തൻ, തണ്ണിമത്തൻ |
| ഡിസംബർ | * | * | വെണ്ട. പാവൽ, മുളക്, വഴുതന, തക്കാളി, ചീര, വെള്ളരി, കക്കരി, മത്തൻ, തണ്ണിമത്തൻ |
| അവലംബം: കൽപ്പറ്റ കൃഷിഭവൻ,ഗ്രാമസഭകൾ | | | |

''ഒരൊറ്റ നെൻമണി വെറുതെ കളയരുത്. ഒരൊറ്റ മിനുട്ടും വെറുതെ കളയരുത്. ഇതൊക്കെ രാജ്യത്തിൻെറ സമ്പത്താണ്. അതു നഷ്ടപ്പെടുത്തിക്കൂടാ.''

-ഗാന്ധിജി



# മൃഗസംരക്ഷണം

കൃഷി പോലെ തന്നെ ഈ കാലഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് മൃഗ സംരക്ഷണം. ചുരുങ്ങിയ കാലം കൊണ്ട് മുതൽ മുടക്കിന് അനുസരിച്ച് വരുമാനമുണ്ടാക്കാൻ കഴിയുന്ന ഒരു മേഖല എന്ന നിലക്ക് കർഷക കുടുംബങ്ങൾക്കും നാമമാത്ര കർഷകർക്കും ആശ്രയിക്കാൻ പറ്റുന്ന ഒന്നാണ് മൃഗസംരക്ഷണ പരിപാടികൾ.

ഈ മേഖലയിലെ ഉൽപ്പന്നങ്ങൾ ഏറിയ പങ്കും പ്രാദേശികമായി തന്നെ ഉപയോഗിക്കുന്നതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളം തെറ്റലുകളും ഇറക്കുമതിനയങ്ങളും ഉൽപ്പന്നങ്ങളുടെ വിലനില വാരത്തെ സാരമായി ബാധിക്കാൻ ഇടയില്ല. കൂടാതെ ലാഭകരമല്ലാത്ത അവസ്ഥയിൽ, എളുപ്പത്തിൽ മറ്റൊരു മേഖലയിലേക്ക് മാറുവാനും കഴിയുന്നതാണ്.

പണ്ട് കാലങ്ങളിൽ മിക്കവാറും വീടുകളിലും ഒരു പശുവിനെയെങ്കിലും വളർത്തിയിരുന്നു. ഒരു തൊഴിലിനുപരിയായി ജീവിത ശീലമായിരുന്നു ഇത്. ഇത് വഴി പാലിൻെറ കാര്യത്തിൽ സ്വയം പര്യാപ്തത യും ജൈവവള ലഭ്യതയും ഉറപ്പാക്കിയിരുന്നു. ഭൂമിയുടെ തുണ്ട്വൽക്കരണം കന്നുകാലികളെ വളർത്തുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിന് ഇടയാക്കി.

ആട്, പശു, എന്നിവയാണ് കൽപ്പറ്റയിലെ പ്രധാന വളർത്തുമൃഗങ്ങൾ. ഇവ കൂടാതെ എരുമകളേയും ഉഴവിനായി കാളകളേയും, പോത്തു കളേയും വളർത്തി വരുന്നുണ്ട്. വളർത്തു പക്ഷികളായി കോഴികൾക്ക് പുറമേ ചുരുക്കം ചിലയിടങ്ങളിൽ താറാവുകളുമുണ്ട്. അലങ്കാരത്തിന് ചുരുക്കം ചില വീടുകളിൽ മുയലുകൾ, തത്ത, മൈന, ലൗ ബേർഡ്സ് എന്നിവയും വളർത്തുന്നുണ്ട്.

നെൽകൃഷിയുടെ തകർച്ച പശു വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിന് പുറമേ മേച്ചിൽ സ്ഥലങ്ങൾ പുരയിടങ്ങളായി മാറിയതുകൊണ്ടും നാടൻ പശുക്കളിൽനിന്നും സങ്കരയിനം പശുക്കളെ വളർത്തുന്ന രീതിയിലേക്കുള്ള മാറ്റത്തിന് തുടക്കം കുറിച്ചു. കാർഷിക യന്ത്ര വൽക്കരണവും കാളവണ്ടികളുടെ പ്രസക്തി നഷ്ടപ്പെട്ടതുകൊണ്ടും കാളകളുയെും പോത്തുകളുടേയും എണ്ണത്തിന് ഗണ്യമായ കുറവുണ്ടായി.

പാലിൻെറ വിപണനത്തിനായി ക്ഷീരോ ൽപ്പാദന സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. പാലിന് ലഭിക്കുന്ന വില തുലോം കുറവായതിനാൽ കർഷകർ സഹകരണ സംഘത്തിൽ അംഗത്വ മെടുക്കാൻ മടിക്കുന്നുണ്ട്. ധാരാളം ഹോട്ടലുകളും വീടുകളുമുള്ളതിനാൽ വിപണനത്തിന് പ്രശ്നങ്ങൾ നേരിടാറില്ല.

നഗര സഭയിൽ 60% ഓളം സങ്കരയിനത്തിൽ പെട്ട പശുക്കളാണ്. ഒരു വെറ്റിനറി പോളി ക്ലിനിക്ക് നിലവിലുണ്ട്. കന്നുകാലികളിൽ കുളമ്പുരോഗം, അകിടു വീക്കം, വന്ധ്യത, പനി, താട വീക്കം, കരൾ രോഗം, ദഹനരോഗങ്ങൾ, പരാദ രോഗങ്ങൾ, കുരലടപ്പൻ, വിര ശല്യം എന്നിവയാണ് വ്യാപകമായി കണ്ടു വരാറുള്ളത്. ചികിൽസാ കേന്ദ്രത്തിൽ ഒരു സീനിയർ വെറ്റിനറി സർജനും 2 ജൂനിയർ വെറ്റിനറി സർജൻമാരുമുണ്ട് ജോലി ചെയ്യുന്നത്. ഈ സ്ഥാപന ത്തോടനുബന്ധിച്ച് തന്നെ ജില്ലക്കനുവദിച്ച വെറ്റിനറി ക്ലിനിക്കൽ ലാബും പ്രവർത്തിക്കുന്നുണ്ട്.

542 വീടുകളിൽ പശുക്കളെ വളർത്തുന്നുണ്ട്. 322 വീടുകളിൽ ഒന്നിൽ കൂടുതൽ പശുക്കളുണ്ട്. ജേഴ്സി, ബ്രൗൺസ്വിസ്, ഹോൾസ്റ്റെയിൻ ഫ്രീഷൻ എന്നിവ ലാഭകരമായി വളർത്തുന്ന ഇനങ്ങളാണ്. ഇതുകൂടാതെ മുറ, ജാഫ്രാബാദി, സൂർത്തി എന്നീ എരുമ വർഗ്ഗങ്ങളും ഇവിടുത്തെ കാലാവസ്ഥക്ക് അനുയോജ്യമായ ഇനങ്ങളാണ്.

കൽപ്പറ്റയിൽ 5 കോഴി വിൽപ്പന കേന്ദ്രങ്ങളാണ് ഉള്ളത്. ഒരു കോഴി വളർത്തു കേന്ദ്രവും നിലവിലുണ്ട്. സഹകരണ മേഖലയിൽ ഉണ്ടായിരുന്ന യൂണിറ്റും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തുടങ്ങിയ യൂണിറ്റുകളും പ്രവർത്തന രഹിതമാണ്. വീടുകളിൽ സ്വകാര്യ ആവശ്യത്തിന് വേണ്ടി മാത്രം (ഇറച്ചി, മുട്ട) കോഴികളെ വളർത്തുന്ന രീതിയാണ് ഇന്നുള്ളത്.

ആടുകളെ വ്യാപകമായി എവിടേയും വളർത്തുന്നില്ല. മാംസത്തിന് വേണ്ടി വളരെ ചെറിയ ആടുകളെ പോലും കശാപ്പു ചെയ്യുന്നതിനാൽ ആടുകളുടെ എണ്ണത്തിന് ഗണ്യമായ കുറവു വന്നിട്ടുണ്ട്.

മുയൽ വളർത്തൽ കൗതുകത്തിന് ഉപരിയായി നടത്തുന്ന കുടുംബങ്ങൾ ഒന്നും തന്നെയില്ല. പന്നി വളർത്തലിന് സാധ്യതയുണ്ടെങ്കിലും രണ്ടു സ്ഥലത്ത് മാത്രമാണ് പന്നി വളർത്തുന്നത്.

കൽപ്പറ്റ വില്ലേജിലും അതിനോട് തൊട്ടു കിടക്കുന്ന നിക്ഷിപ്ത വനഭൂമിയിലും കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് എന്നിവ ധാരാളമായുണ്ട്. ഇവയുടെ ശല്യം കാർഷിക വിളകൾക്കും അടുക്കളത്തോട്ടങ്ങൾക്കും ഭീഷണിയായിട്ടുണ്ട്.


മറ്റു നഗരസഭയിൽനിന്നും വ്യത്യസ്തമായി കൽപ്പറ്റ നഗരസഭയോട് ചേർന്ന് കിടക്കുന്ന വിശാലമായ വനപ്രദേശത്തിൽ കൂരൻ, മ്ലാവ്, മലയണ്ണാൻ, കാട്ടാട്, മെരുക്, ചോലനായി, കാട്ടുമുയൽ,കരിങ്കുരങ്ങ് എന്നിവയും അപൂർവ്വമായി പെരുംപാമ്പ് , പുള്ളിപ്പുലി എന്നിവയും ഉണ്ട്.

## പ്രശ്നങ്ങൾ

- പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം
- കാലിത്തീറ്റയുടെ വില വർദ്ധന
- മൃഗ ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത (എലിസ യൂണിറ്റ്, എക്സ് റേ യൂണിറ്റ്, മരുന്നുകളുടെ ലഭ്യതക്കുറവ്)
- അലഞ്ഞുതിരിയുന്ന നായകളുടെ ശല്യം.
- സഹകരണ സംഘങ്ങളിൽ നിന്നും മാർക്കറ്റ്വില പാലിന് ലഭിക്കുന്നില്ല.
- യഥാർത്ഥ ആവശ്യക്കാർക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ.
- ഭീമമായ ഇൻഷുറൻസ് ചിലവുകൾ.
- ഗോബർ ഗ്യാസ് പ്ലാൻറിനുള്ള ധന സഹായത്തിൻെറ അപര്യാപ്തത.
- തൊഴുത്തുകൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക പ്രശ്നങ്ങൾ.
- വന്യ മൃഗ ശല്യം.
- അന്യ സംസ്ഥാനങ്ങളിൽ നിന്നും അനിയന്ത്രിതമായ കോഴിയുടെ ഇറക്കുമതി.
- നല്ലയിനം പശുക്കിടാങ്ങളുടെ ലഭ്യതയില്ലായ്മ.

## സാദ്ധ്യതകൾ

- ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കർഷകർക്ക് വിലയും, സൗകര്യങ്ങളും ചെയ്ത് കൊടുക്കുക.
- പാൽ അടിസ്ഥാനമാക്കിയുണ്ടാക്കിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിക്കുക.
- നിക്ഷിപ്ത വന ഭൂമിയിൽ പുല്ല് കൃഷിക്കുള്ള അനുമതി ഉണ്ടാക്കുക.
- സബ്സിഡിയോടു കൂടിയ പുൽവിത്തുകൾ, നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുക.
- മൊബൈൽ മൃഗ ചികിൽസാ സമ്പ്രദായം നടപ്പിലാക്കി എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുക.
- കാലിത്തീറ്റ നിർമ്മാണത്തിന് ഫാക്ടറികൾ ആരംഭിക്കുക.
- അർഹരായ കർഷകർക്ക് ധനസഹായവും ഇൻഷുറൻസ് സബ്സീഡിയും ഏർപ്പെടുത്തുക.
- സഹകരണാടിസ്ഥാനത്തിൽ ഡയറി ഫാമുകൾ ആട്, കോഴി, പന്നി, മുയൽ വളർത്തുകേന്ദ്രങ്ങൾ ആരംഭിക്കുക.
- ആധുനീക അറവു ശാലകൾ ശാസ്ത്രീയമായി നിർമ്മിക്കുക.
- മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് വേണ്ട നിർദ്ദേശങ്ങൾ തയ്യാറാക്കുക.
- എരുമ വളർത്തലിനും പശു വളർത്തലിനും ആട് വളർത്തലിനും വേണ്ട സഹായങ്ങൾ എത്തിക്കുകയും ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
- കന്നുകാലി പ്രദർശനവും മത്സരവും നടത്തി കർഷകരെ ആദരിക്കുക.



# വ്യവസായം

ഇനിയും ഗ്രാമീണത വിട്ടുമാറാത്ത നഗരമാണ് കൽപ്പറ്റ നഗര സഭ. കേരളത്തിൽ തന്നെ ഇത്തരം നഗര സഭകൾ അപൂർവ്വമാണ്. കാർഷിക മേഖലക്ക് പ്രാധാന്യമുള്ള കൽപ്പറ്റയിൽ വ്യവസായ സംരംഭങ്ങൾ വളരെ കുറവാണ്.

1962 ൽ സ്ഥാപിച്ച വിജയ കോഫീ ക്യൂറിംഗ് വർക്സ് , 1983 ൽ സ്ഥാപിച്ച വിജയ N.M.D.C.S കാപ്പി സംസ്കരണ ശാല, 1964 ൽ സ്ഥാപിച്ച എലസ്റ്റൺ എസ്റ്റേറ്റ് ചായ ഫാക്ടറി, എന്നിവ സംഘടിത മേഖലയിലെ വ്യവസായങ്ങളാണ്. അസംഘടിത മേഖലയിൽ അസംഘടിത മേഖലയിൽ വ്യാപക മായി കരിങ്കൽ ക്വാറികളുണ്ടായിരുന്നു. നെല്ല് കുത്ത് മില്ലുകൾ, തടി വ്യവസായം എന്നിവക്ക് പുറമേ പരമ്പരാഗത കുടിൽ വ്യവസായങ്ങളായ മൺ പാത്രനിർമ്മാണം തുടങ്ങിയവയായിരുന്നു ആദ്യകാല വ്യവസായങ്ങൾ.

കാപ്പി സംസ്കരണ ശാലയും, തേയില ഫാക്ടറിയും കരിങ്കൽ ക്വാറിയും വൻതോതിൽ തൊഴിൽ നൽകിയിരുന്നു. കൽപ്പറ്റയുടെ സാമ്പത്തിക രംഗത്ത് ഈ വ്യവസായങ്ങൾ നിർണ്ണായക സംഭാവനകൾ നൽകിയിട്ടുണ്ട്.

വർഷങ്ങൾ കടന്നുപോയിട്ടും വയനാടിന്റെ ആസ്ഥാനമായ കൽപ്പറ്റയിൽ ശ്രദ്ധേയമായ വ്യവസായ പുരോഗതി ഉണ്ടായിട്ടില്ല. കൽപ്പറ്റ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രധാന വ്യവസായങ്ങളുടെ പട്ടിക 1ൽ ചേർക്കുന്നു.

## ഫാക്ടറികൾ

ഒരു കാലത്ത് കാപ്പി സംസ്കരണ ശാലകളിൽ വമ്പിച്ച തൊഴിൽ സാധ്യതകളാണ് ഉണ്ടായിരുന്നത്. സ്ത്രീ തൊഴിലാളികളായിരുന്നു ഇവരിൽ കൂടുതലും. വിളവെടുപ്പിനോടനുബന്ധിച്ച സമയങ്ങളിൽ മാത്രമാണ് ഇവിടങ്ങളിൽ തൊഴിൽ ഉണ്ടാകാറുള്ളത്. കാപ്പിയുടെ സ്വതന്ത്ര വിപണിയുംതുടർന്ന് വ്യാപകമായി വന്ന സ്വകാര്യ ഹള്ളിംങ് മിഷ്യനുകളും കാപ്പി സംസ്കരണ ഫാക്ടറികളുടെ പ്രവർത്തനത്തെ സാരമായി സാരമായി ബാധിച്ചിട്ടുണ്ട്.

അടുത്തകാലത്ത് N.M.D.C. കാപ്പിപ്പൊടി നിർമ്മാണ രംഗത്തേക്ക് കാലെടുത്ത് വെച്ചിട്ടുണ്ട്.

## തേയില സംസ്കരണം

എലസ്റ്റൺ തേയിലതോട്ടത്തിലെ ചായ സംസ്കരണം ഇവിടെ നടക്കുന്നു. ഫാക്ടറി നിയമമനുസരിച്ച് ഇവിടെ 20 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. എല്ലാവരും പുരുഷൻമാരാണ്. ഈ ഫാക്ടറിയിൽ ഉപയോഗിക്കുന്ന ഇന്ധനം ബ്രിക്റ്റ്സ് ആണ്.

## അടയ്ക്ക സംസ്കരണശാല

ഒരു അടയ്ക്ക സംസ്കരണശാല ഇവിടെ പ്രവൃത്തിക്കുന്നുണ്ട്. നേരത്തെ ഉണ്ടായിരുന്ന ചില അടയ്ക്ക സംസ്കരണ യൂണിറ്റുകൾ പരിസര മലിനീകരണ പ്രശ്നമായതുകൊണ്ട് നഗരസഭയിൽ നിന്നും മാറ്റിയിട്ടുണ്ട്. ധാരാളം സ്ത്രീ പുരുഷ തൊഴിലാളികൾ അടയ്ക്ക സംസ്കരണ യൂണിറ്റിൽ വിളവെടുപ്പ് കാലത്ത് ജോലി ചെയ്യുന്നുണ്ട്. പൈങ്ങയിൽ നിന്നും കളി അടയ്ക്ക നിർമ്മാണം മാത്രമാണ് ഇവിടെ നടക്കുന്നത്. ഇവിടെ ഇന്ധനമായി വിറകാണ് ഉപയോഗിക്കുന്നത്.

കൽപ്പറ്റയിൽ പ്രവർത്തിക്കുന്ന കെയർ അഗ്രോവിറ്റ് എന്ന സ്ഥാപനത്തിൽ പൂർണ്ണമായും വനിതാ തൊഴിലാളികളാണ് ജോലി ചെയ്യുന്നത് എന്നത് ശ്രദ്ധേയമാണ്.

പട്ടിക 1

കൽപ്പറ്റ നഗരസഭയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ

| യൂണിറ്റുകൾ തരം | എണ്ണം |
|---|---|
| ടൈലറിംഗ് / റെഡിമെയ്ഡ് | 53 |
| വർക്ക് ഷാപ്പ് | 19 |
| പ്രിൻറിംഗ് പ്രസ് | 10 |
| ടൂത്ത് പൗഡർ നിർമ്മാണം | 1 |
| വളം നിർമ്മാണം | 1 |
| ടൂറിസ്റ്റ് ഹോം | 1 |
| കാർഷിക അനുബന്ധം | 1 |
| ബ്യൂട്ടി പാർലർ | 1 |
| കിണർ റിംഗ് നിർമ്മാണം | 2 |
| കണ്ണട നിർമ്മാണം | 1 |
| S.T.D ബൂത്ത് | 2 |
| മെറ്റൽ വർക്ക് | 1 |
| റഫ്രിജറേഷൻ | 1 |
| ചുണ്ണാമ്പു നിർമ്മാണം | 3 |
| ലതർ/അപ്പോൾസ്റ്ററി വർക്സ് | 4 |
| എൻജിനിയറിംഗ് | 22 |
| ടയർ റീ ത്രെഡിംഗ് | 7 |
| ടെക്നിക്കൽ ലാബ് | 2 |
| കരകൗശലം | 1 |
| ജ്വല്ലറി | 1 |
| ഗോൾഡ് കവറിംഗ് | 1 |
| മരമില്ല് | 2 |
| ഫർണിച്ചർ | 7 |
| ഫോട്ടോസ്റ്റാറ്റ് | 4 |
| സിമൻറ് ഹോളോബ്രിക്സ് | 3 |
| അലൂമിനിയം ഫേബ്രിക്കേഷൻ | 1 |
| കമ്പ്യൂട്ടർ സോഫ്റ്റ് വേർ | 2 |
| നേന്ത്രക്കായ ചിപ്സ് | 3 |
| അരിമിൽ | 7 |
| ബേക്കറി | 7 |
| ബെഡ്, ഫോം ബെഡ് | 4 |
| ഡ്രൈക്ലീനിംഗ് | 2 |

| യൂണിറ്റുകൾ തരം | എണ്ണം |
|---|---|
| ഇഷ്ടിക നിർമ്മാണം | 8 |
| സ്റ്റീൽ ഫർണിച്ചർ | 2 |
| ലൈറ്റ് സൗണ്ട് | 1 |
| ഓയിൽ നിർമ്മാണം | 1 |
| കാപ്പി സംസ്കരണം | 2 |
| കൺസക്ഷൻ | 1 |
| സ്റ്റുഡിയോ | 5 |
| സോഫ്റ്റ് ഡ്രിങ്ക്സ് | 1 |
| സർവ്വീസ് സ്റ്റേഷൻ | 2 |
| എക്സ്റേ യൂണിറ്റ് | 5 |
| പൗൾട്രി യൂണിറ്റ് | 3 |
| തേയില യൂണിറ്റ് | 1 |
| സോഡ | 1 |
| മൊസൈക്ക് വർക്സ് | 1 |
| ഫോട്ടോ ഫ്രെയിം | 1 |
| ടൈപ്പിംഗ് | 3 |
| വാച്ച് മേക്കിംഗ് | 1 |
| അടക്കാ സംസ്കരണം | 1 |
| സൈക്കിൾ അസംബ്ലിങ്ങ് | 1 |
| ഡിഷ് ആൻറിന | 1 |
| Dog സോപ്പ്, ബിസ്കറ്റ് | 2 |
| സ്ക്രീൻ പ്രിൻറിംഗ് | 5 |
| മറ്റുള്ളവ | 35 |

(അവലംബം : ചെറുകിട വ്യവസായ അസോസിയേഷൻ രേഖകൾ)

1993 മുതൽ 96 വരെ വ്യവസായ കേന്ദ്രം വഴി റജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന 126 വ്യവസായ യൂണിറ്റുകൾ ഉണ്ട്. ഇതിൽ 13 എണ്ണത്തിന് മാത്രമെ വായ്പ ലഭിച്ചിട്ടുള്ളൂ. 19.7 ലക്ഷം രൂപയാണ് വായ്പയായി കൊടുത്തിട്ടുള്ളത്. ഈ വ്യവസായ ങ്ങളുടെ പട്ടിക, പട്ടിക 2 പ്രകാരം ചേർക്കുന്നു.

**പട്ടിക 2**

**ജില്ലാ വ്യവസായ കേന്ദ്രം വഴി 1993-96 കാലത്ത് റജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ**

| യൂണിറ്റുകൾ | എണ്ണം |
|---|---|
| 1 നേന്ത്രക്കായ ചിപ്പ്സ് നിർമ്മാണം | 3 |
| 2 സിമൻറ് ഹോളോബ്രിക്സ് | 3 |
| 3 പ്രിൻറിംങ്ങ് പ്രസ്സ് | 3 |
| 4 ഫോട്ടോസ്റ്റാറ്റ് | 3 |
| 5 കമ്പ്യൂട്ടർ സോഫ്റ്റ് വേർ | 2 |
| 6 റക്സിൻ ബാഗ് നിർമ്മാണം | 4 |
| 7 Dog ബിസ്ക്കറ്റ്, സോപ്പ് | 2 |
| 8 റെഡിമെയ്ഡ് ഗാർമെൻറ്സ് | 43 |
| 9 സോഡ | 4 |
| 10 സ്ക്രീൻ പ്രിൻറിംങ്ങ് | 4 |
| 11 എൻഞ്ചിനീയറിംങ്ങ് | 16 |
| 12 ജനറൽ എൻഞ്ചിനീയറിംങ്ങ് | 16 |
| 13 മറ്റുള്ളവ | 29 |

ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൽപ്പറ്റയിൽതന്നെ വിൽപ്പന നടത്തുന്നതിനുള്ള സാഹചര്യം ഇല്ല. ഇതിനുള്ള സാഹചര്യം വ്യവസായ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

വ്യവസായ വികസനത്തിന് അത്യന്താപേക്ഷി തമായ ഗതാഗത സൗകര്യത്തിൻെറ കാര്യത്തിൽ ഈ ജില്ലയുടെ കാര്യം പരിതാപകരമാണ്. റെയിൽ സൗകര്യം ഇന്നും ഒരു സ്വപ്നമായവശേഷിക്കുക യാണ്.

കൽപ്പറ്റയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റി ന് 19.9.76 തറക്കല്ലിട്ടെങ്കിലും തറക്കല്ല് പോലും ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. 'സ്മാൾ സ്കെയിൽ പ്രൊഡക്ഷൻ നമ്പർ 5 എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച കുരുമുളക് സംസ്കരണശാലയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

**വ്യവസായ വികസനത്തിന് വ്യവസായ വകുപ്പിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ:-**

വ്യവസായങ്ങൾക്ക് മൂലധന സബ്സിഡി വിൽപ്പന നികുതിയിൽ ഇളവ് സാമ്പത്തിക സ്ഥാപന ങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള സൗകര്യ ങ്ങൾ ഒരുക്കൽ, വിവിധ തൊഴിൽ പരിശീലന സൗകര്യ ങ്ങൾ, അസംസ്കൃത വസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കൽ, വനിത വ്യവസായങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും നിയമ പരമായി ലഭിക്കേണ്ട ലൈസൻസുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ വേണ്ട സഹായങ്ങൾ ഒരുക്കൽ, സഹകരണ സംഘങ്ങൾക്ക് ഗ്രാൻറ്, പലിശയിളവ് നൽകൽ, പരസ്യത്തിനും, പ്രചരണത്തിനുമുള്ള സഹായങ്ങൾ തുടങ്ങിയവയാണ്.

**വ്യവസായ വികസന പ്രശ്നങ്ങൾ**

- അസംസ്കൃത വസ്തുക്കളുടെ അഭാവം, വില വർദ്ധന
- തക്കസമയത്ത് ധനസഹായത്തിൻെറ അഭാവം വിപണനത്തിലുള്ള പ്രയാസങ്ങൾ
- വ്യവസായത്തിനാവശ്യമായ സാങ്കേതിക പരിജ്ഞാനത്തിൻെറ കുറവ്
- ഉയർന്ന വേതന നിരക്ക്
- വ്യവസായ സംരഭകർക്ക് വേണ്ടത്ര പ്രോൽസാഹനത്തിൻെറ അഭാവം
- വ്യവസായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിൽ പ്രാദേശിക കച്ചവടക്കാർക്കും, ഉപയോഗിക്കുന്നതിൽ ഉപഭോക്താക്കൾക്കുള്ള വിമുഖത
- വൈദ്യുതി ക്ഷാമം, കണക്ഷൻ ലഭിക്കുന്ന തിനുള്ള കാലതാമസം
- വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ
- ഉയർന്ന ഭൂമി വിലയും, ഉയർന്ന പ്രതിമാസ വാടകയും

## സാദ്ധ്യതകൾ

- പ്രാദേശിക വിഭാഗങ്ങൾക്കനുസൃതമായി -കാർഷിക അടിസ്ഥാന വ്യവസായങ്ങൾ
- വ്യവസായ വകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങളും, ഗ്രീൻ ചാനൽ സംവിധാനങ്ങളും ഉപയോഗപ്പെടുത്തൽ
- വ്യവസായ സംരഭകർക്ക് വായ്പ ലഭ്യമാക്കാൻ നഗരസഭയുടെ മുൻകൈ പ്രവർത്തനം
- പാഴ് വസ്തുക്കൾ പുന ചക്രമണം നടത്തുന്ന പാഴ്‌വസ്തുക്കൾ ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകൽ
- പരമ്പരാഗത തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ എത്തിച്ച് കൊടുക്കാൻ ഡിപ്പോകൾ സ്ഥാപിക്കൽ
- വനിതാ വ്യവസായ സംരഭകർക്ക് വ്യവസായം തുടങ്ങാനുള്ള സൗജന്യ സേവനം ലഭ്യമാക്കൽ

### സാദ്ധ്യതയുള്ള വ്യവസായ യൂണിറ്റുകൾ

- സിമൻറ് ഹോളോബ്രിക്സ്, ജനൽ കട്ടില, കട്ടില നിർമ്മിക്കൽ

  കാലിത്തീറ്റ നിർമ്മാണം
- മരഫർണിച്ചർ, കെട്ടിട ഉപകരണ നിർമ്മാണ യൂണിറ്റുകൾ
- വർക്ക് ഷോപ്പ്, ബാറ്ററി ചാർജ്ജ്, ഷോക്ക് അബ്സോർ റീ കണ്ടീഷൻ
- കളി അടയ്ക്ക ഉപയോഗിച്ച് റോജ, ചായം നിർമ്മാണ യൂണിറ്റുകൾ
- പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾ
- വനിതകൾക്ക് അച്ചാർ, പലഹാരങ്ങൾ, കറിപൗഡർ, സോപ്പ്, മെഴുകുതിരി, കൊണ്ടാട്ടം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ
- ക്രഷർ മെറ്റൽ നിർമ്മാണം
- ഇറച്ചി സംസ്കരണം
- അലൂമിനിയം ചെമ്പ് പാത്ര നിർമ്മാണ
- സഹകരണ മേഖലയിലെ വൻകിട പദ്ധതികൾ
- ഹവായ് ചപ്പൽ നിർമ്മാണം
- ഡിറ്റർജൻ പൗഡർ നിർമ്മാണം
- ആയുർവേദ ഔഷധ നിർമ്മാണം



# വിദ്യാഭ്യാസം

കേരള സംസ്ഥാന രൂപീകരണത്തിനു മുമ്പ് മദിരാശി സംസ്ഥാനത്തിലെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു കൽപ്പറ്റ മുൻസിപ്പൽ പ്രദേശമടങ്ങുന്ന 'വയനാട് ' എന്ന പേരിലറിയപ്പെടുന്ന ഈ മലയോര ജില്ല. മലബാറിൻെറ പ്രമുഖ വാണിജ്യ കേന്ദ്രമായ കോഴിക്കോട് നിന്നും 72 കിലോമീറ്റർ ദൂരത്തിലും സമുദ്രനിരപ്പിൽ നിന്നും ഏകദേശം 2200 അടിയോളം ഉയരത്തിലും സ്ഥിതിചെയ്യുന്ന ഈ മുൻസിപ്പാലിറ്റിയിൽ 19 -ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ പോലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അന്യമായിരുന്നു. നാട്ടെഴുത്തച്ഛൻമാരെയായിരുന്നു വിദ്യാഭ്യാസത്തിന് ജനങ്ങൾ ആശ്രയിച്ചിരുന്നത്. എഴുത്താണിയും പന യോലയുമായിരുന്നു പ്രധാന എഴുത്തുപകരണങ്ങൾ.

വനസമ്പത്ത് കൊണ്ടും ഫലഭൂയിഷ്ഠമായ ഭൂവിഭാഗങ്ങൾകൊണ്ടും സമ്പന്നമായ ഇവിടേക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇതര ജില്ലകളിൽ നിന്നും 19 -ാം നൂറ്റാണ്ടിൻെറ ആരംഭത്തിനു മുമ്പുതന്നെ കുടിയേറ്റം ആരംഭിച്ചുകഴിഞ്ഞിരുന്നു. ഇവിടേക്കെത്തിപ്പെട്ട ജനവിഭാഗത്തിൻെറ ആവശ്യങ്ങളും പടിപടിയായി വർദ്ധിക്കാനിടയായി. ഇതോടെ വിദ്യാഭ്യാസസൗകര്യങ്ങൾക്കുള്ള ശ്രമങ്ങളും ത്വരിതഗതിയിൽ ആരംഭിച്ചു. നാട്ടു പ്രമാണികളും സാധാരണ ജനങ്ങളും കൂടിചേർന്നതോടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ രൂപീകരണം യാഥാർത്ഥ്യമാകാൻ തുടങ്ങി.

ഇന്നത്തെ നഗരസഭ പ്രദേശത്ത് 1916 ലാണ് ആദ്യത്തെ വിദ്യാലയം സ്ഥാപിതമാകുന്നത്. മദ്രാസ് സംസ്ഥാനത്ത് ജില്ലാ ബോർഡുകൾ രൂപീകൃതമായതിൻെറ പ്രതിഫലനം കൂടിയായിരുന്നു സ്കൂൾ ആരംഭത്തിനു നിദാനമായത്. കൽപ്പറ്റ ഗവ. എൽ. പി. സ്കൂളാണ് ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാലയം (ബോർഡ് സ്കൂളെന്നും ഇതറിയപ്പെടുന്നു) ഈ വിദ്യാലയത്തിലെ പ്രഥമ അദ്ധ്യാപിക ശ്രീമതി അന്നമ്മ യേശുദാസ് ആയിരുന്നു. അക്ഷരത്തിൻെറ തിരികൊളുത്തിയ ഇവരെ 'എഴുത്തമ്മ' എന്ന പേരിലാണ് കൽപ്പറ്റ നിവാസികൾ ബഹുമാന പുരസ്സരം വിശേഷിപ്പിച്ചിരുന്നത്. പ്രാചീന ഗോത്രവർഗ്ഗക്കാരായ ആദിവാസികളെ അക്ഷരം പഠിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ ആദിവാസികൾ തിങ്ങി പാർക്കുന്ന മുണ്ടേരി കേന്ദ്രമാക്കി ഒരു ഏകാദ്ധ്യാപക പ്രൈമറി വിദ്യാലയം 1931 ൽ നിലവിൽ വന്നു. ഈ വിദ്യാലയമാണ് ഇന്നത്തെ കൽപ്പറ്റ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ആയി മാറിയത്. 1940 കളിൽ പോലും നഗരസഭാ വാസികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിനപ്പുറം പഠനം തുടരുവാൻ ജില്ലയുടെ ഇതര ഭാഗങ്ങളിലേക്ക് യാത്ര ചെയ്യേണ്ടി വന്നു. ഈ അവസ്ഥ മറികടക്കുവാൻ വയനാട്ടിലൊരു ഹൈസ്കൂൾ ആരംഭിക്കുവാൻ കൽപ്പറ്റയിലെ പൗര പ്രമുഖർ വയനാട്ടുകാരുടെ മുഴുവൻ യോഗം വിളിച്ച് ഒരു ആക്ഷൻ കൗൺസിലിന് രൂപം നൽകുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതിൻെറ ഫലമായി ജില്ലാ ബോർഡ് ഹൈസ്കൂൾ അനുവദിച്ചു കൊണ്ടുള്ള ഉത്തരവു നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് ഒരു ബ്രിട്ടീഷ് സഹകരണ സംഘത്തിൻെറ ഉടമസ്ഥതയിലുള്ള 20 ഏക്കർ സ്ഥലം ഈ വിദ്യാലയത്തിനായി അനുവദിച്ച് കിട്ടി. തുടർന്നു 1946 ൽ പുളിയാർമല അനന്തനാഥസ്വാമി ക്ഷേത്രത്തിനടുത്ത് ഒരു ഷെഡിൽ **വയനാട് ഹൈസ്കൂൾ കൽപ്പറ്റ** എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. സ്കൂൾ സ്ഥാപനത്തിൻെറ പിറകിൽ യശ: ശരീരരായ ധർമ്മരാജയ്യരുടെയും എം.കെ. ജിനചന്ദ്രൻെറയും സേവനം വിലമതിക്കാനാവാത്തതാണ്. (ഇതിനു പുറമെ ഒട്ടേറെ വ്യക്തികളുടെ സേവനവും ഈ രംഗത്തുണ്ടായിരുന്നുവെന്നത് വിസ്മരിക്കാവുന്നതല്ല) ഈ വിദ്യാലയമാണ് ഇന്നത്തെ S. K. M. J. ഹൈസ്കൂളായി അറിയപ്പെടുന്നത്. വയനാട് ജില്ലയിലെ ആദ്യത്തെ ഹൈസ്കൂളെന്ന ബഹുമതിയും ഈ വിദ്യാലയത്തിനുണ്ട്.

1945 ൽ നിലയിൽ വന്ന H. I. M. U. P സ്കൂൾ മുസ്ലീം ജന വിഭാഗത്തിന്റെ വിദ്യാഭ്യാസ കാര്യത്തിൽ പുത്തനുണർവ്വ് സൃഷ്ടിക്കുന്നതിന് കാരണമായി. പരേതനായ കല്ലങ്കോടൻ കുഞ്ഞമ്മദ് ഹാജി ഇതിനായി നടത്തിയ പരിശ്രമം എടുത്തു പറയേണ്ടതാണ്. നുസ്രത്തുദ്ദീൻ മുസ്ലീം സംഘം ആണ് ഈ വിദ്യാലയത്തിന്റെ മാനേജ്മെന്റ്. ഇന്നത്തെ നഗരസഭാ കൗൺസിലറായ ശ്രീ. **N. K. ഇബ്രാഹിം** ഈവിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥികളിലൊരാളായിരുന്നു.

1956 ൽ പുളിയാർ മലയിൽ P. C മന്തപ്പ മെമ്മോറിയൽ എന്ന പേരിലൊരു ഏകാദ്ധ്യാപക പ്രൈമറി വിദ്യാലയം സ്ഥാപിതമായി. ദീർഘകാലം കൽപ്പറ്റ പഞ്ചായത്ത് പ്രസിഡൻറായി സേവന മനുഷ്ഠിച്ചിട്ടുള്ള ശ്രീ. പി. എം. പത്മനാഭൻ ആണ് സ്കൂളിനുവേണ്ട സ്ഥലം സംഭാവന ചെയ്തത്. അദ്ദേഹത്തിന്റെ പിതാവിന്റെ നാമധേയത്തിലാണ് ഈ സ്കൂൾ അറിയപ്പെടുന്നത്. ആദ്യം ഒരു ഓലഷെഡ്ഡിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയത്തിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുകയും 1957 ൽ കേന്ദ്രമന്ത്രിയായിരുന്ന **പി. എം. തത്താർ** അതിന്റെ ഉൽഘാടനം നിർവഹിക്കുകയും ചെയ്തു.

തോട്ടം തൊഴിലാളി മേഖലയായിരുന്ന പെരുന്തട്ടയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കൽപ്പറ്റ പഞ്ചായത്തിന്റെ മാനേജ്മെൻറിൻ കീഴിൽ 1960 ജൂലായിൽ ഒരു ലോവർ പ്രൈമറി വിദ്യാലയം ആരംഭിച്ചു. ഇന്ന് ഈ സ്കൂൾ കൽപ്പറ്റ മുൻസിപ്പൽ യു. പി. സ്കൂൾ എന്ന പേരിലറിയപ്പെടുന്നു.

ആദ്യകാലഘട്ടങ്ങളിലാരംഭിച്ച ഈ വിദ്യാലയങ്ങൾക്ക് പുറമെ അസ്ഹർ എൽ. പി. സ്കൂൾ, എൻ.എസ്.എസ് . ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, സെൻറ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം യു. പി. സ്കൂൾ, ഡീ പോൾ പബ്ലിക്ക് സ്കൂൾ, എം. ഇ. എസ്. ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ എന്നീ വിദ്യാലയങ്ങളും ആരംഭിച്ചു പ്രവർത്തിച്ചു വരുന്നു.കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ ആകെ 12 വിദ്യാലയങ്ങളാണ് ഇന്ന് നിലവിലുള്ളത്. ഇതിൽ 4 എണ്ണം ലോവർ പ്രൈമറി വിദ്യാലയങ്ങളും 4 എണ്ണം അപ്പർ പ്രൈമറി വിദ്യാലയങ്ങളുമാണ്. ആകെയുള്ള 4 ഹൈസ്കൂളുകളിൽ 2 എണ്ണം ഇംഗ്ലീഷ് മാധ്യമത്തിൽ പ്രവർത്തിക്കുന്നവയാണ്. ഏക സർക്കാർ ഹൈസ്കൂളായ ജി. വി. എച്ച്. എസ്. എസ്. ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. മുൻസിപ്പാലിറ്റിയിൽ ആകെയുള്ള 12 വിദ്യാലയങ്ങളിൽ 3 എണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. ഏകദേശം 25,000 ത്തോളം ജനസംഖ്യയുള്ള നഗരസഭയിലെ ചെറുതും വലുതുമായ 12 വിദ്യാലയങ്ങളിലായി 6499 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. ഇതിൽ 3399 ആൺകുട്ടികളും 3100 പെൺകുട്ടികളുമാണുള്ളത്. എല്ലാ വിദ്യാലയങ്ങളിലുമായി 69 അദ്ധ്യാപകരും 158 അദ്ധ്യാപികമാരുമായി 227 പേർ പഠിപ്പിക്കുന്നു. മൊത്തം വിദ്യാർത്ഥികളിൽ 14.54% പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ്.

ആകെയുള്ള 12 വിദ്യാലയങ്ങളിൽ 4 എണ്ണം ഇംഗ്ലീഷ് പഠനമാധ്യമമായി സ്വീകരിച്ചവയും ശേഷിച്ചവ മാതൃഭാഷാ മാധ്യമത്തിൽ പഠനം നടത്തുന്നവയുമാണ്. ഒരു വിദ്യാലയത്തിൽ C. B. S. C. സിലബസ് പ്രകാരം പഠനം നടത്തുന്നു. മൊത്തം വിദ്യാർത്ഥികളുടെ 22.3% ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലും ശേഷിച്ച 77.97% മലയാളം മീഡിയം വിദ്യാലയങ്ങളിലും അദ്ധ്യയനം നടത്തുന്നു.

സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽ ശരാശരി 3% ത്തോളം വിദ്യാർത്ഥികൾ ഇടയ്ക്ക്വെച്ച് പഠനം നിർത്തുന്നുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് ഈ പ്രവണത വളരെ കുറഞ്ഞിട്ടുണ്ടെന്നത് ഏറെ ആശാവഹമാണ്. 1990 ൽ ആരംഭിച്ച സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഒരു സദ്ഫലമായി ഇതിനെ കാണാവുന്ന ആണ്. ജില്ലയിൽ നടപ്പാക്കി വരുന്ന D. P. E. P. പദ്ധതിയ്ക്ക് ഇക്കാര്യത്തിൽ ഇനിയും ഗണ്യമായ സംഭാവന നൽകാൻ കഴിണേണ്ടതാണ്.

പൊതു വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. കഴിഞ്ഞ 5 വർഷത്തെ എസ്. എസ്. എൽ. സി. വിജയശതമാനം ഏകദേശം 35% മാത്രമാണ്. ഇതു സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. എന്നാൽ ഇവിടെയുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾക്ക് മികച്ച വിജയ ശതമാനം കൈവരിയ്ക്കാൻ സാധ്യമാകുന്നുണ്ട്.

പൊതു വിദ്യാലയങ്ങളിലെ നിലവാരതകർച്ചയ്ക്കുള്ള കാരണങ്ങൾ നിരവധിയാണ്. ഭൗതിക

സാഹചര്യങ്ങളുടെ അപര്യാപ്തത അദ്ധ്യാപകരുടെ കുറവു നിമിത്തം പലപ്പോഴും ഒഴിഞ്ഞു കിടക്കുന്ന ക്ലാസ്സുകൾ, ഇപ്പോൾ നിലവിലുള്ള 'All Promotion System' രക്ഷിതാക്കളുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അജ്ഞതയും, സാമ്പത്തികമായ പിന്നോക്കാവസ്ഥ തുടങ്ങിയവ ഈ കാരണങ്ങളിൽ ചിലത് മാത്രമാണ്. ഇന്ന് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ന്യൂനതകളും ഇതിന് കാരണമാകുന്നു. പരീക്ഷകളെ മാത്രം ലക്ഷ്യമാക്കിയുള്ള പഠന സമ്പ്രദായവും നിലവാര തകർച്ചയ്ക്കുള്ള ഒരു പ്രധാന കാരണ മായിത്തീരുന്നു. അക്ഷരമുറയ്ക്കാതെതന്നെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി ഹൈസ്കൂളിലേ ക്കെത്തുന്നവരുടെ എണ്ണവും കുറവല്ല. അംഗന വാടികളോ പ്രീ പ്രൈമറി വിദ്യാലയങ്ങളോ ഇല്ലാത്ത ഡിവിഷനുകളും നഗരസഭയിലുണ്ട്.

ജില്ലാ ആസ്ഥാനമായിട്ടുപോലും കൽപ്പറ്റയിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. 1981 ൽ ആരംഭിച്ച നീലിക്കണ്ടി മൊയ്തീൻ സാഹിബ് മെമ്മോറിയൽ ഗവ. കോളേജാണ് ഇവിടത്തെ ഏക അംഗീകൃത കോളേജ്. ഇപ്പോഴും ഇതൊരു ആർട്ട്സ് കോളേജ് മാത്രമായി തുടരുകയാണ്. ആവശ്യത്തിന് സ്ഥലമുണ്ടെങ്കിലും കെട്ടിടങ്ങൾ, ഫർണിച്ചർ തുടങ്ങിയവയുടെ അപര്യാപ്തതയും കോളേജിലേക്ക് ഗതാഗത സൗകര്യമില്ലായ്മയും ഈ കലാലയത്തിൻെറ ശാപമായി തുടരുകയാണ്. വിദൂര സ്ഥലങ്ങളിൽ നിന്നും നിയമനം ലഭിച്ച് ഇവിടെ എത്തുന്ന അദ്ധ്യാപകർ താമസസൗകര്യം ലഭിക്കാത്തതിനാൽ തിരിച്ചുപോകാനുള്ള പ്രവണതയാണ് കാണിക്കുന്നത്. തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതും നിലവാര തകർച്ചയ്ക്ക് കാരണമാകുന്നു.

3 വനിതാ കോളേജുകൾ ഉൾപ്പെടെ 6 പാരലൽ കോളേജുകൾ നഗരസഭാതിർത്തിക്കുള്ളിൽ പ്രവർത്തി ക്കുന്നുണ്ട്. പരിമിതമായ സൗകര്യങ്ങൾ മാത്രമേയുള്ളൂ വെങ്കിലും കൃഷ്ണ മോഹൻ മെമ്മോറിയൽ എന്ന പേരിലുള്ള ഒരു I. T. I. യും ഇവിടെയുണ്ട്. ഇലക്ട്രോണിക്സ്, ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഡീസൽമെക്കാനിക്ക് , പ്ലംബർ എന്നീ ട്രേഡുകളിൽ വിദ്യാർത്ഥികൾക്ക് ഇവിടെ പരിശീലനം നൽകപ്പെട്ടു വരുന്നു. നാട്ടിലും വിദേശത്തും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ ടെക്നിക്കൽ മേഖലയിലെ ഈ സ്ഥാപനത്തിൽ അദ്ധ്യാപകരുടെ കുറവിനു പുറമെ മറ്റു ഇല്ലായ്മകളു മേറെയാണ്. 4 കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളും ഒരു ഇലക്ട്രിക്കൽ റിപ്പയറിങ്ങ്/വയറിംങ്ങ് പരിശീലന കേന്ദ്രവും, ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ കീഴിലുള്ള ഒരു ഹിന്ദി ടീച്ചേഴ്സ് ട്രെയിനിങ്ങ് സെൻററും ഇവിടെയുണ്ട്. കൂടാതെ ഒരു അറബി കോളേജും ഈ മുൻസിപ്പാലിറ്റിയിലുണ്ട്. സാങ്കേതിക പരിശീലന രംഗത്ത് എടുത്തു പറയാവുന്ന ഒരു സ്ഥാപനമാണ് AMRID. സൊസൈറ്റി റെജിസ്ട്രേഷൻ ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ ചെയർമാൻ ജില്ലാ കലക്ടറും, സെക്രട്ടറി I T D P പ്രോജക്ട് ഓഫീസറുമാണ്. ഇവിടെ ടെയ്ലറിങ്ങ്, കംമ്പോസിങ്ങ്, ഡ്രൈവിങ്ങ്, ബുക്ക് ബൈൻഡിങ്ങ്, കരകൗശല വസ്തു നിർമ്മാണം എന്നിവയിൽ പരിശീലനം നൽകിവരുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡും ലഭിക്കുന്നുണ്ട്.

ശാസ്ത്ര വിഷയങ്ങളിലുള്ള ഉന്നത വിദ്യാഭ്യാസ ത്തിനായി വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും ആശ്രയിക്കുന്നത് സുൽത്താൻ ബത്തേരിയിലുള്ള ആർട്ട്സ് ആൻഡ് സയൻസ് കോളേജിനെയും, സമീപ ജില്ലകളായ കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ കോളേജുകളേയുമാണ്. എഞ്ചിനീയറിങ്ങ്, മെഡിസിൻ തുടങ്ങിയ പ്രോഫഷനൽ കോഴ്സുകളിൽ പ്രവേശനം നേടുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ എണ്ണത്തിൽ ഇത്രയുണ്ടെങ്കിലും ജില്ലാ തലസ്ഥാനമായ ഈ മുൻസിപ്പാലിറ്റിയിൽ നിരക്ഷരത ഇപ്പോഴും നില നിൽക്കുന്നുവെന്നതാണ് സത്യം. (വാർഡ് കൺ വെൻഷൻ റിപ്പോർട്ടുകൾ അവലംബം) '89-90' കാലഘട്ടത്തിലെ സാക്ഷരതാ യജ്ഞത്തിൻെറ ആവേശം നിലനിർത്താൻ കഴിയാതെ പോയെന്നതി നാൽ നവസാക്ഷരർ വീണ്ടും നിരക്ഷതയിലേക്ക് തിരിച്ചു പോകുന്ന ഒരവസ്ഥയാണ്. തുടർ സാക്ഷരത യ്ക്കും, വയോജനവിദ്യാഭ്യാസത്തിനും പുതുജീവൻ നൽകേണ്ടത് ആവശ്യമാണെന്ന് വാർഡ് കൺവെൻഷൻ ചർച്ചകളിൽ അഭിപ്രായപ്പെട്ടവർ ഏറെയാണ്. വാർഡ് കൺവെൻഷനുകളിൽ ഉരുതിരിഞ്ഞുവന്ന അഭിപ്രായ ങ്ങളുംനിർദ്ദേശങ്ങളും വിലയിരുത്തിയും നഗരസഭ യിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക, ദ്വിതീയ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാന ത്തിലുമാണ് ഈ റിപ്പോർട്ട്. എല്ലാ വാർഡ് കൺ വെൻഷനുകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാഡമിക് നിലവാര തകർച്ച, ഭൗതിക സാഹചര്യങ്ങളുടെ

അപര്യാപ്തത എന്നിവയാണ് മുഖ്യമായി ചർച്ച ചെയ്യപ്പെട്ടത്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, അദ്ധ്യാപക രക്ഷാകർത്തൃ സംഘടന, പാഠ പുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം, നിലവിലുള്ള വിദ്യാലയങ്ങളുടെ അപ്ഗ്രഡേഷൻ, നിർദ്ദിഷ്ട കേന്ദ്രീയ വിദ്യാലയം, മൂല്യ നിർണ്ണയ രീതികൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിലെല്ലാം സജീവ ചർച്ചകൾ നടന്നിട്ടുണ്ട്.

ഒരു വിദ്യാലയത്തിന്റെ പഠന നിലവാരത്തെ ഏറെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് അക്കാഡമിക് സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും. പട്ടികകൾ 3, 4 എന്നിവ ഇവ വിശദമായി വിലയിരുത്തുന്നു. (അവലംബം: ദ്വിതീയ സ്ഥിതി വിവരകണക്ക്) ലൈബ്രറിയും അദ്ധ്യാപക രക്ഷാകർത്തൃ സമിതിയും എല്ലാ വിദ്യാലയങ്ങളിലുമുണ്ടെങ്കിലും പലതും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ലബോറട്ടറി സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലുമില്ല. 8 വിദ്യാലയങ്ങളിൽ മാതൃസംഗം പ്രവർത്തിക്കുന്നുണ്ട്. ചില വിദ്യാലയങ്ങളിൽ 'ക്ലാസ്സ് റൂം P T A യുമുണ്ട്. 10 വിദ്യാലയങ്ങളിൽ റേഡിയോ, ടേപ്പ് റിക്കോർഡർ എന്നിവയുണ്ട്. ഭൂരിപക്ഷം വിദ്യാലയങ്ങളിലും മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി സൗകര്യങ്ങളുണ്ട്. 2 ലോവർ പ്രൈമറി വിദ്യാലയ ങ്ങളിൽ വൈദ്യുതി ഇല്ല. ഒരു പ്രൈമറി വിദ്യാലയ ത്തിൽ മൂത്രപ്പുരയും കക്കൂസുമില്ല.

വിദ്യാഭ്യാസ നിലവാരം താഴുന്നതിന് നിരവധി കാരണങ്ങൾ ചൂണ്ടികാണിക്കാനാകും. അക്കാഡമിക് സൗകര്യങ്ങളുടെയും ഭൗതിക സാഹചര്യങ്ങളുടെയും അപര്യാപ്തതയ്ക്കപ്പുറം താഴെയ്ക്കിടയിലുള്ളവരുടെയിടയിൽ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾക്കുള്ള അലംഭാവവും ദൃശ്യമാധ്യമങ്ങളുടെ നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ തള്ളികയറ്റവും, പ്രൈമറി തലത്തിൽ നിലനിൽക്കുന്ന നിരക്ഷരതയുമെല്ലാം ഇത്തരുണ ത്തിൽ ചർച്ചചെയ്യപ്പെടേണ്ടതുണ്ട്.

നിലവാരം മെച്ചപ്പെടുത്തലിന്റെ ഭാഗമായി മുൻസിപ്പൽ പ്രദേശത്തെ എല്ലാ വിദ്യാലയങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു ' സ്കൂൾ കോംപ്ലക്സി' ന് രൂപം കൊടുക്കാവുന്നതാണ്. വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരുടെ കൂട്ടായ്മ പല പ്രകാരത്തിലും പ്രയോജനപ്പെടും. വിവിധ വിഷയ ങ്ങൾ അനായാസം കൈകാര്യം ചെയ്യുന്നതിന് പലപ്പോഴും അദ്ധ്യാപകർക്ക് അനുഭവപ്പെടാറുള്ള വൈഷമ്യങ്ങൾ ദൂരീകരിക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. സ്കൂൾ കോംപ്ലക്സുകൾ നടത്തുമ്പോൾ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ദ്യം നേടിയവരുടെ സാന്നിദ്ധ്യവും, അവരുടെ മാതൃകാ ക്ലാസ്സുകളും നിർദ്ദേശങ്ങളും അദ്ധ്യാപനം കൂടുതൽ ഫലപ്രദമാക്കുമെന്നതിൽ സംശയമില്ല. മൂല്യ നിർണ്ണയ രംഗത്തും ഒരു Uniformity (ഐക്യരൂപം) ഉണ്ടാക്കാൻ ഇതു സഹായകമാക്കും. കൂടാതെ പഠനോപകരണങ്ങളുടെ അപര്യാപ്തത ഇന്നുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് അവ School Complex ലെ അടുത്തുള്ള വിദ്യാലയത്തിൽ നിന്നും ലഭ്യമാക്കാനും അങ്ങനെ പഠനം ഒരു രസകരമായ അനുഭവമായി മാറ്റുന്നതിനും ഇടയാക്കും. നഗരസഭ യുടെ നേതൃത്വത്തിൽ ഇങ്ങനെയൊരു School Complexന് രൂപം കൊടുക്കുന്നതിന് മുമ്പ് മുഴുവൻ അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതും ലക്ഷ്യങ്ങൾ വിശദീകരി ക്കേണ്ടതുമാണ്. ഇതോടൊപ്പം തന്നെ സ്കൂൾ പി. ടി. എ (അദ്ധ്യാപക രക്ഷാകർത്തൃ സംഘടന) യുടേയും 'മാതൃ സംഗമ'ങ്ങളുടെയും 'ക്ലാസ്സ് റൂം P T A ' യുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം. ക്ലാസ്സ് റൂം പി. ടി. എ. എന്ന ആശയം ഇനിയും ഉൾക്കൊണ്ടിട്ടില്ലാത്ത വിദ്യാലയങ്ങളിൽ അത് ആരംഭിക്കുകയും സജീവമാക്കുകയും ചെയ്യണം. രക്ഷിതാക്കൾക്ക് തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസകാര്യത്തിലുള്ള ചുമതലകളെപ്പറ്റിയും ബാദ്ധ്യതകളെപ്പറ്റിയും ശരിയായ ബോധവൽകരണവും സാധ്യമാക്കണം. കാര്യമായ സാമ്പത്തിക ബാധ്യത ഇല്ലാതെ ബന്ധപ്പെട്ടവരുടെ ഇച്ഛാശക്തികൊണ്ടു മാത്രം കൈവരിക്കാവുന്ന നേട്ടങ്ങൾ നാം വിസ്മരിച്ചുകൂടാ.

**ഇന്നും തുടരുന്നോ?**

വിദ്യാഭ്യാസ ഇൻസ്പെക്ടർമാർ ആരും തന്നെ വയനാട്ടിൽ തലസ്ഥാനമായി ഉണ്ടായിരുന്നില്ല. അദ്ധ്യാപകർമാർ മിക്കവരും വയനാട്ടിനു പുറത്ത് നിന്നുള്ളവരായിരുന്നു. സ്കൂൾ നടത്തിയതും അവരുടെ ഇഷ്ടം പോലെ തന്നെ. അവർ ഇഷ്ടമുള്ള സമയത്ത് ഇഷ്ടമുള്ളത് പഠിപ്പിക്കും, ചില അവസരങ്ങളിൽ സ്കൂൾ തീരെ നടക്കാതിരുന്നിട്ടും നടക്കുന്നതായി റിക്കാർഡ് സൃഷ്ടിച്ചു . പുറമേ നിന്നു വന്ന അധ്യാപകൻമാർ കാർഷിക വൃത്തിയിൽ ഏർപ്പെടുകയും സമ്പന്നരായി വരികയും ചെയ്തിരുന്നു. ഇങ്ങനെയാണെങ്കിലും പ്രതിമാസ ശമ്പളം വാങ്ങാൻ ഇവർക്ക് സാധിച്ചിരുന്നു. തുടർച്ചയായി തുറക്കാതെയും ശമ്പളം പറ്റിയിരുന്നു. അതിവർഷത്തിൽ വീണ സ്കൂളുകൾക്കുപോലും നടന്നുവെന്ന പേരിൽ ശമ്പളം പറ്റിയ അധ്യാപകരുമുണ്ടായിരുന്നു. പിന്നെ വയനാട്ടിലെ വിദ്യാഭ്യാസ നിലവാരത്തെ പറ്റി എന്തു പറയാനാണ്.

(ധർമ്മ രാജ അയ്യരുടെ എന്റെ കുടുംബ ചരിത്രം എന്ന ഡയറിയിൽ നിന്ന്)

**വാർഡ് കൺവെൻഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.**

1. അംഗനവാടി, നഴ്സറി സ്കൂൾ എന്നിവ ഒന്നുപോലുമില്ലാത്ത വാർഡുകളിൽ അടിയന്തിരമായി മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ അംഗനവാടികളും നഴ്സറികളും സ്ഥാപിക്കുക.

2. എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ. പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക.

3. രണ്ടാം വാർഡിൽ നിലവിലുള്ള ഗവ. യു. പി. സ്കൂളിൻെറ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ശോച്യാവസ്ഥ പരിഹരിക്കുക.

4. 11, 19 എന്നീ വാർഡുകളിൽ നിലവിലുള്ള യു. പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തുക.

5. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുക.

6. സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകാനായി ഒരു ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കുക.

7. നിലവിലുള്ള ഐ. ടി. ഐ. ആയ കൃഷ്ണ മോഹൻ സ്മാരക ഗവ. ഐ. ടി. ഐ. യുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. ആ സ്ഥാപനത്തിൽ ഇന്നു നിലവിലുള്ള ട്രേഡുകൾക്ക് പുറമെ കമ്പ്യൂട്ടർ, മെക്കാനിക് റേഡിയോ ആൻഡ് ടെലിവിഷൻ, വെൽഡർ, കാർപൻററി, റഫ്രിജറേഷൻ . എയർ കണ്ടീഷനിംഗ്, പ്രിൻറിങ്ങ് ആൻറ് ടെക്നോളജി എന്നീ ട്രേഡുകൾ ആരംഭിക്കുക.

8. നിർദ്ദിഷ്ട കേന്ദ്രീയവിദ്യാലയം സ്ഥാപിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുക.

9. നിലവിലുള്ള ഏക ആർട്സ് കോളേജിനെ ആർട്സ് ആൻറ് സയൻസ് കോളേജായി ഉർത്തുക. അദ്ധ്യാപകർക്കും മറ്റും താമസിക്കാനുള്ള quarters കൾ പണികഴിപ്പിക്കുക.

10. മുൻസിപ്പാലിറ്റിയിലെ എല്ലാ വിദ്യാലയങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സ്കൂൾ കോംപ്ലക്സ് രൂപീകരിച്ച് ജനപങ്കാളിത്തത്തോടെ അതിൻെറ ലക്ഷ്യങ്ങൾ കൈവരിക്കണം.

11. സ്കൂൾ പി. ടി. എ , മാതൃസംഗം എന്നിവയുടെ പ്രവർത്തനം സജീവമാക്കുന്നതോടൊപ്പം ക്ലാസ്സ് റൂം പി. ടി. എ ഇല്ലാത്ത വിദ്യാലയങ്ങളിലെല്ലാം അവ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കണം. അങ്ങനെ വിദ്യാഭ്യാസ പ്രസ്ഥാനത്തിൻെറ 3 സുപ്രധാന ഘടകങ്ങളായ 'വിദ്യാർത്ഥി' 'അദ്ധ്യാപകർ' 'രക്ഷിതാക്കൾ' ഇവർ തമ്മിലുള്ള ബന്ധം സുദൃഢമാക്കണം.

ഇന്ന് പൊതു വിദ്യാഭ്യാസ സമ്പ്രദായത്തിൽ തൊഴിൽ പരമായ വിഷയങ്ങൾക്ക് ഒന്നിനും തന്നെ സ്ഥാനമില്ല . (ഒരു കാലത്ത് എസ്. കെ. എം. ജെ. യിൽ നൂൽനൂൽപ് പരിശീലനം ഉണ്ടായിരുന്നു എന്ന് വിസ്മരിക്കുന്നില്ല). വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകളെപ്പറ്റിയോ ആ കഴിവുകൾ ഏത് തൊഴിലിലേർപ്പെടുന്നതിലായിരിക്കും ഉചിതമായതെന്ന് കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. വിദ്യാലയങ്ങളിൽ അതിനുള്ള സാഹചര്യമില്ലാത്തതാണിതിന് കാരണം. എന്നാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം നടപ്പിൽ വരുത്തിയാൽ വിദ്യാർത്ഥികൾക്ക് അവരവരുടെ കഴിവുകളും സാധ്യതകളും ബന്ധപ്പെട്ട അദ്ധ്യാപകരുടെ സഹായത്താൽ മനസ്സിലാക്കുന്നതിനും വിദ്യാർത്ഥിയാകുമ്പോൾതന്നെ ആ തൊഴിലുകളിൽ ആഭിമുഖ്യവും വൈദഗ്ദ്യവും നേടുന്നതിനും കുറെയെല്ലാം സഹായകരമായിരിക്കും. തൊഴിലിൻെറ മാന്യതയെപ്പറ്റി ശരിയായ ഒരു ബോദ്ധ്യവും അവനുണ്ടാകും. അത് ഇന്നത്തെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് ഒരുപരിധിവരെയെങ്കിലും സഹായകരമായിരിക്കും.

വിദ്യാലയങ്ങളിൽ പാഠ്യ വിഷയങ്ങൾക്ക് പുറമെ പാഠ്യേതര വിഷയങ്ങൾക്കും ഊന്നൽ നൽകികൊണ്ട് കുട്ടികളുടെ കർമോൽസുകതയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. കൂടാതെ കാർഷിക മേഖലയിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടികളും സ്കൂളുകളിൽ ആവിഷ്കരിക്കേണ്ടതുണ്ട്. സ്കൂൾ പാർലമെൻറ് , സാഹിത്യ സമാജങ്ങൾ , സ്കൂൾ സോഷ്യൽ സർവ്വീസ് ലീഗ്, യംഗ് ഫാർമേഴ്സ് സൊസൈറ്റി, ബുക്ക് ക്ലബ്ബ്, കയ്യെഴുത്ത് മാസിക മുതലായവയുടെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്. സകൂൾ സ്കൗട്ട്സ് ആൻറ് ഗൈഡ്സ് , എൻ. സി. സി, ജൂനിയർ റെഡ് ക്രോസ് സൊസൈറ്റി തുടങ്ങിയ സംഘടനകൾ ഇനിയും രൂപികരിച്ചിട്ടില്ലാത്ത വിദ്യാലയങ്ങളിൽ അവ രൂപീകരിക്കുകയും അവ സജീവമായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഇത് വിദ്യാർത്ഥികളുടെ ഇടയിൽ അച്ചടക്കം, ഉത്തരവാദിത്വ ബോധം, സേവന മനസ്ഥിതി, സത്യസന്ധത, ദേശസ്നേഹം

51

എന്നിവ വളർത്തിയെടുക്കുന്നതിനും അവരുടെ സ്വഭാവ രൂപീകരണത്തിനും സഹായകമായിത്തീരും.

പൊതു വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും അക്കാഡമിക് നിലവാരം ഉയർത്തുകയും വഴി വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ കഴിയും. അദ്ധ്യാപകരും പി. ടി. എ. കളും ജനകീയ സമിതികളും കൂട്ടായ ചർച്ചയിലൂടെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരത്തകർച്ചയാണ് രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും സ്വകാര്യ ഇംഗ്ലീഷ് വിദ്യാലയങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നത്.

**കഴിഞ്ഞ 5 വർഷത്തെ SSLC വിജയ ശതമാനം**

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| N.S.S. H.S. | 100 | 100 | 100 | 100 | 100 |
| S.K. M.J. H.S. | 44 | 54 | 59 | 48 | 52 |
| G.V.H.S.S. | 22 | 33 | 13 | 19 | 25 |

ഇംഗ്ലീഷ് അറിയുന്നതാണ് വിദ്യാഭ്യാസമെന്നു വരെ നാം വഷളായിരിക്കുന്നു
**(മഹാത്മാഗാന്ധി)**

ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഇന്ന് നമുക്കുള്ള സൗകര്യം തീർത്തും പരിമിതമാണ്. ഈ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ഉയർന്നു വന്നെങ്കിൽ മാത്രമെ നഗരസഭ വാസികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തും, സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഉയർന്നു വരുവാൻ സാധിക്കുകയുള്ളൂ.

പ്രശ്നങ്ങളും, പരിഹാരങ്ങളും നിർദ്ദേശിക്കപ്പെട്ടു എങ്കിലും പ്രായോഗിക തലത്തിൽ ജീവൻ നൽകിയെങ്കിൽ മാത്രമെ നാം ഇന്നനുഭവിക്കുന്ന വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഗൗരവതരമായ ചർച്ചകൾ പോലെ തന്നെ ഉയർന്ന് പരിഹാരമാർഗ്ഗങ്ങൾ യാഥാർത്ഥ്യ തലത്തിലേക്ക് കൊണ്ടുവന്നാൽ നാം ഇന്ന് പരിതപിക്കുന്ന വിദ്യാഭ്യാസ മേഖലയെ നേർ വഴിയിലേക്ക് നയിക്കുവാൻ തീർച്ചയായും നമുക്ക് കഴിയും.

**കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ സ്കൂളുകളുടെ പേരും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണവും**

| | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|
| സ്കൂൾ | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| S. K. M. J. ഹൈസ്കൂൾ | 638 | 635 | 1273 | 18 | 20 | 38 |
| G. V. H. S. S. മുണ്ടേരി | 867 | 785 | 1661 | 22 | 29 | 51 |
| N. S. S. | 376 | 317 | 693 | 3 | 27 | 30 |
| D' Paul | 212 | 148 | 360 | 1 | 19 | 20 |
| St. Joseph's | 142 | 169 | 311 | 2 | 9 | 11 |
| H. I. M. U. P | 382 | 372 | 754 | 10 | 15 | 25 |
| G.U. P.S. പുളിയാർമല | 78 | 77 | 155 | 2 | 6 | 8 |
| അസ്ഹർ എൽ. പി. | 52 | 36 | 88 | 2 | 3 | 5 |
| G. L. P. S. | 93 | 72 | 165 | 2 | 5 | 7 |
| K.M. U. P. S പെരുന്തട്ട | 243 | 222 | 465 | 5 | 10 | 15 |
| S. D. M. L . P. S | 268 | 226 | 494 | 2 | 7 | 9 |
| M. E. S. | 39 | 41 | 80 | - | 8 | 8 |
| | 3399 | 3100 | 6499 | 69 | 158 | 227 |

## എൽ. പി. യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | എൽ. പി | | യു. പി | | ഹൈസ്കൂൾ | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 6499 | 1418 | 1292 | 1135 | 1037 | 846 | 771 |

## പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിവരം

| | എൽ. പി | | യു. പി | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്സി/എസ്ടി | % | ആകെ | എസ്സി/എസ്ടി | % | ആകെ | എസ്സി/എസ്ടി | % |
| 2710 | 440 | 16.24 | 2172 | 315 | 14.50 | 1617 | 190 | 11.75 |

## ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം

| ആകെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂൾ വിദ്യാർത്ഥികൾ | % | ആകെ അദ്ധ്യാപകരുടെഎണ്ണം | ഗവ.സ്കൂൾ അദ്ധ്യാപകരുടെ എണ്ണം | % |
|---|---|---|---|---|---|
| 6499 | 1981 | 30.48 | 227 | 66 | 29.07 |

## സ്കൂളുകളിലെ അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | ലൈബ്രറി പ്രവർത്തനം | ലാബ് | ലാബ് പ്രവർത്തനം | പഠനോപകരണങ്ങൾ | റേഡിയോ ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമ/സ്ലൈഡ് പ്രൊജക്ടർ | സ്പോർട്സ്, ഗെയിംസ് ഉപകരണങ്ങൾ | മാതൃസംഗമം സജീവം | പി. ടി. എ. സജീവം |
|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 12 | 9 | 6 | 6 | 9 | 10 | 5 | 3 | 4 | 8 | 12 |
| ഇല്ലാത്തത് | - | 3 | 6 | 6 | 3 | 2 | 7 | 9 | 8 | 4 | 0 |


"വിദ്യാഭ്യാസത്തിൻെറ അവസാനമല്ല
തുടക്കം മാത്രമാണ് സാക്ഷരത"

## സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കെട്ടിടം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| S.K. M. J . H. S. | 1273 | 38 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| G. V. H. S. S. | 1661 | 51 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | അപര്യാപ്തം |
| H. I. M. U. P. S. | 754 | 25 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| G. U. P. S. പുളിയാർമല | 155 | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | അപര്യാപ്തം |
| K. M. U. P. S പെരുന്തട്ട | 465 | 15 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| S. D. M. L. P. S. | 494 | 9 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| G. L. P. S കൽപ്പറ്റ | 165 | 7 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | - |
| അസ്ഹർ എൽ. പി. സ്കൂൾ | 88 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | - |
| N. S. S. | 693 | 30 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| D' Paul Public സകൂൾ | 360 | 20 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| St. Joseph's U. P | 311 | 11 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - |
| M. E. S. സ്കൂൾ | 80 | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | - |

## 1996-97 ലെ കാൽപാദ പരീക്ഷ-ഒരു വിശകലനം

| ക്ലാസുകൾ | 30% ത്തിൽ താഴെ മാർക്ക് | 30% - 40% | 40% 50% | 50% 60% | 60% ത്തിന് മുകളിൽ |
|---|---|---|---|---|---|
| III | 103 | 135 | 113 | 133 | 174 |
| IV | 102 | 140 | 102 | 87 | 68 |
| V | 132 | 130 | 166 | 113 | 179 |
| VI | 163 | 134 | 149 | 126 | 153 |
| VII | 188 | 148 | 141 | 111 | 146 |
| VIII | 209 | 76 | 68 | 122 | 131 |
| IX | 187 | 100 | 65 | 118 | 103 |
| X | 194 | 42 | 70 | 70 | 72 |



# കുടിവെള്ളം

ജീവജാലങ്ങൾക്ക് വായു കഴിഞ്ഞാൽ പരമപ്രധാനമായ ഒന്നാണ് വെള്ളം. ശരീരത്തിന്റെ ഘടനയിൽ പോലും 60ശതമാനം വെള്ളമാണ്. വ്യാവസായിക ആവശ്യങ്ങൾക്കും, ഗാർഹികാവശ്യങ്ങൾക്കും ആണ് വെള്ളം കൂടുതലായി ഉപയോഗിക്കുന്നത്. വെള്ളത്തിന്റെ ഉപയോഗം ജനങ്ങളുടെ സ്വഭാവത്തെയും,ശുചിത്വത്തെയും ആശ്രയിച്ചിരിക്കുന്നു. ജനസംഖ്യ വർദ്ധനവനുസരിച്ച് വെള്ളത്തിന്റെ ആവശ്യവും കൂടികൊണ്ടിരിക്കുകയാണ്. കുടിവെള്ളത്തിന് കിണറുകളെയാണ് ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത്. ഇത് കൂടാതെ വാട്ടർഅതോറിറ്റിയുടെ വാട്ടർടാപ്പുകളാണ് ഉള്ളത്.

വർദ്ധിച്ചുവരുന്ന ജനവാസം നിലവിലുള്ള കുടിവെള്ളലഭ്യതയ്ക്ക് പ്രശ്നമായിമാറികൊണ്ടിരിക്കുകയാണ്. വളരെ അടുത്ത് വീടുകളുടെ നിർമ്മാണം കാരണം കിണറിലെ വെള്ളത്തിന്റെ ഗുണനിലവാരവും അളവും കുറഞ്ഞുവരുന്നു. ജലാശയങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതുകൊണ്ട് ജലജന്യരോഗങ്ങൾ അതിവേഗം പടർന്നു പിടിക്കുന്ന അവസ്ഥ വന്നുചേർന്നിട്ടുണ്ട്.ആദ്യകാലങ്ങളിൽ പ്രകൃതി ജന്യമായ നീരൊഴുക്കുകളും പാറകുണ്ടുകളിലും ഉണ്ടായിരുന്ന ശുദ്ധമായ വെള്ളം അനിയന്ത്രിതമായ കാർഷിക വിളമാറ്റത്തിന്റെ ഫലമായി നഷ്ടപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഒരു കാലത്ത് തോടുകളിലേയും, പുഴകളിലേയും വെള്ളമെടുത്ത് ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കാൻപോലും ഉപയോഗിച്ചിരുന്നു. എന്നാൽ നഗരത്തിന്റെ വികാസത്തോടെ തോടുകളും പുഴകളും മാലിന്യ നിക്ഷേപകേന്ദ്രങ്ങളായി അതിവേഗം പരിവർത്തനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് ജനങ്ങൾക്ക് കുളിക്കാനും അലക്കാനും പോലും പുഴകളും തോടുകളും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയായിരിക്കലാണ്.ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം ജനങ്ങൾ തിങ്ങിപാർക്കുന്ന പല പ്രദേശങ്ങളിലും കിണറുകൾ കുഴിക്കുന്നത് പ്രയോഗമില്ലാത്ത അവസ്ഥ വന്നിരിക്കുകയാണ്.ഇത് പരിഹരിക്കുന്നതിനുള്ള ഏക മാർഗ്ഗം P.W.D ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുകയാണ്. ഇപ്പോഴത്തെ കപ്പാസിറ്റിയനുസരിച്ച് 1974ലെ ജനസംഖ്യക്ക് അനുസരിച്ചിട്ടുള്ളതാണ്. 651പൈപ്പ്കണക്ഷനുകളാണ് കൽപ്പറ്റയിൽഉള്ളത്. നാല്കെട്ടും ചോല പദ്ധതി വിപുലമാക്കാതെയും, മറ്റ് പ്രകൃതി ജലസ്രോതസ്സുകൾ ഉപയോഗിക്കാതെയും കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്ന് കരുതുന്നത് ശരിയായിരിക്കില്ല.

ഗ്രാമസഭകളിൽനിന്നും വന്ന ചർച്ചയുടെ ക്രോഡീകരണ പട്ടിക 1–ൽ കൊടുക്കുന്നു.

1. നിലവിൽ മണിയങ്കോട്ടെ പമ്പിനു പവറുകൂട്ടി ജലവിതരണ കാര്യക്ഷമമാക്കാം.
2. വാട്ടർ അതോറിറ്റി തയ്യാറാക്കിയ സമഗ്ര ജലവിതരണ പദ്ധതിക്ക് ധനസഹായം ലഭ്യമാക്കേണ്ടുന്ന വഴികൾ ഉണ്ടാക്കേണം.
3. MGTക്കു സമീപമുള്ള കൊല്ലിയിൽ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്താൽ സമീപ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.
4. അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ജലലഭ്യത പരിശോധിച്ച് കുഴൽ കിണറുകളും നിർമ്മിക്കേണ്ടതാണ്.
5. നിട്ടങ്ങേട് വയലിലുള്ള നിലവിലുള്ള കുളത്തിൽ നിന്നും പമ്പുസെറ്റ് ഉപയോഗിച്ച് എമലി കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തേണ്ടതാണ്.

## സാധ്യതകൾ

✧ നാലുകെട്ടിൻ ചോലയിലെ ഇന്നത്തെ ടാങ്കിന്റെ വലുപ്പംകൂടി കൂടുതൽ വെള്ളം സംഭരിക്കുകയും പഴകി

പട്ടിക 1

| നമ്പർ 1 | കുടിവെള്ളക്ഷാമപ്രശ്നങ്ങൾ 2 | കക്കൂസില്ലാത്ത മൊത്തം വീടുകളുടെ എത്ര ശതമാനം 3 | മാലിന്യ ചപ്പുചവറുകൾ കാരണം പ്രയാസമനുഭവപ്പെടുന്നുണ്ടോ 4 | കാരണം/ റിമാർക്സ് 5 |
|---|---|---|---|---|
| 1 | പൊന്നട, കോട്ടച്ചിറ | 80% | ഉണ്ട് | സാമ്പത്തിക പരാധീനത, പ്രഥമ ശുശ്രൂഷാകേന്ദ്രത്തിന്റെ അഭാവം അനുഭവപ്പെടുന്നു. |
| 2 | എല്ലായിടത്തും | 80% | ഉണ്ട് | പൊതു ജനാരോഗ്യകേന്ദ്രത്തിന്റെ അഭാവവും സാമ്പത്തിക പരാധീനയും അനുഭവപ്പെടുന്നു; ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിക്കുന്നില്ല. |
| 3 | പുളിയാർമല കരടിമണ്ണ്നെടുങ്ങോട് മുണ്ടേരി പൊയിൽ | 80% | ഉണ്ട് | പൊതു കക്കൂസ് അത്യാവശ്യമാണ്, മുഴുവൻ സമയവും വൈദ്യസഹായം ലഭ്യമാക്കണം. |
| 4 | എമിലി, കല്ലങ്കോരി, ഫാത്തിമ നഗർ,നെടുങ്ങോട്,അമ്പിലേരി കോളനി,കോളനിമുല | 80% | കോളിമൂല എമലി റോഡ്സൈഡിൽ ഉള്ള ക്വാർട്ടേഴ്സിൽ നിന്നുള്ള അഴുക്കുജലം | സാമ്പത്തിക ബുദ്ധിമുട്ട്, സ്ഥലപരിധി |
| 5 | ബോയ കോലനി, എമലി മുൻവശം | 30% | MGT , വൈശാഖി, റോക്കിറോസിയ ഹോട്ടൽ പ്രദേശം | സാമ്പത്തിക പരാധീനത |
| 6 | ഇല്ല | ലഭ്യമല്ല | ലഭ്യമല്ല | സാമ്പത്തിക ബുദ്ധിമുട്ട്, ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിക്കാറില്ല |
| 7 | കുടിവെള്ളക്ഷാമമുണ്ട് | 50% | സിവിൽ സ്റ്റേഷൻ പരിസരത്തുകൂടി ഒഴുകുന്നതോട് മൂത്രപ്പുര,കക്കൂസ്, തോട്ടിലേക്ക് തിരിച്ചുവിട്ടിരിക്കുന്നു. | സാമ്പത്തിക ബുദ്ധിമുട്ട് |
| 8 | എമലിട്രാൻസ്ഫോമർ മുതൽ ആനപ്പാലം വരെ | 50% | ഉണ്ട് | സാമ്പത്തിക പരാധീനത |
| 9 | എമലിക്കുന്ന്, അംഗൻവാടി പ്രദേശം | 50% | ആദിവാസി കോളനികളിൽ കൂടുതലായി അമ്പിലേരി ഡാമിൽ നിന്നും പോകുന്ന കനാൽ മലിനജലം കാരണം വൃത്തികേടായി കിടക്കുന്നത്. | ആദിവാസി കോളനികളിൽ സാമ്പത്തിക പരാധീനത |
| 10 | എടക്കുനി | 60% | ഇല്ല | കൊതുകു നിർമ്മാർജ്ജനം വേണം |
| 11 | തുർക്കിക്കുന്ന്, പാലക്കുന്ന് അഡലൈസ് കോളനി | 60% | ഇല്ല | സ്ഥലക്കുറവ് സാമ്പത്തിക പരാധീനത |
| 12 | എരഞ്ഞിക്കുന്ന്, വേനമല കോളനി ടൗൺഹാൾ റോഡ്, ഓണിവയൽ | 60% | ടൗൺഹാൾ റോഡ്, ചേനമല കോളനി, എന്നിവിടങ്ങളിൽ മലിനജലംചപ്പുചവറുകൾ | പൊതുകക്കൂസിന്റെ അഭാവം, സാമ്പത്തിക പരാധീനത, ഗവ ആശുപത്രികളിൽ മരുന്നില്ല, ഡോക്ടറില്ല |
| 13 | സുഭാഷ് കോളനി, ഫാത്തിമാ ആശുപത്രിക്കുന്ന്, അനപലകണ്ടി പള്ളി താഴെ,മണപ്പള്ളിക്കുന്ന് | 30% | കൽപ്പറ്റ ചുങ്കം, MMDC ഹോട്ടൽ മാലിന്യങ്ങൾ | പൊതുകക്കൂസ് നിർമ്മിക്കണം |
| 14 | ഗൂഡലായി ഭാഗങ്ങളിൽ | ലഭ്യമല്ല | ഉണ്ട് | - |
| 15 | ലഭ്യമല്ല | ലഭ്യമല്ല | ഉണ്ട് | - |
| 16 | ലഭ്യമല്ല | ലഭ്യമല്ല | കക്കൂസ്ടാങ്കുകൾ, റോഡിലേക്ക് തുറന്നുവിടുന്നു. | - |
| 17 | കല്ലുമുറിക്കുന്ന്, ചന്ത. റാട്ടക്കൊല്ലി, കച്ചേരിക്കുന്ന് | 50% | ചന്തഭാഗം, റാട്ടകൊല്ലി | ആരോഗ്യകേന്ദ്രമില്ല |
| 18 | തൊറക്കോട്ടുക്കുന്ന്, വെള്ളാരംക്കുന്ന് | 80% | ആദിവാസി കോളനികളിലും, അറവുശാലകളിലും | - |
| 19 | മുച്ചിക്കുന്ന് | 50% | ഉണ്ട് | - |
| 20 | സ്ഥിരമായി കുടിവെള്ളമില്ല | 50% | ഉണ്ട് | - |

ദ്രവിച്ച പൈപ്പുകൾ പുനസ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

✧ 17ാം ഡിവിഷൻ, 15ാം ഡിവിഷൻ, 18ാം ഡിവിഷൻ 40ാം ഡിവിഷൻ എന്നിവിടങ്ങളിലെപ്രകൃതിദത്തനീരുറവകൾ സംരക്ഷിക്കേണ്ടതുണ്ട്.

✧ മണ്ണ് സംരക്ഷണ വകുപ്പുമായി സഹകരിച്ച് മഴവെള്ളം കുത്തിയൊലിച്ച് പോകുന്നത് തടയാൻ തടയണകൾ നിർമ്മിക്കാവുന്നതാണ്.

✧ പലവാർഡുകളിലും ശ്രദ്ധീകരിക്കാതെ കിടക്കുന്ന കുളങ്ങൾ ശാസ്ത്രീയമായി സംരക്ഷിച്ച് ജലവിതരണം ഉറപ്പുവരുത്തുക.

✧ ഇരുമ്പ് പാലം പുഴയിലെ തുർക്കിയിലും, എടഗുനിയിലും, മണിയങ്കോടും ചെക്ക് ഡാംകെട്ടി സമീപ പ്രദേശത്തെ കിണറുകളിൽ ജലവിതരണം നിലനിർത്തുവാനും പദ്ധതി ആവിഷ്കരിക്കുക.

✧ മൂച്ചിപിണ്ട് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുക.

✧ എടനിയിൽ ഒരു ടാങ്കെട്ടി വെള്ളം പമ്പ് ചെയ്യാവുന്ന പദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്.

*പ്രകൃതി ദത്തമായ നാലുകെട്ടുംചോല, ഗുഡലായ് പദ്ധതികൾക്ക് രൂപം കൊടുത്ത മുൻ പഞ്ചായത്ത് മെമ്പർ ശ്രീ.ചാത്തോത്ത് മാവുള്ളതിൽ അമ്മതിനെ നന്ദിപൂർവ്വം സ്മരിക്കുന്നു.*

## ആരോഗ്യം

1960ൽ കൽപ്പറ്റയിൽ ഒരു സർക്കാർആശുപത്രി നിലവിൽവരുന്നതുവരെ ഇവിടുത്തുകാർ വൈത്തിരി ആശുപത്രിയെയാണ് അഭയം പ്രാപിച്ചിരുന്നത് കൂടാതെ പാരമ്പര്യ ആയുർവ്വേദവൈദ്യൻമാരെയും അലോപ്പതി കമ്പോണ്ടർമാരെയുമാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. മലമ്പനി, കോളറ,പ്ലേഗ്, വസൂരി തുടങ്ങിയ മാരക രോഗങ്ങൾനിരവധി ആളുകളുടെ ജീവൻ അപഹരിച്ചിട്ടുണ്ട്. വയനാട്ടിലെ മലമ്പനി യാത്രാസൗകര്യങ്ങളുടെ അഭാവവും കാരണമാണ് കുടിയേറ്റക്കാരുടെ കുത്തൊഴുക്ക് ഒരു പരിധി വരെ തടസ്സപ്പെടുത്തിയത്.

1960 ൽ സ്ഥാപിതമായ മോടംകുന്ന് ആശുപത്രി എന്നറിയപ്പെടുന്ന ധർമ്മാശുപത്രി 36 വർഷം കഴിഞ്ഞിട്ടും വലിയരീതിയിലുള്ള വിപുലീകരണം ഒന്നും ഇല്ലാതെ നിലനിൽക്കുന്നു. ഇത് കൂടാതെ ഇപ്പോൾ ഇവിടെ ജില്ലാ ആയുർവ്വേദ ആശുപത്രിക്കും, 7 സ്വകാര്യആശുപത്രികളും, രണ്ട് സ്വകാര്യ ആയുർവ്വേദ ചികിത്സാലയങ്ങളുമുണ്ട്. ഇതു കൂടാതെ നഗരസഭയിൽ ആറ് സെക്ഷനുകളായി ആരോഗ്യവകുപ്പിന്റെ ഹെൽത്ത് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 3 സെന്ററുകൾക്ക് സ്വന്തമായി കെട്ടിടവുമുണ്ട്. 10 ആരോഗ്യപ്രവർത്തകരാണ് ഈ സെന്ററിൻ കീഴിൽ വീട് വീടാന്തരം കയറി പ്രവർത്തിക്കുന്നത് ഇപ്പോഴും വിദഗ്ധചികിത്സക്ക് വേണ്ടി കോഴിക്കോട് മാനന്തവാടി എന്നിവിടങ്ങളിവിടങ്ങളിലേക്ക് പോകേണ്ട അവസ്ഥ നിലനിൽക്കുന്നുണ്ട്.

നഗരസഭയുടെ വളർച്ചയോടൊപ്പം മാലിന്യങ്ങളും വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്.മാലിന്യസംസ്കരണത്തിന് അടിയന്തിരമായി പരിഹാരം തേടേണ്ടതുണ്ട്.2000 ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്നാലും കൈവരിക്കുന്നതിന് ഒട്ടേറെ കടമ്പകൾ തരണം ചെയ്യേണ്ടതുണ്ട്. ആരോഗ്യസ്ഥാപനങ്ങളെകുറിച്ചും മൊത്തം വീടുകളുടെ അടിസ്ഥാന സൗകര്യങ്ങളെ കുറിച്ചുമുള്ള പട്ടികകൾ ഇതോടൊപ്പം ചേർക്കുന്നുണ്ട്.

ഗ്രാമസഭ ചർച്ചകളിൽ ഉയർന്ന് വരുന്ന ആരോഗ്യപ്രശ്നങ്ങളെസംബന്ധിച്ച് പട്ടിക 4ൽ സൂചിപ്പിക്കുന്നു.

പ്രശ്നങ്ങൾ- സാധ്യതകൾ

ആതിഥ്യസിമേഖലയിൽ ഇപ്പോഴും ആരോഗ്യ പ്രവർത്തനങ്ങൾ പൂർണ്ണമായും എത്തിചേർന്നിട്ടില്ല.

ഭൂരിഭാഗം വീടുകളിലും കക്കൂസുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല.

കൽപ്പറ്റ ഗവ: ആശുപത്രിയിൽ പല അടിസ്ഥാന സൗകര്യങ്ങളും ഇല്ല. ഡോക്ടർമാരുടെ ഒഴിവ് ഇപ്പോഴും നിലനിൽക്കുന്നു.

ഹോമിയോ ചികിത്സ, സർക്കാർസ്ഥാപനങ്ങളിൽ നിലവിലില്ല.

ആധുനിക സൗകര്യങ്ങളോടുകൂടിയ അറവ് ശാല ഇതുവരെ നിർമ്മിച്ചിട്ടില്ല.

വീട്ട്വളപ്പിലെ മാലിന്യങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്ന സ്വഭാവത്തിൽ മാറ്റം വരുത്തണം.

സ്വകാര്യആശുപത്രികളിൽ മാലിന്യനിർമ്മാർജ്ജനത്തിന് ഇൻഡിനേറ്റർ നിർമ്മിക്കേണ്ടതാണ്.

മാലിന്യസംസ്കരണത്തിന് നഗരസഭയ്ക്ക് ഒരു ട്രഞ്ചിങ്ങ് പ്രവർത്തിക്കുന്നത് ഗ്രൗണ്ട് ഉണ്ടാക്കേണ്ടതാണ്.

പട്ടിക 1

കൽപ്പറ്റ നഗരസഭ സ്ഥാപനങ്ങൾ


| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടംസ്വന്തം വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ചവർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | ഗവ അലോപതി ആശുപത്രി | അലോപതി | സ്വന്തം | 26 | | x,ray Technition, നല്ല വാട്ടർടാങ്ക് പുതുക്കിപണിയണം വാർഡുകളിൽസ്ഥല സൗകര്യ ഇല്ല |
| 2. | ഹെൽത്ത് സെന്ററുകൾ | | – | | – | – |
| | പെരുന്തട | അലോപതി | സ്വന്തം | 1 | 1988 | വൈദ്യുതിയില്ല |
| | പുളിയാർമല | അലോപതി | സ്വന്തം | 1 | 1989 | വൈദ്യുതിയില്ല |
| | മണിയങ്കോട് | അലോപതി | സ്വന്തം | 1 | 1989 | – |
| 3. | ജില്ലാ ആയുർവേദിക് ആശുപത്രി | ആയുർവേദം | സ്വന്തം | 24 | – | വൈദ്യുതിയുണ്ട് കെട്ടിടം പണി കഴിഞ്ഞില്ല |
| 4. | വെറ്റിനറി പോളി ക്ലിനിക | അലോപതി | സ്വന്തം | 09 | – | – |
| 5 | ഫാത്തിമാ മാതാ മിഷ്യൻ ആശുപത്രി | സ്വകാര്യ സ്ഥാപനം | സ്വന്തം | 47 | – | – |
| 6. | കൃപ നേഴ്സിംങ്ങ് | സ്വകാര്യ സ്ഥാപനം | സ്വന്തം | 29 | – | – |
| 7. | ഹോമിയോ ആശുപത്രി | സ്വകാര്യ സ്ഥാപനം | സ്വന്തം | 28 | 1982 | – |
| 8. | കുളത്തനാൽ ആശുപത്രി | സ്വകാര്യ സ്ഥാപനം | സ്വന്തം | 08 | – | – |
| 9. | ആരോമ മെഡിക്കൽ സെന്റർ | സ്വകാര്യസ്ഥാപനം | സ്വന്തം | 24 | 1995 | |
| 10. | മെയോ ആശുപത്രി | സ്വകാര്യ സ്ഥാപനം | സ്വന്തം | 10 | – | – |
| 11. | ജില്ലാ സഹകരണ ആശുപത്രി | സ്വകാര്യസ്ഥാപനം | സ്വന്തം | 23 | 1993 | – |
| 12. | ചെറിയക്കൻ സ്മാരക വൈദ്യശാല | ആയുർവേദം | സ്വന്തം | 64 | 1985 | |
| 13. | K.K.S മർമ്മ ചികിത്സാലയം | ആയുർവേദം | വാടക | 5 | 1995 | |

| പട്ടിക 2 | | | |
|---|---|---|---|
| I. | ആകെ വീടുകൾ | 4370 | |
| a. | കോൺക്രീറ്റ് | 1373 | |
| b. | ഓടിട്ടത് | 2269 | |
| c. | ഓലമേഞ്ഞത് | 170 | |
| d. | കുടിൽ | 173 | |
| II | കക്കൂസുകളുടെ എണ്ണം | | |
| a. | സെപ്ടിക് ടാങ്ക് | 127 | |
| b. | E. S. P | 3876 | |
| c. | മറ്റുള്ളവ | 318 | |
| III. | കുടിവെള്ള ശ്രോതസ്സ് | | |
| a. | സാനിറ്ററി വെൽ | 2490 | |
| b. | സാധാരണകിണർ | 938 | |
| c. | കുളം | – | |
| d. | നദി | 1 | |
| e. | പൈപ്പ് | 261 | |
| IV | തൊഴുത്ത് | | |
| a. | വീടിനോട് ചേർന്നത് | 318 | |
| b. | പ്രത്യേകിച്ച് | 20 | |
| V. | കമ്പോസ്റ്റ് കുഴി | | |
| a. | ഉള്ളത് | 1033 | |
| b. | ഇല്ലാത്തത് | 2470 | |
| VI. | വൈദ്യുതി | | |
| a. | വൈദ്യുതീകരിച്ച വീടുകൾ | 2848 | |
| b. | അല്ലാത്തവ | 2470 | |
| VII. | ജനസംഖ്യ | 23729 | |
| a. | പുരുഷൻമാർ | 8251 | |
| b. | സ്ത്രീകൾ | 8257 | |
| c. | കുട്ടികൾ | 7221 | |
| VIII | പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ | 3240 | |
| a. | 15–19 | 145 | |
| b. | 20–24 | 582 | |
| c. | 25–29 | 832 | |
| d. | 30–34 | 755 | |
| e. | 35–39 | 628 | |
| f. | 40–44 | 298 | |
| IX | അമ്മമാരുടെ എണ്ണം | | |

| | | |
|---|---|---|
| | (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | |
| a. | 1 കുട്ടി | 454 |
| b. | 2.കുട്ടി | 1216 |
| c. | 2–ൽ കൂടുതൽ | 1721 |
| X | കുടുംബാസൂത്രണ മാർഗ്ഗംസ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | |
| a. | 1 കുട്ടി | 221 |
| b. | 2 കുട്ടി | 1148 |
| c. | 2ൽകൂടുതൽ | 1313 |
| XI | അംഗവൈകല്യമുള്ളവർ | |
| a. | അന്ധർ | 7 |
| b. | ബധിരർ | 14 |
| c. | മൂകർ | 11 |
| d. | ബധിരമൂകർ | 18 |
| e. | ചലനവൈകല്യങ്ങൾ | 20 |
| XII | മന്ദബുദ്ധികൾ എണ്ണം പ്രായം | |
| a. | 05 | 1 |
| b. | 6–10 | 2 |
| c. | 11–15 | 2 |
| d. | 16 മുതൽ | 4 |
| XIII | സ്ഥായിയായ രോഗബാധിതർ | |
| a. | രക്തസമ്മർദ്ദം | 78 |
| b. | പ്രമേഹം | 37 |
| c. | കാൻസർ | 13 |
| d. | കുഷ്ഠം | – |
| e. | ക്ഷയം | 12 + 14 (14 is primary complex) |
| f. | ഹൃദ്രോഗം | 23 |
| | ആകെ | 177 |
| XIV | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 560 |
| b. | പ്രതിരോധ കുത്തിവയ്പ് നടത്തിയവർ | 560 |
| XV | ആകെ ഗർഭിണികൾ | 219 |

പട്ടിക 3

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 1993–94 | 2056 | 250 | 10 |
| 94–95 | 2754 | 237 | 13 |
| 95–96 | 3084 | 204 | 7 |



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

കൽപ്പറ്റയുടെ വികസനചരിത്രം തന്നെ ഗതാഗതത്തിന്റെ വികസനത്തോടെയാണ് ആരംഭിക്കുന്നത്. 19 ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വളരെ ചെറിയ ജനക്കൂട്ടം മാത്രമാണ് കൽപ്പറ്റയിൽ ഉണ്ടായിരുന്നത്. ഈ കാലഘട്ടത്തിൽ കൽപ്പറ്റയിലെ ജനസംഖ്യ വളരെ കുറവായിരുന്നു. 1921ലെ ജനസംഖ്യ 2469ആയിരുന്നു. തുടർന്ന് കർണ്ണാടകത്തിൽ നിന്നുവരുന്ന കച്ചവടക്കാരും കൂലിപ്പണിക്കാരും കോഴിക്കോട്, മലപ്പുറം, കണ്ണൂർ, തലശ്ശേരി ഭാഗങ്ങളിൽ നിന്നും ജീവിതം തേടിവന്നവരുമാണ്, ആദിവാസികൾക്ക് പുറമേ കൽപ്പറ്റയിൽ ഉണ്ടായിരുന്നത്. ജനങ്ങളുടെ ജീവിത ആവശ്യത്തിനായി ഭക്ഷ്യ-വസ്ത്രോപകരണങ്ങളും മറ്റും ലഭിക്കുന്നതിന് ആഴ്ച ചന്ത മാത്രമേ ഉണ്ടായിരുന്നുള്ളു. ആഴ്ചചന്തയിൽ ചരക്ക് വിൽപന നടത്തുന്നതിൽ ഭൂരിഭാഗവും കർണ്ണാടകത്തിൽ നിന്നു വന്നവരായിരുന്നു. കോട്ടത്തറ വെങ്ങപ്പള്ളി, കണിയാമ്പറ്റ, മുട്ടിൽ, തൃക്കേപ്പറ്റ, മേപ്പാടി, ചുണ്ട, വൈത്തിരി, പൊഴുതന ഭാഗങ്ങളിൽ നിന്നും കാൽനടയായും, കാളവണ്ടിയിലും ഞായറാഴ്ച ചന്തയിൽ നിരവധി ജനങ്ങൾ എത്തിയിരുന്നു. കാർഷികഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, ആദിവാസികളാൽ നിർമ്മിക്കുന്ന വീട്ടുപകരണങ്ങൾ (ചൂല്, മുറം, കൊട്ട, പനമ്പ്) കൈമാറ്റം ചെയ്യുന്നതിനും ആഴ്ചചന്തമാത്രമായിരുന്നു ആശ്രയം. ഗ്രാമപ്രദേശങ്ങളിൽ നിന്നും കാർഷികഉൽപ്പന്നങ്ങൾ ചന്തയിലേക്ക് തലചുമടായി കൊണ്ടുവരുമ്പോൾ വിശ്രമിക്കുന്നതിന് മുണ്ടേരി, മടിയൂർ പ്രദേശങ്ങളിൽ ചുമട് താങ്ങിയും, ദാഹം തീർക്കാൻ അമ്പിലേരി ഗ്രാമക്കുനിയിൽ സമ്പാരപ്പുരയും ഉണ്ടായിരുന്നു. ഞായറാഴ്ചച്ചന്തയോടനുബന്ധിച്ച് കാലിചന്തയും ഉണ്ടായിരുന്നു. ചന്ത നടക്കുന്ന ദിവസങ്ങളിൽ ഇടുങ്ങിയ റോഡായതിനാൽ ജനങ്ങൾ കൂട്ടം കൂട്ടമായി വരുന്നതിനാൽ ഉത്സവകാലത്തെ സൂചിപ്പിക്കുന്ന തരത്തിലുള്ള ജനത്തിരക്ക് രൂക്ഷമായി അനുഭവപ്പെടാറുണ്ട്. നിലവിലുള്ള പച്ചക്കറി ചന്ത കനഡിയ തെരുവായിട്ടാണ് അറിയപ്പെട്ടിരുന്നത്. കൽപ്പറ്റയിലേക്ക് ഗുണ്ടിൽ പേട്ടയിൽ നിന്നും പലവ്യഞ്ജന സാധനങ്ങൾ കൽപ്പറ്റയിലേക്ക് കൊണ്ടു വന്നിരുന്നത് കാളവണ്ടി മുഖേനയായിരുന്നു. 150ൽപ്പരം കാളവണ്ടി ഓരോആഴ്ചയും ചന്തയിൽ എത്തിയിരുന്നു. കൽപ്പറ്റ സർവ്വീസ് സഹകരണബാങ്ക് അടുത്തകാലം വരെ ഞായറാഴ്ച ചന്തയുടെ സൗകര്യാർത്ഥം ഞായറാഴ്ച പ്രവൃത്തിദിവസമായിരുന്നു. ആദ്യകാലത്ത് മണിയങ്കോട്, കൂനേമ്മൽ ഭാഗത്ത് തോണി ഉപയോഗിച്ചിരുന്നു. പിണങ്ങോട് ജംഗ്ഷനെ ചുങ്കം എന്ന പേരിലറിയപ്പെടാൻ കാരണം ചുങ്കം പിരിവ് നടത്തിയതിനാലാണ്. ചുങ്കത്ത് മരംകൊണ്ട് ഉണ്ടാക്കിയ വലിയ ഗയിറ്റ് സ്ഥാപിച്ചാണ് ചുങ്കം പിരിവ് നടത്തിയത്.

1927 ലാണ് കൽപ്പറ്റയിൽ ആദ്യമായി ബസ്സ് വരുന്നത്. 1922ൽ നിരോധനം വന്നു പിന്നീട് 1927ലാണ് പുനരാരംഭിക്കുന്നത്. മറ്റ് ഗ്രാമങ്ങളിൽ നിന്നും ആഴ്ചച്ചന്തക്ക് വന്നിരുന്ന പല ഊട് വഴികളും കാലക്രമേണ നടപ്പാതയായി വികസിക്കുകയും പിന്നീട് റോഡായും മാറി. റോഡുകളായി മാറിയ കൽപ്പറ്റയിലെ പ്രധാന റോഡുകളും ഈ കാലഘട്ടത്തിൽ നടക്കുന്നത് പോലെ തന്നെ ജനകീയ പങ്കാളിത്തത്തോടെയും, സന്നദ്ധസേവനത്തിലൂടെയുമാണ് രൂപപ്പെട്ടിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളുടെ സഹായത്തോടെ 1968ൽ എമലി-TB ജംഗ്ഷൻ റോഡ്, S. K. M. J ഹൈസ്കൂളിലെ പ്രധാന അദ്ധ്യാപകൻ ശ്രീ. ഗോപാലകൃഷ്ണൻ മാസ്റ്ററുടെ നേതൃത്വത്തിലും, 1972 – 73 കാലഘട്ടത്തിൽ മുണ്ടേരി-കൽപ്പറ്റ റോഡിന്റെ നിർമ്മാണവും നടന്നു. കൽപ്പറ്റ പഞ്ചായത്തായി രൂപീകരിക്കുന്നത് 1933 ആണ്. പഞ്ചായത്ത് ആയിരുന്ന കാലത്ത് കൽപ്പറ്റയിലെ പ്രധാന റോഡ് CMF റോഡായിരുന്നു. 10ാം പഞ്ചവത്സരപദ്ധതിക്കാലത്താണ്. പിണങ്ങോട്-കൽപ്പറ്റ റോഡ് പുഴമുട്ടിപാലം വരെയും, പുളിയാർമല-മണിയങ്കോട് റോഡും നിർമ്മിച്ചത്.

പട്ടിക 1
നഗരത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മി | വീതി മീ | ബസ്സ്/ മറ്റുയാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1 | കൽപ്പറ്റ-മുണ്ടേരി | നഗരസഭ | 2.00 | 8 | ഉണ്ട് |
| 2 | മുണ്ടേരി-മണിയങ്കോട് | നഗരസഭ | 2.00 | 8 | ഉണ്ട് |
| 3 | മണിയങ്കോട്-പുളിയാർമല | നഗരസഭ | 3.00 | 7 | ഉണ്ട് |
| 4 | മേപ്പാടി റോഡ് | പി.ഡബ്ലിയു.ഡി | 1.50 | 8 | ഉണ്ട് |
| 5 | മണിയങ്കോട് ടി.ബി. ജംഗ്ഷൻ | നഗരസഭ | 2.00 | 6 | ഉണ്ട് |
| 6 | പൊന്നട-മണിയങ്കോട് | നഗരസഭ | 1.50 | 6 | ഉണ്ട് |
| 7 | തുർക്കിബസാർ റോഡ് | നഗരസഭ | 1.00 | 8 | ഉണ്ട് |
| 8 | വെള്ളാരം കുന്ന്-പുഴമുടി | നഗരസഭ | 3.00 | 8 | ഉണ്ട് |
| 9 | പിണങ്ങോട് റോഡ് | പി.ഡബ്ലിയു.ഡി | 2.50 | 8 | ഉണ്ട് |
| 10 | ചാത്തോത്ത് വയൽ റോഡ് | നഗരസഭ | 0.50 | 3.50 | ഉണ്ട് |
| 11 | മാർക്കറ്റ് റോഡ് | നഗരസഭ | 0.50 | 5.00 | ഉണ്ട് |
| 12 | മടിയൂർകുനി-ചുഴലി | നഗരസഭ | 2.00 | 6 | ഉണ്ട് |
| 13 | എമിലി-മണിയങ്കോട് | നഗരസഭ | 1.50 | 7 | ഉണ്ട് |
| 14 | ആയുർവേദ ആശുപത്രി റോഡ് | നഗരസഭ | 0.50 | 6 | ഉണ്ട് |
| 15 | ചുങ്കം-മൈതാനി | നഗരസഭ | 0.50 | 4 | ഉണ്ട് |
| 16 | മുണ്ടേരി-പിണങ്ങോട് | നഗരസഭ | 1.00 | 8 | ഉണ്ട് |
| 17 | കൊട്ടാരം-റാട്ടക്കൊല്ലി | നഗരസഭ | 2.00 | 8 | ഉണ്ട് |
| 18 | ഗൂഡലായ് റോഡ് | നഗരസഭ | 2.00 | 7 | ഉണ്ട് |
| 19 | തിരുഹൃദയ നഗർ റോഡ് | നഗരസഭ | 1.00 | 5 | ഉണ്ട് |
| 20 | ഓണിവയൽ കോഫി ബോർഡ്റോഡ് | നഗരസഭ | 0.50 | 5 | ഉണ്ട് |
| 21 | അമ്പിലേരി കോളനി റോഡ് | നഗരസഭ | 0.50 | 4 | ഉണ്ട് |
| 22 | പത്മപ്രഭാ-എമിലി | നഗരസഭ | 2.00 | 6 | ഉണ്ട് |
| 23 | മുണ്ടേരി-സ്റ്റേഡിയം | നഗരസഭ | 1.50 | 7 | ഉണ്ട് |
| 24 | തോണിക്കടവ് റോഡ് | നഗരസഭ | 0.50 | 5 | ഉണ്ട് |
| 25 | ഡി.സി.സി ഓഫീസ് റോഡ് | നഗരസഭ | 0.50 | 3.50 | ഉണ്ട് |
| 26 | സി. എം. എഫ്. റോഡ് | പി.ഡബ്ലിയു.ഡി | 7.05 | 12 | ഉണ്ട് |

1990ലാണ് കൽപ്പറ്റ നഗരസഭ രൂപീകരിക്കുന്നത്. സമുദ്രനിരപ്പിൽ നിന്നും 3000 അടി ഉയരത്തിലാണ് നഗരസഭ സ്ഥിതിചെയ്യുന്നത്. കേരളത്തിലെ മറ്റ് നഗരസഭകളിൽ നിന്നും ഭൂമിശാസ്ത്രപരമായി വളരെ അധികം വ്യത്യാസമുണ്ട്. ജില്ലാ ആസ്ഥാനത്തെ നഗരസഭ എന്ന നിലയിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ സൗകര്യങ്ങൾ എടുത്ത് പറയാൻ ഒന്നും ഇല്ല. റോഡുകളുടെ നിർമ്മാണത്തിനും അഭിവൃദ്ധിപ്പെടുത്തുന്നതിനു മായി പൊതു ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. റോഡ് മാർഗ്ഗമല്ലാത്തതായി ഗതാഗതസാദ്ധ്യതയുള്ളത് റെയിൽവേ മാത്രമാണ്.

34.17 ച.കി.മി വിസ്തീർണ്ണമാണ് കൽപ്പറ്റ നഗരസഭ. വാഹനഗതാഗതയോഗ്യമായത് 140 കി.മീ റോഡാണ്. 1ച. കി. മീ. വിസ്തീർണ്ണത്തിന് 4.കി.മീ എന്ന രീതിയിൽ റോഡുണ്ട്. സംസ്ഥാന ശരാശരി 3.2 കി.മീ ആണ്. സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നിട്ടാണെങ്കിലും മലപ്രദേശമായതിനാൽ ഇത് തീർത്തും അപര്യാപ്തമാണ്. ടാർ ചെയ്ത റോഡ് 40സാ മാത്രമാണുള്ളത്. അതായത് 1ച. കി. മീറ്റ

| | റോഡിന്റെ പേര് | മെറ്റൽറോഡ് | മണ്ണ്റോഡ് | ടാർചെയ്തത് | ഡ്രയിനേജ് | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | ഉണ്ടോ? | ആവശ്യമാണോ | |
| 1 | കോട്ടാച്ചിറ കോളനി | | * | | | * | |
| | പൊന്നാട കോളനി | | * | | | * | |
| | ബെലാടി കോളനി | | | * | | | |
| | മണിയങ്കോട്-പുലച്ചിക്കുന്ന് | | * | | | | |
| | ട്രൈബൽ ഹോസ്റ്റൽ | * | * | | | | |
| | മണിയങ്കോട് അമ്പലം-ഹെൽത്ത് സെന്റർ | | * | | | | റോഡ് രൂപീകരിക്കണം |
| | ശാന്തിനഗർ റോഡ് | | * | | | | |
| | മുണ്ടരി സ്കൂൾ മുൻവശം മുതൽ ഹരിജൻ ഹോസ്റ്റൽ വരെ | | | | | | |
| | മണിയങ്കോട്- മാടകക്കുന്ന് കോളനി | | * | * | | | |
| | മണിയങ്കോട് പൊന്നട | | | * | | | |
| | മണിയങ്കോട്- നിടുനിലം | | | | | | |
| 2 | പുലിയാർമല-മുവ്വട്ടിക്കുന്ന് | * | | | | | |
| | I.T.I.- വാടോത്ത് | | * | | | | |
| | തോണിക്കടവ്-ഓടമ്പം | | | * | | | |
| | തോണിക്കടവ്-ഭഗത് സിംഗ് കോളനി റോഡ് | * | | | | | |
| | മണിയങ്കോട് കോളനി | | | * | | | |

| | റോഡിന്റെ പേര് | മെറ്റൽറോഡ് | ടാർചെയ്തത് | മണ്ണ്റോഡ് | ഡ്രെയിനേജ് | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | ഉണ്ടോ? | ആവശ്യമാണോ | |
| 3 | പുളിയാർമല-19-ാം മൈൽ | * | | | | * | |
| | കരടിമഞ്ഞ് കോളനി | | | * | | * | |
| | നിടുങ്ങോട് ഹൗസിംഗ് കോളനി | * | | | | | |
| | മണിയങ്കോട്-T.B. റോഡ് | | * | | | | |
| | 19-ാംമൈൽറോഡിൽനിന്നും ബോർഡിംഗ് തോട്ടം പുളിയാർമല റോഡ് | | | | | | റോഡ് രൂപീകരിക്കണം |
| 4 | അമ്പിലേരി എമിലി ട്രാൻസ്ഫോർമർ | | | * | | | |
| | അമ്പിലേരി- നിടുങ്ങോട് | | | * | | | |
| | എമലി- നിടുങ്ങോട് | | | | | * | റോഡ് രൂപീകരിക്കണം |
| | T.B.റോഡ്-ഫാത്തിമ നഗർ | | | | | | റോഡ് രൂപീകരിക്കണം |
| | കോളിമൂല- നിടുങ്ങോട് | | | | | | റോഡ് രൂപീകരിക്കണം |
| | മുണ്ടരി- മണിയങ്കോട് | | * | | | * | |
| | അമ്പിലേരി- കോളനി | | * | | | | |
| | എമലി- മണിയങ്കോട് | | * | | | | വീതികൂട്ടണം |
| | അമ്പിലേരി- മുണ്ടേരി | | | | | | റോഡ് രൂപീകരിക്കണം |
| 5 | കന്യഗുരുകുലം-എമലി | | * | | | * | |
| | കോൺഗ്രസ്സ്ഭവൻ- ബോയൻസ് കോളനി | | | | | | റോഡ് രൂപീകരിക്കണം |
| | കോൺഗ്രസ്സ് ഭവൻ | | * | | | | വിപുലീകരിക്കണം |
| | കന്യഗുരുകുലം-പെരിയസ്വാമി | * | | | | | |
| | ഫീൽഡ് പബ്ലിസിറ്റി | * | | | | | |
| 6 | എടപ്പെട്ടി കോളനി | | | * | | * | |
| | എടപ്പെട്ടി കുന്നി | * | | | | | |
| | കണ്ണൻകുട്ടി കോളനി | | | | | | റോഡ് രൂപീകരിക്കണം |
| | എടപ്പട്ടി കോളനി- പഴയ സിവിൽ | | | | | * | ബൈപാസ് റോഡ് നിർമ്മിക്കണം |
| | തിരുഹൃദയ നഗർ | * | | | | | |

| | റോഡിന്റെ പേര് | മെറ്റൽറോഡ് | ടാർചെയ്തത് | മണ്ണ്റോഡ് | ഡ്രയിനേജ് | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | ഉണ്ട് | ആവശ്യമാണ് | |
| 7 | ചോയി സ്മാരക റോഡ് | | | * | | | |
| | എമലി-സംഗമം റോഡ് | * | | | | | |
| | പത്മപ്രഭ-കന്യാഗുരുകുലം റോഡ് | | * | | | * | |
| | കുരുണിയൻ- CMF റോഡ് | | | | | | റോഡ് നിർമ്മിക്കണം |
| | യൂത്ത് സെന്റർ റോഡ് | * | | | | | |
| | എമലി- പത്മപ്രഭ റോഡ് | * | | | | | |
| | സായിമന്ദിരം റോഡ് | | | | | | |
| | ചോയ് റോഡ്-ജൈത്രപിൻഭാഗം | | | | | | റോഡ് രൂപീകരിക്കണം |
| | ചോയ് റോഡ്- പിൻ ഭാഗം | | | | | | റോഡ് രൂപീകരിക്കണം |
| 8 | ചൂരം-മൈതാനിക്കുന്ന് റോഡ് | | * | | | * | വീതിക്കൂട്ടണം |
| | മുണ്ടേരിക്കുന്ന്-എമലി-പത്മപ്രഭ | | * | | | * | വീതിക്കൂട്ടണം |
| | അനന്തപത്മ- മംഗളം | * | | | | | |
| | കാരുകുളങ്ങര | | | | | | റോഡ് നിർമ്മിക്കണം |
| | പ്രാണിയത്ത്- പാലക്കുന്ന് | | | | | | റോഡ് നിർമ്മിക്കണം |
| | N.B. പോക്കർ അടുത്തുള്ള നടപ്പാത | | | | | | റോഡ് നിർമ്മിക്കണം |
| | ആയുർ ആശുപത്രി മുണ്ടേരിറോഡ് | | | | | | റോഡ് നിർമ്മിക്കണം |
| 9 | എമലി- അമ്പലേരി കോരം കുന്ന് റോഡ് | | | * | | | റോഡ് പൂർത്തീക്കണം |
| | എമലിതടം- കോരംകുന്ന് | | | | | | റോഡ് നിർമ്മിക്കണം |
| | മൈതാനി- മൈതാനിതാഴെ | | | | | | റോഡ് നിർമ്മിക്കണം |
| | അമ്പലേരി- ഭഗവതീവയൽ | * | | | | | |
| | മുണ്ടേരി- വേർഹൗസ് | | * | | | | |
| | മുണ്ടേരി- ആനപ്പാലം | | * | | | | |
| | മൈതാനി- പുളിയംപൊയിൽ | | | * | | | |
| | ഫാത്തിമ റോഡ്-മൈതാനി റോഡ് | | | | | | റോഡ് നിർമ്മിക്കണം |
| 10 | മിച്ചഭൂമി- മുണ്ടേരി റോഡ് | | | * | | | |
| | താഴെ ലക്ഷംവീട് കോളനി | | | * | | | |
| | മിച്ചഭൂമി പോലീസ് ക്വാർട്ടേഴ്സ് | | | * | | | വിപുലീകരിക്കണം |
| | എടകുനി- മരവയൽ | | | * | | | പൂർത്തീകരിക്കണം |
| | പിണങ്ങോട് റോഡ്- എടകുനി വയൽ | | | | | | റോഡ് നിർമ്മിക്കണം |
| | മുണ്ടേരി അംഗൻവാടി-മിച്ചഭൂമി | | | * | | | |

| | റോഡിന്റെ പേര് | മെറ്റൽറോഡ് | ടാർചെയ്തത് | മണ്ണ്റോഡ് | ഡ്രയിനേജ് | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | ഉണ്ടോ? | ആവശ്യമാണോ | |
| 11 | നാരങ്ങാക്കണ്ടി | * | | * | | | |
| | തുർക്കി ബസാർ | | | | | | ബൈപ്പാസ് റോഡ് നിർമ്മിക്കണം |
| | തുർക്കി അംഗൻവാടി | | | | | | റോഡ് നിർമ്മിക്കണം |
| | എടഗുനി പയന്തറ്റിൽ കോളനി | | | * | | | റോഡ് നിർമ്മിക്കണം |
| | എരഞ്ഞിവയൽ- തുർക്കി റോഡ് | * | | | | | |
| | പാലക്കുന്ന്- എരഞ്ഞിവയൽ | * | | | | | |
| | അഡ്‌ലൈസ് കോളേജ് | * | | * | | | |
| | അഡ്‌ലൈസ് അംഗൻവാടി | | | * | | | |
| | കോളേജ്- പടപ്പുരം കോളനി | | | * | | | |
| 12 | ഓണിവയൽ-കൈതകൊല്ലി | * | | | | | റോഡ് നിർമ്മിക്കണം |
| | കൈതകൊല്ലി-അഡ്‌ലൈസ് | | | * | | | |
| | ഓണിവയൽ റോഡ് | | | * | | | |
| | കോഫിബോർഡ്-CMF റോഡ് | | * | | | * | |
| | CMF റോഡ്- തുർക്കി | | * | | | * | വീതികൂട്ടണം |
| | തുർക്കി-ചേനമല കോളനി | | | | | | നിർമ്മിക്കണം |
| | കോഫീബോർഡ്-കൈതക്കൊല്ലി | | | * | | | പൂർത്തീകരിക്കണം |
| 13 | ഫാത്തിമ- മൈതാനി | * | | | | | പൂർത്തിയാക്കണം |
| | ജനതാറോഡ് | | | * | | | |
| | സുഭാഷ് റോഡ് | | | | | | പൂർത്തിയാക്കണം |
| | ചുങ്കം-മൈതാനി | | * | | | * | വീതികൂട്ടണം |

| | റോഡിന്റെ പേര് | മെറ്റൽറോഡ് | ടാർചെയ്തത് | മണ്ണ്റോഡ് | ഡ്രയിനേജ് | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | ഉണ്ടോ? | ആവശ്യമാണോ | |
| 14 | ഗൂഡലായ്കുന്ന്- മാർക്കറ്റ് റോഡ് | | | | | | നിർമ്മിക്കണം |
| | CMF റോഡ്- ഗൂഡലായ്ക്കുന്ന് | * | | | | | വീതി കൂട്ടണം |
| | ശ്മശാനം- ഗൂഡലായ്ക്കുന്ന് | * | | * | | | നിർമ്മിക്കണം |
| | കൈരളി നഗർറോഡ് | | | * | | | |
| | അറവുശാല റോഡ് ഗൂഡലായ്കുന്ന്-വുഡ്ലാന്റ് എസ്റ്റേറ്റ് | | | * | | | |
| 15 | CMF-കുട്ടിക്കുന്ന് റോഡ് | | * | | | * | വീതികൂട്ടണം |
| | കുട്ടിക്കുന്ന്-പുൽപ്പാററോഡ് | * | | | | | പൂർത്തീകരിക്കണം |
| | കുട്ടിക്കുന്ന്റോഡ് | * | | | | | |
| | PWD റോഡ്-പുൽപ്പാറ | * | * | | | | പൂർത്തീകരിക്കണം |
| | CMF--ചാത്തോത്തുവയൽ ചാത്തോത്തുവയൽ- പറമ്പിൽകണ്ടി | | * | | | * | പൂർത്തീകരിക്കണം |
| 16 | പൂളക്കണ്ടി-എലസ്റ്റൺറോഡ് | | * | | | | |
| | ലിയോഹോസ്പിറ്റൽ എലസ്റ്റൺ ഗ്രൗണ്ട് റോഡ് | | | | | | |
| 17 | പുത്തൂർവയൽ നായ്ക്കൻകോളനി | | * | | | | റോഡ് നിർമ്മിക്കണം |
| | CMF-ലിയോആശുപത്രി-പള്ളിക്കണ്ടി | * | | | | | പൂർത്തിയാക്കണം |
| | റാട്ടക്കൊല്ലി-മേപ്പാടിറോഡ് | | | | | | നിർമ്മിക്കണം |
| | ബസ്സ്സ്റ്റാന്റ് -മാർക്കറ്റ് | | | | * | | നിർമ്മിക്കണം |
| | റാട്ടക്കൊല്ലി-നായ്കൻപാടി | * | | * | | * | |
| | റാട്ടക്കൊല്ലി-ആനപ്പാറ | * | | * | | | വീതികൂട്ടണം |
| | പുത്തൂർവയൽറോഡ്-റാട്ടക്കൊല്ലി | | | | | | |
| 18 | മടിയൂർകുന്ന് മുക്ക് | | | | | | |
| | തോരൃമ്പം കോഫീബോർഡ് | | * | | | | റോഡ് നിർമ്മിക്കണം |
| | തോരൃമ്പം-മൂച്ചിക്കുന്ന് | | | * | | | |
| | കുമ്പളമൂലവയൽ-തോരൃമ്പം | | | * | | | |
| | വീട്ടിപൊയിൽ | * | | | | * | |
| | വിദ്യാനഗർകോളനി | | | * | | | |
| | തുറക്കോട്ട് കുന്ന് റോഡ് | | | * | | | |
| | ചേലവയൽ-പണിയകോളനിറോഡ് | | | * | | | |

| | റോഡിന്റെ പേര് | മെറ്റൽറോഡ് | ടാർചെയ്തത് | മണ്ണ്റോഡ് | ഡ്രയിനേജ് | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | ഉണ്ടോ? | ആവശ്യമാണോ | |
| 19 | ചുഴലി–പുലയംകുന്ന് | | | * | | | |
| | കണ്ണൻ ചാത്തൻ-പെരുന്തട്ട | | | | | | നിർമ്മിക്കണം |
| 20 | വെള്ളാരംകുന്ന്-പെരുന്തട്ട റോഡ് | | * | | | | |
| | വെള്ളാരംകുന്ന്-മിച്ചഭൂമി റോഡ് | | | * | | | |
| | നടപ്പാറ പുളക്കുന്ന് | | | * | | | |
| | ചുണ്ടപ്പാടി-മൂവട്ടിക്കുന്ന് | | | * | | | |
| | കല്യാണി-പുത്തഞ്ചോലറോഡ് | | | * | | | |
| | വെള്ളാരംകുന്ന്-പുഴമുടിറോഡ് | | | | | | |

റിൽ 1.20 കി. മി. ടാർചെയ്തറോഡുണ്ട്. ജില്ലാആസ്ഥാന ടൗൺ എന്ന നിലയിൽ കാർ, ഓട്ടോറിക്ഷ, ലോറി, ജീപ്പ് എന്നിവ പാർക്ക് ചെയ്യാൻ പ്രത്യേക സ്റ്റാൻഡുകളില്ല. റോഡരുകിൽ ടാക്സികൾക്ക് പാർക്ക് ചെയ്യാൻ പരിമിതമായ സ്ഥലസൗകര്യം ചെയ്തിട്ടുണ്ട്. പരിമിതമായ സൗകര്യമുള്ള ബസ്സ് സ്റ്റാൻഡ് നിലവിലുണ്ട്. റോഡ് ശ്യംഖല സംസ്ഥാന ശരാശരിയിൽ നിന്നും ഉയർന്നിട്ടാണെങ്കിലും റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. വർഷക്കാലത്ത് മണ്ണ് റോഡിലൂടെയുള്ള ഗതാഗതം പ്രയാസമാണ്. വയനാട്ടിലെ മണ്ണിന്റെ പ്രത്യേകതയും, നീർകെട്ട് അനുഭവപ്പെടുന്നതിനാലും, ശക്തമായ മഴ അനുഭവപ്പെടുന്നതിനാലും റോഡിന്റെ തകർച്ചക്ക് ആക്കം കൂട്ടാൻ കാരണമാവുന്നു. 90ശതമാനം റോഡിനും ഓവുചാലുകളോ ആവശ്യാനുസരണമുള്ള വീതിയോ ഇല്ല. നിലവിലുള്ള ഉടമസ്ഥത, ദൂരം, വീതി എന്നിവ പട്ടികയായി കൊടുക്കുന്നു.

കൽപ്പറ്റയുടെ വികസനത്തിന് ഏറ്റവും തടസ്സമായി നിൽക്കുന്നത് നിലവിലുള്ള റോഡുകൾ വികസിപ്പിക്കാൻ കഴിയാത്തതാണ്. മുൻ കാലങ്ങളിൽ റോഡ് നിർമ്മിക്കുമ്പോഴുള്ള ദീർഘവീക്ഷണകുറവാണ്. പഴയ റോഡുകൾക്കും, പുഴകൾക്കും അതിർത്തി നിർണ്ണയിക്കപ്പെടാൻ കഴിയാത്തത് കൊണ്ട് നഗരത്തിന്റെ വളർച്ചക്കനുസരിച്ച് വീതികൂട്ടാൻ കഴിയാത്ത അവസ്ഥയുണ്ട്. കേവലം ഒരു റോഡിനെ കേന്ദ്രീകരിച്ചുള്ള വികസനമാണ് കൽപ്പറ്റയിൽ നടന്നിട്ടുള്ളത് എന്നത് കൊണ്ട് തന്നെ അനിയന്ത്രിതമായ രീതിയിലുള്ള വാഹന ഗതാഗതം വലിയൊരു പ്രശ്നമായി മാറിയിരിക്കുന്നു. ഇതിൽ താൽക്കാലിക പരിഹാരമായിമാറേണ്ട ബൈപ്പാസ് റോഡ് പ്രവർത്തനം എങ്ങുമെത്താതെ നിൽക്കുകയാണ്. കൽപ്പറ്റ ബൈപ്പാസ് റോഡ് 1990 ൽ 90ലക്ഷം രൂപവകയിരുത്തി പ്രവർത്തനം ആരംഭിച്ചെങ്കിലും പിന്നീട് പ്രവർത്തനം വേണ്ടത്ര മുന്നോട്ട് നീക്കാൻ കഴിഞ്ഞില്ല. 1996ൽ വീണ്ടും ബൈപ്പാസ് റോഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുന്നുണ്ട് എന്നറിയുന്നു. കൽപ്പറ്റ ബൈപ്പാസ് റോഡ് അനിവാര്യമാണ്. കൽപ്പറ്റയിൽ മിനി ബൈപ്പാസ് റോഡിന്റെ ആവശ്യകത കൂടി ഉണ്ട്. പഴയ സിവിൽ സ്റ്റേഷൻ പരിസരത്ത് നിന്നും ആരംഭിച്ച് കൽപ്പറ്റ ഗവഃ കോളേജ് റോഡിൽ അവസാനിക്കുന്നതുമായ റോഡ് മിനി ബൈപ്പാസാക്കി മറ്റേണ്ടതാണ്.

## ഊർജ്ജം

1956 ഫിബ്രവരിമാസം 16ാം തിയ്യതിയാണ് പുരോഗതിയുടെ നാഴികകല്ലായ വൈദ്യുതി കൽപ്പറ്റയിലേക്ക് എത്തുന്നത്. നീണ്ട 40വർഷം കഴിഞ്ഞിട്ടും ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിലെ എല്ലാ പ്രദേശത്തേതും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. 7,8, 9,13 വാർഡുകളിൽ പൂർണ്ണമായും മറ്റ് വാർഡുകളിൽ പൂർണ്ണമായും വൈദ്യുതി ഇനിയും എത്തിയിട്ടില്ല. മേപ്പാടി പഞ്ചായത്തിലെ കുട്ടമുണ്ട 66സ്സ്സബ്സ്റ്റേഷനിൽ നിന്നാണ് കൽപ്പറ്റയിലേക്ക് വൈദ്യുതി എത്തുന്നത്.

കുടിലുകൾ ഉൾപ്പെടെയുള്ള 5154 വീടുകളുള്ള കൽപ്പറ്റയിൽ 3300 വീടുകൾക്ക് മാത്രമെ വൈദ്യുതി ലഭിക്കുന്നുള്ളൂ. ഇത് കൂടാതെ 950 വ്യാപാരസ്ഥാപനങ്ങൾക്കും 15 കാർഷിക ഉപഭോക്താക്കൾക്കുമാണ് ഇപ്പോൾ വൈദ്യുതി ലഭ്യമായിട്ടുള്ളത്.

വൈദ്യുതി കണക്കനുസരിച്ച് 179 കണക്ഷനുള്ള അപേക്ഷകരുണ്ട്. കൽപ്പറ്റ നഗരസഭയിൽ 294 സ്ട്രീറ്റ്ലൈറ്റുകളിൽ 180 ബൾബുകളും, 71 റ്റ്യൂബ് ലൈറ്റുകളും 43 സോഡിയം വേപ്പർലാപും ഉണ്ട്. പ്രതിമാസം 5300രൂപ പ്രതിമാസം സ്ട്രീറ്റ് ലൈറ്റിനുവേണ്ടി അടക്കുന്നുണ്ട്.

സ്ട്രീറ്റ്ലൈറ്റുകളിൽ ടൗണിലുള്ളത് ഭാഗികമായും പോക്കറ്റു റോഡിലുള്ളത് തീർത്തും കത്താത്തതിനെ കുറിച്ച് ഗ്രാമസഭകളിൽനിന്നും പരാതിയായി ഉയർന്നുവന്നിട്ടുണ്ട്. 15km 11 kv ലൈനുകളും 50കി. മി. ത്രീഫേസ് ലൈനുകളും 85 കി. മി. സിങ്കിൾഫേസ് ലൈനുകളുമാണ് ഉള്ളത് കൽപ്പറ്റയിൽ 15 ട്രാൻസ്ഫോമറുകളാണ് ഉള്ളത്(160k.v.a 100k.v.a.5, 63.k.v.a.2)

ഇവിടെ ആകെ 47 ആദിവാസിക്കോളനികൾ ഉണ്ടെങ്കിലും 6 കോളനികൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. പല കോളനികളിൽ വയറിംങ്ങ് നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടികൾ ആയിട്ടില്ല. ചിലപ്രദേശങ്ങളിൽ നിന്നും വോൾട്ടേജിനെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. വൈദ്യുതി ലഭിക്കുന്നതിന് മുൻപ് ഇവിടത്തുകാർ മണ്ണെണ്ണ വിളക്കുകളെയാണ് ആശ്രയിച്ചിരുന്നത്. സാമ്പത്തിക നിലവാരമനുസരിച്ച് വിളക്കുകളുടെ ഉപഭോഗത്തിന് മാറ്റമുണ്ടായിരുന്നു. തെരുവ് വിളക്കുകളായിപോലും പ്രധാന കവലകളിൽ മണ്ണെണ്ണ വിളക്കുകളാണ് ഉപയോഗിച്ചുവരുന്നത്. ഭക്ഷണം പാകം ചെയ്യാൻ പ്രധാന ഇന്ധനമായി വിറകാണ് ഉപയോഗിച്ച് വരുന്നത്. ആദിവാസികൾ ഉൾപ്പെടെയുള്ളവർ അക്കാലത്ത് കൊടും തണുപ്പിനെ അകറ്റുന്നതിന് മുഴുവൻ സമയവും തീപ്പൂട്ടിയിരുന്നു. ആദിവാസികളുടെ നിത്യജീവിതത്തിന്റെ ഭാഗമായി തന്നെ ഈ 'തീക്കായൽ' സമ്പ്രദായം തുടർന്നുവന്നിരുന്നു. ഇപ്പോൾ വിറക് ലഭ്യത ഇല്ലായ്മ അന്യസ്ഥലങ്ങളിൽ നിന്ന് വരുന്ന റബ്ബർ വിറക് കെട്ടുകളിലൂടെ പ്രതിഫലിക്കുന്നുണ്ട്. ഇപ്പോൾ പ്രധാനമായും പാചക വാതകം, ചകിരി, ചിരട്ട, മണ്ണെണ്ണ എന്നിവയാണ് ഭക്ഷണശാലകളിലും, വീടുകളിലും ഉപയോഗിക്കുന്നത്. വിരലിലെണ്ണാവുന്ന ക്ഷീരകർഷകർ ബയോഗ്യാസ് ഉപയോഗിക്കുണ്ട്. ഭദ്രതകൂടിയ അടുപ്പുകളുടെ ഉപയോഗം മുൻസിപ്പൽ പ്രദേശത്ത് തീരെ ഇല്ല.

വൈദ്യുതി ഉപഭോഗത്തിൽ തത്വദീക്ഷയില്ലാത്ത സ്വഭാവം ജനങ്ങളുടെ ഇടയിൽ സാർവ്വത്രികമായുണ്ട്. ആഡംബരത്തിന് വൈദ്യുതി ഉപയോഗിക്കുക എന്നത് ഒരു സ്വഭാവമായി മാറിയിരിക്കുകയാണ്.

### പ്രശ്നങ്ങൾ

- സ്ട്രീറ്റ് ലൈറ്റുകളുടെ അവസ്ഥ ശോചനീയമാണ്.
- വൈദ്യുതി ഉപഭോഗം കണക്കാക്കാതെയാണ് ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിരിക്കുന്നത്.
- എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
- വൈദ്യുതി ഉപഭോഗത്തിന് സാമൂഹ്യനിയന്ത്രണം തീരെ ഇല്ല.
- വൈദ്യുതി മേഖലയിലെ ജീവനക്കാരുടെ വിമുഖത.
- പട്ടികജാതി കോളനികളിലെ ഭൂരിഭാഗവും വൈദ്യുതീകരിച്ചിട്ടില്ല.
- ട്രാൻസ്ഫോമറുകൾ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിസ്ഥാപിക്കുകയും , ഉള്ളതിന്റെ കപ്പാസിറ്റി ആവശ്യാനുസരണം വർദ്ധിപ്പിക്കുകയും ചെയ്യുക.
- 'ലൂസ് കണക്ഷൻ മൂലം പാഴായി പോകുന്ന വൈദ്യുതി സമയാസമയങ്ങളുടെ ഇടപെടലിലൂടെ മാറ്റിയെടുക്കണം.
- മഴക്കു മുൻപ് വൈദ്യുതി ലൈനിനടുത്ത് പോകുന്ന മരങ്ങൾ ക്രോപ്പ് ചെയ്യേണ്ടതാണ്.
- അനധികൃത കണക്ഷനുകൾ നിർബന്ധമായും കണ്ടു പിടിച്ച് നടപടി എടുക്കുക.

| വാർഡ് | സ്ഥലം | സ്ട്രീറ്റ്ലൈറ്റ് ഉണ്ടോ | വൈദ്യുതി ഉണ്ടോ | സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണോ | സ്ട്രീറ്റ്ലൈറ്റ് ഫലപ്രദമാണോ | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | മണിയങ്കോട് – റോഡ് | 10 | • | - | • | |
| | മണിയങ്കോട്-പൊന്നട റോഡ് | ഇല്ല | – | • | - | - |
| | കോളേരി-പൊന്നട | – | – | • | - | - |
| | മരവയൽ-മുണ്ടേരി റോഡ് | – | – | • | - | - |
| | കോട്ടാച്ചിറ-കോളനി | – | ഇല്ല | – | – | വൈദ്യുതിഎത്തിക്കണം |
| | മാടക്കുന്ന്-കോളനി | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| 2. | പുളിയാർമല-മുച്ചിക്കുണ്ട് റോഡ് | – | – | • | - | - |
| | ഓടമ്പം കോളനി | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| 3. | ഇഷ്ടിക പൊയിൽ കോളനി | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| | എമിലികുണ്ട് | – | ഇല്ല | • | - | വൈദ്യുതി എത്തിക്കണം |
| | 19-ാം മൈൽ റോഡ് | – | – | • | - | - |
| | കരടിമണ്ണ് റോഡ് | – | – | • | - | - |
| | കരടിമണ്ണ് കോളനി റോഡ് | – | ഇല്ല | – | – | വൈദ്യുതിഎത്തിക്കണം |
| | മണിയങ്കോട്-TB റോഡ് | • | - | - | - | - |
| | നെടുങ്ങോട് ഹൗസിംഗ് കോളനി റോഡ് | – | – | • | - | - |
| 4. | നിടുങ്ങോട് വയൽ | – | ഇല്ല | – | – | വൈദ്യുതിഎത്തിക്കണം |
| | ഫാത്തിമാനഗർ | – | ഇല്ല | – | – | വൈദ്യുതിഎത്തിക്കണം |
| | എമിലി TB റോഡ് | – | – | • | - | - |
| | അമ്പിലേരി-മുണ്ടേരി റോഡ് | – | – | – | • | - |
| | അമ്പിലേരി കോളനിറോഡ് | – | – | • | - | - |
| | മണിയങ്കോട് TB റോഡ്– | – | • | - | - | |
| | മണിയങ്കോട്-കോളിമൂല നടപ്പാത | – | – | • | - | - |
| | മുണ്ടേരി പാർക്ക് | – | – | • | - | - |
| 5. | ബോയൻസ് കോളനി | – | ഇല്ല | – | – | വൈദ്യുതിഎത്തിക്കണം |
| | കോൺവെന്റ് റോഡ് | – | – | • | - | - |
| | കന്യാഗുരുകുലം റോഡ് | – | – | • | - | - |
| | ബോയൻസ് കോളനി റോഡ് | – | – | • | - | - |
| 6. | തിരുഹൃദയനഗർ | – | – | – | – | – |
| | എടപ്പട്ടി കോളനി | – | ഇല്ല | – | – | വൈദ്യുതിഎത്തിക്കണം |
| | എടപ്പട്ടികുനി റോഡ് | – | – | • | - | - |
| 7. | യൂത്ത് സെന്റർ റോഡ് | – | – | • | - | - |
| | S.K.M.J. കന്യാഗുരുകുലം റോഡ് | – | – | • | - | - |
| | ചോയീസ് സ്മാരക റോഡ് | – | – | • | - | - |
| 8. | മൈതാനി കവല- ഗീതാപാർട്ടേഴ്സു കവല | – | – | • | - | - |
| | മുണ്ടേരി റോഡ്–എമലി റോഡ് | – | – | • | - | - |
| | എമലിക്കുന്ന് - പ്രാണിയത്ത് നടപ്പാത | – | – | • | - | - |
| 9. | ആനപ്പാലം–മുണ്ടേരി | – | – | • | - | - |
| 10. | ലക്ഷംവീട് കോളനി–എടഗുനി | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| | മിച്ചഭൂമി റോഡ് –മുണ്ടേരി | – | – | • | - | - |
| | മിച്ചഭൂമി-(എടഗുനി വയൽ) | - | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| | മേലേ ലക്ഷംവീട് | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| 11. | അഡ്ലൈസ് കൈതക്കൊല്ലി | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| | പഴന്താറ്റിൽ കോളനി | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| | അമ്പലവയൽ - പുനയിക്കുന്ന് കുനാമ്മൽ | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |
| | കൽപ്പറ്റ– എരഞ്ഞിവയൽ | – | – | • | - | - |
| | തുർക്കിബസാർ - കോളജ് റോഡ് | – | – | • | - | - |
| | പാലക്കുന്ന് റോഡ് | – | – | • | - | - |
| | പഴന്താറ്റിൽ റോഡ് | – | – | • | - | - |
| 12. | ഓണിവയൽ–കൈതക്കൊല്ലി | – | ഇല്ല | – | – | വൈദ്യുതിഎത്തിക്കണം |
| | ചേനമല കോളനി | – | ഇല്ല | – | – | വൈദ്യുതി എത്തിക്കണം |

| | | | | | | |
|---|---|---|---|---|---|---|
| | തുർക്കി CMF റോഡ് | - | - | • | - | - |
| 13. | ഫാത്തിമ അമ്പലക്കണ്ടി റോഡ് | - | - | • | - | - |
| | ജനതാ റോഡ് | - | - | • | - | - |
| | സുഭാഷ് നഗർ റോഡ് | - | - | • | - | - |
| 14. | ഗൂഡലായ് കുന്ന് റോഡ് | • | - | - | - | - |
| | മൈലാടിപ്പാറ ഭാഗം | - | - | • | - | - |
| | കൈരളി നഗർ റോഡ് | • | - | - | • | - |
| 15. | കുട്ടിക്കുന്ന് പ്രദേശം | - | - | • | - | - |
| | പാത്തൊറൽ വയൽ-കല്ലൂരിക്കുന്ന് | - | - | • | - | - |
| 16. | എൽസ്റ്റൺ റോഡ് | - | - | • | - | - |
| | പുളക്കണ്ടി 3 ഏക്കർ റോഡ് | - | - | • | - | - |
| 17 | റാട്ടക്കൊല്ലി- നായ്ക്കൻപാടി കോളനി | - | ഇല്ല | • | - | എത്തിക്കണം |
| | ട്രാഫിക് സ്റ്റേഷൻ-നായ്ക്കൻപാടി റോഡ് | - | - | • | - | - |
| | ആനപ്പാറ റോഡ് | - | - | • | - | - |
| | പുൽപ്പാറമല റോഡ് | - | - | - | - | - |
| | ലിയോ ആശുപത്രിറോഡ് | - | - | • | - | - |
| 18. | തുറക്കോട് കുന്ന്, കുമ്പളമൂല | - | ഇല്ല | - | - | വൈദ്യുതി എത്തിക്കണം |
| | നരിക്കുണ്ട് കോളനി | - | ഇല്ല | - | - | വൈദ്യുതിഎത്തിക്കണം |
| | മടിയൂർ-ചുഴലി റോഡ് | - | - | • | - | - |
| | മടിയൂർ കുമ്പാരക്കോളനി | - | ഇല്ല | - | - | വൈദ്യുതി എത്തിക്കണം |
| 19. | എസ്റ്റേറ്റ് പാടി | ഇല്ല | - | - | - | വൈദ്യുതിഎത്തിക്കണം |
| | വെള്ളാരംകുന്ന്-പെരുന്തട്ട റോഡ് | - | - | • | - | - |
| 20. | കോളേജ് ജംഗ്ഷൻ-പുഴമുടി റോഡ് | - | - | • | - | - |
| | വെള്ളാരംകുന്ന്-മിച്ചഭൂമി | - | ഇല്ല | - | - | വൈദ്യുതി എത്തിക്കണം. |

## ഇന്ധനത്തിലെ പ്രശ്നങ്ങൾ

- ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗത്തിൽ ഇല്ല.
- സാധാരണക്കാരന് ഗ്യാസ്കണക്ഷനും, മണ്ണെണ്ണ പെർമിറ്റും കിട്ടാനുള്ള തടസ്സങ്ങൾ.
- വിറകിന്റെ ദൗർലഭ്യം

## സാധ്യതകൾ

- അനധികൃത ഗ്യാസ് കണക്ഷനുകൾ മുഴുവനായി ഒഴിവാക്കേണ്ടതാണ്.
- അനർട്ട്, പരിഷത്ത് അടുപ്പുകൾ, സന്നദ്ധസംഘട നകളുടെ പങ്കാളിത്തത്തിൽ സബ്സിഡിയോട്കൂടി നഗരസഭ വിതരണം ചെയ്യേണ്ടതാണ്.
- ഇന്ധന ഉപഭോഗത്തെ കുറിച്ച് ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം
- സോളാർ കുക്കറുകളും, വാട്ടർ ഹീറ്ററുകളും, പ്രച രിപ്പിക്കാൻ നഗരസഭ മുൻകൈ എടുത്ത് പദ്ധതി ആവി ഷ്കരിക്കേണ്ടതാണ്.
- മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് സാമ്പത്തിക പരിധി എടുത്തുകളയുക.

## മാർക്കറ്റ്

കൽപ്പറ്റ നഗരത്തിന്റെ വികാസം തന്നെ വ്യാപാരസ്ഥാപനങ്ങളുടെ വികസനത്തിന്റെ ചരിത്രമാണ്. വൈത്തിരി താലൂക്കിൽ ആഴ്ചചന്തക്ക് പ്രസിദ്ധമായി രുന്നു കൽപ്പറ്റ ചന്ത നടത്തിയിരുന്നത്. റോഡരുക് കച്ച വടങ്ങൾക്ക് പുറമെ കൽപ്പറ്റ ഗ്രാമം തറവാട്ടുകാരുടെ ചന്തയും പ്രവർത്തിച്ചിരുന്നു. പിന്നീട് 1990-ൽ നഗരസഭ ഏറ്റെടുത്തു.

നഗരസഭ ചന്തക്ക് സമീപം തന്നെയായിരുന്നു മാംസ മാർക്കറ്റ് ഉണ്ടായിരുന്നത്. പിന്നീട് കൽപ്പറ്റ ടൗണി ലുള്ള മത്സ്യമാർക്കറ്റോടനുബന്ധിച്ച് പ്രവർത്തിക്കാൻ തുടങ്ങി. കൽപ്പറ്റയിലെ ജനങ്ങൾക്ക് സഹായകരമായ രീതിയി ലുള്ള മത്സ്യമാർക്കറ്റുകൾ നിലവിലില്ല. വ്യാപാരസ്ഥാ പനങ്ങളുടെ വളർച്ചയോടുകൂടി പൊതുചന്തകൾക്കുള്ള പ്രസക്തി കുറഞ്ഞു വരികയാണ്.



# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

വയനാട് ജില്ലയുടെ ആസ്ഥാനമായ കൽപ്പറ്റ മറ്റ് പ്രദേശങ്ങളിൽനിന്നും പാർപ്പിടകാര്യത്തിൽ വ്യത്യസ്ഥത പുലർത്തുന്നുണ്ട്. ജില്ലാ കേന്ദ്രം എന്ന നിലക്ക് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ ബാങ്കുകൾ, എന്നിവയുടെ സാന്നിദ്ധ്യം, വാടകവീടുകളുടെ തള്ളിക്കയറ്റത്തിന് കളമൊരുക്കിയിരിക്കുകയാണ്.

കൽപ്പറ്റയെ സംബന്ധിച്ചിടത്തോളം തണുപ്പിനെ ചെറുക്കാനൊതുകുന്ന രീതിയിലായിരുന്നുവീടുകളുടെ ആദ്യകാല നിർമ്മാണരീതി. പ്രാദേശികമായി ലഭിക്കുന്ന പുല്ല്, ഓട. മുള, ചെളി, മണ്ണ് മരം എന്നിവ ഉപയോഗിച്ചാണ് ആദ്യകാലത്ത് വീടുകൾ നിർമ്മിച്ചിരുന്നത്. ഉയരമില്ലാത്ത മേൽക്കൂരകളും, ഇടുങ്ങിയ മുറികളും ഇവിടുത്തെ വീടുകളുടെ പ്രത്യേകതയായിരുന്നു.

സുലഭമായി മരം ലഭിക്കുന്നതിനാൽപലവീടുകളുടേയും തറയും, ചുരുകളും മരങ്ങൾ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. സമ്പന്നരുടെ വീടുകളും,സാധാരണക്കാരന്റെവീടുകളും തമ്മിൽവലിയ അന്തരം അക്കാലങ്ങളിൽ ഉണ്ടായിരുന്നു. ഭൂരിഭാഗംവരുന്ന ആദിവാസികൾ വളരെ ചെറിയകുടിലുകളിലായിരുന്നു താമസിച്ചിരുന്നത്. കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ടവർ മരപ്പൊത്തുകളിലും മണ്ണുതുരന്ന് ഉണ്ടാക്കിയ മാളങ്ങളിലും കഴിഞ്ഞിരുന്നു.

ഗതാഗതസൗകര്യത്തിന്റെ വ്യാപനത്തോട്കൂടി ഓലഓട് വീടുകൾ വ്യാപകമാകാൻതുടങ്ങി. അറുപതുകളിൽ അങ്ങിങ്ങായി ടെറസ്സ് വീടുകൾ ഉയർന്ന് വരാൻ തുടങ്ങി. ഇപ്പോൾ നഗരസഭയിൽ അംഗീകാരമുള്ള 5154 വീടുകൾ ഉണ്ട്. ഇതിൽ58· ശതമാനംഓടിട്ട വീടുകളും 25 ശതമാനംടെറസ്സ് വീടുകളും 17ശതമാനം കുടിലുകളുമാണുള്ളത്. ഇപ്പോൾ നിർമ്മിച്ചു വരുന്ന വീടുകളിലധികവും ടെറസ്സ് വീടുകളാണ്. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള സാമ്പത്തിക നേട്ടങ്ങളും, മരലഭ്യതകുറവും ആശാരിവിഭാഗങ്ങളുടെ കൂലി വർദ്ധനവും ടെറസ്സ് വീടുകളുടെ നിർമ്മാണത്തിന് ആക്കം കൂട്ടുകയാണ്. കരഭൂമിയുടെ അഭാവം ഭൂരിഭാഗം വരുന്ന നെൽവയലുകൾ നികത്തി പുരയിടങ്ങളാക്കിമാറ്റുന്ന അവസ്ഥക്ക് കാരണമായിട്ടുണ്ട്. ടെറസ്സ് വീടുകൾ വയനാടൻ കാലാവസ്ഥക്ക് അനുയോജ്യമല്ലാ എന്നാണ് അനുഭവം കാണിക്കുന്നത്. ഇപ്പോൾ നഗരസഭയിൽ മുണ്ടേരി, അമ്പിലേരി, മടിയൂർ, എമലി പ്രദേശങ്ങളിലാണ് കൂടുതൽ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോഴുള്ള വീടുകളുടെ എണ്ണം വാർഡ് തിരിച്ച് (9 വാർഡുകൾ) പട്ടിക 1ൽ ചേർക്കുന്നു.

നഗരസഭ അംഗീകാരമുള്ള വീടുകൾക്ക് പുറമേ അനേകം കുടിലുകൾ കൽപ്പറ്റയിൽ ഉണ്ട്. ഗ്രാമസഭകളിൽനിന്നും കണക്കുകൾപ്രകാരം കുടിലുകളുടെ എണ്ണം രണ്ടായിരത്തോളമാണ്.

അന്യജില്ലകളിൽനിന്നും വന്ന ജീവനക്കാർ താമസസൗകര്യത്തിന് വൈഷമ്യംനേരിടുകയാണ്. വനിതകൾക്കായി ഉണ്ടാക്കിയ 3 ഹോസ്റ്റലുകളും പുരുഷന്മാർക്ക് ഒരു ഹോസ്റ്റലുമാണുള്ളത്.

ലക്ഷംവീട് പദ്ധതിപ്രകാരം വീടുകൾ അനുവദിച്ചവർ വ്യാപകമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഭവനവായ്പാരംഗത്ത് കൽപ്പറ്റയിൽ ഒരു സഹകരണസംഘത്തിന് പുറമേ ബാങ്കുകൾ, L.I.C ഹൗസിംങ്ബോർഡ് എന്നിവയും, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും വായ്പ നൽകുന്നുണ്ട്. പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വില്ലേജ് ഓഫീസ് വഴിയും ഭവനവായ്പാസഹായം നൽകി വരുന്നുണ്ട്.

ദുർബല വിഭാഗങ്ങൾക്ക് വില്ലേജ് ആഫീസ് മുഖാന്തരം ഭവന വായ്പാ സഹായം നല്കിവരുന്നുണ്ട്.

### പ്രശ്നങ്ങൾ


- പുരയിടങ്ങളുടെ വർദ്ധിച്ച വിലയും, ലഭ്യതക്കുറവും
- കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
- വിദഗ്ദതൊഴിലാളികളുടെ അഭാവം
- നിർമ്മാണ തൊഴിലാളികളുടെ കൂലിനിരകികലുള്ള വർദ്ധനവ്
- കെട്ടിടമുണ്ടാക്കുന്നതിനുള്ള നിബന്ധനകൾ
- വായ്പകൾ സാധാരണക്കാരന് ലഭിക്കുന്നതിനുള്ള നൂലാമാലകളും വായ്പ നിഷേധിക്കലും
- അമിതമായ പലിശനിരക്കുകൾ

### നിർദ്ദേശങ്ങൾ

- 2 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനനിയന്ത്രണവും സൂപ്പർടാക്സും ഈടാക്കണം.
- കെട്ടിടനിർമ്മാണ സാമഗ്രകളുടെ വിതരണത്തിൽ ഗവ: നിയന്ത്രണം കൊണ്ടുവരുക.
- വായ്പകളിലുള്ള നൂലാമാലകൾ ഒഴിവാക്കുകയും, പലിശ നിരക്ക് കുറക്കുകയും ചെയ്യുക.
- ചെറുകിട ഭവനനിർമ്മാണംനടത്തുന്നതിന് നഗരസഭയും സഹകരണസ്ഥാപനവും കുടിച്ചേർന്നുള്ള വായ്പാ പദ്ധതികൾ അനുവദിക്കുക.
- ചിലവ് കുറഞ്ഞ ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി നഗരസഭയിൽ സ്ഥാപിക്കുക.
- സർക്കാർ-കോർപ്പറേഷൻ-ബോർഡുകൾ എന്നിവ നൽകുന്നഭവനനിർമ്മാണ വായ്പകൾ വർദ്ധിപ്പിക്കുകയും,വായ്പാത്തുക ഉയർത്തുകയും ചെയ്യുക.
- മുൻസിപ്പൽ പ്രദേശത്തെ ചെറുകിട വീടുകൾക്ക് ഏകീകരിച്ച പ്ലാൻ നഗരസഭ തയ്യാറാക്കികൊടുക്കുക.
- വൻകിട വീടുകൾ നിയമവിരുദ്ധമായി നിർമ്മിക്കുന്നതിന് കർശന നിയന്ത്രണം കൊണ്ടുവരിക.
- വാടകവീടുകളുടെ നിയമ വിരുദ്ധമായ നിർമ്മാണം തടയുക.
- ഹൗസിംങ്ങ് കോളനികളിൽ പൊതു അഴുക്ക്ചാലും മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങളും സ്ഥാപിക്കുക.


കഴിഞ്ഞ 3 വർഷത്തിൽ ഭവനനിർമ്മാണത്തിൽ ഉണ്ടായ വർദ്ധനകൾ

| | |
|---|---|
| 1993-94 | 286 |
| 1994-95 | 342 |
| 1995-96 | 351 |



| വാർഡ് | ടെറസ്സ് | ഓട് | കുടിൽ |
|---|---|---|---|
| 1 | 140 | 331 | 217 |
| 2 | 75 | 125 | 109 |
| 3 | 129 | 249 | 36 |
| 4 | 93 | 408 | 130 |
| 5 | 54 | 380 | 19 |
| 6 | 198 | 320 | 166 |
| 7 | 94 | 245 | 19 |
| 8 | 222 | 371 | 72 |
| 9 | 270 | 540 | 182 |
| ആകെ | 1275 | 2969 | 950 |

(അവ: മുൻസിപ്പൽ ഓഫീസ്, പഴയവാർഡ് അടിസ്ഥാനത്തിൽ)




## സാമൂഹ്യക്ഷേമം

ഇൻഡ്യയിലെപോലെ ധനികദരിദ്രവൽക്കരണം അതിദ്രുതം നടന്നുകൊണ്ടിരിക്കുന്ന രാജ്യത്ത് സാമൂഹ്യക്ഷേമ പരിപാടികൾ ശക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കും സംഘടിത അസംഘടിത തൊഴിലാളികൾക്കുമാണ് ഊന്നൽ നൽകുന്നത്. കേന്ദ്രസംസ്ഥാന സർക്കാരുടെ സഹായത്തോടുകൂടിയും

തൊഴിൽ ഉടമകളുടെ സഹായത്തോടും കൂടിയാണ് ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നത്. നിലവിലുള്ള പല പദ്ധതികളെകുറിച്ച് ജനങ്ങളുടെ അറിവില്ലായ്മ, സാങ്കേതിക നൂലാമാലകൾ എന്നിവ പ്രായോഗികലത്തിൽ പദ്ധതി നടത്തിപ്പിന് വിഘാതമായിട്ടുണ്ട്. 1995-96 വർഷത്തിൽ മിശ്രവിവാഹിതർക്കുള്ള ധനസഹായവും വികലാംഗർക്കുള്ള ഗ്രാന്റും നഗരസഭാപരിധിയിൽ ഉപയോഗപ്പെട്ടിട്ടില്ല.

മുൻസിപ്പൽ പരിധിയിൽ ഇപ്പോൾ ഇല്ലെങ്കിലും DWCRA യുടെ 2 യൂണിറ്റ് മുൻകാലങ്ങളിൽ വായ്പയും സബ്സിഡിയും വിതരണം ചെയ്തിട്ടിട്ടുണ്ട്. സ്ത്രീകളുടെ കൂട്ടായ്മക്ക് നടക്കുന്ന സംഘടകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

DWCRA യുടെ സഹായം ലഭിച്ച വിവരങ്ങൾ

| ഡിവിഡൻ | വർഷം | വായ്പ | സബ്സിഡി | SC | ST | മറ്റുള്ളവർ |
|---|---|---|---|---|---|---|
| 7 | 84-85 | 78.000 | 45,000 | - | 4 | 10 |
| 10 | 85-86 | 79,500 | 45,000 | - | 1 | 15 |

18 മുതൽ 35 വയസ്സ് വരെ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിപ്രകാരം 108 പേർക്കാണ് പരിശീലനം നൽകിയിട്ടുള്ളത്. കമ്പോസിംങ്ങ്, ടൈപ്പ്റൈറ്റിംഗ്, എംബ്രോയിഡറി, ടൈലറിംഗ് എന്നീവിഷയങ്ങളിലായാണ് കഴിഞ്ഞ 3വർഷം പരിശീലനം നല്കിയിട്ടുള്ളത്. കൂടുതൽ പേർക്ക് പരിശീലനം നല്കാൻ സാദ്ധ്യതകൾ ഉണ്ട് . വിവിധതരം പെൻഷനുകൾ മുൻസിപ്പൽ പ്രദേശത്ത് വിതരണം ചെയ്യുന്നു.

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | ക്ഷയരോഗ പെൻഷൻ | ക്യാൻസർ പെൻഷൻ |
|---|---|---|---|---|---|
| 1991 | 6 | 4 | 4 | 1 | |
| 1992 | 2 | 5 | 6 | | |
| 1993 | 2 | 5 | 3 | | |
| 1994 | 2 | 11 | 6 | 1 | |
| 1995 | 2 | 4 | 1 | 3 | 1 |
| 1996 | 5 | 7 | 1 | | |

മേൽ കാണിച്ചപെൻഷൻ പദ്ധതികൾ അർഹരായവരിൽ ഭൂരിഭാഗത്തിനും ലഭിച്ചില്ല.

മുൻസിപ്പൽ പരിധിയിൽ 59 പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നു.(35 വനിതയും, 24 പുരുഷൻമാരുമാണ്.) അനർഹരായവർ വേതനം കൈപ്പറ്റുന്നത് കണ്ട് വരുന്നു.

വികലാംഗകുട്ടികൾക്കുള്ള ധനസഹായം 95-96 വർഷത്തിൽ 71പേർക്ക് മാത്രമേ കൊടുത്തിരുന്നുള്ളു. 350 പേർക്കോളം കിട്ടാനുള്ള അർഹതയുണ്ട്. 1 മുതൽ 4വരെ വയസ്സുള്ളവർക്ക് 325 രൂപയും 4 മുതൽ 8 വരെയുള്ളവർക്ക് 490 രൂപയുമാണ് ഇപ്പോഴത്തെ നിരക്ക്.

## കർഷകതൊഴിലാളി പെൻഷൻ

189 പേർക്ക് നിലവിൽ കർഷകതൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നത് അതിന്റെ 3 ഇരട്ടിയോളം ആളുകൾക്ക് കിട്ടാനുള്ള അർഹതയുണ്ട്.

## പ്രശ്നങ്ങൾ

- ട്രൈസം പരിശീലന പദ്ധതി പ്രാദേശികമായി സാദ്ധ്യതയുള്ള വിഷയങ്ങളിൽ നടത്തേണ്ടതുണ്ട്.
- വിവിധ പെൻഷൻ പരിപാടികൾക്കുള്ള ഗുണഭോക്താക്കളെ വാർഡ്- തലത്തിൽ കണ്ടെത്തി നഗരസഭവഴി പെൻഷൻ വിതരണം ചെയ്യേണ്ടതുണ്ട്.
- തൊഴിലില്ലായ്മവേതനം വരുമാനപരിധി ഉയർത്തേണ്ടതാണ്. ഇപ്പോൾ വേതനം വാങ്ങിക്കുന്നവരുടെ സാമ്പത്തികനില പരിശോധിക്കാൻ നഗരസഭ ശ്രദ്ധിക്കണം
- വികലാംഗപെൻഷൻ കൂടുതൽപേർക്ക് എത്തിക്കാൻ വാർഡ് വികസന സമിതികൾ പ്രവൃത്തിക്കേണ്ടതാണ്.
- ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് സൗജന്യചികിത്സക്ക് ധനസഹായം നൽകാനുള്ള നടപടികൾ ഉദാരമാക്കണം.
- വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം നൽകാൻ കഴിയണം.
- തട്ട്കടക്കാർ, ഉന്തുവണ്ടിക്കാർ, യാചകർ, കണക്കിൽപ്പെടാത്ത വികലാംഗർഎന്നിവരുടെ പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## അംഗൻവാടികൾ

മുൻസിപ്പൽ പരിധിയിൽ 19 അംഗൻവാടികളാണ്

| പട്ടിക 2 | | |
|---|---|---|
| I. | ആകെ വീടുകൾ | 4370 |
| a. | കോൺക്രീറ്റ് | 1373 |
| b. | ഓടിട്ടത് | 2269 |
| c. | ഓലമേഞ്ഞത് | 170 |
| d. | കുടിൽ | 173 |
| II | കക്കൂസുകളുടെ എണ്ണം | |
| a. | സെപ്ടിക് ടാങ്ക് | 127 |
| b. | E. S. P | 3876 |
| c. | മറ്റുള്ളവ | 318 |
| III. | കുടിവെള്ള സ്രോതസ്സ് | |
| a. | സാനിറ്ററി വെൽ | 2490 |
| b. | സാധാരണകിണർ | 938 |
| c. | കുളം | – |
| d. | നദി | 1 |
| e. | പൈപ്പ് | 261 |
| IV | തൊഴുത്ത് | |
| a. | വീടിനോട് ചേർന്നത് | 318 |
| b. | പ്രത്യേകിച്ച് | 20 |
| V. | കമ്പോസ്റ്റ് കുഴി | |
| a. | ഉള്ളത് | 1033 |
| b. | ഇല്ലാത്തത് | 2470 |
| VI. | വൈദ്യുതി | |
| a. | വൈദ്യുതീകരിച്ച വീടുകൾ | 2848 |
| b. | അല്ലാത്തവ | 2470 |
| VII. | ജനസംഖ്യ | 23729 |
| a. | പുരുഷൻമാർ | 8251 |
| b. | സ്ത്രീകൾ | 8257 |
| c. | കുട്ടികൾ | 7221 |
| VIII | പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ | 3240 |
| a. | 15–19 | 145 |
| b. | 20–24 | 582 |
| c. | 25–29 | 832 |
| d. | 30–34 | 755 |
| e. | 35–39 | 628 |
| f. | 40–44 | 298 |

| | | |
|---|---|---|
| | (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | |
| a. | 1 കുട്ടി | 454 |
| b. | 2.കുട്ടി | 1216 |
| c. | 2-ൽ കൂടുതൽ | 1721 |
| X | കുടുംബാസൂത്രണ മാർഗ്ഗംസ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) | |
| a. | 1 കുട്ടി | 221 |
| b. | 2 കുട്ടി | 1148 |
| c. | 2ൽകൂടുതൽ | 1313 |
| XI | അംഗവൈകല്യമുള്ളവർ | |
| a. | അന്ധർ | 7 |
| b. | ബധിരർ | 14 |
| c. | മൂകർ | 11 |
| d. | ബധിരമൂകർ | 18 |
| e. | ചലനവൈകല്യങ്ങൾ | 20 |
| XII | മന്ദബുദ്ധികൾ എണ്ണം പ്രായം | |
| a. | 05 | 1 |
| b. | 6–10 | 2 |
| c. | 11–15 | 2 |
| d. | 16 മുതൽ | 4 |
| XIII | സ്ഥായിയായ രോഗബാധിതർ | |
| a. | രക്തസമ്മർദ്ദം | 78 |
| b. | പ്രമേഹം | 37 |
| c. | കാൻസർ | 13 |
| d. | കുഷ്ഠം | – |
| e. | ക്ഷയം | 12 + 14 (14 is primary complex) |
| f. | ഹൃദ്രോഗം | 23 |
| | ആകെ | 177 |
| XIV | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 560 |
| b. | പ്രതിരോധ കുത്തിവയ്പ് നടത്തിയവർ | 560 |
| XV | ആകെ ഗർഭിണികൾ | 219 |

നിലവിലുള്ളത്. ജനസാഖ്യക്കണക്കുകൾപ്രകാരം 5 അംഗൻവാടികൾക്കും കൂടി സാധ്യതയുണ്ട്. പല ഡിവിഷനുകളിലും അംഗൻവാടികൾ ഇല്ല. ചില അംഗൻവാടികൾ 2.കി.മി അധികം നടന്ന് വേണം കുട്ടികൾ എത്തിപ്പെടാൻ.

ചന്തക്കുന്ന്. എമലി, ആമ്പലേരി, തുറക്കോട്ക്കുന്ന്, മരവയൽകോളനി, പുളിയാർമല, പള്ളിത്താഴെ എന്നീ അംഗൻവാടികെട്ടിടം ശോചനീയമാണ്. പ്രാഥമികസൗകര്യങ്ങളുള്ള രണ്ട് അംഗൻവാടികളെയുള്ളു.

ആദിവാസികോളനികളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ കുട്ടികളെ അയക്കുന്ന കാര്യത്തിൽ വിമുഖത കാണിക്കുന്നു. അംഗൻവാടികളിളുടെ വിശദവിവരം പട്ടികയിൽ കാണിക്കുന്നു.

### പ്രശ്നങ്ങൾ/സാദ്ധ്യതകൾ

- ⌘ കെട്ടിടമില്ലാത്ത അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾ അറ്റകുറ്റ പണിയും നടത്തുക.
- ⌘ മുൻസിപ്പൽ ഭൂമിയോ പുറംപോക്കോ അംഗൻവാടിക്ക് കെട്ടിടം പണിയാൻ അനുവദിക്കണം.
- ⌘ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളെ അംഗൻവാടിയിൽസ്ഥിരമായി ഹാജരാവുന്ന അമ്മമാർക്ക് ഗ്രാന്റ് അനുവദിക്കേണ്ടതാണ്.
- ⌘ അംഗൻവാടി ഇല്ലാത്ത ഡിവിഷനുകളിൽ അംഗൻവാടി സ്ഥാപിക്കണം
- ⌘ അംഗൻവാടികളുടെ പ്രപർത്തനങ്ങൾ വാർഡ് വികസനസമിതികളുടെ മേൽനോട്ടവും, പങ്കാളിത്തവും ഉണ്ടാകേണ്ടതാണ്.
- ⌘ മലയാളം മീഡിയംസ്കൂളുകളിൽ പ്രവേശനത്തിന് അംഗൻവാടി വിദ്യഭ്യാസം നിർബന്ധമാക്കണം.
- ⌘ അംഗൻവാടി തല-കലാ-കായിക-മത്സരങ്ങൾ മുനിസിപ്പൽതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
- ⌘ എല്ലാ അംഗൻവാടികളിലും പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുകയും, കളിപ്പാട്ടങ്ങൾ വിതരണം ചെയ്യുകയും വേണം. അംഗൻവാടി ജീവനക്കാരെകൊണ്ട് അമിതമായി ചെയ്യിക്കുന്ന ജോലികൾക്ക് ഒരു സഹായം നഗരസഭചെയ്യേണ്ടതാണ്. കേന്ദ്രഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇന്ദിരാമഹിളാകേന്ദ്ര വയനാട്ടിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്.

### പൊതുവിതരണം

*കല്പറ്റ നഗരസഭയിൽ 7 റേഷൻ ഷാപ്പുകളിലായി 4344 റേഷൻകാർഡ് ഉടമകളാണുള്ളത്. ഏറ്റവും കൂടുതൽ കാർഡുകൾ എ.ആർ.ഡി.3ലും കുറവ് എ.ആർ.ഡി 91ലുമാണ്.*

*ഇതിനുപുറമേ ഒരു സൂപ്പർമാവേലി സ്റ്റോറും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.*

*വിലനിലവാരം പിടിച്ചു നിർത്തുന്നതിൽ ശ്രദ്ധിക്കേണ്ട മാവേലി സ്റ്റോർ സൂപ്പർ മാവേലി ആയതിനാൽ ഗുണപ്രദമാകുന്നില്ല.*



# സംസ്കാരം

സഹ്യൻെറ നെറുകയിൽ ആയിരകണക്കിനാളുകളുടെ സംസ്കാരിക പൈതൃകം പേറി നിൽക്കുന്ന ഈ മനോഹര ഭൂമിയെ നോക്കിയാണ് ഗാന്ധി കേരളത്തിലെ കാശ്മീരെന്നു വിളിച്ചത്. ആയിരത്തിലേറെ വർഷങ്ങൾക്ക് മുൻപ് കടന്നു വന്ന ജൈനൻമാർ 500 വർഷങ്ങൾക്ക് മുൻപ് വന്ന നായർ പടയാളികളും 200 വർഷങ്ങൾക്ക് മുൻപ് കടന്നു വന്ന മുസ്ലീങ്ങളും വയനാടിൻെറ മക്കളായിരുന്ന പണിയർ, കാട്ടുനായ്ക്കർ, ഊരാളി കുറുമരും സമന്വയിച്ച് സമ്പന്നമാക്കിയ സാംസ്കാരിക പൈതൃകം കൽപ്പറ്റക്കുണ്ട്.

ജനസംഖ്യയിൽ 15% ത്തോളം വരുന്ന പണിയർ, കാട്ടു നായ്ക്കർ, കുറിച്യർ, ഊരാളി കുറുമർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾ ഇവിടെ ജീവിക്കുന്നു. ഇതിൽ കുറിച്യർ പഴശ്ശി കലാപ ഘട്ടത്തിൽ കുടിയിരുത്തപ്പെട്ടവരാണ്. നാഗരീക സമൂഹമായി ബന്ധപ്പെട്ട പ്രാക് ജീവിത രീതികൾക്ക് മാറ്റം വന്നിട്ടുണ്ടെങ്കിലും വട്ടക്കളി, ആദിവാസി നൃത്തം പോലുള്ള കലാരൂപങ്ങൾ അവർക്കിടയിൽ ഇപ്പോഴും നിലനിൽക്കുന്നു.

ഏറ്റവും പഴക്കമുള്ള വിഭാഗങ്ങൾ ആദിവാസി വിഭാഗങ്ങളാണ്. ഇവരിൽ ഭൂരിപക്ഷം വരുന്ന പണിയ വിഭാഗം നെൽകൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരായിരുന്നു. ഈ സമൂഹം രൂപപ്പെട്ടതിൻെറ കാലഗണന ഇന്നും ചോദ്യ ചിഹ്നമായി കഴിയുകയാണ്. കാട്ടുനായ്ക്ക വിഭാഗം റാട്ടക്കൊല്ലിയിലും, വെള്ളാരം കുന്നിലും മാത്രമാണുള്ളത്. ഇവർ കർണ്ണാടകത്തിൽ നിന്നും വന്നവരാണെന്ന് സംശയിക്കുന്നുണ്ട്. ഇവർ കന്നട കലർന്ന ഭാഷയാണ് സംസാരിക്കുന്നത്. കാടുകളുമായി ഏറ്റവും താദാത്മ്യം പ്രാപിച്ചവരാണിവർ. മറ്റു ജനങ്ങളുമായി തീരേ കുറഞ്ഞ സമ്പർക്കമേ ഇവർക്കുള്ളൂ. ഊരാളി കുറുമർ കൽപ്പറ്റയിൽ തുറക്കോട്ടു കുന്ന് ഭാഗത്താണുള്ളത്. ഇവർ മുള, കുട്ട, പരമ്പ് എന്നിവ നെയ്ത് കഴിയുന്നവരായിരുന്നു. കുറിച്യ സമുദായം കൂട്ടുകുടുംബ വ്യവസ്ഥയിലായിരുന്നു കഴിഞ്ഞു വന്നിരുന്നത്. ഇവർ നെടുങ്ങോട്, പുളിയാർമല ഭാഗത്താണ് താമസിച്ചു വന്നിരുന്നത്. ജൈന വിഭാഗത്തിൽ തരകൻമാരാണ് ആദ്യമായി വന്നിരുന്നത്. തുടർന്ന് ഗൗഡരും എത്തിചേർന്നു. കൃഷിക്കാരും, വ്യാപാരികൾ, തൊഴിലാളികൾ എന്നിവരായാണ് ക്രിസ്ത്യൻ മുസ്ലീം സമുദായങ്ങൾ കടന്നു വന്നത്. തികച്ചും സൗഹാർദ്ദം നിറഞ്ഞ സാമൂഹ്യ അന്തരീക്ഷമാണ് കൽപ്പറ്റയിൽ തുടർന്നിരുന്നത്. ഒരിക്കലും കൽപ്പറ്റയിൽ ഒരു വർഗ്ഗീയ ചേരി തിരിവോ സംഘട്ടനമോ ഇവിടെ നടന്നിട്ടില്ല. ഹിന്ദുക്കളുടെ കൂടി പങ്കാളിത്തത്തോടുകൂടി നടന്ന മൈതാനി നേർച്ചയും മുസ്ലീങ്ങളുടെ സജീവ സഹകരണത്തോടു കൂടി നടന്ന മാരിയമ്മൻ കോവിൽ ഉൽസവവും ശ്രദ്ധേയമായിരുന്നു. ഗോത്ര ജനങ്ങളുടെയും ഹൈന്ദവരുടെയും പത്തിലധികം ആരാധനാലയങ്ങളുണ്ട്. കൂടുതൽ പഴമ അവകാശപ്പെടുന്ന ഉൽസവം മാരിയമ്മൻ കോവിൽ ഉൽസവമായിരുന്നു. വർഷം മുഴുവൻ ഒരുക്കി വയ്ക്കുന്ന നേർച്ചകളുമായി കോളനികളിൽ നിന്നും വട്ടക്കളിയുമായി കൂട്ടം കൂട്ടമായി ആദിവാസികൾ ഉൽസവത്തിനെത്തിയിരുന്നു.

മുസ്ലീം ഉൽസവങ്ങളായി പെരുന്നാൾ, മൈതാനി മഖാമിൽ വച്ചു നടക്കുന്ന ഉറൂസ് ശ്രദ്ധേയമായ പരിപാടിയാണ്.

കൽപ്പറ്റ മൈതാനി നേർച്ചയിൽ 'വരവിൽ'വരുന്നവർക്ക് 'പാനകം' (വെല്ലം, ചുക്ക്, ഏലം എന്നിവ ചേർത്ത വെള്ളം) നൽകി തളർച്ച മാറ്റിയിരുന്നത് കൃഷ്ണൻകുട്ടി നായർ എന്ന സമീപവാസിയായിരുന്നു.

78

പത്തോളം ക്രിസ്ത്യൻ പള്ളികൾ കൽപ്പറ്റയിലുണ്ട്. കൽപ്പറ്റ തിരുഹൃദയ ദേവാലയത്തിലെ തിരുനാൾ എടുത്തു പറയത്തക്ക പ്രാധാന്യമുള്ളതാണ്.

ഇവ കൂടാതെ തേര്യമ്പം, എടത്തിൽ എന്നീ സ്ഥലങ്ങളിൽ തിറമഹോൽസവങ്ങളും നടക്കുന്നുണ്ട്. ഫെബ്രുവരിയിൽ പുളിയാർമല അനന്തനാഗ ക്ഷേത്രത്തിൽ നടക്കുന്ന വാർഷിക പൂജയും, ഉൽസവങ്ങളും ശ്രദ്ധേയമാണ്. എട്ടാമത്തെ തീർത്ഥങ്കരനായ ചന്ദ്രനാഥ സ്വാമിയുടെ മരണാർത്ഥം ഒരു സ്തൂപം മയിലാടിപ്പാറയിൽ സ്ഥാപിച്ചിട്ടുണ്ട്.

ഇന്ത്യയിലെ എല്ലാ പ്രമുഖ രാഷ്ട്രീയ കക്ഷികളും പ്രാദേശിക രാഷ്ട്രീയ പാർട്ടികളും അവരുടെ ബഹുജന തൊഴിലാളി സംഘടനകളും കൽപ്പറ്റയിൽ പ്രവർത്തിക്കുന്നുണ്ട്.

വയനാട്ടിനെ ആദ്യമായി പാർലമെൻറിൽ പ്രതിനിധീകരിച്ച **എം. കെ. ജിനചന്ദ്രൻ** മദിരാശി നിയമസഭയിൽ വയനാടിനെ പ്രതിനിധീകരിച്ച **പത്മപ്രഭാഗൗഡർ**, കോഴിക്കോട് പാർലമെൻറ് മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന **എം. പി. വീരേന്ദ്രകുമാർ** എന്നിവർ കൽപ്പറ്റക്കാരാണ്.

പ്രശസ്ത നിരൂപകനായ കൽപ്പറ്റ നാരായണൻ, കൽപ്പറ്റ ബാലകൃഷ്ണൻ, സാജൻ കൽപ്പറ്റ, മാപ്പിള കവി എം. എ. കൽപ്പറ്റ എന്നീ എഴുത്തുകാർ കൽപ്പറ്റയുമായി ബന്ധപ്പെട്ടു കിടക്കുന്നവരാണ്.

1916 ൽ ബോർഡ് സ്കൂൾ ആരംഭിക്കുന്ന തോടുകൂടിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൽപ്പറ്റയിൽ പ്രവർത്തനമാരംഭിക്കുന്നത്. വയനാട്ടിലെ ആദ്യത്തെ ഹൈസ്കൂൾ ആയ എസ്. കെ. എം. ജെ സ്കൂളും കൽപ്പറ്റയിലാണ് തുടങ്ങിയത്.

വിശ്വ മഹാകവി **രവീന്ദ്രനാഥ ടാഗോറി**ൻെറ സ്മരണാർത്ഥം അദ്ദേഹത്തിൻെറ ചരമവാർഷികമായ 1941 ൽ തന്നെ ആരംഭിച്ച 'ടാഗോർ മെമ്മോറിയൽ' ആണ് ആദ്യത്തെ ഗ്രന്ഥശാല. സാംസ്കാരിക പ്രവർത്തികൾ നാലണ പിരിവിലൂടെ തുടങ്ങിയ ഈ സ്ഥാപനം പിന്നീട് കോസ്മോ പോളിറ്റൻ ക്ലബ്ബിലേക്ക് മാറി. 1954 ൽ ഈ ഗ്രന്ഥശാല പഞ്ചായത്തിനു കൈമാറി.

ഇലക്ട്രോണിക്സ് മാധ്യമങ്ങളും അതിപ്രസരവും ഉപഭോഗസംസ്കാരത്തിൻെറ കുത്തൊഴുക്കും വായനയെ തെല്ലൊന്നുമല്ല ബാധിച്ചത് എന്ന് നമ്മുടെ ഗ്രന്ഥശാലകൾ ചൂണ്ടികാണിക്കുന്നു.

70 കളിൽ ദിവസേന നൂറിലധികം പുസ്തകങ്ങൾ വിതരണം ചെയ്തിരുന്ന ജില്ലാ ലൈബ്രറിയിൽ ഇന്ന് ഒരു മാസം 100 പുസ്തകം വിതരണം ചെയ്യപ്പെടുന്നില്ല. എൺപതുകളിൽ 75-100 പുസ്തകങ്ങൾ വിതരണം ചെയ്തിരുന്ന ശക്തി ഗ്രന്ഥശാലയിൽ ഇപ്പോൾ 30 ഓളം പുസ്തകങ്ങളെ വിതരണം ചെയ്യുന്നുള്ളൂ. കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങൾ പ്രോൽസാഹന ജനകമല്ല.

കോഴിക്കോട് കേന്ദ്രമായ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ 1962 ൽ ആരംഭിച്ച ജില്ലാ കേന്ദ്ര ലൈബ്രറിയുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്.ചോർന്നൊലിക്കുന്ന ഒരു വാടക മുറിയിലാണ് ഇതിൻെറ പ്രവർത്തനം. 5,000ത്തോളം പുസ്തകങ്ങൾ സ്റ്റോക്കുള്ള ഈ ലൈബ്രറിയിൽ 2,000 ത്തോളം പുസ്തകങ്ങൾ മാത്രമാണ് വിതരണയോഗ്യമായിട്ടുള്ളത്. 1956 ന് ശേഷം ഈ ലൈബ്രറിയിൽ ഒറ്റ പുസ്തകങ്ങളും വാങ്ങിച്ചിട്ടില്ല.

1976 ൽ സ്ഥാപിച്ച **ശക്തി ഗ്രന്ഥശാല** കൽപ്പറ്റയുടെ സാംസ്കാരിക ചരിത്രത്തിൽ കനപ്പെട്ട സംഭാവന നൽകിയ സ്ഥാപനമാണ്. കവിയരങ്ങുകളും, വെടിവട്ടവും സാംസ്കാരിക നായകൻമാരുമായുള്ള മുഖാമുഖങ്ങളും സമകാലീന സാഹിത്യ രാഷ്ട്രീയ സാംസ്കാരിക വിഷയങ്ങളെ അധികരിച്ച ചർച്ചകളും സംവാദങ്ങളും കൊണ്ട് സജീവമായിരുന്ന ശക്തി ഗ്രന്ഥശാലയിൽ ഇന്ന് ഇത്തരം പ്രവർത്തനങ്ങൾ പ്രായേണ കുറവായാണ് കാണുന്നത്.

1984 ൽ സ്ഥാപിച്ച **T. R. V. സ്മാരക ഗ്രന്ഥശാല**യ്ക്ക് സ്വന്തമായ കെട്ടിടം ഉണ്ട്. പൊതു ടി. വിയും കാരംസ് കളിക്കുമുള്ള സൗകര്യമുള്ള ഗ്രന്ഥശാലയിൽ വായനയേക്കാളേറെ ഇത്തരം കാര്യങ്ങളിൽ പ്രാധാന്യം നേടുന്നുവോ എന്ന് സംശയം നിലനിൽക്കുന്നുണ്ട്. 1985 ൽ ആരംഭിച്ച നഗരസഭ ഗ്രന്ഥശാലയുടെ സ്ഥിതിയും പരിതാപകരമാണ്. 1297 പുസ്തകങ്ങൾ മാത്രമുള്ള ഇവിടെ പ്രതിമാസം 45 പുസ്തകങ്ങളോളമെ വിതരണം ചെയ്യുന്നുള്ളു. നഗരസഭയുടെ ഇടുങ്ങിയ മുറിയിൽ നിന്നും ഇതിന് ശാപമോക്ഷം ലഭിച്ചിട്ടില്ല.

മുണ്ടേരിയിൽ സൃഷ്ടി സാംസ്കാരിക വേദി ഗ്രന്ഥശാലയും, കൽപ്പറ്റയിൽ റീഡേഴ്സ് എജുക്കേഷൻ ക്ലബ്ബ് എന്ന പേരിലും ചെറിയ രണ്ട് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്.

ഗൗരവമായ വായനക്ക് ശൈശവാവസ്ഥ പിന്നിടാത്ത ഈ നഗരസഭയിൽ കാര്യമായ സൗകര്യങ്ങൾ ഒന്നുമ തന്നെ ഇല്ല. ഉന്നത വിദ്യാഭ്യാസം നടത്തുന്നവർക്ക് റഫറൻസിനാവശ്യമായ ഗ്രന്ഥങ്ങൾ എവിടെയും ലഭ്യമല്ല. വായനക്കാർക്ക് ആവശ്യമുള്ള പുസ്തകങ്ങൾ സൗകര്യപൂർവ്വം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ഗ്രന്ഥശാലകളിലിന്നില്ല.

നിരവധി അമേചർ കലാസമിതികൾ ജൻമം കൊള്ളുകയും അകാല മൃത്യു വരിക്കുകയും ചെയ്ത ചരിത്രമാണ് കൽപ്പറ്റയ്ക്കുള്ളത്.

എൺപതുകളുടെ ആദ്യപകുതിയിൽ നാടക സംഘങ്ങൾ സജീവമായിരുന്നു. മണിയങ്കോട് മടിയൂർ പ്രദേശങ്ങളിൽ ഈ കൂട്ടായ്മകൾ കണ്ടിരുന്നു. പഴയ കാലത്ത് അരങ്ങേറിയിരുന്ന പൊറോട്ട് നാടകങ്ങളും കൊയ്തൊഴിഞ്ഞ പാടങ്ങളിൽ ചെറുപ്പക്കാർ സംഘടിപ്പിച്ചിരുന്ന വെള്ളരി നാടകങ്ങളും ഇന്ന് ഓർമ്മകളായി മാത്രമവശേഷിക്കുകയാണ്. പരമ്പരാഗത കലാരൂപമായ ദഫ്മുട്ട് പുന:രുജ്ജീവിപ്പിക്കാൻ ചില കേന്ദ്രങ്ങളിൽ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. മൽസരങ്ങൾക്കുവേണ്ടി വീറും വാശിയുമോടെ നാടകങ്ങൾ സംഘടിപ്പിക്കുന്ന ചില സമിതികളും ഇപ്പോഴിവിടെയുണ്ട്.

കൽപ്പറ്റയിലെ ആദ്യസിനിമാശാലയായി ആരംഭിച്ച ഗോപാൽ ടാക്കീസ് ഇന്നില്ല. 4 സിനിമാ ശാലകൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. സമാന്തര സിനിമയുടെയും ഗൗരവമായ കാഴ്ചയുടെയും സന്ദേശവുമായ് പിറന്നുവീണ ഫിലിം സൊസൈറ്റികൾ ഇന്ന് നിഷ്ക്രിയമാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരത്താൽ ജനങ്ങളുടെ പങ്കാളിത്തം കുറഞ്ഞുപോയതാണ് ഇവയുടെ പ്രവർത്തനങ്ങൾ നിലയ്ക്കാൻ കാരണമാക്കിയത്. ഒയാസീസ് ഫിലിം സൊസൈറ്റി, ശക്തി ഫിലിം സൊസൈറ്റി, വയനാട് ഫിലിം സൊസൈറ്റി, നേതി ഫിലിം സൊസൈറ്റി എന്നിവ കൽപ്പറ്റ കേന്ദ്രീകരിച്ച് പ്രവർത്തിച്ചവയായിരുന്നു. 1993 വരെ സജീവമായിരുന്ന നേതി ഫിലിം സൊസൈറ്റി പ്രശസ്ത സംവിധായകരുടെ വെസ്റ്റിവല്ലുകളും, സംവിധായകരുമായി മുഖാമുഖവും ചർച്ചയും, സംവാദങ്ങളും സംഘടിപ്പിച്ചിരുന്നു.

വാണിജ്യ സിനിമകൾ ബ്രഹ്മാത്മകമായ ഒരു പൊള്ളലോകം സൃഷ്ടിക്കുന്ന ഈ കാലത്ത് സിനിമയെന്ത് കലാരൂപമെന്ന നിലയിൽ അതിന്റെ ചരിത്രമെന്ത് എന്നീ കാര്യങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കിയാലെ ഗൗരവതരമായ സിനിമകൾ നിലനിൽക്കുകയുള്ളൂ. വേണ്ട വിധം പ്രോൽസാഹനം ലഭിച്ചാൽ നല്ല സിനിമയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ ഫിലിം സൊസൈറ്റികൾക്ക് ഇനിയും കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ശാസ്ത്രീയ സംഗീതം, നൃത്തം, വാദ്യോപകരണങ്ങൾ എന്നിവ അഭ്യസിപ്പിക്കുന്ന ചില സ്വകാര്യ സ്ഥാപനങ്ങൾ കൽപ്പറ്റയിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്ക് ചിത്രരചനയിൽ പരിശീലനം നൽകാൻ ഒരു സ്ഥാപനവും ഇവിടെ നിലവിലുണ്ട്. കലാ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കാൻ മാത്രമായി രൂപം കൊണ്ട രണ്ട് സംഘടനകൾ ഉണ്ടെങ്കിലും അതിന്റെ ഗുണഫലം ഇന്ന് നഗരവാസികൾക്ക് ലഭിച്ചിട്ടില്ല.

> *അഖിലേന്ത്യ സംസ്ഥാന നേതാക്കൾക്ക് കൽപ്പറ്റ ജൻമം നൽകിയിട്ടുണ്ട്. എ. ഐ. സി. സി, ഭരണഘടന നിർമ്മാണ സമിതി എന്നിവയിലെ അംഗവും, തെക്കേ ഇന്ത്യൻ കോൺഗ്രസ് പാർലമെൻററി പാർട്ടി വിപ്പുമായിരുന്ന എം. കെ.* ***ജിനചന്ദ്രൻ*** *സോഷ്യലിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറി എം. പി.* ***പത്മപ്രഭാ ഗൗഡർ****, എസ്. എസ്. പി. അഖിലേന്ത്യ ട്രഷററും ജനതാദൾ സംസ്ഥാന അദ്ധ്യക്ഷനുമായ എം. പി.* ***വീരേന്ദ്രകുമാർ*** *എം. പി, ഭാരതീയ ജനസംഘം സംസ്ഥാന ട്രഷറർ* ***അനന്തയ്യ ഗൗഡർ*** *എന്നിവരാണവർ.*

**കായികരംഗം**

ഗ്രൗണ്ടിൽ ഫുട്ബോൾ ഉരുളുമ്പോൾ കാണികൾക്ക് ക്ഷാമമില്ലാതിരുന്ന കൽപ്പറ്റയിൽ ഇന്ന് ഫുട്ബാൾ കളി നാമാവശേഷമായിരിക്കുകയാണ്. കളിക്കാരനും, കാണിയും, റഫറിയുമായ കൽപ്പറ്റക്കാരനായ ആരോഗ്യസാമിയും ഓർമ്മയിൽ നിന്നും ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

കായിക രംഗത്ത് നിരവധി പ്രതിഭകളെ സംഭാവന ചെയ്യാൻ കൽപ്പറ്റയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ജില്ലാ രൂപീകരണത്തിനു മുൻപ് ക്ലബ്ബ് അടിസ്ഥാനത്തിൽ നടന്ന ജിനചന്ദ്ര മെമ്മോറിയൽ ഫുട്ബാൾ ടൂർണ്ണമെൻറിൽ വയനാട്ടിലെ പ്രമുഖ ടീമുകൾ വാശിയോടെ പങ്കെടുത്തിരുന്നു. ജിനചന്ദ്ര മെമ്മോറിയൽ ട്രോഫിക്ക് വേണ്ടി അഖിലേന്ത്യാ തലത്തിലും രണ്ട് തവണ കൽപ്പറ്റയിൽ മൽസരം നടത്തിയിരുന്നു.

ഇത് കൂടാതെ അഖിലേന്ത്യ വോളിബോൾ ടൂർണ്ണമെൻറ്കൾക്കും സംസ്ഥാനാടിസ്ഥാനത്തിൽ മറ്റു പല ടൂർണ്ണമെൻറുകളും കൽപ്പറ്റയിൽ നടന്നിട്ടുണ്ട്. ജില്ലാ കേന്ദ്രമെന്ന നിലയ്ക്ക് ജില്ലയിലെ പ്രമുഖ മൽസരങ്ങൾക്കെല്ലാം ആതിഥ്യമരുളിയിരുന്നത് കൽപ്പറ്റ എസ്. കെ.എം. ജെ ഹൈസ്കൂൾ ഗ്രൗണ്ടാണ്. ഫുട്ബോളിലുള്ള ആവേശം ക്രിക്കറ്റിൻെറ പ്രചരണത്തോടെ ഇല്ലാതായി കൊണ്ടിരിക്കുകയാണ്.

ഫുട്ബോൾ,ക്രിക്കറ്റ്, ഷട്ടിൽ, ബാറ്റ് മിൻറൺ, ബാസ്ക്കറ്റ് ബോൾ, ടേബിൾ ടെന്നീസ്, കബഡി, അത്ലറ്റിക്സ് എന്നീ ഇനങ്ങളിൽ വേണ്ടത്ര പരിശീലനങ്ങളും പ്രോൽസാഹനങ്ങളും ഇപ്പോൾ ലഭിക്കുന്നില്ല.

1984 ൽ ''മിസ്റ്റർ ഇന്ത്യ'' പട്ടം നേടിയ അബുസലിം ഇന്നും സജീവമായി ഒരു ജിംനേഷ്യം കൽപ്പറ്റയിൽ നടത്തുന്നുണ്ട്. സ്പോർട്ട്സ് കൗൺസിലിൻെറ കീഴിൽ പുളിയാർമല അമൃദിൽ പ്രവർത്തിക്കുന്ന മൾട്ടി ജിംനേഷ്യം പ്രവർത്തന രഹിതമാണ്. നാല് കരാട്ടെ സ്കൂളുകളും 3 ജിംനേഷ്യങ്ങളും ഒരു യോഗപരിശീലന കേന്ദ്രവും കൽപ്പറ്റയിൽ പ്രവർത്തിക്കുന്നുണ്ട്. കൽപ്പറ്റ കോസ്മോ പോളിറ്റൻ ക്ലബ്ബ് ഷട്ടിൽ ടേബിൾ ടെന്നീസ് എന്നിവയിൽ പ്രമുഖ കളിക്കാരെ സംഭാവന ചെയ്തിട്ടുണ്ട്. പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കാൻ കഴിയത്തതിൻെറ കാരണം സ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ കായികാഭിരുചി മനസ്സിലാക്കി വളർത്തിയെടുക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാത്തത് കൊണ്ടാണ് പുതിയ തലമുറയെ കായിക രംഗത്തെ പ്രോൽസാഹിപ്പിക്കുന്നതിന് ക്ലാസ്സുകൾ സജീവമാകാറുണ്ടെങ്കിലും കായിക പവർത്തനങ്ങൾക്ക് വളർന്നുവരാൻ പ്രധാന ഘടകമായ സ്റ്റേഡിയം കല്പ്പറ്റയിൽ ഇല്ല.

**നിർദ്ദേശങ്ങൾ**

✓ 400 ട്രാക്ക് ഇടാവുന്ന സറ്റേഡിയം സ്ഥാപിക്കുക.

✓ ഷട്ടിൽ ബാറ്റ്മിൻറൻ, ടേബിൾ ടെന്നീസ് ,ചെസ്സ് എന്നീ കളികൾക്കുവേണ്ടി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുക.

✓ അന്താരാഷ്ട്ര നിലവാരമുള്ള അമ്പെയ്ത് പരിശീലന കേന്ദ്രം ആരംഭിക്കുക.

✓ സ്കൂൾ വിദ്യാർത്ഥികളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക.

✓ അവധിക്കാല കോച്ചിങ്ങ് ക്യാമ്പുകൾ മുഴുവൻ സമയ കോച്ചിങ്ങ് ക്യാമ്പുകളാക്കുക.

✓ റജിസ്ട്രേഡ് ക്ലബ്ബുകൾക്ക് കായിക സാമഗ്രികൾ നൽകുക.

✓ മുനിസിപ്പൽ തലത്തിൽ കായിക പ്രതിഭകളെ ആദരിക്കുക.

✓ മൾട്ടി ജിംനേഷ്യം ആരംഭിക്കുക.

✓ പ്രാദേശിക, സംസ്ഥാന ദേശീയ തലത്തിലുള്ള ടൂർണ്ണമെൻറുകൾ സംഘടിപ്പിക്കുവാൻ പ്രോൽസാഹനം നൽകുക.

**സംസ്കാരം**

📖 ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ സഹായധനം ലഭ്യമാക്കുക

📖 ലൈബ്രറികളിലേക്ക് ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

📖 സ്കൂൾ വിദ്യാർത്ഥികൾക്ക് പാഠ്യേതര വിഷയങ്ങൾക്ക് ശ്രദ്ധപതിപ്പിക്കുവാൻ വേണ്ട പ്രോൽസാഹനം നൽകുക.

📖 നിലവിലുള്ള ഗ്രന്ഥശാലകൾ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ചർച്ചകൾക്ക് അവസരം ഒരുക്കുക.

📖 മൽസരങ്ങളിലുപരിയായി ക്ലബ്ബുകൾ തനതായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

📖 ജനവിദ്യ കേന്ദ്രങ്ങളിലൂടെ സാക്ഷരത പ്രവർത്തനത്തിന് ഊന്നൽ നൽകി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

📖 വിദ്യാർത്ഥികൾക്ക് കലാ സാഹിത്യാഭിരുചി വളർത്താനായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

📖 ജില്ലാ ആസ്ഥാനങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.

📖 ഗ്രന്ഥശാലകളില്ലാത്ത ഡിവിഷനുകളിൽ വാർഡ് വികസന സമിതി മുൻകൈയെടുത്ത് പ്രവർത്തനം അനുവദിക്കുവാൻ വേണ്ട നടപടികൾ ആസൂത്രണം ചെയ്യുക.

📖 ഗ്രന്ഥശാലകൾക്ക് വീടുകൾതോറും പുസ്തകങ്ങൾ എത്തിക്കുവാൻ വേണ്ടിയുള്ള വളണ്ടിയർമാർക്ക് നഗരസഭ ഹോണറേറിയം ഏർപ്പെടുത്തുക.

📖 കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിലുള്ള ഗ്രന്ഥശാലകൾ പുനരുജ്ജീവിപ്പിക്കുക.

📖 ബാല കൈരളി നേഴ്സറി ഗ്രന്ഥശാലകളോടനുബന്ധിച്ച് സ്ഥാപിക്കുക.

📖 പൊതുപരിപാടികൾക്ക് വിനോദ നികുതി ഇളവ് അനുവദിച്ചു ആവശ്യമായ പ്രോൽസാഹനം നൽകുക.

📖 ഫിലിം സൊസൈറ്റി പുനരുജ്ജീവിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

📖 മുനിസിപ്പാലിറ്റിയിലെ കലാകായിക സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഒരു സമിതി രൂപീകരിക്കകയോ അതിൻെറ കീഴിൽ ചർച്ചകളും സംവാദങ്ങളും സ്കൂൾ വിദ്യാർത്ഥികൾക്ക് അവധി കാലങ്ങളിൽ കലാ ക്യാമ്പും ആസൂത്രണം ചെയ്യുക.

📖 ആദിവാസികൾക്കിടയിലുള്ള ഐതിഹ്യങ്ങളും നാടൻ പാട്ടുകളും കലാരൂപങ്ങളും രേഖപ്പെടുത്തുകയും പരിപോഷിപ്പിക്കുവാനുള്ള സംവിധാനം സൃഷ്ടിക്കുകയും ചെയ്യുക.

📖 മുണ്ടേരിയിൽ സ്ഥാപിച്ചിട്ടുള്ള പാർക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ സജ്ജീകരിക്കുക.

📖 സ്ത്രീകൾക്ക് മാത്രമായി ഗ്രന്ഥശാല സ്ഥാപിക്കുക.

📖 അത്യന്താധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ രംഗപ്രവേശം ലോകത്തെ നമ്മുടെ ഉള്ളം കൈയിൽ എത്തിച്ചിരിക്കുന്നു. എന്നാൽ സാംസ്കാരികമായ ആദാന പ്രധാനങ്ങൾക്ക്പകരം സംസ്കാരിക അധിനിവേശത്തിന് മൂകസാക്ഷികളാവേണ്ട ദുര്യോഗമാണ് നാം ഇന്ന് അനുഭവിക്കുക. ആധുനിക നാഗരികത മൂല്യാപജയങ്ങളുടെ ഗർത്തത്തിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത് എന്നത് ഭീദിജനകമായ യാഥാർത്ഥ്യമാണ്.

📖 ജീവിതത്തിൻെറ സമസ്ത മേഖലകളിലും ഗുണപരമായ മാറ്റം വരുന്ന അഞ്ചു വർഷത്തെ സാംസ്കാരിക മണ്ഡലത്തിലെ ഉയർത്തെഴുന്നേൽപ്പുകൊണ്ട് സംജാതമാകുന്നു വെന്ന് നമുക്ക് പ്രതീക്ഷിക്കാം. നൈതിക മൂല്യങ്ങൾക്ക് അനുഷണം സംഭവിക്കുന്ന അപജയങ്ങൾക്കെതിരെ ജാഗ്രത പുലർത്തുകയും പ്രതിലോമ ശക്തികൾക്കെതിരെ മതനിരപേക്ഷത ജനാധിപത്യ സംസ്കാരം, സാമൂഹ്യ നീതി, പാരിസ്ഥിതികാപബോധം എന്നിവയിൽ ഊന്നി സാംസ്കാരിക പ്രതിരോധ നിര സുശക്തമാക്കുകയാണ് നമ്മുടെ കർത്തവ്യം.

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| പേരും മേൽവിലാസവും | സ്ഥാപിച്ച കെട്ടിടത്തിൻെറ വർഷം വിവരങ്ങൾ | നിലവിലുള്ള അംഗങ്ങൾ | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം | സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ |
|---|---|---|---|---|---|
| ജില്ലാ കേന്ദ്ര ലൈബ്രറി കൽപ്പറ്റ | 1962 വാടക | 1052 | 5000 | 100 | ഇല്ല |
| ശക്തി ഗ്രന്ഥശാല | 1976 വാടക | 613 | 6716 | 350 | ഉണ്ട് |
| ടി. ആർ. വി. സ്മാരക ഗ്രന്ഥശാല | 1984 സ്വന്തം | 232 | 2681 | 400 | ഉണ്ട് |
| നഗരസഭാ വായനശാല | 1989 സ്വന്തം | - | 1297 | 45 | ഇല്ല |
| സൃഷ്ടി സാംസ്കാരിക വേദി ഗ്രന്ഥശാല, മുണ്ടേരി | 1992 വാടക | 97 | 671 | 100 | ഇല്ല |
| റീഡേർസ് എജുക്കേഷൻ ക്ലബ്ബ് | - ” | 37 | 1100 | 40 | ഇല്ല |

## കൽപ്പറ്റ നഗരസഭയിലെ നിലവിലുള്ള ആരാധനാലയങ്ങൾ

| | | | | | | |
|---|---|---|---|---|---|---|
| പെരുന്തട്ട ശ്രീവിഷ്ണു ക്ഷേത്രം | 20 | പെരുന്തട്ട മുസ്ലീം പള്ളി | 19 | സെൻറ് വിൻസൻറ് ചർച്ച് | 12 | |
| മടിയൂർ വിഷ്ണുക്ഷേത്രം | 18 | അൽഫലാഹ്-മുസ്ലീം പള്ളി | 18 | സേക്രട്ട് ഹാർട്ട് ചർച്ച് | 15 | അനന്തനാഥസ്വാമി ക്ഷേത്രം |
| റാട്ടക്കൊല്ലി മലയാളത്തമ്മ ക്ഷേത്രം | 17 | റാട്ടക്കൊല്ലി മുസ്ലീം പള്ളി | 17 | ലൂഥറൻ പള്ളി | 8 | |
| ദുർഗ്ഗാദേവി ക്ഷേത്രം പുൽപ്പാറ | 16 | മസ്ജിദ് മുബാറക് | 17 | യഹോവസാക്ഷികളുടെ ദേവാലയം | 15 | |
| അയ്യപ്പക്ഷേത്രം | 12 | മുസ്ലീം പള്ളി പുൽപ്പാറ | 16 | സി. എസ്. ഐ . ദേവാലയം | 7 | |
| മാരിയമ്മൻ കോയിൽ | 17 | ചെറിയപള്ളി കൽപ്പറ്റ | 12 | സിലോൺ പെന്തക്കോസ്ത് ചർച്ച് | 9 | |
| മണിയങ്കോട് വിഷ്ണു ക്ഷേത്രം | 1 | നസ്റുദ്ദീൻ പള്ളി, കൽപ്പറ്റ | 8 | ഫാത്തിമ കാത്തലിക് ചർച്ച് | 13 | |
| എടഗുനി അയ്യപ്പ ഭജനമഠം | 10 | സലഫി മസ്ജിദ് കൽപ്പറ്റ | 7 | ആരോഗ്യമാതാ ദേവാലയം | 11 | |
| പുളിയാർമല ക്ഷേത്രം | 6 | മൈതാനി മുസ്ലീം പള്ളി | 9 | യാക്കോബൈറ്റ്സ് ചർച്ച് | 3 | |
| ശ്രീ സത്യസായി ഭജനമഠം | | ജമാഅത്ത് പള്ളി | 10 | ബ്രദറൺ സഭാ ദേവാലയം, | 15 | |
| ശ്രീനാരായണ മിഷൻ കേന്ദ്രം | | മുസ്ലീം പള്ളി, ഫാത്തിമ | 12 | | | |
| മാതാ അമൃതാനന്ദമയീദേവിമഠം | | മുസ്ലീം പള്ളി, എമിലി | 4 | | | |
| അയ്യപ്പ ഭജന മഠങ്ങൾ | | ഗൂഡലായ്കുന്ന് മുസ്ലീം പള്ളി | 14 | | | |
| | | എടഗുനി മുസ്ലീം പള്ളി | 10 | | | |
| | | തുർക്കി ബസാർ മുസ്ലീം പള്ളി | 11 | | | |

## കൽപ്പറ്റ നഗരസഭയിൽ നിലവിലുള്ള കലാകായിക സമിതികൾ

| | സ്വന്തമായി | | |
|---|---|---|---|
| | സ്ഥലം | ഓഫീസ് | കെട്ടിടം |
| 1. സർഗ്ഗ കലാവേദി | ഇല്ല | ഇല്ല | ഇല്ല |
| 2. സൃഷ്ടി സാംസ്കാരിക വേദി, മുണ്ടേരി | ,, | ഉണ്ട് | ,, |
| 3. സൃഷ്ടി സാംസ്കാരിക വേദി (സോംഗ് ആൻറ് ഡ്രാമ ഡിവിഷൻ) | ,, | ഇല്ല | ,, |
| 4. ഗൈഡൻസ് ആർട്സ് ആൻഡ് സപോർട്സ് ക്ലബ്ബ് | ഉണ്ട് | ഇല്ല | ഉണ്ട് |
| 5. അക്ഷണ ആർട്സ് ആൻഡ് സപോർട്സ് ക്ലബ്ബ് | ഇല്ല | ,, | ഇല്ല |
| 6. പുലരി ആർട്ട് ആൻഡ് സ്പോർട്ട് ക്ലബ്ബ് | ഇല്ല | ,, | ,, |
| 7. അഞ്ജലി ഫൈൻ ആർട്ട് സൊസൈറ്റി | ,, | ,, | ,, |
| 8. നാട്യ ഫൈൻ ആർട്ട് സൊസൈറ്റി | ,, | ,, | ,, |
| 9. ഫാൽക്കൻസ് ക്ലബ്ബ് , കൽപ്പറ്റ | ,, | ഉണ്ട് | ,, |
| 10. കോസ്മോ പോളിറ്റൻ ക്ലബ്ബ് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11. ബ്രദേർസ് കൽപ്പറ്റ | ഇല്ല | ,, | ഇല്ല |
| 12. ഓഫീസേർസ് ക്ലബ്ബ് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. റിക്രിയേഷൻ ക്ലബ്ബ് | ഇല്ല | ഉണ്ട് | ഇല്ല |
| 14 ആര്യൻസ് അത്‌ലറ്റിക് ക്ലബ്ബ് | ,, | ഇല്ല | ,, |
| 15. കലക്ടറേറ്റ് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ്ബ് | ,, | ഉണ്ട് | ,, |
| 16. ടെലഫോൺ | ,, | ,, | ,, |
| 17. രംഗകല മണിയങ്കോട് | ഉണ്ട് | ,, | ,, |
| 18. കൽപ്പറ്റ യങ്ങ്സ്റ്റേർസ് അസോസിയേഷൻ | ഇല്ല | ഇല്ല | ഇല്ല |
| 19. ബാങ്ക് മെൻസ് ക്ലബ്ബ് കൽപ്പറ്റ | ഉണ്ട് | ഇല്ല | ഇല്ല |
| 20 ജനശക്തി ആർട്ട്സ്ആൻഡ് സ്പോർട്ട് ക്ലബ്ബ് | ഇല്ല | ഇല്ല | ഇല്ല |



# വനിത

നഗരങ്ങളുടെ ആധുനികതയിൽ ഇനിയും എത്തിച്ചേരാത്ത കൽപ്പറ്റ നഗരസഭയിൽ ഇന്നും സ്ത്രീകൾ എല്ലാരംഗങ്ങളിലും പുരുഷന്മാരോടൊപ്പം എത്തിയിട്ടില്ല. സ്വാതന്ത്ര്യസമരചരിത്രത്തിലും സ്ത്രീകളുടെ പങ്കാളിത്തം ഇവിടെ ഉണ്ടായിരുന്നില്ല. വയനാട്ടിലെ കാലാവസ്ഥയും സാമൂഹ്യഘടനയും സ്ത്രീകളുടെ പൊതുപ്രവർത്തനത്തിന് എന്നും വിഘാതമായിരുന്നു.

ഒരു കാലത്ത് ഇവിടെ ഹിന്ദു കുടുംബങ്ങളിലും ബാലവിവാഹം സാർവ്വത്രികമായിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളുടെ വ്യാപനം ഈ പ്രവണതയിൽ മാറ്റം വരുത്തുകയുണ്ടായിട്ടുണ്ട്.വിദ്യാഭ്യാസ മേഖലയിൽ കൽപ്പറ്റയിലെ പൊതുഅവസ്ഥ തന്നെ വളരെ പിന്നിലാണ്. ഗതാഗത സൗകര്യങ്ങളുടെ വളർച്ചയോടുകൂടിയാണ് ഇവിടുത്തെ ജനവാസത്തിൽ ഒരു മാറ്റം ഉണ്ടാകുന്നത്. തുടർന്ന് വിദ്യഭ്യാസ മേഖലയിലും മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. കൽപ്പറ്റ ഗവ: എൽ.പി സ്കൂൾ, H.I.M.U.P സ്കൂൾ, S.K.M.J.H.S, പുളിയാർമല ഗവ:യു.പി.സ്കൂൾ, മുണ്ടേരി G.H.S എന്നിവയുടെ ആരംഭത്തോടെ പെൺകുട്ടികളും സ്കൂളിലേക്ക് എത്തിതുടങ്ങിയിരിക്കുന്നു. S.K.M.J.H.S ൽ നിന്നും ആദ്യബാച്ചിൽ പാസ്സായവരിൽ പോലും ഒരു പെൺകുട്ടി (പാർവ്വതി) ഉണ്ടായിരുന്നത് ഈ മാറ്റത്തിന്റെ പ്രതിഫലനമാണ്. 1960 കളിൽ കൽപ്പറ്റ സംഘടിത മേഖലയിൽ ട്രേഡ് യൂണിയൻ രംഗത്ത് മുസ്ലീം വനിതകൾ വന്നിരുന്നത് വളരെ ശ്രദ്ധേയമാണ്.

ആദ്യമായി ഒരു വനിതാ പഞ്ചായത്ത് മെമ്പറാകുന്നത് 1964 ൽ ആണ്. അതും നോമിനേഷനിലൂടെയായിരുന്നു. ശ്രീ.ദേവകി.ആർ.നമ്പീശൻ ആ സ്ഥാനത്ത് എത്തിയതിനുശേഷം തന്റെ പ്രവർത്തനങ്ങളിലൂടെ സ്ത്രീകളുടെ പൊതുവായ നില മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുകയും വളരെ വലിയ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. അതിനുശേഷം 1989ലാണ് ആദ്യമായി ഒരു വനിതാമെമ്പർ തിരഞ്ഞെടുക്കപ്പെടുന്നത്. ശ്രീമതി.സുലോചനാ ഗോവിന്ദൻകുട്ടി ഇന്നും കൗൺസിലറായി തുടരുന്നുണ്ട്.

1991ലെ സെൻസസ് പ്രകാരം സ്ത്രീകളുടെ ജനസംഖ്യ 11165 ഉം പുരുഷൻമാരുടേത് 11784 ഉം ആയിരുന്നു. 1981ൽ സ്ത്രീകൾ 8482 ഉം പുരുഷൻമാർ 9326 ഉം ആയിരുന്നു. സംസ്ഥാനതലത്തിൽ നിന്നും വ്യത്യസ്ഥമായ സ്ത്രീ പുരുഷ അനുപാതമാണ് ഇവിടെയുള്ളത്.വിദ്യാഭ്യാസ കാര്യങ്ങളിൽ S.K.M.J.H.S ന്റെ ആവിർഭാവത്തിനുശേഷമാണ് പെൺകുട്ടികൾ പ്രാഥമിക വിദ്യഭ്യാസത്തിനപ്പുറത്തേക്ക് കാലെടുത്തുവെയ്ക്കുന്നത്. ബത്തേരി സെന്റ് മേരീസ്കോളേജിന്റെയും കൽപ്പറ്റ ഗവ: കോളേജിന്റെയും തുടക്കം വനിതാ ഉപരിപഠന മേഖലയിൽ കാര്യമായ മാറ്റം ഒന്നും തന്നെ ഉണ്ടാക്കിയിട്ടില്ല. കൽപ്പറ്റയിൽ ആരംഭിച്ച ചില പാരലൽ കോളേജുകളാണ്. പെൺകുട്ടികളുടെ ഉപരിപഠനത്തിന് സാധാരണത്വം നൽകിയത്, എന്നിരുന്നാലും S.S.L.C പരീക്ഷയിൽ ഉന്നത നിലവാരം പുലർത്തിയ സാമ്പത്തിക ശേഷിയുള്ള പെൺ കുട്ടികൾ അയൽ ജില്ലകളിൽ പഠനത്തിന് പോയിരുന്നു. സംസ്ഥാനത്തിൽതന്നെ S.S.L.C പരീക്ഷയിൽ 7ാം റാങ്കിൽ കൽപ്പറ്റ S.K.M.J.H.S വിദ്യാർത്ഥിനി നളിനികൃഷ്ണൻ എത്തിച്ചേർന്നു എന്നത് തിളക്കമാർന്ന വിജയമായിരുന്നു. ഈ വനിത തന്നെയാണ് കൽപ്പറ്റയിൽ നിന്നും ആദ്യമായി MBBS എടുത്ത് ഡോക്ടറായി വരികയും ചെയ്തിട്ടുള്ളത്.

വിദ്യാഭ്യാസമേഖലയിൽ 'എഴുത്തമ്മ' എന്നറിയപ്പെട്ടിരുന്ന ശ്രീമതി.അന്നമ്മ യേശുദാസ് ആദ്യത്തെ അധ്യാപികയായി അറിയപ്പെടുന്നു.പാഠ്യേതര പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികളെ പ്രേരിപ്പിച്ചിരുന്ന വനിതയും മറ്റാരുമായിരുന്നില്ല.പൊതുജനാരോഗ്യരംഗത്ത് കൽപ്പറ്റ ഗവ:

1991 സെൻസസ്

| ആകെ | ജനസംഖ്യ | സാക്ഷരർ | 0-6വയസ്സുള്ളവർ | ആൺ | പെൺ | കർഷകതൊഴിലാളികൾ | സ്ത്രീകൾ | വാർധക്യ പെൻഷൻ | സ്ത്രീകൾ | SC ആകെ | പുരുഷന്മാർ | സ്ത്രീകൾ | ST ആകെ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 29155 | 11165 | 7612 | 3286 | 1663 | 1623 | 179 | 99 | 30 | 18 | 1448 | 757 | 691 | 2426 | 1210 | 1216 |

1981 സെൻസസ്

| ആകെ ജനസംഖ്യ | സ്ത്രീകൾ | സാക്ഷരർ | തൊഴിലില്ലാത്തവർ | SC | ST |
|---|---|---|---|---|---|
| `7808 | 8482 | 4477 | 6264 | 481 | 6264 |

തൊഴിൽ മേഖല

| തോട്ടം തൊഴിലാളികൾ | | | | | | അംഗനവാടി | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|
| സ്ഥിരം | | | ലോക്കൽ | | | | | | | | |
| പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ | വർക്കേഴ്സ് | ഹെൽപ്പേഴ്സ് | ആകെ | പു | സ്ത്രീ | ആകെ |
| 163 | 264 | 427 | 167 | 78 | 245 | 19 | 19 | 38 | 69 | 158 | 227 |

85

ആശുപത്രിയിൽ ആദ്യമായി ഒരു വനിതാ ഡോക്ടർ എത്തിയത് ശ്രീമതി. തോമസ് ആയിരുന്നു. പ്രഥമ മിഡ് വൈഫ് ആയി അറിയപ്പെടുന്നത് ശ്രീമതി കാർത്ത്യായനി വിദ്യാധരൻ ആണ്. ഇവിടുത്തെ പ്രഥമ അഭിഭാഷക എന്ന പദവി അലങ്കരിക്കുന്നത് പൊതുപ്രവർത്തക കൂടിയായ ശ്രീമതി. സീതാ ഭാർഗ്ഗവൻ ആണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് പ്രാധാന്യം ഉണ്ടായിരുന്നത് കാപ്പി സംസ്ക്കരണം, ആശുപത്രികൾ, അടക്കാസംഭരണശാലകൾ, തോട്ടം മേഖല, വിദ്യാലയങ്ങൾ,തേയില എസ്റ്റേറ്റുകൾ, അംഗൻവാടികൾ, മൃഗങ്ങൾക്കു വേണ്ടുന്ന ഭക്ഷണം ഉണ്ടാക്കുന്ന ഫാക്ടറി, തുന്നൽ മേഖല,പരമ്പരാഗതവ്യവസായമേഖലകൾ, എന്നിവയിലാണ്. വനിതാജീവനക്കാർ കൂടുതലുള്ള ഈ സ്ഥാപനങ്ങളിൽ പലതിലും പുരുഷ ജീവനക്കാരോടൊപ്പം തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് വേതനത്തിൽ തുല്യത ഇല്ലായ്മ കാണപ്പെടുന്നു.ചെറുകിട വ്യവസായരംഗത്ത് സ്ത്രീകൾ വളരെ പിന്നോക്കം നിൽക്കുന്നു. സ്റ്റെഡിന്റെ സഹായത്തോടെ ഒരു ടെയിലറിംഗ് പഠിപ്പിക്കുന്ന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യസാധനങ്ങൾ നിർമ്മിക്കുന്ന കവികോസ് എന്ന യൂണിറ്റ് ഇപ്പോൾ നാമമാത്രമായി പ്രവർത്തനത്തിക്കുന്നുണ്ട്. മിൽമയും

W.S.S ഉം ചേർന്ന് രൂപീകരിച്ചിട്ടുള്ള മറ്റൊരു ഭക്ഷ്യ പദാർത്ഥ ഉല്പാദന യൂണിറ്റും നിലവിലുണ്ട്.

കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ മഹിളാസമാജങ്ങളുടെ നിലയും വളരെ പരിതാപകരമാണ്. 56 അയൽകൂട്ടസമിതികളും ഒരു ഗ്രാമവികസന മഹിളാസമാജവും (അഡലേഴ്സ്) ആണ് നിലവിലുള്ളത്.

വനിതാസഹകരണ സംഘങ്ങൾ രൂപീകരിക്കുകയും തൊഴിൽരഹിതരായ വനിതകൾക്ക് ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും സ്ഥാപനം നിലനിർത്താൻ വേണ്ട സഹായങ്ങൾ നഗരസഭ ചെയ്തുകൊടുക്കേണ്ടതും ഉണ്ട്.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പപ്പടനിർമ്മാണം, കരകൗശല വസ്തുക്കൾ നിർമ്മിക്കൽ , കൂൺകൃഷി, കോഴിവളർത്തൽ, ആടുവളർത്തൽ, ഓർക്കിഡ്, ആന്തൂറിയം കൃഷി മുതലായ മേഖലകളിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

ഒരു വീടുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽപണിയെടുക്കുന്നതും ചുമതലകൾ വഹിക്കുന്നതും സ്ത്രീകൾ തന്നെയാണ്.രാവിലെ 5മണി മുതൽ രാത്രിവളരെ വൈകുന്നതുവരെ വിശ്രമം പോലുമില്ലാത്ത സ്ത്രീകൾ ചെയ്യുന്ന പണികൾ ആരും ഗൗനിക്കാറില്ല.

വനിതകൾക്കുമാത്രമായി മൂന്ന് പാരലൽ കോളേജുകളും ഒരു നേഴ്സിംഗ് സ്കൂളും ഒരു പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററും, പ്രവർത്തിക്കുന്നുണ്ട്. ടെയിലറിംഗ് പഠിപ്പിക്കുന്നതിൽ സ്റ്റെഡിന്റെ കീഴിൽ ഒരു സെന്ററും, സ്വകാര്യമേഖലകളിൽ രണ്ടു സെന്ററുകളും പ്രവർത്തിച്ചു വരുന്നു.

പെൺ കുട്ടികൾക്കു മാത്രമായി സ്കൂളുകളില്ല. എല്ലാ സ്ക്കൂളുകളിലും ആൺകുട്ടികളുടേതിനേക്കാൾ പെൺകുട്ടികളുടെ എണ്ണം കുറവാണ്. പക്ഷേ ഉന്നതവിദ്യഭ്യാസ മേഖലകളിൽ പെൺകുട്ടികളാണ് കൂടുതലായി ഉള്ളത്.

സ്കൂൾ തലത്തിൽ

| ആകെകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|
| 6499 | 3399 | 3100 |

മുനിസിപ്പാലിറ്റിയിൽ രണ്ടു ക്രഷുകൾ പ്രവർത്തിക്കുന്നു.

1. മാർസെല്ലാ നഴ്സറി സ്ക്കൂൾ

2. സിവിൽ സ്റ്റേഷൻ ജീവനക്കാർക്കുമാത്രമായി ഒന്ന്

ഇവയുടെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭ്യമായിട്ടില്ല. മുനിസിപ്പാലിറ്റിയിൽ 19 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 38 വനിതാ ജീവനക്കാർ ഉണ്ട്.

വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ പുരുഷ സമത്വ ബോധം വളർത്തുവാൻ ആവശ്യമായ ഇടപെടലുകൾ അനിവാര്യമാണ്.

മുനിസിപ്പൽ പരിധിയിൽ ഏകദേശം 30% കുടുംബങ്ങളിൽ സ്ത്രീകൾ കുടുംബനാഥകളാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എങ്കിലും ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ സ്ത്രീകൾ പാടേ അവഗണിക്കപ്പെടുന്നുണ്ട്. സ്ത്രീകൾ കുടുംബനാഥകളായുള്ള വീടുകൾക്ക് പ്രത്യേകം പരിഗണന നൽകേണ്ടതുണ്ട്.

ഏറ്റെടുക്കുന്ന പ്രവർത്തികൾ കൂടുതൽ ആത്മാർത്ഥയോടെ ചെയ്യുവാൻ സ്ത്രീകൾക്കു കഴിയുമെങ്കിലും പ്രവർത്തികൾ ഏറ്റെടുക്കുവാൻ വിമുഖത കാട്ടു

ന്നവരാണ് അധികവും തങ്ങൾക്കും പുരുഷന്മാരോടു തുല്യമായ അവകാശങ്ങളും ഉണ്ട് എന്നും അവ സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം ഉണ്ടായിട്ടുണ്ട് എന്നും സ്ത്രീകൾ ബോധവതികളല്ല. മാത്രവുമല്ല. പുരുഷനോടൊപ്പം ബുദ്ധിയും കഴിവും ആർജ്ജിച്ചിട്ടുണ്ട് എങ്കിലും അത് പ്രകടിപ്പിക്കുവാനുള്ള തന്റേടം സ്ത്രീകൾ നേടികൊണ്ടിരിക്കുന്നതേയുള്ളൂ.

കാർഷിക മേഖലയിൽ സ്ത്രീപങ്കാളിത്തം കുറഞ്ഞു വരികയാണ്. നെൽകൃഷി കുറഞ്ഞു വരുന്ന കൽപ്പറ്റയിൽ വയലുകളിൽ വാഴകൃഷി നടത്തുകയും, വയൽ നികത്തി കെട്ടിടം പണിയുകയുംചെയ്യുമ്പോൾ ആദിവാസി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

ജാതി മതലിംഗ ഭേദമില്ലാതെ എല്ലാവർക്കും ഒരേ തൊഴിലിന് ഒരേ വേതനം ലഭിക്കുവാൻ അർഹതയുണ്ടെങ്കിലും തോട്ടം തൊഴിലാളി മേഖലയിലൊഴികെ മറ്റെല്ലാ തൊഴിൽ മേഖലയിലും സ്ത്രീകൾ പുരുഷന്മാരോടൊപ്പം പണിയെടുക്കുകയും അവരേക്കാൾ വളരെകുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്യുന്നു. കിട്ടുന്ന കൂലിതന്നെ കുടുംബത്തിനുവേണ്ടി പുരുഷനെ ഏൽപ്പിക്കുന്ന പ്രവണതയാണ്. കൂടുതലായി കണ്ടുവരുന്നത്.

രോഗാതുരതയുടെ കാര്യത്തിൽ വനിതകളുടെ അവസ്ഥ വളരെ പരിതാപകരമാണ്, ഒരു മഹിളാസ്വസ്ത് സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും അത് തീരേ അപര്യാപ്തമാണ്. പ്രത്യേകിച്ച് ആദിവാസി സ്ത്രീകളുടെ അവസ്ഥ തികച്ചും ദയനീയമാണ്. ഇവർക്കിടയിൽ കണ്ടുവരുന്നപകർച്ച വ്യാധികൾ തടയുന്നതിന് ബോധവൽക്കരണപ്രവർത്തനങ്ങൾ അടിയന്തിരപ്രാധാന്യം അർഹിക്കുന്നുണ്ട്. ശുചിത്വ ബോധമില്ലായ്മ, പോഷകാഹാരക്കുറവ്, തുടങ്ങിയവ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ്. ലഹരി പദാർത്ഥങ്ങളുടെ സ്വാധീനം മൂലം വളരെയധികം ചൂഷണം ചെയ്യപ്പെടുന്ന ഒരുവിഭാഗമാണ് ഇവിടുത്തെ ആദിവാസിവനിതകൾ. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വേണ്ട രീതിയിൽ എത്തപ്പെടുന്നില്ല. എന്നതും കിട്ടുന്നത് പ്രയോജനപ്പെടു ന്നില്ല എന്നതും സ്ത്രീകളുടെഅവസ്ഥയെ ശോചനീയമാക്കുണ്ട്. പണ്ടുമുതൽ തന്നെ ആധുനിക ചികിത്സാരീതിയിൽ ഉൾക്കൊള്ളാതിരുന്ന ഇവരിൽ നല്ലൊരു പങ്ക് ഇപ്പോഴും അതേനിലയിൽ തുടരുന്നുണ്ട്.

സംസ്ഥാനത്തിൽ പട്ടികവർഗ്ഗ വനിതകൾക്ക് സംവരണം ചെയ്ത സീറ്റിൽ ജയിച്ച എം.എം.ജയ ഒരേ ഒരു പട്ടികവർഗ്ഗ വനിതാ കൗൺസിലറാണ്.

വിദ്യഭ്യാസക്കുറവ്,ജോലിത്തിരക്ക്, മറ്റുള്ളവരെ അഭിമുഖീകരിക്കുന്നതിനുള്ള വൈമുഖ്യം,പുരുഷന്മാരുടെ നിസ്സഹരണം, സാംസ്ക്കാരിക ബോധവൽക്കരണക്കുറവ്, സാമ്പത്തിക പിന്നോക്കാവസ്ഥ, സാമൂഹ്യ നിയന്ത്രണം തുടങ്ങിയ കാരണങ്ങളാൽ പൊതുരംഗത്ത് സ്ത്രീകൾ പിൻതള്ളപെടുന്നുണ്ട്. കൂടുതൽ സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നുവന്നെങ്കിലേ സ്ത്രീകളുടെ പൊതുവായ ദുരവസ്ഥയ്ക്കുഎന്തെങ്കിലും മാറ്റമുണ്ടാകു.

*'ഒരു പുരുഷനെ പഠിപ്പിച്ചാൽ ഒരാളെ പഠിപ്പിക്കുന്നു. ഒരു സ്ത്രീയെ പഠിപ്പിച്ചാൽ ഒരു സമൂഹത്തെ പഠിപ്പിക്കുന്നു.'*

സ്ത്രീകൾ സമ്മേളിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് അവരുടേതായ ഒരു വേദി ഒരുക്കാൻ മുൻസിപ്പൽ തലത്തിൽ വേണ്ട പ്രവർത്തനം തുടങ്ങേണ്ടതാണ്.

സ്ത്രീകൾക്ക് മാത്രമായി പ്രത്യേകം ഗ്രന്ഥശാലകൾ സ്ഥാപിക്കേണ്ടതുണ്ട്എന്നത് ഭൂരിപക്ഷം ഗ്രാമസഭകളിലും ഉയർന്നുവന്നിട്ടുണ്ട്. വായന സ്ത്രീകൾക്കിടയിൽ പ്രചരിപ്പിക്കാനായി ആദ്യ നടപടിയെന്ന രീതിയിൽ വീടുകളിൽ പുസ്തകമെത്തിക്കുന്ന പരിപാടി തുടങ്ങേണ്ടതുണ്ട്.

വാർഡുതലത്തിൽ സ്ത്രീകളെ സംഘടിപ്പിച്ച് മുനിസിപ്പാലിറ്റി പരിധിയിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പ്രയോജനകരമായ വസ്തുക്കൾ നിർമ്മിച്ച് വിറ്റഴിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. സ്ത്രീധന നിരോധന നിയമം കർക്കശമാക്കുകയും സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നൽകുകയും വേണ്ടതാണ്. വാദിയും പ്രതിയും ഒരുപോലെ ശിക്ഷാർഹരായ സ്ത്രീധന സമ്പ്രദായം നിർത്തലാക്കുവാൻ ആവശ്യമായ എല്ലാ കർശന നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ചില വിഭാഗങ്ങൾക്കിടയിൽ ഇന്നും കണ്ടുവരുന്ന ബാലവിവാഹം തടയുന്നതിനാവശ്യമായ നടപടികൾ മുഖം നോക്കാതെ തന്നെ സ്വീകരിക്കേണ്ടതുണ്ട്.

*"സ്നേഹമൂർത്തിയായ സ്ത്രീ അഹിംസയുടെ അവതാരമാണ്."*

**മഹാത്മാഗാന്ധി**

| സ്ത്രീകൾ ചെയ്യുന്ന ജോലികൾ | പുരുഷന്മാർ ചെയ്യുന്ന ജോലികൾ |
|---|---|
| 1. ഭക്ഷണം പാകം ചെയ്യുക | 1. കുടുംത്തിലേക്കുള്ള വുരമാന മാർഗ്ഗങ്ങൾ കണ്ടെ |
| ത്തുക | |
| 2. കുടുംബത്തിനു സംരക്ഷണം | 2. കാർഷീകകാര്യങ്ങൾ |
| 3. വീടുവൃത്തിയാക്കൽ | 3. ഷോപ്പീംഗ് |
| 4. കാർഷിക വൃത്തിയിൽ സഹായിക്കു. 5. കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുക പത്രം വായന രാഷാട്രീയം, | 4. ബില്ല്,ടാക്സ് തുടങ്ങിയവ അടയ്ക്കുക 5. വീടുഭരിക്കുന്നു, ചിലവു ചെയ്യുന്നു, |
| ളെയും | മദ്യപാനം നടത്തി സ്ത്രീക കുട്ടികളെയും മർദ്ദിക്കുന്നു. |
| 6 കോഴിവളർത്തൽ, പശുവളർത്തൽ തുടങ്ങിയ വരുമാനങ്ങൾ സ്വീകരിക്കുന്നു. 7. ഗർഭം ധരിക്കുക, പ്രസവിക്കുക, മുലയൂട്ടുക | 6. ലൈംഗിക ധർമ്മങ്ങൾ |

ഈ കണക്കുപ്രകാരമുള്ള പല പണികളും ഇപ്പോൾ വനിതകളുടെ ചുമലിലേക്ക് വന്നിട്ടുണ്ട്.

മദ്യ നിരോധനം ഘട്ടംഘട്ടമായി നടപ്പാക്കുകയും മദ്യത്തിനെതിരെ സമൂഹത്തിൽ ബോധവൽക്കരണം നടത്തുകയും വേണം. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും വേണം. സ്ത്രീകളുടെ ഉന്നമനത്തിനായി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

സ്ത്രീകളെ ഉപഭോഗവസ്തുക്കളാക്കി ചിത്രീകരിക്കുന്ന പരസ്യങ്ങൾ നിരോധിക്കുകയും, അശ്ലീല പോസ്റ്ററുകൾ നിയമം മൂലം നിരോധിക്കുകയും ഉച്ചപടങ്ങൾ നിർത്തലാക്കുകയും.സ്ത്രീകൾക്കെതിരെ അക്രമം നടത്തുന്നവരെ കഠിനമായി ശിക്ഷിക്കേണ്ടതുമുണ്ട്. വനിതാസംഘടനകൾ കൂടുതലായി ഉണ്ടാകുകയും സ്ത്രീകൾക്ക് പരാതി ബോധിപ്പിക്കുവാൻ പ്രത്യേക സംവിധാനം ഉണ്ടാവുകയും വേണം. സ്ത്രീകൾക്കായി ഒരു അഗതി മന്ദിരം ജില്ലാ കേന്ദ്രം എന്ന നിലയിൽ കൽപ്പറ്റ നഗരത്തിൽ തുടങ്ങേണ്ടതാണ്.


സ്ത്രീപീഡനത്തിന്റെ രൂപരേഖ
1996 ജൂൺ വരെയുള്ള കണക്കുകൾ

| വകുപ്പ് | വർഷം | എണ്ണം | |
|---|---|---|---|
| 376 | 1994 | 3 | നിലവിലുള്ള കേസുകൾ |
| 376 | 1995 | 2 | " |
| 376 | 1996 | – | " |
| 354 | 1994 | 5 | " |
| 354 | 1995 | – | " |
| 354 | 1996 | 5 | " |
| 498എ | 1994 | 8 | ഒരെണ്ണം കഴിഞ്ഞു |
| 498എ | 1995 | 7 | " |
| 498എ | 1996 | 2 | എല്ലാം നിലവിലുണ്ട് |
| 304ബി | 1994 | – | |
| 304ബി | 1995 | 1 | |
| 304ബി | 1996 | – | |

സ്ത്രീപീഠനം ഇല്ല

ഒരുചൈനീസ് പഴമൊഴി

*"കേട്ടു കഴിഞ്ഞാൽ മറക്കും*
*കണ്ടുക ഴിഞ്ഞാൽ ഓർക്കും*
*ചെയ്തുക ഴിഞ്ഞാൽ പഠിക്കും."*



# സഹകരണം

സ്വകാര്യ പണമിടപാടുകാരുടെ നീരാളിപ്പിടുത്തത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് യശ: ശരീരനായ ധർമ്മരാജയ്യർ, കെ ഗോവിന്ദൻ നായർ, എ. മൊയ്തീൻ, രാമുണ്ണിമേനോൻ, പി. എസ്. സുബ്ബൻപിള്ള എന്നിവരുടെ നേതൃത്വത്തിൽ 1921 ഡിസംബർ 1ന് ആരംഭിച്ച ഐക്യനാണയസംഘത്തിൽ നിന്നും കൽപ്പറ്റയുടെ സഹകരണ പ്രസ്ഥാന ചരിത്രം ആരംഭിക്കുന്നു.

1921 ലെ സഹകരണ നിയമനനുസരിച്ച് പ്രവർത്തനമാരംഭിച്ച ഐക്യനാണയ സംഘം ഇപ്പോൾ കൽപ്പറ്റ സർവ്വീസ് സഹകരണബേങ്കായി പ്രവർത്തിക്കുന്നു. ശ്രീ. എൻ. സി. ധർമ്മരാജയ്യർ ആദ്യപ്രസിഡന്റും ശ്രീ രാമുണ്ണിമേനോൻ സെക്രട്ടറിയുമായിരുന്നു. യുദ്ധകാലത്ത് റേഷനിംങ്ങ് ആവശ്യത്തിനു മാത്രം തുടങ്ങിയ പി. സി. സി. സൊസൈറ്റി, കൺസ്യൂമർ രംഗത്ത് പ്രവർത്തിച്ചിരുന്ന സംഘം ഇവ 1950കളിൽ അടച്ചുപൂട്ടി. ശ്രീ. വി. എൻ രാമൻ നായരായിരുന്നു ഈ പ്രസ്ഥാനത്തിന്റെ സംഘാടകൻ. വടക്കേ മലബാർ ജില്ലമുഴുവൻ പ്രവർത്തനവ്യാപ്തിയുള്ള NMDC& MS ന്റെ കോഫീ ക്യൂറിംങ്ങ് വർക്സ് ഇന്നും കൽപ്പറ്റയിൽ പ്രവർത്തിക്കുന്നു. 35 സംഘങ്ങൾ കൽപ്പറ്റ ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കൈവിരലിലെണ്ണാവുന്നവ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ സഹകരണപ്രസ്ഥാനത്തിന്റെ യശസ്സുയർത്തി പിടിക്കുന്ന സംഘങ്ങളോടൊപ്പം തന്നെ നിരവധി കള്ളനാണയങ്ങളും രംഗത്ത് വരുന്നത് ഖേദകരമാണ്.

## ക്രഡിറ്റ് മേഖല

### കൽപ്പറ്റ സർവ്വീസ് സഹകരണ ബേങ്ക്

1-12-1921ൽ ഐക്യനാണയസംഘമായി രജിസ്റ്റർ ചെയ്ത്1-1-1964 മുതൽ സർവ്വീസ് ബേങ്കായി പ്രവർത്തിക്കുന്നു. 6.70കോടി രൂപ പ്രവർത്തന മൂലധനമുള്ള ബേങ്ക് ജില്ലയിലെ ക്ലാസ് I സൊസൈറ്റികളിലൊന്നാണ്. 1946 ൽ കേവലം 12000രൂപയായിരുന്നു പ്രവർത്തന മൂലധനം. വിവിധതരം നിക്ഷേപങ്ങൾ, ചിട്ടികൾ, കാർഷിക–കാർഷികേതര വായ്പകൾ എന്നിവ ഈ സ്ഥാപനം നടത്തിവരുന്നു. 29 ജീവനക്കാരും 6000ത്തിലേറെ സജീവഅംഗങ്ങളും ബാങ്കിലുണ്ട് വായ്പാരംഗത്ത്കാർഷികേതരവായ്പകളിൽ പ്രധാനമായും സ്വർണ്ണ പണയവായ്പ തന്നെയാണ് മുഖ്യ ഇനം. കൽപ്പറ്റയിൽ ഇത്രയേറെ ദേശസാൽകൃത ബാങ്കുകൾ പ്രവർത്തിച്ചിട്ടും നഗരത്തിന്റെ സാമ്പത്തിക ജീവിതത്തിന്റെ നിർണ്ണായക സ്ഥാനം സർവ്വീസ് ബാങ്കിനുണ്ട്. കാർഷിക വായ്പകൾ ഹ്രസ്വകാല കാർഷികേതര വായ്പകൾ വീടുവയ്ക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും, വിദേശത്ത് ജോലിക്ക് പോകാനും ഉൾപ്പെടെ വായ്പ നൽകിവരുന്നു. 5000/- രൂപവരെ അംഗങ്ങളുടെ ജാമ്യത്തിൽ വായ്പ അനുവദിക്കുന്നത് സാധാരണക്കാർക്ക് ഗുണകരമായിട്ടുണ്ട്. 4.215 കോടി രൂപയാണ് 95-96 ലെ വായ്പ ബാക്കിനിൽപ്പ്. 95-96 വർഷത്തിൽ ബേങ്ക് 6.242 കോടി രൂപ വായ്പ നൽകുകയുണ്ടായി. ബേങ്ക് ഇപ്പോൾ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചുവരികയാണ്. കൽപ്പറ്റ ഹെഡ് ആഫീസിനു പുറമേ മണിയങ്കോട് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബ്രാഞ്ചും ഉണ്ട്. രണ്ട് വളം ഡിപ്പോ, മണിയങ്കോട് മാവേലി, കൺസ്യൂമർ സ്റ്റോർ എന്നിവയും ബേങ്കിനു കീഴിൽ പ്രവർത്തിക്കുന്നു. കൈനാട്ടിയിൽ ബ്രാഞ്ച് തുറക്കുന്നതിനുള്ള പ്രവർത്തനം ബേങ്ക് നടത്തിവരുന്നു. 75 വർഷമായി കൽപ്പറ്റയിൽ പ്രവർത്തനം നടത്തുന്ന ബേങ്കിന് സഹകാരികളുടെയും, പൊതുജനങ്ങളുടെയും വിശ്വാസമാർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തിക വളർച്ചയുടെ അളവുകൾ മാനദണ്ഡമാക്കിയാൽ വേണ്ടത്ര വളർച്ചയുണ്ടായിട്ടില്ലെന്നുകാണാം.

## ദീർഘകാല കാർഷികവായ്പ

വൈത്തിരി താലൂക്കിലെ 9 പഞ്ചായത്തും കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ പ്രവർത്തന പരിധിയായുള്ള വൈത്തിരി പ്രാഥമിക കാർഷികവികസന ബേങ്കാണ് മുൻസിപ്പൽ അതിർത്തിയിലെ കാർഷികാവശ്യങ്ങൾക്ക് ദീർഘകാലവായ്പ നൽകുന്ന ഏക സഹകരണസ്ഥാപനം. 1986 ൽ പ്രവർത്തനമാരംഭിച്ച ബേങ്കിൽ മുൻസിപ്പൽ അതിർ

ത്തിയിൽ ഏതാണ്ട് 1000 അംഗങ്ങളുണ്ട്. ഇതിൽ 600 പേരാണ് വായ്പാസൗകര്യം ഉപയോഗപ്പെടുത്തിയിട്ടുള്ളത്. 40.25 ലക്ഷം രൂപ 95-96 വർഷത്തിൽ മുൻസിപ്പൽ അതിർത്തിയിൽ വായ്പനൽകിയിട്ടുണ്ട്. ചെറുകിട ജല സേചനം, മണ്ണ് സംരക്ഷണം, ഗോഡൗൺ, കളം, കമ്പി വേലി നിർമ്മാണം, പശുവളർത്തൽ, കൈതൊഴിൽ, ട്രാക്ടർ, പവർടില്ലറുകൾ, ഗുഡ്സ് വാഹനങ്ങൽ എന്നിവ വാങ്ങാൻ, ഇറച്ചിക്കോഴി, ആട്, പന്നിവളർത്തൽ എന്നീ ആവശ്യ ങ്ങൽക്കാണ് വായ്പകൾ ലഭ്യമാക്കിയിട്ടുള്ളത്. ബേങ്ക് നല്ല നിലയിൽ ലാഭകരമായാണ് പ്രവർത്തിക്കുന്നതെങ്കിലും അവധിബാക്കി കടങ്ങൾ വലിയ പ്രശ്നമാണ്. ജീവന ക്കാരുടെയും ഭരണ സമിതിയുടെയും നിരന്തരപ്രവർത്തന ഫലമായി അവധിബാക്കി 34 ശതമാനമാക്കി കുറക്കാൻ കഴിഞ്ഞിട്ടുണ്ട്.

ബേങ്ക് 95-96 വർഷത്തിൽ വിതരണം ചെയ്ത വായ്പകൾ

| ഇനം | എണ്ണം | തുക(ലക്ഷത്തിൽ) |
|---|---|---|
| ചെറുകിട ജലസേചനം | 12 | 6.34 |
| മണ്ണ് സംരക്ഷണം | 22 | 3.47 |
| ട്രാക്ടർ | 1 | 1.75 |
| മറ്റ് കാർഷികാഭിവൃദ്ധി പ്രവർത്തനങ്ങൾ | 44 | 14.284 |
| കുളം-ഗോഡൗൺ നിർമ്മാണം | 14 | 2.1 |
| ചെറുകിട വ്യവസായം | 29 | 12.206 |
| പശു വളർത്തൽ | 1 | .10 |
| ആകെ | 124 | 40.25 |

സംസ്ഥാന കാർഷികബാങ്കിന്റെ റീജിയണൽ ആഫീസും കൽപ്പറ്റയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

### കൽപ്പറ്റ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം

കൽപ്പറ്റ മുൻസിപ്പാലിറ്റി കൂടി പരിധിയായി ഉൾപ്പെ ടുത്തി നാലു പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കാർഷി കവായ്പാസംഘമാണ് ഇത്. 818 അംഗങ്ങളാണ് നില വിലുള്ളത് . 1972ൽ പ്രവർത്തനമാരംഭിച്ചു. സ്വന്തമായി ആഫീസ്കെട്ടിടവും മൂന്ന് ജീവനക്കാരും ഉണ്ട്. ലാഭക രമായി പ്രവർത്തനം നടക്കുന്നു. അംഗങ്ങൾക്ക് 1000രൂപ വരെ കാർഷികവായ്പ നൽകാൻ വ്യവസ്ഥയുണ്ട്. കൽപ്പ റ്റയിൽ ഒരു തയ്യൽ പരിശീലന കേന്ദ്രവും ടൈപ്പ്റൈ റ്റിംഗ് പരിശീലന കേന്ദ്രവും ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 10വീതം കുട്ടികളെ ടൈപ്പ്റൈ റ്റിംങും, 30 കുട്ടികളെ തയ്യലും ഓരോ ബാച്ചിലായി പരി ശീലിപ്പിക്കുന്നു. ആദിവാസി കുട്ടികൾക്ക് പരിശീലനം സൗജന്യമാണ്. 96 ജൂണിൽ അവസാനിച്ച സഹകരണ വർഷത്തിൽ സംഘത്തിന്റെ കൺസ്യൂമർ സ്റ്റോറിൽ 5.25 ലക്ഷം രൂപയുടെ വിറ്റുവരവുണ്ടായി.

ധാരാളം സാധ്യതകളുണ്ടെങ്കിലും അവ ഉപയോ ഗപ്പെടുത്തി സർവ്വതോൻമുഖ പുരോഗതിയിലേക്ക് നയി ക്കാൻ സംഘത്തിന് കഴിഞ്ഞിട്ടില്ല. കൺസ്യൂമർ മേഖല യിൽ കൽപ്പറ്റയിലെ സാധ്യത ഉപയോഗിക്കാൻ സംഘ ത്തിന് കഴിയണം. കേവലം പടക്ക കച്ചവടത്തിൽ ഒതു ങ്ങുന്ന സ്ഥിതി മാറണം.

കൽപ്പറ്റ പട്ടികവർഗ്ഗ സഹകരണസംഘം ഒറ്റ നോട്ടത്തിൽ

| പ്രവർത്തനമാരംഭിച്ച വർഷം | അംഗങ്ങൾ | പ്രവർത്തന മൂലധനം | ഓഹരി മൂലധനം | സ്ഥാപനങ്ങൾ | ലോൺ ഔട്ട് സ്റ്റാൻഡിംങ് |
|---|---|---|---|---|---|
| 1972 | 818 | 409865 | 1,34,180 | കൺസ്യൂമർസ്റ്റോർ ടൈപ്പ്ഇൻസ്റ്റിറ്റ്യൂട്ട് ടെയ്‌ലർഷോപ്പ് | 3500/- |

### വയനാട് ജില്ലാ സഹകരണബേങ്ക്

ജില്ലാ സഹകരണബേങ്കിന്റെ ഹെഡ് ആഫീസും മെയിൻബ്രാഞ്ച്, കൽപ്പറ്റ ബ്രാഞ്ച്, ഈവനിംങ് ബ്രാഞ്ച് എന്നിവയും കൽപ്പറ്റയിൽ പ്രവർത്തിക്കുന്നു. കൺസ്യൂമർ ആവശ്യങ്ങൾക്കായുള്ള കടത്തിന് ഉപരി വിഭാഗം ജനങ്ങൾ ബേങ്കിനെ ആശ്രയിക്കുന്നു. ഇത് പ്രാഥ മിക സംഘങ്ങളെ ബാധിക്കുന്നുണ്ട്.

### വയനാട് ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘം.

വയനാട് ജില്ലാ മൊത്ത വ്യാപാരഉപഭോക്തൃ സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ കൽപ്പറ്റ യിൽ ഒരു സഹകരണകൺസ്യൂമർ സ്റ്റോറും ഖാദി വസ്ത്ര വിൽപ്പന കേന്ദ്രവും പ്രവർത്തിക്കുന്നു. 1996 ജൂലായ് മുതൽ ഒക്ടോബർ വരെയുള്ള 5 മാസക്കാലത്ത് 37,20,300 രൂപ യാണ് സ്റ്റോറിലെ വിറ്റുവരവ്. ഇപ്പോൾ ലാഭകരമായാണ് സംഘത്തിന്റെ പ്രവർത്തനം. മൊത്ത വിറ്റുവരവ് പരിശോ ധിച്ചാൽ ഉപഭോക്തൃവ്യാപാരത്തിന്റെ ഒരു ശതമാനം പോലും കൈകാര്യ ചെയ്യാൻ ഈ മേഖലക്കാവുന്നില്ലെന്നു കാണാം. ഇത് പരിഹരിച്ച് വ്യാപാര രംഗത്ത് കിടപിടിക്കാനാവാത്ത സ്ഥാപനമായി സംഘത്തെ വളർത്താൻ കഴിയണം.

**സംഘത്തിന്റെ പൊതു വിവരങ്ങൾ**

| അംഗങ്ങൾ | ഓഹരിമൂലധനം | പ്രവർത്തന മൂലധനം | ജീവനക്കാർ |
|---|---|---|---|
| വ്യക്തി 665<br>സ്ഥാപനം 54 | സർക്കാർ3,91,500<br>വ്യക്തി 73500<br>സംഘം 72500 | 2865315 | 9 |

**എൻ. എം. ഡി. സി. എസ് & എം. എസ്**

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന നോർത്ത് മലബാർ ജില്ലാ സഹകരണ സപ്ലൈ ആന്റ് മാർക്കറ്റിംങ് സൊസൈറ്റിയുടെ കൽപ്പറ്റയിലെ കോഫീ ക്യൂറിംങ് യൂണിറ്റ് ആദ്യകാല സ്ഥാപനങ്ങളിൽ ഒന്നാണ്. നഗരമദ്ധ്യത്തിൽ മൂന്നേക്രയോളം ഭൂമിയും ഗോഡൗൺ സൗകര്യവും ഹള്ളിംങ് യന്ത്രങ്ങളും സ്വന്തമായുണ്ട്. കാപ്പിയുടെ കുറഞ്ഞ സംഭരണം നിലനിന്നകാലത്ത് ധാരാളം പേർക്ക് ക്യൂറിംങ് വിഭാഗത്തിൽ ജോലി ലഭ്യമാക്കിയിരുന്നു. കുത്തകസംഭരണം അവസാനിച്ചതോടെ സ്വകാര്യവ്യക്തികളുടെയും കമ്പനികളുടെയും കാപ്പി ഗ്രേഡിംങ് ഏറ്റെടുത്തുനടത്തുന്നു. കൂടാതെ ഐ. സി. ഡി. പി. പദ്ധതിയിൽ പെടുത്തി കാപ്പി പ്പൊടി യൂണിറ്റും ഇവിടെ നടക്കുന്നു. സംഘം നിർമ്മിക്കുന്ന വെളിച്ചണ്ണയും നല്ലെണ്ണയും മിതമായനിരക്കിൽ ഇവിടെ ലഭ്യമാണ്. സംഘം മൊത്തത്തിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും കൽപ്പറ്റയൂണിറ്റ് ലാഭകരമായി തുടരുന്നു.

**ജില്ലാ സഹകരണ ആശുപത്രി**

1992 ൽ ഏറെ പ്രതീക്ഷയോടെ ആരംഭിച്ചെങ്കിലും സഹകരണ ആശുപത്രി ഇന്ന് പ്രതിസന്ധിയിലാണ്. ആരംഭദിശയിൽസ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ പൊതുജനങ്ങൾക്ക് നല്ല മതിപ്പുണ്ടായിരുന്നു. എന്നാൽ അധികം കഴിയും മുമ്പേ ആശുപത്രി തകർച്ചയിലേക്കു നീങ്ങി. ഉണ്ടായിരുന്ന പ്രശസ്ത ഡോക്ടർമാർ സ്ഥലം മാറി. മറ്റ് ജീവനക്കാർക്ക് വേതനം പോലും കൊടുക്കാൻ കഴിയാതെയായി, മിക്കവരെയും പരിച്ചുവിട്ടു. ഭീമമായ സംഖ്യ വാടകകൊടുക്കേണ്ടതിനാൽ അതും കടത്തിലാണ്. ജില്ലാ ബാങ്കിൽ നിന്നെടുത്ത കടം തിരിച്ചടക്കാനാകാതെ നട്ടംതിരിയുകയാണ് സംഘമിന്ന്. സ്ഥാപനത്തിന്റെ നടത്തിപ്പിൽ വന്ന പോരായ്മകളാണിതിന് മുഖ്യകാരണം. ഇപ്പോൾ നാമമാത്രമായ നിലയിൽ പ്രവർത്തനം തുടരുന്നുണ്ടെങ്കിലും അധികനാൽ നീളാനിടയായില്ല.

ചുരുങ്ങിയനിലയിൽ ആതുരശുശ്രൂഷ സുരക്ഷിതമായി നേടാൻ കഴിയുന്ന ഈ സ്ഥാപനത്തെ നല്ല നിലയിൽ തന്നെ പ്രവർത്തിപ്പിക്കാൻ കഴിയണം.

**കൽപ്പറ്റ ക്ഷീരോൽപാദക സഹകരണ സംഘം**

കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ ക്ഷീരോൽപാദക സംഭരണ, വിതരണ മേഖലയിലെ ഏക സഹകരണ സ്ഥാപനമാണിത്. 1978 ജൂൺ 26ന് റജിസ്റ്റർ ചെയ്ത് സെപ്തംബർ 27ന് പ്രവർത്തനമാരംഭിച്ചു. ഇടക്കാലത്ത് പ്രവർത്തനം നിലച്ചുവെങ്കിലും 1980 മുതൽ വീണ്ടും പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ350 അംഗങ്ങളുണ്ട്. അംഗങ്ങളിൽ നിന്നും 700ലിറ്റർ പാലും അംഗങ്ങൾ അല്ലാത്തവരിൽ നിന്നും 300ലിറ്റർ പാലും പ്രതിദിനം സംഭരിച്ച് വിപണനം നടത്തിവരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളിലായി ലാഭകരമായ പ്രവർത്തനം തുടരുന്നുണ്ട്. മിൽമയുമായി ഇതുവരെ സംഘം കരാർ ഉണ്ടാക്കിയിട്ടില്ല.

കൽപ്പറ്റ മുൻസിപ്പൽ അതിർത്തിയിൽ ഇപ്പോൾ തന്നെ ഏതാണ്ട്12,000ലിറ്റർ പാൽ പ്രതിദിനം ആവശ്യമുണ്ട് ഇതിൽ വിവിധ പ്രദേശങ്ങളിലെ സഹകരണ സംഘങ്ങൾ ചേർന്ന് 8000 ലിറ്റർ പാലും സ്വകാര്യവ്യക്തികൾ 2000 ലിറ്റർ പാലും ഇപ്പോൾ വിതരണം നടത്തിവരുന്നു. കോട്ടത്തറ, പള്ളിക്കുന്ന്, കുന്നംപറ്റ, മാനന്തവാടി, മീനങ്ങാടി, തെനേരി, തുടങ്ങിയ പാൽ സഹകരണ സംഘങ്ങളുടെ പ്രധാന വിപണന കേന്ദ്രം കൽപ്പറ്റയാണ്. ഈ വിപണനശൃംഖലയാകെ കൽപ്പറ്റ ക്ഷീരോൽപാദക സംഘത്തിന്റെ കീഴിൽ കൊണ്ടുവരാനും കൽപ്പറ്റയിലെ ഉപഭോഗത്തിനാവശ്യമായതിന്റെ 50 ശതമാനമെങ്കിലും ഉൽപാദനം കൽപ്പറ്റയിലുണ്ടാക്കിയെടുക്കാനും സംഘത്തിന് കഴിയണം. ഈയാവശ്യത്തിനുള്ള പ്രത്യേകം കണ്ണുവെച്ച പ്രവർത്തനം നടത്താൻ സംഘം ഇതുവരെ തയ്യാറായിട്ടില്ല. ഇക്കാര്യങ്ങൾക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

ക്ഷീരോൽപാദനത്തിൽ താൽപര്യമുള്ളവർക്ക് ചുരുങ്ങിയ വ്യവസ്ഥയിൽ വായ്പ അനുവദിക്കുക.

സഹകരണ മേഖലയിൽ കാലിതീറ്റ നിർമ്മാണം ആരംഭിക്കുക.

തീറ്റപ്പുൽ കൃഷിയിൽ പരിശീലനവും വിത്തും കൃത്യസമയത്ത് കർഷകർക്ക് എത്തിക്കുക.

ഉൽപാദന വർധനവിനാവശ്യമായ പുതിയ ഇനം പശുക്കളെയും ആവശ്യമായ മറ്റ് നിർദ്ദേശങ്ങളും എത്തിക്കാൻ സംഘം മുൻകൈ എടുക്കുക.

ലാഭം മാത്രം കണക്കാക്കി പ്രവർത്തിക്കുന്ന സംഘം ക്ഷീരോൽപ്പന്ന വർദ്ധനവിന് ലക്ഷ്യമിട്ട പ്രവർത്തനം നടത്തുക.

സംഭരണ, വിതരണ ശൃഖല ശക്തിപ്പെടുത്തുക.

**സംഘത്തിന്റെ സ്ഥിതി വിവരക്കണക്ക്**

| അംഗങ്ങൾ | ഓഹരിമൂലധനം | പ്രവർത്തമൂലധനം | ആസ്തി | 95-96ലെ ലാഭം |
|---|---|---|---|---|
| 350 | 3500 | 5000 | 5,00,000 | 1.25ലക്ഷം |

| നമ്പർ | പേര് | രജിസ്ട്രേഷൻ നമ്പർ | രജിസ്റ്റർ ചെയ്ത തിയതി | പ്രവർത്തനമാരംഭിച്ച തിയതി | പ്രവർത്തന പരിധി | പ്രവർത്തന നിരതമാണോ |
|---|---|---|---|---|---|---|
| 1 | വയനാട് ജില്ലാ സഹകരണബാങ്ക് | 4317 | 21-5-1982 | 1-10-1982 | വയനാട് ജില്ല | നിരതം |
| 2 | വയനാട് ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘം | W36 | 1-11-1985 | 16-11-1985 | വയനാട് ജില്ല | നിരതം |
| 3 | വൈത്തിരിപ്രാഥമിക കാർഷിക വികസന ബാങ്ക് | W32 | 15-5-1985 | 16-6-1985 | വൈത്തിരി താലൂക്ക് | നിരതം |
| 4 | വൈത്തിരി സഹകരണ റബ്ബർ ആന്റ് ആഗ്രി-കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി | W5 | 10-7-1982 | 89-8-1982 | വൈത്തിരി താലൂക്ക് | ഭാഗീകം |
| 5 | വയനാട് സ്മാൾ കോഫീ ഗ്രോവേഴ്സ് കോ-ഓപ്പ് സൊസൈറ്റി | D2030 | 21-2-1975 | 15-3-1975 | വൈത്തിരിതാലൂക്ക് | ഇല്ല |
| 6 | ദി ജിഞ്ചർ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | W151 | 25-6-1992 | 6-7-1992 | വയനാട് ജില്ല | ഇല്ല |
| 7 | വൈത്തിരി താലൂക്ക് SC/ST റബ്ബർ ആന്റ് അഗ്രിക്കൾച്ചർ-മാർക്കറ്റിംഗ് ആന്റ് പ്രൊസസിംഗ് സൊസൈറ്റി | W187 | 27-10-1994 | 22-11-1994 | വൈത്തിരി താലൂക്ക് | ഭാഗീകമായപ്രവർത്തനം |
| 8 | കൽപ്പറ്റ ബ്ലോക്ക് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി | D2310 | 11-4-1979 | 19-41979 | വൈത്തിരി താലൂക്ക് | ഭാഗീകം |
| 9 | വൈത്തിരി താലൂക്ക് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി | W153 | 22-9-1992 | 22-9-1992 | വൈത്തിരി താലൂക്ക് | ഇല്ല |
| 10 | കൽപ്പറ്റ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | F6807 | 1-12-1921 | 31-1-1922 | കൽപ്പറ്റ വില്ലേജ് | നിരതം |
| 11 | വയനാട് ജില്ലാ സഹകരണ സഹകരണ ബാങ്ക് എപ്ലോയീസ് സഹകരണ സംഘം | W10 | 6-1-1983 | 6-1-1983 | വയനാട് ജില്ല | നിരതം |
| 12 | വൈത്തിരി താലൂക്ക് ഗവ: എംപ്ലോയീസ് സഹകരണ സംഘം | W19 | 25-2-1984 | 16-5-1984 | വൈത്തിരി താലൂക്ക് | നിരതം |
| 13 | ബേങ്ക് എംപ്ലോയീസ് സഹകരണസംഘം | W24 | 15-6-1904 | 25-7-1984 | വയനാട് ജില്ല | നിരതം |
| 14 | വയനാട് ജില്ലാ സഹകരണ ഡിപ്പാർട്ടു മെന്റൽഎംപ്ലോയീസ് സഹകരണ സംഘം | W11 | 22-1-1982 | 15-6-1982 | വയനാട് ജില്ല | ഭാഗീകം |
| 15 | കൽപ്പറ്റ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പ് സൊസൈറ്റി | W81 | 27-5-1991 | 30-5-1991 | വൈത്തിരി താലൂക്ക് | നിരതം |

| നമ്പർ | പേര് | റജിസ്ട്രേഷൻ നമ്പർ | റജിസ്റ്റർ ചെയ്ത തിയതി | പ്രവർത്തനമാരംഭിച്ച തിയതി | പ്രവർത്തന പരിധി | പ്രവർത്തന നിരതമാണോ |
|---|---|---|---|---|---|---|
| 16 | കോഫീ ബോർഡ് എംപ്ലോയീസ് സഹകരണസംഘം | $W_{84}$ | 24-9-1991 | 21-11-1991 | വയനാട് | ഭാഗീകം |
| 17 | കൽപ്പറ്റ ഹരിജൻ സർവ്വീസ് സഹകരണ സംഘം | $W_{15}$ | 1-9-1983 | 16-1-1984 | കൽപ്പറ്റ, വെങ്ങപ്പള്ളി വില്ലേജ് | ഇല്ല |
| 18 | കൽപ്പറ്റ ഷെഡ്യൂൾഡ് ട്രൈബ് സഹകരണ സംഘം | $D_{1994}$ | 16-3-1972 | 19-3-1972 | കൽപ്പറ്റ കൂടാതെ 3 പഞ്ചായത്തുകൾ | നിരതം |
| 19 | വയനാട് എക്സ് സർവ്വീസ് മെൻ ട്രാൻസ്പോർട്ട് സഹകരണസംഘം | $W_{171}$ | 20-4-1990 | 27-6-1990 | വയനാട് ജില്ല | നീരതം |
| 20 | വൈത്തിരി താലൂക്ക് മോട്ടോർ ഡ്രൈവേഴ്സ് ആന്റ് എഞ്ചിനിയറിംഗ് വർക്കേഴ്സ് കോ-ഓപ്പ് സൊസൈറ്റി | $W_{1155}$ | 23-4-1993 | 7-6-1993 | വൈത്തിരി താലൂക്ക് | ഇല്ല |
| 21 | എസ്.കെ.എം.ജെ ഹൈസ്കൂൾ സഹകരണ സംഘം | $F_{11702}$ | 3-121958 | 13-12-1960 | S.K.M.J ഹൈസ്കൂൾ | നിരതം |
| 22 | എച്ച്. ഐ.എം. യു.പി സ്കൂൾ സഹകരണ സംഘം | $D_{21611}$ | 5-4-1976 | 3-6-1976 | HIMUP സ്കൂൾ | നിരതം |
| 23 | ഗവൺമെന്റ് വൊക്കേഷണൽഹയർ സെക്കണ്ടറി സ്കൂൾ | $W_{86}$ | 31-10-1991 | 24-1-1992 | മുണ്ടേരി ഗവ:ഹൈസ്കൂൾ | നിരതം |
| 24 | കൽപ്പറ്റ ടയിലേഴ്സ് ആന്റ് ഗാർമെന്റ് | W 77 | 31-12-1990 | 31-5-1991 | വൈത്തിരി താലൂക്ക് | ഇല്ല |
| 25 | വയനാട് സഹകരണ ആശുപത്രി സംഘം | $W_{133}$ | 4-6-1992 | 8-61992 | വയനാട് | ഭാഗീകം |
| 26 | കൽപ്പറ്റ ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സഹകരണസംഘം | $W_{14}$ | 8-8-1983 | 12-9-1983 | വൈത്തിരിതാലൂക്ക് | ഇല്ല |
| 27 | വൈത്തിരി താലൂക്ക് എസ് സി/എസ്റ്റി ലേബർ കോൺട്രാക്റ് സൊസൈറ്റി | $W_{49}$ | 9-12-1987 | 10-1-1988 | വയനാട് | ഇല്ല |
| 28 | വയനാട് SC/STകൺസ്ട്രക്ഷൻ സൊസൈറ്റി | W 52 | 11-11-1987 | 8-12-1987 | വയനാട് | ഇല്ല |
| 29 | വയനാട് SC/STകൺസ്ട്രക്ഷൻ മെറ്റീരിയൽ & സെയിൽസ് സഹകരണ സംഘം | $W_{51}$ | 28-1-1992 | 18-4-1992 | വയനാട് | ഇല്ല |

92

| നമ്പർ | പേര് | രജിസ്ട്രേഷൻ നമ്പർ | രജിസ്റ്റർ ചെയ്ത തിയതി | പ്രവർത്തനമാരംഭിച്ച തിയതി | പ്രവർത്തന പരിധി | പ്രവർത്തന നിരതമാണോ |
|---|---|---|---|---|---|---|
| 30 | കൽപ്പറ്റ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | W 91 | 28-1-1992 | 18-4-1992 | വയനാട് | ഇല്ല |
| 31 | കൽപ്പറ്റ സോൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | W 209 | 20-8-1996 | 22-8-96 | വൈത്തിരിതാലൂക്ക് | ആണ് |
| 32 | കൽപ്പക പൗൾട്രി ബ്രീസേർസ് കോ-ഓപ്പ് സൊസൈറ്റി | W 43 | 23-12-1986 | 7-1-87 | കൽപ്പറ്റബ്ലോക്ക് | അല്ല |
| 33 | കൽപ്പറ്റ കോ- ഓപ്പറേറ്റീവ് പ്രിന്റിംഗ്& പബ്ലിഷിംഗ് സൊസൈറ്റി | W 158 | 23-4-93 | 12-5-93 | വൈത്തിരി താലൂക്ക് | അല്ല |
| 34 | കൽപ്പറ്റ വനിതാപ്രിന്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | W 87 | 31-1-92 | 31-1-92 | വൈത്തിരി താലൂക്ക് | അല്ല |
| 35 | വയനാട് SC/ST കോ-ഓപ്പറേറ്റീവ് സൊസൈറ്റി | W 171 | 25-11-93 | 1-11-94 | വൈത്തിരി മാനന്തവാടി താലൂക്ക് | അല്ല |
| 36 | കൽപ്പറ്റ ക്ഷീരോൽപാദക സഹകരണസംഘം | | 26-6-1978 | 27-9-78 | കൽപ്പറ്റ | ആണ് |

**സഹകരണ ഭവന നിർമ്മാണ രംഗം**

വൈത്തിരി താലൂക്ക് പ്രവർത്തന പരിധിയുള്ള കൽപ്പറ്റ ബ്ലോക്ക് ഹൗസിംങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ കൽപ്പറ്റ മുൻസിപ്പൽ അതിർത്തിയിൽ 35 പേർ അംഗങ്ങളാണ്. ഇതിൽ 23 പേർക്ക് ലോൺസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. മൊത്തം 48 ലക്ഷത്തോളം രൂപ ബ്ലോക്കിൽ ലോൺ അനുവദിച്ചിട്ടുണ്ട്. 1994 ൽ ആണ് അവസാനമായി സംഘം ലോൺ അനുവദിച്ചത്. കടം അവധി ബാക്കിയാവുന്നത് സംഘത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. 60 ശതമാനത്തിലധികം അംഗങ്ങളിൽ നിന്നും 75 ശതമാനത്തിലധികം ഉപരിസംഘത്തിനും കടം അവധിബാക്കിയുണ്ട്. 15 ശതമാനത്തിലധികം ഉപരിസംഘത്തിന് അവധിബാക്കിയായാൽ പുതിയ ലോണുകൾ അനുവദിക്കാൻ ഫണ്ട് ഉപരിസംഘം അംഗങ്ങളുടെ കടം തിരിച്ചടവ് ശേഷി വേണ്ടവിധത്തിൽ പരിശോധിക്കാതെയുള്ള കടം വിതരണമാണ് ഈ പ്രതിസന്ധിക്ക് കാരണം. ഇത് പരിഹരിച്ച് സംഘത്തിന്റെ പ്രവർത്തനം കൂടുതൽ പേരിലേക്ക് എത്തിക്കാൻ കഴിയണം.

**മണിയങ്കോട് ഹരിജൻ ഇൻഡസ്ട്രിയൽ കോ:ഓപ്പ് സൊസൈറ്റി**

53 അംഗങ്ങളുണ്ട്. മണിയങ്കോട് ആണ് പ്രവർത്തന കേന്ദ്രം. ഇഷ്ടിക, നിർമ്മാണത്തിലേർപ്പെട്ട് മിതമായ നിരക്കിൽ വിൽപന നടത്തിവരുന്നു. സ്വന്തമായ ആഫീസ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. സെക്രട്ടറിയും 12 തൊഴിലാളികളും ഉണ്ട്. 75000/-രൂപ ഓഹരിമൂലധനവും 81930 രൂപ പ്രവർത്തന മൂലധനവും ഉണ്ട്. ഇഷ്ടിക നിർമ്മാണത്തിന് പുറമെ ഹോളോബ്രിക്സ്, പൂച്ചട്ടി നിർമ്മാണം തുടങ്ങിയ രംഗത്തേക്കു കൂടി സംഘം പ്രവേശിക്കണം.

**മറ്റിതരസംഘങ്ങൾ**

**കൽപ്പറ്റ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി:-**

220 അംഗങ്ങളുള്ള വൈത്തിരി താലൂക്കിലെ സഹകരണസംഘം ജീവനക്കാരുടെ ഈ സംഘം നല്ല നിലയിൽ പ്രവർത്തിക്കുന്നു. 2,62, 630 രൂപ ഓഹരി മൂലധനവും, 19,240,90 രൂപ പ്രവർത്തന മൂലധനവുമുണ്ട്. 18,77,027 രൂപ കടം ബാക്കി നിൽപുണ്ട്. കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ 65 അംഗങ്ങളുണ്ട്. 25000, 20000, 15000 സലകളിലുള്ള മൂന്ന് ചിട്ടികളും സംഘം നടത്തുന്നു.

**വയനാട് ജില്ലാ സഹകരണബേങ്ക് എംപ്ലോയീസ് സഹകരണസംഘം:-**

ജില്ലാടിസ്ഥാനത്തൽ പ്രവർത്തിക്കുന്ന സംഘത്തിന്റെ ആസ്ഥാനം കൽപ്പറ്റയാണ്. 98 അംഗങ്ങളുണ്ട്. 25000 രൂപ ഓഹരി മൂലധനവും 17 ലക്ഷം രൂപ പ്രവർത്തന മൂലധനവും ഉണ്ട്. 23 ലക്ഷം രൂപ കടം ബാക്കി നിൽപുണ്ട്. 20000/- ഡലയുള്ള ഒരുസെറ്റ് കുറിയും നടത്തിവരുന്നു.

**ബേങ്ക് എംപ്ലോയീസ് കോ-ഓപ്പ് സൊസൈറ്റി:-**

ബേങ്ക് ജീവനക്കാരുടെ ഈ സഹകരണസംഘവും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. സ്വന്തമായി ആഫീസ് ഉണ്ട്

**ഹൈസ്കൂൾ സംഘങ്ങൾ:**

എസ്. കെ. എം. ജെ. മുണ്ടേരി, എച്ച്. ഐ. എം. യു. പി. എന്നീ മൂന്ന് സ്കൂളുകളിൽ സംഘങ്ങൽ നിലവിലുണ്ട്. പാഠപുസ്തക വിതരണത്തിൽ കവിഞ്ഞ എന്തെങ്കിലും ചെയ്യുന്നത് എസ്. കെ. എം. ജെ ഹൈസ്കൂളിൽ മാത്രമാണ്. അത്യാവശ്യസ്റ്റേഷനറി സാധനങ്ങൽ കൂടി ഈ സംഘം വഴി വിതരണം നടത്തുന്നുണ്ട്. പേരിനുമാത്രമുള്ള പ്രവർത്തനത്തിനു പകരമായി വിദ്യാർത്ഥികൾക്കാവശ്യമായ യൂനിഫോം, കുട ഉൾപ്പെടെ മുഴുവൻ ഉപകരണങ്ങളും സംഘങ്ങൾ വഴി വിതരണം ചെയ്യാൻ കഴിയണം. ഇതിനാവശ്യമായ സഹായം ജില്ലാ സഹകരണ ബേങ്കോ, സർക്കാരോ നൽകണം.

കാലിക്കറ്റ് സർവ്വകലാശാലാ സെൻട്രൽ കോ-ഓപറേറ്റീവ് സ്റ്റോറിന്റെ ഒരു പുസ്തക വിൽപന ശാലയും, റെയ്സ്കോയുടെ കാർഷികോപകരണവിൽപന ശാലയും സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ പുസ്തകവിൽപന ശാലയും കൽപ്പറ്റയിൽ പ്രവർത്തിച്ചുവരുന്നു.

പ്രവർത്തനം നടത്തിവരുന്ന സംഘങ്ങളുടെ പൊതുവിവരണമാണ് ഇവിടെ കുറിച്ചിട്ടുള്ളത്. മറ്റു സംഘങ്ങൾ പ്രത്യേകിച്ച് പ്രവർത്തനം നടത്താത്തതോ, ഭാഗികമായി പ്രവർത്തിക്കുന്നതോ, നിർജീവമോ ആയവയാണ്.

**പ്രശ്നങ്ങൾ**

1. 35 സംഘങ്ങൾ കൽപ്പറ്റ ആസ്ഥാനമായി പ്രവർത്തിക്കുന്നുവെങ്കിലും കൽപ്പറ്റ മുൻസിപ്പൽ പരിധിമാത്രം പ്രവർത്തന മേഖലയുള്ളവ 3 സംഘങ്ങളും കൽപ്പറ്റ സർവ്വീസ് ബേങ്കും, ക്ഷീരസംഘവും മാത്രമാണ്.

2. തൊഴിൽ മേഖലയിൽ കേന്ദ്രീകരിക്കുന്ന സംഘങ്ങൾക്ക് രൂപം നൽകാനായിട്ടില്ല.

3. വനിതകളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘവും ഇതിലില്ല.

4. 1980 നുശേഷം രൂപം കൊണ്ട ചില സംഘങ്ങളും കടലാസിൽ ഒതുങ്ങുന്നു.

5. കൽപ്പറ്റ സർവ്വീസ് ബേങ്ക് ഹ്രസ്വകാല ങ്ങൾക്കാണ് മുൻ തൂക്കം നൽകുന്നത്.

6. കർഷകരുടെ യഥാർത്ഥ ആവശ്യങ്ങൽക്ക് സഹകരണ പ്രസ്ഥാനം വഴി സഹായമെത്തിക്കാൻ കഴി യുന്നില്ല.

7. കൺസ്യൂമർ മേഖലയിലെ സഹകരണപ്രവർത്തനം തുലോം തുഛമാണ്.

8. കൽപ്പറ്റ സർവ്വീസ് ബേങ്കിൽ നിന്ന് കടമെടു ക്കുന്നതിന് പണയാധാരം റജിസ്റ്റർ ചെയ്യുന്നത് കർഷ കരെ ഏറെ ബുദ്ധിമുട്ടിക്കുന്നു.

9. കുറികൾ നടത്തുന്നതിന് 25000/- രൂപവരെയാണ് ഇപ്പോൾ പരിധി. ഇതുമൂലം പട്ടണപ്രദേശത്തെ കച്ചവട ക്കാർ ഇത്തരം കുറിയിൽ നിന്നും ഒഴിഞ്ഞുനില്ക്കുനനു.

10. പുത്തൻ സാമ്പത്തിക നയത്തെ തുടർന്ന് പലിശയിനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ.

11. സഹകരണതത്വം പോലും ലംഘിക്കേണ്ട തരത്തിൽ ലാഭേഛ മാത്രം കണക്കാക്കോണ്ടി വരുന്ന നബാർഡിന്റെയും ഗവൺന്റിന്റെയും നയങ്ങൾ.

12. ചെറുകിടക്കക്കാർക്ക് സാധാരണക്കാരനും വായ്പ നൽകുന്നതിനുണ്ടാകുന്ന നിയമതടസ്സങ്ങൾ

13. ജീവനക്കാരുടെ ജനകീയ ബന്ധമില്ലായ്മ.

14. വിവിധതരം വായ്പാ പദ്ധതിയുടെ അഭാവം.

15. ഉള്ള പ്രവർത്തന മൂലധനം വേണ്ട വിധത്തി ലുള്ള ഉപയോഗിക്കാൻ കഴിയാതിരിക്കൽ.

16. ദേശസാൽകൃതബാങ്കുകളുടെ തള്ളികയറ്റം.

17. സഹകരണ ഉദ്യോഗസ്ഥരുടെ സഹകരണമി ല്ലായ്മ.

**നിർദ്ദേശങ്ങൾ:-**

1) കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിൽ കട മെടുക്കുന്നതിന് പണയാധാരം റജിസ്റ്റർ ചെയ്യുന്നതൊ ഴിവാക്കി ഇകിറ്റബിൾ മോർട്ഗേജ് സംവിധാനമോ, ഗഹാൻ സംവിധാനമോ ഏർപ്പെടുത്തുക.

2) പഞ്ചായത്ത്, മുനിസിപ്പാലിറ്റികളുടെ ഫണ്ട് അതത് പ്രദേശത്തെ സഹകരണബാങ്കുകളിൽ നിക്ഷേപിക്കാന നുവാദം നല്കുക.

3) സഹകരണസംഘങ്ങൾക്ക് കുറി നടത്തുന്ന തിനുള്ള സ്ഥലപരിധി എടുത്തുകളയുക.

4) റജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുക.

5) കൺസ്യൂമർ മേഖലയിൽ കൂടുതൽ സംഘ ങ്ങൾ രൂപീകരിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.

6) കാർഷികവായ്പ ലഭ്യമാകുന്നവർക്ക് സബ്സിഡി സർക്കാർ കൃത്യമായി നല്കുക.

7) തൊഴിൽമേഖലയിൽ കൂടുതൽ സംഘങ്ങൾ രൂപീ കരിക്കുക.

8) വനിതകൾക്കായുള്ള തൊഴിൽ സാധ്യത മുൻനിർത്തി സംഘങ്ങൾ ആരംഭിക്കുക.

9) ജില്ലാ സഹകരണ ആശുപത്രിയുടെ ഇപ്പോ ഴത്തെ പ്രവർത്തനം പരിശോധിച്ച് ആവശ്യമായി പ്രവർത്തന വിപുലീകരണം നടത്തുക.

10) അടക്ക സംസ്കരണ രംഗത്ത് സഹകരണ സ്ഥാപനം ആരംഭിക്കുകയും സംഭരണ വിതരണ സംസ്ക രണ നടപടികൾ ആരംഭിക്കുകയും ചെയ്താൽ ആയിര കണക്കിന് സ്ത്രീകൾ ഉൾപെടെയുള്ളവർക്ക് തൊഴിൽ നല്കാനാകും.

11) മോട്ടോർ തൊഴിലാളി സംഘം ശക്തിപെ ടുത്തി ഇവർക്കിടയിൽ സമ്പാദ്യശീലം വളർത്തുകയും സഹായ നിധി ഏർപ്പെടുത്തുകയും ചെയ്യുക. പെട്രോൾ പമ്പ്, സ്പെയർ പാർട്സ് വില്പന, വർക് ഷോപ് എന്നിവ ആരംഭിക്കുക.

12) ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

13) ഭവനനിർമാണത്തിനാവശ്യമായ കമ്പി, സിമന്റ്, ഹാർഡ് വേയർ ഇനങ്ങൾ എന്നിവയുടെ വില്പന ഭവന നിർമ്മാണ സംഘം ഏറ്റെടുക്കുക.

14) മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘം, കുത്തകാവകാശമുള്ള ഇനങ്ങളുടെ വിപണനം ഏറ്റെടുക്കുക. (ഉദാ: റേഷൻ മൊത്തവ്യാപാരം, മണ്ണെണ്ണ, ഗ്യാസ് ഏജൻസികൾ)

14) കല്പറ്റ സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം കൺസ്യൂമർ മേഖലയിൽ ശക്തിപ്പെടുത്തുക. ആവശ്യ വസ്തുക്കൾ മിതമായ വിലക്ക് നല്കാൻ കഴി യുന്ന സ്റ്റോറുകൾ മുനിസിപ്പാലിറ്റിയുടെ വിവിധ കേന്ദ്ര ങ്ങളിൽ ആരംഭിക്കുക.


15) സഹകരണപ്രസ്ഥാനം വളരെ ശക്തമായ കേരളത്തിൽ സെക്കണ്ടറി തലത്തിലെങ്കിലും സഹക രണ വിദ്യാഭ്യാസം പാഠ്യപദ്ധതിയിലുൾപ്പെടുത്തുക.

95-96ൽ കല്പറ്റ സർവീസ് സഹകരണ ബേങ്ക് വിതരണം ചെയ്ത വായ്പകൾ

| | വിതരണം ചെയ്തത് | ബാക്കി നില്പ് | അവധി ബാക്കി |
|---|---|---|---|
| കാർഷിക ഹ്യസ്വകാല കടം | 4285000 | 3678000 | 4,41000 |
| കാർഷികേതരം (സ്വർണപണയം) | 38997500 | 24657000 | 2.4 64000 |
| മറ്റു കാർഷികേതര ഹ്യസ്വകാലം | 7847500 | 9487000 | 1423000 |
| കാർഷിക മധ്യകാലം | 33000 | 158000 | Nil |
| കാർഷികേതര മധ്യകാലം | 2143900 | 1982000 | 20000 |
| മറ്റു വായ്പകൾ | 9120500 | 2188000 | Nil |
| | 6,24,27,400 | 4,21,50000 | 43,48000 |

കല്പറ്റയിലെ സഹകരണസംഘങ്ങൾ തരംതിരിച്ച്

| | |
|---|---|
| ജില്ലാതലം | 12 |
| രണ്ട് താലൂക്കുകൾ | 1 |
| താലൂക്ക് തലം | 16 |
| ഒന്നിലധികം പഞ്ചായത്തുകൾ | 2 |
| കല്പറ്റ വില്ലേജ് | 2 |
| വില്ലേജിലെ പ്രത്യേക പ്രദേശങ്ങൾ | 3 |
| മൊത്തം | 36 |
| അപെക്സ് സംഘം | 2 |
| പ്രാഥമികസംഘം | 34 |
| ക്രഡിറ്റ് സംഘങ്ങൾ | 18 |
| നോൺ ക്രഡിറ്റ് സംഘങ്ങൾ | 18 |



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വയനാടിന്റെ ഉടമകളായ ആദിവാസികൾ കാലക്രമേണ അടിമകളായി മാറുകയായിരുന്നു. ഇപ്പോൾ സ്വന്തം അസ്ഥിത്വം പോലും നഷ്ടപ്പെട്ട് നിലനിൽപ്പിനായി പൊരുതുന്ന അവസ്ഥയിലാണ് ഉള്ളത്. കൽപ്പറ്റയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലായി നാലായിരത്തോളം പേരുണ്ട് . നഗരസഭയിലെ ജനസംഖ്യയുടെ 16.85 ശതമാനം വരും പട്ടകജാതി പട്ടികവർഗ്ഗക്കാർ. പട്ടികജാതിക്കാർ 6.3 ശതമാനവും പട്ടികവർഗ്ഗക്കാർ 10.57 ശതമാനവുമാണ്. ഇതിൽ പട്ടികജാതിക്കാരിൽ ചെറുമർ, പുലയർ, കണക്കർ, മണ്ണാൻ എന്നീ സമുദായക്കാരും, പട്ടികവർഗ്ഗക്കാരിൽ കുറിച്യർ, ഊരാളി, കുറുമർ, പണിയർ, കാട്ടനായ്ക്കർ, എന്നീ സമുദായക്കാരുമാണ് ഉള്ളത്. പട്ടികജാതിക്കാർ മൂന്ന് കോളനികളിലും ഒറ്റപ്പെട്ടവീടുകളിലും 1448 പേരാണുള്ളത്. പട്ടികവർഗ്ഗക്കാർ 41 കോളനികളിലും ഒറ്റപ്പെട്ട വീടുകളിലുമായി 3874 പേരുമാണ് ഉള്ളത്.

| പട്ടികജാതിക്കാർ | കോളനി | സ്ത്രീ | പുരുഷൻ | മൊത്തം |
|---|---|---|---|---|
| S-C | 3 | 711 | 730 | 1448 |
| പട്ടികവർഗ്ഗക്കാർ | 41 | 1216 | 1210 | 3874 |

പട്ടിക ജാതിക്കാർക്ക് സാമൂഹ്യമേഖലയിൽ ഒട്ടനവധി നേട്ടങ്ങൾകൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് അത് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതേസമയം പട്ടികവർഗ്ഗക്കാരിൽ കുറിച്യർ ഒഴികെയുള്ള മറ്റ് വിഭാഗങ്ങൾക്ക് സാമൂഹികമായും, സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കമാണ്. ആദ്യകാലങ്ങളിൽ ഈ വിഭാഗക്കാർ അനുഭവിച്ച് വന്ന സാമൂഹിക ഉച്ചനീചത്വങ്ങൾ ഇപ്പോൾ നിലവിലില്ല .രോഗം മരണം തുടങ്ങി ആപൽഘട്ടങ്ങളിൽ എല്ലാ വിഭാഗത്തിലുള്ളവരും ഇവരോടൊപ്പം പങ്ക് ചേരുന്നുണ്ട്. എന്നാൽ വിവാഹം പോലുള്ള ചടങ്ങുകളിൽ ഭാഗിക പങ്കാളിത്തമെ മറ്റ് വിഭാഗങ്ങളിൽ നിന്നും ഉണ്ടാവാറുള്ളു.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് സർക്കാർ പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ പദ്ധതികളെ സംബന്ധിച്ചുള്ള അറിവില്ലായ്മ മൂലവും, പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും നടപ്പാക്കുന്നതിലെ ആത്മാർത്ഥ കുറവുമൂലവും പദ്ധതികൾ ഫലപ്രദമാവാറില്ല. സർക്കാർ ഭാഗത്ത് നിന്നുള്ള നിരവധി സൗജന്യങ്ങൾ കൊണ്ട് ഭാഗികമായ നേട്ടങ്ങൾ മാത്രമാണ് കൈവരിക്കാൻ ഈ വിഭാഗങ്ങൾക്ക് കഴിഞ്ഞട്ടുള്ളത്. കാർഷിക മേഖലയിലെ മാറ്റങ്ങൾ ഈ വിഭാഗങ്ങളിലെ സ്ത്രീകളുടെ തൊഴിൽ ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നു.

## വിദ്യാഭ്യാസം

ആദിവാസികൾ ഇന്നനുഭവിക്കുന്ന എല്ലാം അവശതകൾക്കും, ചൂഷണങ്ങൾക്കും പ്രധാന കാരണം വിദ്യാഭ്യാസമില്ലായ്മയാണ്. ശരിയായ വിദ്യാഭ്യാസം ലഭിച്ചാൽ അവർക്ക് ആത്മവിശ്വാസത്തോടെ ജീവിക്കുവാൻ കഴിയുമെന്ന് മാത്രമല്ല സ്വന്തം അവകാശങ്ങളിൽ ബോധവാൻമാരാവുകയും മറ്റുള്ളവരുടെ ചൂഷണത്തിന് വിധേയരാകാതെ കഴിയാനും സാധിക്കും. ആദിവാസികളുടെ ജീവിതം പഠിച്ചറിഞ്ഞവരും, അവരോട് അനുകമ്പയുള്ളവരും ചേർന്ന് ആദിവാസികൾക്ക് അനുരൂപമായ വിദ്യാഭ്യാസരീതി വളർത്തിയെടുക്കാനും, അത് നടപ്പാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതയുമായി മാറണം. വികസനത്തിന്റെ മൂന്നുപാധിയായി, വിദ്യാഭ്യാസം മാറണം ജനകീയ പങ്കാളിത്തത്തിന്റെയും പുതിയ വികസനബോധത്തിന്റെയും പ്രതീകമായി മാറിയ ഒന്നാംഘട്ടസാക്ഷരതാ പ്രവർത്തനം ആദിവാസി മേഖലയിലെങ്കിലും തുടർന്നും നിലനിർത്താൻ കഴിഞ്ഞിരുന്നു എങ്കിൽ കുറേയേറെ മാറ്റങ്ങൾ ഉണ്ടാക്കാൻകഴിയുമായിരുന്നു. നവസാക്ഷരരുടെ അടിസ്ഥാനസാക്ഷരത നിലനിർത്തുക, ബോധവൽക്കരണം നടത്തുക, ഒഴിഞ്ഞുപോ

യവരെ ക്ലാസ്സുകളിൽ എത്തിക്കുക, ഒന്നാം ഘട്ട ക്ലാസ്സിൽ എത്താത്തവർക്ക് ക്ലാസ്സ് ആരംഭിക്കുക, തുടർസാക്ഷരതയെ വികസനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക, സ്കൂൾ പഠനം നിർത്തിയ14 വയസ്സിൽ താഴെയുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുക, 10ാം തരം തോറ്റവരെ പരീക്ഷ പാസ്സാക്കാൻ വേണ്ട സാഹചര്യങ്ങൾ ഒരുക്കുക, എന്നീ ലക്ഷ്യങ്ങളുമായി ആരംഭിച്ച തുടർസാക്ഷരതപദ്ധതി അധികം വൈകാതെ തന്നെ നിലച്ചുപോയത് ആദിവാസി സമൂഹത്തിന് ഏറ്റ വൻ തിരിച്ചടി തന്നെയായിരുന്നു.

വിദ്യഭ്യാസം അത്യാവശ്യമാണെന്ന ബോധം ഈ വിഭാഗങ്ങൾക്ക് ഇടയിൽ വളരാത്തതുകൊണ്ട് തന്നെ തങ്ങളുടെ കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനോ, പഠിത്തം നിർത്തിയവരെ വീണ്ടുംസ്കൂളിൽ അയക്കാനോ കൊഴിഞ്ഞുപോകുന്നവരെ തടയുന്നതിനോ,താൽപര്യം ഉള്ളവർക്ക് ഉന്നതവിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കാനോ ഇവർ തയ്യാർ ആകുന്നില്ല. ഇക്കാര്യത്തിൽ ഈ വിഭാഗങ്ങളെ ബോധവാൻമാർ ആക്കുവാനും മെയ്, ജൂൺ മാസങ്ങളിൽ സന്നദ്ധസംഘടനകളുടെയും മറ്റും സഹകരണത്തോടെ കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനുള്ള പരിപാടികൾ വാർഡുതലത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## പാർപ്പിടം

പട്ടികവർഗ്ഗ ജനവിഭാഗം നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് പാർപ്പിടമില്ലായ്മ. നഗരസഭയിലെ 554 ആദിവാസി കുടുംബങ്ങളിൽ 24 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകളില്ല. മുൻകാലഘട്ടങ്ങളിൽ സർക്കാർ പണിതുനൽകിയ വീടുകൾ തന്നെ ആവശ്യമില്ല.

നഗരസഭയിലെ മുഴുവൻ ആദിവാസികൾക്കും വിവിധ വകുപ്പുകളുടെയും, ഉപഭോക്താക്കളുടെയും, ജനങ്ങളുടെയും കൂട്ടായ ശ്രമത്തിലൂടെ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ വീട് പണിത് നൽകുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കിയാൽ ഇവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കാവുന്നതേയുള്ളു. വാർഡു വികസന കമ്മിറ്റികൾ പ്രത്യേക പരിപാടികൾ ഇതിനായി ആസൂത്രണം ചെയ്യണം. വ്യക്തികൾ സംഘടനകൾ എന്നിവരെയെല്ലാം ഈ പ്രശ്നം ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ കൂടുതൽ സഹായം ലഭ്യമാക്കാനും കഴിയും.

## ആരോഗ്യം കുടിവെള്ളം

വ്യക്തി ശുചിത്വം, പരിസരശുചിത്വം, ആരോഗ്യ പരിപാലനം എന്നീകാരണങ്ങളാൽ ആദിവാസി വിഭാഗങ്ങൾ വളരെ പുറകിലാണ്. ഈ രംഗത്തെ അറിവില്ലായ്മയാണ് ഇവരെ നിത്യ രോഗികളാക്കി മാറ്റികൊണ്ടിരിക്കുന്നത്. ക്ഷയം, സിക്കിൾസെൽ, അനീമിയ ത്വക്ക് രോഗങ്ങൾ, ഉദരരോഗങ്ങൾ എന്നീ രോഗങ്ങൾ ഇവർക്കിടയിൽ സാധാരണമാണ്. ശുദ്ധമായ കുടിവെള്ളത്തിന്റേയും കക്കൂസിന്റെയും അഭാവവും ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള മടിയും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നുണ്ട്. അംഗൺവാടികൾ ആരോഗ്യപ്രവർത്തകർ സന്നദ്ധസംഘടനകൾ തുടങ്ങിയ എല്ലാവരുടേയും സഹകരണത്തോടെ വ്യാപകമായ ബോധവൽക്കരണ പരിപാടിയും ശുദ്ധജലവും കക്കൂസും ലഭ്യമാക്കുന്നതിനുള്ള നടപടികളും ഉണ്ടാകണം. കോളനികളിൽ പൊതു കക്കൂസുകൾ ഉണ്ടാക്കുന്നതിനേക്കുറിച്ചും, ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തണം. ഉപയോഗശൂന്യമായിക്കിടക്കുന്ന കിണറുകളും കക്കൂസുകളും നന്നാക്കി ഉപയോഗപ്പെടുത്താനും പരിപാടി ഉണ്ടാകണം. രണ്ടാഴ്ചയിൽ ഒരിക്കൽ ഡോക്ടർമാർ അടക്കമുള്ള വിദഗ്ദ്ധസംഘം കോളനി സന്ദർശിച്ച് പരിശോധനനടത്തുന്നതിനുള്ള പരിപാടി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ നടത്തണം.

## കൃഷി.

സ്വന്തമായി കൃഷിസ്ഥലമുള്ള ഏതാനും പേർ ആദിവാസികളിലുണ്ട്. കുറഞ്ഞ കൃഷിയിടങ്ങളിൽ കൂടുതൽ ഫലപ്രദമായി കൃഷിചെയ്യുന്നതിനും , കരയിലും വയലിലും ഇടവിളകളും രണ്ടാം വിളകളും നടത്തുന്നതിന് പ്രേരിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കൃഷിതന്നെ ശാസ്ത്രീയമായി നടത്തുന്നതിനും ബോധവൽക്കരണം നടത്തേണ്ടതുണ്ട്. സ്വന്തമായി ഭൂമിയുള്ളവർക്ക് പശു, ആട്, എന്നിവയെ വളർത്താനും മറ്റും സൗകര്യമുണ്ടാക്കിയാൽ കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകുകയും ചെയ്യും. പല കോളനികളും പുഴയോരത്തും മറ്റും ആകയാൽ മണ്ണിടിഞ്ഞ് ധാരാളം സ്ഥലം നഷ്ടമാകുന്നുണ്ട്. പുഴയോരങ്ങളിൽ ഭിത്തികെട്ടി ഇത്തരം സ്ഥലങ്ങൾ സംരക്ഷിക്കാനും നടപടി എടുക്കേണ്ടതുണ്ട്.

*മലബാർ ഹരിജൻ സേവാ സംഘം പ്രസിഡന്റ്, കേരള ഹരിജൻ സേവാ സംഘം പ്രസിഡന്റ് എന്ന നിലക്ക് സേവനമനുഷ്ഠിച്ചിരുന്ന അഡ്വ.പി.എം.വർദ്ധമാനന്റെ കാലഘട്ടത്തിലാണ് ഗാന്ധിസദൻ കാന്യകുരുഗുലം ഹോസ്റ്റൽ സ്ഥാപിതമായത്.*

ഏറ്റെടുക്കണം. വിദ്യാലയങ്ങളിലേക്ക് കൂടുതൽ ദൂരമുള്ളിടത്ത് എല്ലാം ഏകാദ്ധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള സാധ്യതകൾ ആരായണം. ഡി. പി. ഇ. പി പരിപാടിയും ഇതിനായി ഉപയോഗപ്പെടുത്തണം.

- എല്ലാ പ്രധാന കോളനികളിലും അംഗൻവാടികൾ സ്ഥാപിക്കണം. ഹൈസ്കൂൾ കുട്ടികൾക്ക് കോളനികളിൽ തന്നെ ജനകീയമായി ട്യൂഷൻ ഏർപ്പെടുത്തണം.
- കാർഷികേതര തൊഴിലുകൾ പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. സ്വയംതൊഴിൽ പരിശീലനപരിപാടി വ്യാപകമാക്കണം. കൈതൊഴിലുകൾക്കുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
- നഗരസഭയിലെ വീടുകളില്ലാത്ത 241 കുടുംബങ്ങൾക്കും അടുത്ത 5 വർഷത്തിനുള്ളിൽ വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. സന്നദ്ധസംഘടനകൾ, വിവിധവകുപ്പുകൾ, ജനകീയസമിതികൾ, ധനസഹായസ്ഥാപനങ്ങൾ, കോളനിവാസികൾ എല്ലാം ചേർന്നുള്ള പരിപാടിയായിരിക്കും ഇത്. ഗവൺമെന്റിൽ നിന്നുള്ള ധനസഹായത്താൽ നിർമ്മിക്കുന്നവയും ജനകീയ സമിതികളുടെ നേതൃത്വത്തിൽ ആയിരിക്കണം. സ്വന്തമായി സ്ഥലമില്ലാത്തിടത്ത് പുനരധിവാസ പദ്ധതിയും നടപ്പിലാക്കണം
- സാദ്ധ്യതയുള്ളിടത്ത് പ്രകൃതി ദത്ത നീരുറവകൾ ഉപയോഗപ്പെടുത്തുക. പൊതുകിണറുകൾ ഉപഭോക്താക്കളുടെയും ജനങ്ങളുടെയും സഹകരണത്തോടെ നിർമ്മിക്കുക. ഉപയോഗശൂന്യമായി കിടക്കുന്നവ ജനകീയ പങ്കാളിത്തത്തോടെ നന്നാക്കി ഉപയോഗയോഗ്യമാക്കുക. കേടായ കുഴൽ കിണറുകൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിന്റെ സഹകരണത്തോടെ നന്നാക്കുക, സാധ്യതകൾക്ക് അനുസരിച്ച് പൈപ്പ്ലൈൻ നീട്ടുക, എന്നീ പ്രവർത്തനങ്ങളിലൂടെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.
- വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസഹായ പദ്ധതികൾ ലഭ്യമാക്കുന്നതിന് കോളനികൾ ഉണ്ടാക്കാം.
- പണിത വീടുകൾ ഉള്ള കോളനികളിൽ എല്ലാം വൈദ്യുതീകരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.വാർഡ് വികസന സമിതിയും സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ കോളനികളിൽ കാര്യക്ഷമത കൂടിയ അടുപ്പ് സ്ഥാപിക്കുകയും ചെയ്യണം. വിറകിന്റെ ദൗർലഭ്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണം.
- ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ കോളനികളിൽ ബോധവൽക്കരണ ക്യാമ്പുകൾ മാസംതോറും നടത്തുക. പ്രധാന കേന്ദ്രങ്ങളിൽ ഇടക്കിടെ മെഡിക്കൽ ക്യാമ്പുകൾ നടത്തുക. കൽപ്പറ്റ ഗവഃ ഹോസ്പിറ്റലിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുക. മരുന്നുകൾക്കുള്ള വില പട്ടിക വർഗ്ഗവകുപ്പിൽ നിന്നും ലഭ്യമാക്കാനുള്ള സഹായം ചെയ്യുക.
- എല്ലാ കൈവശഭൂമിക്കും പട്ടയം ലഭ്യമാക്കുക. പൊതുശ്മശാനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ പെൺകുട്ടികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുക.
- ഇപ്പോഴുള്ള ഗിരിജൻ സഹകരണ സംഘങ്ങളിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് വിപുലപ്പെടുത്തുകയും കൈതൊഴിലുകൾക്ക് പ്രത്യേക വായ്പയും അസംസ്കൃത സാധനങ്ങളും നൽകി വിപണന സാധ്യത മെച്ചപ്പെടുത്തുകയും വേണം.
- ആദിവാസികളുടെ പാരമ്പര്യ ചികിൽസാ രീതികൾ പാരമ്പര്യ തൊഴിലുകൾ, പരമ്പര്യകലകൾ തുടങ്ങിയവ സംരക്ഷിക്കാനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുക.
- പട്ടികജാതി, പട്ടികവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻസിപ്പൽ തലത്തിൽ മോണിറ്ററിംഗ്. സംവിധാനം ഉണ്ടാക്കണം.

> ***'അയിത്തം ഒഴിവാക്കിയില്ലെങ്കിൽ ഇന്ത്യ അതിന്റെ ശവക്കുഴിതോണ്ടുകതന്നെ ചെയ്യും'***
>
> **മഹാത്മാഗാന്ധി.**



## പ്രശ്നങ്ങൾ

- എല്ലാ കോളനികളിലും നിരക്ഷരത നില നിൽക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണ്. ഉപരിപഠനത്തിന് താൽപര്യമുള്ളവർക്ക് സാഹചര്യം ഇല്ല. വീട്ടിലുള്ള ചെറിയകുട്ടികളെ സംരക്ഷിക്കുന്നതിന് മുതിർന്ന കുട്ടികൾ വീട്ടിലിരിക്കേണ്ടി വരുന്നത് നിമിത്തം സ്കൂളിൽ ഇവർക്ക് പോകാൻ കഴിയുന്നില്ല. ചില പ്രദേശങ്ങളിൽ സ്കൂൾ വളരെ അകലെ ആണ്. തുടർസാക്ഷരതാപദ്ധതി ഇല്ല.

- തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അറിയാവുന്ന തൊഴിൽ കാർഷികമേഖലയിലേതു മാത്രമാകുന്നു. നെൽവയലുകൾ മറ്റു കൃഷികൾക്ക് വഴിമാറിയതും, കാർഷികരീതിയിലെ മാറ്റവും തൊഴിലില്ലായ്മ വർദ്ധിപ്പിച്ചു. കൈതൊഴിലുകൾ അറിയാവുന്നവർക്ക് ആവട്ടെ അസംസ്കൃതവസ്തുക്കൾ ലഭ്യവുമല്ല.

- വാസയോഗ്യമായ വീടുകൾ ഇല്ല. നേരത്തെനിർമ്മിച്ചവ തന്നെ സ്വന്തം ഉത്തരവാദിത്വം ഇല്ലാത്തതിനാലും, മോശമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചതുകൊണ്ടും അറ്റകുറ്റപ്പണികൾ നടത്താതെ നശിച്ചു കൊണ്ടിരിക്കുന്നു. സ്വന്തമായി സ്ഥലംഇല്ലാത്തവരെ പുനരധിവസിപ്പിക്കാൻ പദ്ധതികളില്ല. ഉള്ള സ്ഥത്തിന് രേഖകൾ ഇല്ലാത്തതിനാൽ ചിലയിടങ്ങളിൽ വീട് നിർമ്മിച്ച് കൊടുക്കാനാവുന്നില്ല. വീടുവയ്ക്കാൻ നൽകിവരുന്ന ധനസഹായം അപര്യാപ്തമാണെന്ന് സഹായധനം ദുർവിനിയോഗം ചെയ്യുന്നത് തടയാനും ആവുന്നില്ല. കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പരിപാടികൾ ഇല്ല.

- സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലന ലഭ്യതകുറവാണ്.

- വിവിധ വകുപ്പുകൾ നൽകുന്ന ധനസഹായ പരിപാടികളെക്കുറിച്ചുള്ള അജ്ഞത കാരണം പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നു.

- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ള ചികിത്സസംവിധാനം പോലും പ്രവർത്തനക്ഷമമല്ലാത്തതും അജ്ഞതയും, മടിയും, ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.

- സ്വന്തമായുള്ള ഭൂസ്വത്തും, ശ്മശാനവും സംരക്ഷിക്കുന്നതിനുള്ള ശ്രമവും നടക്കുന്നില്ല.


## സാദ്ധ്യതകൾ

- എല്ലാ കോളനികളിലും ഗവർമെന്റിന്റെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിക്കുക. SSLC വരെയെങ്കിലും എല്ലാം SC, ST, വിദ്യാർത്ഥികൾക്കും സൗജന്യവസ്ത്രം, ഭക്ഷണം, പഠനസാമഗ്രികൾ ലഭ്യമാക്കണം. കൊഴിഞ്ഞുപോക്ക് തടയുന്നതിനും, സ്കൂൾപ്രവേശനം പൂർണ്ണമാക്കുന്നതിനും സന്നദ്ധസംഘടനകളുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടെ ബോധവൽക്കരണപരിപാടി നടത്തണം. ഇതിനായി ഓരോ കോളനിക്കും പ്രത്യേകമായ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കണം. ഈ പരിപാടിയുടെ മൊത്തം ചുമതല വാർഡ് വികസന സമിതി

| നമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങൾ | ജനസംഖ്യ | | | വീടുകൾ | | | | കുടിവെള്ളം | | | കക്കൂസ് | | റോഡുകൾഗതാഗത യോഗ്യമാണോ | | വൈദ്യുതി | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പു | സ്ത്രീ | ടെറസ്സ് | ഓട് | പുല്ല് | ഇല്ല | കിണർ | പൈപ്പ് | ഇല്ല | ഉണ്ട് | ഇല്ല | ആണ് | അല്ല | ഉണ്ട് | ഇല്ല | |
| 1 | പൊന്നടപണിയകോളനി | 1 | 20 | 66 | 30 | 36 | ഇല്ല | 10 | ഇല്ല | – | 1 | ഇല്ല | – | – | * | – | അല്ല | – | ഇല്ല | |
| 2 | കോട്ടാൻചിറപണിയകോളനി | 1 | 15 | 35 | 15 | 20 | ഇല്ല | 9 | 4 | – | 1 | ഇല്ല | – | – | * | – | 1 | – | ഇല്ല | |
| 3 | താഴെനെടുനിലംപണിയകോളനി | 1 | 5 | 27 | 12 | 15 | – | – | 5 | * | – | – | ഇല്ല | – | * | 1 | – | ഉണ്ട് | ഇല്ല | |
| 4 | മാടക്കുന്നിപണിയകോളനി | 1 | 10 | 38 | 18 | 20 | – | 13 | ഇല്ല | * | – | – | ഇല്ല | – | * | – | 1 | – | ഇല്ല | |
| 5 | മാനിവയൽ പണിയ | 1 | 7 | 50 | 20 | 30 | 6 | ഇല്ല | ഇല്ല | * | – | ഉണ്ട് | ഇല്ല | പൊതുകക്കൂസ് | * | 1 | – | ഉണ്ട് | ഇല്ല | |
| 6 | മരവയൽ പണിയ | 1 | 13 | 46 | 23 | 23 | – | 7 | 1 | * | – | – | ഇല്ല | - | * | 1 | – | – | ഇല്ല | |
| 7 | മൈലാടി പണിയ | 1 | 17 | 82 | – | – | 12 | 5 | ഇല്ല | * | 1 | – | – | - | * | 1 | – | ഉണ്ട് | – | |
| 8 | ഓടമ്പംപണിയ | 1 | 31 | 126 | 58 | 68 | 11 | – | 14 | * | 1 | – | – | - | * | 1 | – | – | ഇല്ല | |
| 9 | ഓടമ്പം കുറുമകോളനി | 2 | 11 | 39 | 21 | 18 | – | 2 | 5 | * | – | – | – | - | * | 1 | – | – | ഇല്ല | |
| 10 | തോണിക്കടവ് പണിയ | 2 | 9 | 33 | 16 | 17 | – | 2 | 7 | * | ഇല്ല | ഇല്ല | ഇല്ല | - | * | – | 1 | – | ഇല്ല | |
| 11 | മൂവട്ടിക്കുന്ന് കുറുമകോളനി | 2 | 17 | 52 | 26 | 28 | – | 8 | 8 | * | ഇല്ല | 1 | ഇല്ല | - | * | – | 1 | – | ഇല്ല | |
| 12 | വാടോത്ത്കുറുമപണിയ | 2 | 4 | 15 | 8 | 7 | – | – | 2 | * | ഇല്ല | ഇല്ല | ഇല്ല | - | * | – | – | – | ഇല്ല | |
| 13 | എമിലി കുറിച്യകോളനി | 3 | 8 | 35 | 19 | 16 | – | 8 | – | - | 1 | ഇല്ല | ഇല്ല | - | * | 1 | – | – | ഇല്ല | |
| 14 | നെടുങ്ങോട് കുറിച്യ | 3 | 14 | 51 | 21 | 30 | – | 14 | – | - | 1 | ഇല്ല | ഇല്ല | - | * | – | – | – | ഇല്ല | |
| 15 | കരടിപ്പ് പണിയകുറുമ | 3 | 9 | 40 | 18 | 22 | – | 5 | – | * | ഇല്ല | ഇല്ല | ഇല്ല | - | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 16 | പുളിയാർമല കുറുമകോളനി | 3 | 25 | 101 | 50 | 51 | – | 22 | 1 | * | 1 | ഇല്ല | ഇല്ല | - | * | 1 | ഇല്ല | ഇല്ല | ഇല്ല | |
| 17 | കോളിമൂല പണിയകോളനി | 4 | 24 | 95 | 51 | 44 | – | 14 | 2 | * | ഇല്ല | ഉണ്ട് | ഇല്ല | - | * | – | ഇല്ല | ഇല്ല | ഇല്ല | |
| 18 | മുണ്ടേരിപപ്പോയിൽ.പ.കോ | 4 | 30 | 107 | 61 | 46 | – | 19 | 2 | * | 1 | 1 | ഇല്ല | - | * | 1 | – | – | ഇല്ല | |
| 19 | ഇല്ല | 5 | – | – | – | – | – | – | – | - | – | – | ഇല്ല | - | * | – | – | – | – | |
| 20 | എടപ്പെട്ടി പണിയകോളനി | 6 | 41 | 156 | 80 | 76 | – | 20 | 2 | * | 1 | 1 | ഇല്ല | - | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 21 | ഇല്ല | 7 | – | – | – | – | – | – | – | - | – | – | ഇല്ല | - | - | – | – | – | – | |
| 22 | ഇല്ല | 8 | – | – | – | – | – | – | – | - | – | – | ഇല്ല | - | - | – | – | – | – | |
| 23 | ഗ്രാമക്കുന്നി പണിയകോളനി | 9 | 10 | 41 | 15 | 26 | – | 4 | ഇല്ല | * | 1 | ഇല്ല | ഇല്ല | - | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |

| നമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങൾ | ജനസംഖ്യ | | | വീടുകൾ | | | | കുടിവെള്ളം | | | കക്കൂസ് | | റോഡുകൾ ഗതാഗത യോഗ്യമാണോ | | വൈദ്യുതി | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പു | സ്ത്രീ | ടെറസ്സ് | ഓട് | പുല്ല് | ഇല്ല | കിണർ | പൈപ്പ് | ഇല്ല | ഉണ്ട് | ഇല്ല | ആണ് | അല്ല | ഉണ്ട് | ഇല്ല | |
| 24 | അണിമലരി പണിയ കോ. | 9 | 11 | 41 | 18 | 23 | – | 6 | 1 | * | 1 | 1 | ഇല്ല | | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 25 | എടഗുനി പണിയകോളനി | 10 | 22 | 80 | 41 | 39 | – | 6 | 6 | * | 1 | – | ഇല്ല | – | * | ഇല്ല | 1 | ഇല്ല | ഇല്ല | |
| 26 | എടഗുനിതാഴെ [illegible] | [illegible] | [illegible] | 32 | 15 | 17 | – | 3 | ഇല്ല | * | 1 | – | ഇല്ല | – | – | – | 1 | ഇല്ല | ഇല്ല | |
| 27 | എടഗുനി മേലെലക്ഷംവീട് | 10 | 3 | 10 | – | – | – | ഇല്ല | 3 | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 28 | കോവക്കുനി പണിയ.കോ | 10 | 8 | 39 | – | – | – | 4 | 3 | * | 1 | ഇല്ല | ഇല്ല | ഇല്ല | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 29 | കുനാമ്മേൽ പ. കോ | 11 | 6 | 26 | 15 | 11 | – | – | 4 | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 30 | പുഴമടി പണിയകോളനി | 11 | 18 | 67 | 38 | 29 | – | – | 14 | * | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 31 | പടപുരംപണിയകോളനി(1) | 11 | 20 | 85 | 36 | 49 | – | – | 20 | * | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | |
| 32 | പടപുരം പണിയകോളനി(2) | 11 | 4 | 16 | 7 | 9 | – | – | 4 | * | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | |
| 33 | നാരങ്ങകണ്ടിപണിയകോളനി | 11 | 18 | 68 | 33 | 35 | – | 10 | 2 | * | ഇല്ല | 1 | ഇല്ല | – | * | 1 | – | – | ഇല്ല | |
| 34 | അഡ്ലൈഡ് പ.കോ | 11 | 10 | 24 | 9 | 15 | – | – | 10 | * | – | 1 | ഇല്ല | – | * | – | 1 | – | ഇല്ല | |
| 35 | ഓണിവയൽപണിയകോളനി | 12 | 20 | 90 | 42 | 48 | – | 13 | 2 | * | – | 1 | ഇല്ല | – | * | 1 | – | ഉണ്ട് | ഇല്ല | |
| 36 | കോളനി ഇല്ല | 13 | – | – | – | – | – | – | – | – | – | – | – | – | * | – | – | – | – | |
| 37 | ഗുഡലായ്കുന്ന് പ.കോ | 14 | 11 | 38 | 22 | 16 | – | 11 | ഇല്ല | ഇല്ല | – | – | – | – | * | 1 | ഇല്ല | – | – | |
| 38 | ഇല്ല | 15 | – | – | – | – | – | – | – | – | – | – | – | – | – | – | – | – | ഇല്ല | |
| 39 | ഇല്ല | 16 | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | |
| 40 | ആനപ്പാറമലകട്ടുനായ്ക.കോ | 17 | 5 | 21 | 10 | 11 | – | 2 | 4 | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | * | ഇല്ല | 1 | ഇല്ല | – | |
| 41 | റാട്ടക്കൊല്ലിനായ്കകോളനി | 17 | 3 | 11 | 7 | 4 | – | 3 | – | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 42 | റാട്ടകെല്ലിപണണിയകോളനി | 17 | 14 | 63 | – | – | 1 | 5 | 2 | * | 1 | ഇല്ല | ഇല്ല | ഇല്ല | * | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | |
| 43 | തുറക്കോട്കുന്ന് പ. കോ. | 18 | 11 | 52 | 5 | 6 | – | 5 | 5 | * | ഇല്ല | ഇല്ല | ഇല്ല | ഇല്ല | * | ഇല്ല | 1 | ഇല്ല | – | |
| 44 | സ്വര്യസം പണിയകോളനി | 18 | 17 | 57 | 28 | 29 | ഇല്ല | 17 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | * | 1 | ഇല്ല | ഇല്ല | ഇല്ല | |
| 45 | മോലവയൽപണിയകോളനി | 18 | 6 | 31 | 17 | 14 | ഇല്ല | 4 | 1 | * | 1 | ഇല്ല | ഇല്ല | ഇല്ല | * | ഇല്ല | 1 | ഇല്ല | ഇല്ല | |
| 46 | ഇല്ല | 19 | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | |
| 47 | വെള്ളാരംകുന്ന്കാട്ടുനായ്ക | 20 | 2 | 3 | 2 | 1 | – | 1 | 2 | * | ഇല്ല | ഇല്ല | ഇല്ല | – | * | ഇല്ല | 1 | ഇല്ല | ഇല്ല | |

102



# വിഭവസമാഹരണം

കൽപ്പറ്റ നഗരസഭയിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കാർഷിക വിളകളിൽ നിന്നുമാണ്. കാർഷിക മേഖലയിൽ തന്നെ ഒരു പിടിയാളുകളുടെ കൈവശമാണ് ബഹുഭൂരിഭാഗം കൃഷിയിടങ്ങളും. സാധാരണക്കാരുടെ കൈവശമുള്ള കൃഷിഭൂമിയുടെ അളവ് വളരെ കുറവാണ്. കാർഷിക മേഖലയിൽ ഉൽപാദനം ശരാശരിക്കു താഴെയാണുള്ളത്. പ്രധാന വിളവ് കാപ്പിയാണ്. കുരുമുളകിൻെറ ഉൽപാദനം കുറഞ്ഞു വരുന്നു. തേയില തോട്ടം മുഴുവനായി ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമാണ്. ഇതിനു പുറമെ സാധാരണ കർഷകരുടെ പ്രധാന വരുമാന മാർഗ്ഗവും പ്രതീക്ഷയും വാഴകൃഷിയിലാണുള്ളത്. ഇപ്പോൾ ചെറിയ കൃഷിയിടങ്ങൾ വൻവിലയ്ക്ക് പാർപ്പിട ആവശ്യങ്ങൾക്ക് വിൽപ്പന നടത്തുന്നത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഭൂമിയുടെ അപ്രതീക്ഷിതമായ വിലക്കയറ്റം കാർഷിക മേഖലയെ തളർത്തിയിരിക്കുകയാണ്. ഭൂമിയുടെ കൈമാറ്റം വഴി ലഭിക്കുന്ന പണം കൂടുതലായും കച്ചവടങ്ങളിൽ മുടക്കുന്നതിലുള്ള പ്രവണതയും കണ്ടുവരുന്നുണ്ട്.

കാർഷിക മേഖലയ്ക്കു പുറമേ ശൈശവ ദശയിലുള്ള ചെറുകിട വ്യവസായങ്ങളാണ് കൽപ്പറ്റയിലുള്ളത്. അകാലമൃത്യുവടയുന്ന വ്യവസായ സംരംഭങ്ങളുടെ ഒരു പട്ടിക തന്നെ ഇവിടെയുണ്ട്. വ്യവസായ സംരംഭങ്ങളായി തുടങ്ങുന്നതിൽ ഭൂരിഭാഗവും സേവന മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന സ്ഥാപനങ്ങളുമാണ്. പ്രാദേശീകാവശ്യങ്ങൾക്കനുസൃതമായും പ്രാദേശിക വിഭവങ്ങൾ ചൂഷണം ചെയ്തുകൊണ്ടുമുള്ള വ്യവസായങ്ങൾക്ക് ഇനിയും സാദ്ധ്യതകൾ ഏറെയുണ്ട്. പരിശീലനവും സാമ്പത്തിക സഹായങ്ങളും എത്തിച്ചാൽ വ്യവസായിക മേഖലയിൽ എന്തെങ്കിലും ചലനങ്ങൾ സൃഷ്ടിക്കാൻ ഇവിടെ സാദ്ധ്യത കാണുന്നുണ്ട്.

കാർഷിക മേഖലയിൽ ഉൽപാദന വർദ്ധനവിനായി നഗരസഭയക്കുള്ള അധികാരങ്ങൾ വച്ച് ഇടപെടലുകൾക്ക് സാദ്ധ്യത ഏറെയുണ്ട്. വ്യാവസായിക രംഗത്ത് വ്യവസായ കേന്ദ്രത്തിൻെറ സഹായത്തോടെ ആത്മാർത്ഥതയും ശുഭാപ്തിവിശ്വാസമുള്ള സംരഭകരെ തെരഞ്ഞെടുത്ത് ചെറുകിട യൂണിറ്റുകൾ തുടങ്ങാനും നഗരസഭയ്ക്ക് കഴിയുന്നതാണ്. കാർഷിക വ്യാവസായിക മേഖലകളിൽ ഉൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനായി വിപണന മേഖലകളിലും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് നടത്താവുന്നതാണ്.

നഗരവികസനത്തിൻെറ ഭാഗമായി വളർന്നു വരുന്ന കച്ചവട സ്ഥാപനങ്ങൾ വഴിയും വരുമാനം കൽപ്പറ്റയിൽ ഏറിവരുന്നുണ്ട്.

പുതിയ നിയമത്തിൻെറ വെളിച്ചത്തിൽ നഗരസഭയ്ക്കു ലഭിക്കേണ്ടുന്ന ഗ്രാൻറുകൾ താമസം വിന ലഭ്യമാക്കുന്നതിനും പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന ഇരുനൂറോളം പേരാണ് നഗരസഭയിലുള്ളത്. വൻ സാമ്പത്തിക നേട്ടങ്ങൾ ഇവരിൽ നിന്നും പ്രതീക്ഷിക്കാനുള്ള വകയില്ല. വിദേശ രാജ്യങ്ങളിൽ എത്തിച്ചേരാനുള്ള സാമ്പത്തിക ചിലവും വരുമാനവും തട്ടിച്ചുനോക്കുമ്പോൾ പല കുടുംബങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾക്ക് സാദ്ധ്യതകൾ കാണാനില്ല.

ടൂറിസം മേഖലയിൽ നഗരസഭയ ക്ക് സാദ്ധ്യതകൾ ഏറെയില്ല. മൈസൂർ, ഊട്ടി ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ഇടത്താവളം എന്ന നിലയിലുള്ള വികാസത്തിന് മാത്രമാണ് സാദ്ധ്യത. വയനാട്ടിലെ കാലാവസ്ഥയും ഭൂപ്രകൃതിയും ആയുർവേദ സുഖ ചികിൽസാ മേഖലകളിൽ ശ്രദ്ധ പതിപ്പിച്ചാൽ

വിദേശീയരെ ആകർഷിക്കാനായേക്കും. ഈ സാദ്ധ്യതകൾ റെയിൽവെ വികസനത്തോടൊപ്പം മാത്രമെ പൂർണ്ണമായും ഉപയോഗിക്കാനാകൂ.

നഗരസഭയുടെ വരുമാന മാർഗ്ഗത്തിൽ നാലിലൊന്ന് വസ്തു നികുതിയിലൂടെ യാണ്. വിനോദ നികുതിയും, അധിക വിനോദ നികുതിയും, തൊഴിൽ നികുതിയുമാണ് മറ്റു പ്രധാന വരുമാന മാർഗ്ഗങ്ങൾ. നികുതികൾ വർഷാവർഷങ്ങളിൽ വർദ്ധിച്ചു വരുന്നുണ്ട്. വസ്തു വകകളിൽ നിന്നുള്ള വരുമാന മാർഗ്ഗങ്ങൾ നിക്ഷേപവുമായി തട്ടിച്ചുനോക്കുമ്പോൾ ഗുണകരമായിട്ടില്ല. ഗവൺമെൻറിൽ നിന്നും പൊതുകാര്യങ്ങൾക്കുള്ള ഗ്രാൻറ്, വസ്തു കൈമാറ്റ ത്തീരുവ , വാഹന നികുതി, നഷ്ടപരിഹാര തുക എന്നിവപെടുന്നു.ഇതിനുപുറമെ ഘടക പദ്ധതി ഉൾപ്പെടുത്തി ചേരിപരിഷ്കരണങ്ങൾക്കായി ലഭിക്കുന്ന ഗ്രാൻറും, വായ്പയും എൻ. ആർ. വൈ പദ്ധതികൾ പ്രകാരം തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്നതിനുള്ള ധനസഹായവും ലഭിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര ഗവ. ഐ. ഡി. എസ്. എം. ടി പദ്ധതിയും നടപ്പിലുണ്ട്.

കൽപ്പറ്റ നഗരസഭയിൽ 20 ൽ അധികം ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. (പട്ടിക ചേർക്കുന്നു) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും പ്രവർത്തന രംഗത്തുണ്ട്. കൽപ്പറ്റയിലെ ബാങ്കുകളുടെ നിക്ഷേപങ്ങളുടെ 78% മാത്രമാണ് ഇവിടെ വായ്പാ വിതരണം നടത്തുന്നത്. (പട്ടിക ചേർക്കുന്നു)

നഗരസഭയുടെ വരുമാനം ഭരണ ചിലവുമായി താരതമ്യം ചെയ്യുമ്പോൾ വരവ് ചെറിയ തോതിൽ അധികരിച്ചു നിൽക്കുന്നുണ്ട്. പക്ഷെ വളരെയധികം ആവശ്യങ്ങൾ മുന്നിലുള്ള ഒരു നഗരസഭ എന്ന നിലയിൽ വികസന പ്രവർത്തനങ്ങൾക്ക് മറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. കെ. യു. ഡി. എഫ്. സി. യുടെ വമ്പിച്ച സഹായം ഫലപ്രവർത്തനങ്ങൾക്കും ആവശ്യമാണ്.

നഗരസഭാ പ്രവർത്തനങ്ങൾ ചലിപ്പിക്കുന്ന ജീവനക്കാരുടെ അഭാവം ചിട്ടയായ പ്രവർത്തന ങ്ങൾക്ക് ഗതിവേഗം കുറക്കുന്നുണ്ട്. ധനവിനി യോഗത്തിലെ സുതാര്യതക്കുറവ് പല പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. ഉചിതമായ നടപടികളിലൂടെ പ്രശ്നങ്ങൾമാറ്റിയെടുക്കാവുന്നതേയുള്ളൂ. നഗരസഭ യുടെ ചിലവുകളിൽ ഭൂരിഭാഗവും വികസന പ്രവർത്ത നങ്ങൾ ആണ്(പൊതുമരാമത്ത് പ്രവർത്തികൾ ആണ്) കഴിഞ്ഞ 5 വർഷങ്ങളിലായി 44.7% വർദ്ധനവ് ഈ മേഖലയിൽ കാണിക്കുന്നുണ്ട്. പൊതുമരാമത്ത് മേഖലയിലാണ് നഗരസഭയുടെ കൂടുതലായും പണം ചിലവഴിക്കുന്നത്.

**പ്രശ്നങ്ങൾ സാദ്ധ്യതകൾ**

- നികുതി പിരിവ് ഇന്നും ജനങ്ങളിൽ ഒരു ശത്രുതാ മനോഭാവമാണ് സൃഷ്ടിച്ചിട്ടുള്ളത്. കൃത്യ മായി നികുതി നൽകുക എന്നത് ഒരു സ്വഭാവമാക്കി മാറ്റിയെടുക്കേണ്ടതുണ്ട്. നികുതികളിലൂടെയാണ് വികസനത്തിനുള്ള പണം രൂപീകരിക്കുന്നതെന്ന ബോധം ജനങ്ങളിലുണ്ടാക്കാൻ വാർഡ് വികസന സമിതികളും നഗരസഭയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണം. ബോധവൽക്കരണം യാഥാർത്ഥ്യ മായ രീതിയിൽ നടപ്പിൽ വരുത്തിയതിനു ശേഷവും വീഴ്ച വരുത്തുന്നവരിൽ നിന്നും പിഴയും ഈടാക്കാവുന്നതാണ്.
- വിനോദ നികുതി വരുമാനം ചേർച്ചയില്ലാതെ ലഭിക്കാൻ വേണ്ട മാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതാണ്. സിനിമാശാലകളിൽ നിന്നുള്ള പരോക്ഷ നികുതി വരുമാനം ഉയർത്താനുള്ള സാദ്ധ്യതകളും പരിശോധി ക്കാവുന്നതാണ്.
- പരസ്യങ്ങൾ മുഖേനയുള്ള നികുതി വർദ്ധിപ്പിക്കാൻ സാദ്ധ്യതകളുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ടി. വി വഴിയുള്ള പരസ്യങ്ങളുടെ ഒരു ശതമാനമെങ്കിലും നൽകാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.
- ടൂട്ടോറിയൽ കോളേജ്, ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങളുടെ നികുതി വർദ്ധിപ്പിക്കാനും സാദ്ധ്യതയുണ്ട്.
- 2 ലക്ഷത്തിലധികം ചിലവു വരുന്ന കെട്ടിടങ്ങളുടെ ലൈസൻസ് ഫീസ് എസ്റ്റിമേറ്റിൻെറ ഒരു ശതമാനമാക്കി ഉയർത്തി വരുമാനം കണ്ടെത്താവുന്നതാണ്.വിദേശ മദ്യ വിൽപന സ്ഥാപനങ്ങളുടെ വിറ്റുവരവിനനുസൃതമായി നികുതികൾ പുതുക്കി നിശ്ചയിക്കാവുന്നതാണ്. ലൈസൻ ഫീ വർദ്ധിപ്പിക്കേണ്ടതാണ്.
- നഗരസഭയുടെ വരവു ചെലവുകൾ സുതാര്യ മാക്കി ജനങ്ങൾക്ക് ഭരണത്തിലുള്ള വിശ്വാസം വർദ്ധിപ്പിക്കുകയും അഴിമതി ഇല്ലാതാക്കുകയും ചെയ്യണമെന്നതാണ്. അതിനായി ഗ്രാമസഭകളിൽ ഇതു സമർപ്പിക്കേണ്ടതാണ്.

- വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പാർക്കിങ്ങ് ഫീസ് നടപ്പാക്കാവുന്നതാണ്.
- മാർക്കറ്റുകൾ പരിഷ്കരിച്ച് അതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
- വാടക കെട്ടിടങ്ങൾ വാർഡ് തല വികസന സമിതികളുടെ നേതൃത്വത്തിൽ പരിശോധിച്ച് നഗരസഭയിൽ അടക്കേണ്ടുന്ന കൃത്യമായ തുക അടപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.
- കാർഷികാടിസ്ഥാന വ്യവസായങ്ങൾ തുടങ്ങാനുള്ള സഹായം നൽകേണ്ടതാണ്,
- ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് , താമസ സർട്ടിഫിക്കറ്റ് മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവക്ക് ചെറിയ സംഖ്യ ഫീസായി ചുമത്താവുന്നതാണ്.
- വരുമാനമുള്ള എല്ലാവരിൽ നിന്നും അധിക നികുതി പിരിക്കാൻ സംവിധാനം ഉണ്ടാകേണ്ടതാണ്.
- സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.
- അനധികൃത കെട്ടിടം നിർമ്മാണം നടത്തുന്നവർക്ക് പലതും പിഴ ഇടുകയും, എതിരെ നടപടികൾ സ്വീകരിക്കുകയും വേണം.
- നഗരസഭയുടെ വികസനത്തിന് തദ്ദേശത്തുള്ള ബാങ്കുകളിൽ നിന്നും ധന സഹായം ലഭ്യമാക്കേണ്ടതുണ്ട്.
- ചെറുകിട കർഷകർ ഒഴികെയുള്ളവർക്ക് വിളവുകൾക്ക് പ്രത്യേക നികുതി ചുമത്താവുന്നതാണ്.
- സുഗന്ധ ദ്രവ്യങ്ങൾ കയറ്റിയയക്കുന്നതിന് നിശ്ചിത ശതമാനം നികുതി ഈടാക്കാവുന്നതാണ്.
- വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ഗൾഫ് രാജ്യങ്ങളിലേക്കുള്ളവരെ ഏകോപിപ്പിച്ച് വ്യവസായ സംരഭങ്ങൾ തുടങ്ങാൻ നേതൃത്വം നഗരസഭ ചെയ്യേണ്ടതാണ്.
- വിവിധ വാർഡുകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ **മനുഷ്യ അദ്ധ്വാനം** ഉപയോഗിക്കാവുന്നതാണ്. എല്ലാ ഗ്രാമ സഭകളും മനുഷ്യാദ്ധ്വാനം സംഭാവന നൽകാൻ തയ്യാറായിട്ടുമുണ്ട്.
- പ്രാദേശികമായ സംഭാവനകളിലൂടെ സ്പോൺസർ കണ്ടെത്തി പല നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കാൻ സാദ്ധ്യതകളുണ്ട്. സ്വകാര്യ ആശുപത്രികളുടെ വരുമാനത്തെ അടിസ്ഥാനമാക്കി നികുതി ഈടാക്കാവുന്നതാണ്. നഗരസഭയുടെ ആഭിമുഖ്യത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്താനുള്ള സാദ്ധ്യതയുണ്ട്.

## അനുബന്ധം (1)

### ധനകാര്യ സ്ഥാപനങ്ങൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
3. കാത്തലിക് സിറിയൻ ബാങ്ക്
4. വിജയാ ബാങ്ക്
5. കനറാ ബാങ്ക്
6. ഫെഡറൽ ബാങ്ക്
7. ഇന്ത്യൻ ഓവർസീസ് ബാങ്ക്
8. സർവ്വീസ് കോ-ഓപ്പ് ബാങ്ക്
9. നെടുങ്ങാടി ബാങ്ക്
10. വയനാട് ജില്ലാ സഹകരണ ബാങ്ക്
11. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്
12. വൈത്തിരി താലൂക്ക് അഗ്രി: സഹകരണ ബാങ്ക്
13. യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ്
14. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസ്
15. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
16. സംസ്ഥാന കാർഷിക വികസന ബാങ്ക്
17. ന്യൂ ഇന്ത്യാ ഇൻഷൂറൻസ് കമ്പനി
18. എൽ. ഐ. സി. ഓഫ് ഇന്ത്യ
19. നാഷണൽ ഇൻഷൂറൻസ് കമ്പഎി

### ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപ വായ്പാവിവരങ്ങൾ

| | നിക്ഷേപം | വായ്പ |
|---|---|---|
| | (ലക്ഷത്തിൽ) | |
| 1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 50302 | 125767 |
| 2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 182254 | 103902 |
| 3. കനറാ ബാങ്ക് | 441443 | 17923 |
| 4. ഇന്ത്യൻ ഓവർസീസ് ബാങ്ക് | 16812 | 6623 |
| 5. വിജയാ ബാങ്ക് | 34436 | 10266 |
| 6. നെടുങ്ങാടി ബാങ്ക് | 40444 | 19150 |
| 7. കാത്തലിക് സിറിയൻ ബാങ്ക് | 9613 | 9100 |
| 8. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് | 10139 | 10494 |
| ആകെ | 388143 | 1,03,225 |

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

1. നാഷണൽ ബാങ്കേഴ്സ്
2. ഐശ്വര്യ ഫൈനാൻസിയേഴ്സ്
3. സെൻട്രൽ ബാങ്കേഴ്സ്
4. അപ്പക്സ് കോർപ്പറേഷൻ ഫൈനാൻസ് കമ്പനി
5. മഞ്ചേരി ഓട്ടോ ഫൈനാൻസ്
6. മണപ്പള്ളിയിൽ ഫൈനാൻസിയേഴ്സ്
7. മുത്തൂറ്റ് ബാങ്കേഴ്സ്

പട്ടിക 1 സാമ്പത്തിക സ്ഥിതി കാണിക്കുന്ന കണക്ക്

| വർഷം | നീക്കിയിരിപ്പ് | വരവ് | ആകെ | ചിലവ് | നികുതിബാക്കി |
|---|---|---|---|---|---|
| 93–94 | 34,65,181 | 66,37,500 | 1,01,02681 | 76,95,400 | 33.07.282 |
| 94–95 | 33,07,281 | 78,56,564 | 1,11,63,845 | 88,68,191 | 22,95,654 |
| 95–96 | 22,95,654 | 82,71,798 | 1,05,67,452 | 58,65,145 | 47,02,307 |

പട്ടിക–2
ചിലവുകണക്കുകൾ

| ഇനം | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| ഭരണം | 9,24,900 | 12,17400 | 17,23035 | 23,67214 |
| പൊതുമരാമത്ത് | 24,68,100 | 35,60,500 | 36,78,400 | 20,96,486 |
| വിദ്യഭ്യാസം | 87,300 | 46,800 | 74,00 | 51,920 |
| ജലസേചനവകുപ്പ് | 5,67,200 | 12,09,100 | 13,31000 | 2,35663 |
| വഴിവിളക്ക് | 1,2,2500 | 1,14800 | 2,58,763 | 35,263 |
| പലവക | 9,61,100 | 6,46,800 | 18,02993 | 10,78,594 |
| ആകെ | 51,31,100 | 67,95,400 | 886,68,191 | 58,65,145 |

പട്ടിക-1
വരുമാനം

| ഇനം | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | ആകെ വരുമാനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| വസ്തുനികുതി | 12,39,269 | 11,72,914 | 1704061 | 18,37,100 | 20,79666 | 19,60,122 | 23.69% |
| തൊഴിൽ നികുതി | 3,14783 | 4,15,634 | 4,08,620 | 4,37,500 | 4,26,831 | 3,40,976 | 4.12% |
| വിനോദ നികുതി | 5,11,262 | 5,24,511 | 7,18,339 | 7,76,863 | 6,26,991 | 6,48,648 | 7.84% |
| അധിക വിനോദ നികുതി | 306638 | 3,14,530 | 4,30844 | 4,67556 | 3,86,721 | 3,89,188 | 4.70% |
| ഡി& ഒ ലൈസൻസ് | 35031 | 45,628 | 46892 | 78,692 | 82,125 | 95100 | 1.14% |
| പരസ്യനികുതി | 11349 | 9631 | 27,864 | 17,800 | 20,200 | 34,600 | .41% |
| പ്രദർശന നികുതി | 6909 | 8604 | 12647 | 14,900 | 12351 | 18,000 | .21% |
| ഭൂമിയുടെയും കെട്ടിടത്തിന്റെയും വാടക പിരിവ് | 2,75,422 | 2,93,550 | 2,42,487 | 3,23,215 | 3,39022 | 3,36,743 | 4.02% |
| മറ്റിതര വരുമാങ്ങൾ | 12,87,059 | 21,50,650 | 21,64,088 | 2683874 | 38,82,657 | 44,48,421 | 53.77% |
| ആകെ | 39,87,783 | 49,35,652 | 57,55842 | 66,37,500 | 7856564 | 82,71,798 | |

# പ്രവർത്തനരേഖ

1995 സപ്തംബർ 30 തിയതി ആണ് കൽപ്പറ്റ നഗര സഭ കൗൺസിലിൽ അധികാരമേറ്റത്. പ്രഥമകൗൺസിൽ യോഗം ചേർന്ന് ചെയർമാനായി A.D.V.P ചാത്തുക്കുട്ടിയെ തിരഞ്ഞെടുത്തു. നീണ്ടകാലത്തെ ഉദ്യോഗസ്ഥ ഭരണത്തിന് വിരാമമിട്ടുകൊണ്ട് ജനങ്ങൾ ഏൽപ്പിച്ച വർദ്ധിച്ച ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് ഞങ്ങൾ ഭരണം ഏറ്റെടുത്തത്. അഴിമതി തുടച്ചു നീക്കി പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് പരമാവധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ബാദ്ധ്യതയാണ് ഞങ്ങൾ ഏറ്റെടുത്തത്. ഭരണപ്രതിപക്ഷ ഭേദമന്യേ ഈകാര്യത്തിൽ ഏറെ മുന്നോട്ട് പോകാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കുന്നു.

ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതിയും ചുവപ്പ്നാടയിലെ കുരുക്കും അവസാനിപ്പിക്കുന്നതിന് എല്ലാമാസത്തിലെയും ആദ്യത്തെ ചൊവ്വാഴ്ച ചെയർമാൻ, കൗൺസിലർമാർ, ജീവനക്കാർ ഉൾപ്പടെ പങ്കെടുക്കുന്ന മുനിസിപ്പൽ അദാലത്ത് രൂപീകരിച്ചിരുന്നു. 1 എന്നാൽ ജനങ്ങളുടെ ഭാഗത്ത് നിന്നും രേഖാമൂലമുള്ള പരാതികൾ നൽകുക എന്ന സ്വഭാവം സാക്ഷരരായ നരകവാസികൾക്ക് പോലും ഇല്ലാതെപോയത് ഖേദകരമാണ്. പരാതിപ്പെട്ടികളെപ്പോലും ഉപയോഗിക്കാതെ വളഞ്ഞ വഴിയിൽ കാര്യങ്ങൾ നേടിയെടുക്കുക എന്നത് അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ ജനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാവുന്നു എന്നത് ദൗർഭാഗ്യകരമാണ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടാണ് കൂടുതൽ അഴിമതി നടന്നിരുന്നത്. ഇതിൽ പരിഹാരം കാണുന്നതിന് പ്ലാൻ തയ്യാറാക്കുന്നവരുടെയും ഉദ്യോഗസ്ഥന്മാരുടേയും സംയുക്ത യോഗം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു.വ്യത്യസ്ത മേഖലയിലെ പ്രശ്നപരിഹാരത്തിന് സമയബന്ധിതമായി അപേക്ഷകർക്ക് പരിഹാരം ഉണ്ടാക്കാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. സിനിമാശാല ഉടമസ്ഥർ, വ്യാപാരിപ്രതിനിധികൾ എന്നിവരുടെ യോഗങ്ങൾ വിളിച്ച് ചേർത്തു.

നഗരസഭയിലെ മുഴുവൻ ജനങ്ങളെയും അപകട ഇൻഷൂറൻസിൽ ഉൾപ്പെടുത്താൻ കഴിഞ്ഞുഎന്നത് ചാരിതാർത്ഥമാണ്. നിർധനരായ രോഗികൾക്ക് വൈദ്യസഹായം നൽകാൻ കഴിഞ്ഞു. 1/2 ലക്ഷത്തിലധികം രൂപ ഈ ഇനത്തിൽ വിതരണം ചെയ്യാൻ കഴിഞ്ഞു. കേരളത്തിൽ മറ്റൊരു നഗരസഭയും നടപ്പിലാക്കത്തക്ക ഒരു പദ്ധതിയാണിത്. 4സെന്റ് ഭൂമി അളന്ന് കൊടുത്തുഅവകാശസർട്ടിഫിക്കറ്റ് നൽകാനും കഴിഞ്ഞിട്ടുണ്ട്. നമ്പർ ഇല്ലാത്ത 500ൽ പരം കുടിലുകൾക്ക് നമ്പർ നൽകി, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു. കൽപ്പറ്റ നഗരസഭയുടെ വാടക ഗണ്യമായി കുറച്ചു.

കൽപ്പറ്റ നഗരത്തിന്റെ ഏറ്റവും പ്രധാന ആവശ്യമായ ബസ്സ്സ്റ്റാന്റ്, ആധുനികരീതിയിലുള്ള അറവുശാല, മത്സ്യ-മാംസ-പച്ചക്കറി മാർക്കറ്റ് ആധുനിക ശ്മശാനം എന്നിവയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കഴിഞ്ഞാൽ പെട്ടെന്ന് തന്നെ പണി പൂർത്തീകരിക്കാൻ കഴിയും.

നിലവിലുള്ള മത്സ്യ മാംസ മാർക്കറ്റ് സ്ഥല പരിധിക്കുള്ളിൽനിന്നുകൊണ്ട് സൗകര്യപ്രദമാക്കാനുള്ള നടപടിയും. ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കൽപ്പറ്റ-മുണ്ടേരിറോഡിന്റെ ശോചനീയാവസ്ഥ ഒരളവുവരെ പരിഹരിക്കാൻ കഴിഞ്ഞുഎന്നത് സന്തോഷകരമാണ്.

നഗരസഭ ജനകീയകൗൺസിൽ വന്നതിനുശേഷം ചെറുതും വലുതുമായ 73 പ്രവർത്തികൾ 55 ലക്ഷത്തിലധികം രൂപയ്ക്ക് ചെയ്തിട്ടുണ്ട്.

ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി പ്രവർത്തികൾ പലതും തുടങ്ങിവെയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. വിഭവങ്ങളുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് ജനങ്ങളുടെ സഹകരണത്തിലൂടെ മാത്രമേ തുടങ്ങിവെച്ച പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുകയുള്ളു.അതിനായി ഞങ്ങളുടെ ഏറ്റവും വലിയ വിശ്വാസം ജനങ്ങളുടെ കർമ്മശേഷിയിലാണ്.

അധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യത്തിന്റെ സാക്ഷാത്കാരത്തിനായി തുടർന്നുള്ള പ്രവർത്തനത്തിൽ നിങ്ങളുടെ ഓരോരുത്തരുടേയും നേരിട്ടുള്ള പങ്കാളിത്തം പ്രതീക്ഷിച്ചുകൊണ്ട് കൗൺസിലിന് വേണ്ടി

**അഡ്വ: പി.ചാത്തുകുട്ടി.**

ചെയർമാൻ



ഗാന്ധിജി കൃഷ്ണഗൗഡർക്കയച്ച കത്ത്

Dear Friend,

I thank you for your letter. Mis-understandings about the life and motive of a public man will always arise. Your confes-sion does you credit.

Yours sincly,

4/10/34

M.K.Gandhi

Y.C.P.

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**ചരിത്രം**
തോപ്പിൽ ഷാജഹാൻ
അഡ്വ. ചാത്തുക്കുട്ടി

**കൃഷി ജലസേചനം**
1. നങ്ങേലിക്കണ്ടി ഇബ്രായി( ചെയർമാൻ)
2. പുരുഷോത്തമൻ (കൺവീനർ)
3. ടി.വി. സുന്ദരം
4. മണി

**വ്യവസായം**
1. ടി. എൻ. രാജഗോപാലൻ (ചെയർമാൻ)
2. സഫറുള്ള (കൺവീനർ)
3. ശുഭ

**മൃഗസംരക്ഷണം**
1. കെ. പി. മമ്മദ്(ചെയർമാൻ)
2. ഡി. രാജൻ (കൺവീനർ)
3. ബി. മോഹനൻ

**വിദ്യാഭ്യാസം**
1. സിസിലി ടീച്ചർ (ചെയർമാൻ)
2. വിൽസൺ (കൺവീനർ)
3. ടി. കെ. ചന്ദ്രൻ
4. രാധാകൃഷ്ണൻ
5. ശ്രീവൽസൺ

**ഗതാഗതം ഊർജ്ജം**
1. കെ. സുഗതൻ (ചെയർമാൻ)
2. അബ്ദുൾ സലാം (കൺവീനർ)
3. എം.ടി. ബാബു
4. മൊയ്തീൻ കുട്ടി
5. അയൂബ്
6. എം.എം. രമേശ്

**ഭവന നിർമ്മാണം, സാമൂഹ്യ ക്ഷേമം**
1. ഗ്രേസി കുര്യൻ (ചെയർമാൻ)
2. സി. പി. മമ്മൂട്ടി (കൺവീനർ)
3. നജ്മ
4. സലിം തോപ്പിൽ
5. ഉമ്മർ

**സംസ്കാരം**
1. കല്ലങ്കോടൻ കുഞ്ഞീത് (ചെയർമാൻ)
2. ചന്ദ്രശേഖരൻ (കൺവീനർ)
3. സാജൻ
4. അബു ഗൂഡലായ്

**പട്ടികജാതി/ പട്ടിക വർഗ്ഗ ക്ഷേമം**
1. ഉണ്ണീരിക്കുട്ടി (ചെയർമാൻ)
2. ഷൺമുഖൻ (കൺവീനർ)
3. പത്മനാഭൻ
4. എം. എം. ജയ
5. വേണു
6. ജി. ചന്തുക്കുട്ടി

**വിഭവ സമാഹരണം**
1. ടി. കെ. അച്ചുതൻ (ചെയർമാൻ)
2. ജോൺ തോമസ് (കൺവീനർ)
3. പി.കെ. അബൂബക്കർ
4. എസ്. കൃഷ്ണൻ
5. സത്യബാബു
6. വിജയ കുമാർ

**സഹകരണം**
1. അലവി വടക്കേതിൽ (ചെയർമാൻ)
2. പി.ജെ. ജോയ് (കൺവീനർ)
3. പി. കെ. ബാബുരാജ്
4. യു. എ. ഖാദർ
5. ദാമോദരൻ നായർ
6. എം.എം. ജോൺ
7. ടി. എസ്. സുന്ദരം

**ആരോഗ്യം, കുടിവെള്ളം**
1. ഷേർലി ജോസഫ് (ചെയർമാൻ)
2. എ. വി. കൃഷ്ണൻ (കൺവീനർ)
3. ഉസ്മാൻ
4. തുളസി
5. പി.ജി. സതീശൻ

**വനിത**
1. സുലോചന ഗോവിന്ദൻ കുട്ടി (ചെയർമാൻ)
2. ജയലക്ഷ്മി ടീച്ചർ (കൺവീനർ)
3. ശോഭന ബാലസുബ്രഹ്മണ്യം
4. പുഷ്പവല്ലി
5. സതി ടീച്ചർ
6. ഉഷ

**ഫോട്ടോ : ഷുക്കൂർ മങ്ങാടൻ**
**കവർ ഡിസൈൻ : സൈനുൽ അബിത്**
**ചിത്രങ്ങൾ : പാപ്പച്ചൻ വാഴവറ്റ**
**കോ- ഓർഡിനേറ്റർ : കെ. സച്ചിദാനന്ദൻ**

ആശംസകളോടെ

# അരോമ ഹോസ്പിറ്റൽ

**പോസ്റ്റാഫീസിനു സമീപം**
**കൽപ്പറ്റ–വയനാട്**
**ഫോൺ : 2496, 2596**

***ഞങ്ങളുടെ ഡോക്ടർമാർ***

Dr: V.J. SEBASTIAN. FRCS SURGEON
Dr : K. BHASKARAN. M. D.(Gen.MEDICINE)
Dr. K.K. MUHAMMED M.B.B.S; D.C.H, PHEDIATRICIAN
Dr. HASEENA AHAMED . MBBS, D-G.O Gynaecologist
Dr. SURESH KUMAR MBBS, D.L.O, ENT SPECIALIST
Dr.S. Lisy MBBS

**അത്യാഹിതവിഭാഗം 24 മണിക്കൂറും പ്രവർത്തിക്കുന്നു**

**(Estd1982)ഫോൺ –2550**

# ലിയോ ഹോസ്പിറ്റൽ

**കൽപ്പറ്റ, വയനാട്**

*(Recognised by the Government of Kerala for MTP and family welfare services)*

**സൗജന്യ കാൻസർ നിർണയ ക്ലിനിക്**

എല്ലാ രണ്ടാം ശനിയാഴ്ചയും ഉച്ചക്ക് 1 മണി മുതൽ 3 മണിവരെ മൈസൂരിലെ ഭാരത് കാൻസർ ഹോസ്പിറ്റലിലെ Surgical Gynacologist Dr. Anil Thomas, MS; Mch രോഗികളെ പരിശോധിക്കുന്നു.

***ആശുപത്രിയിലെ ഡോക്ടർമാർ***

ഡോ: ടി.പി.വി. സുരേന്ദ്രൻ Bsc,MBBS, General practitionar and Director
ഡോ: ശ്രീകാന്ത് MS ജനറൽ സർജൻ
ഡോ: മോഹൻകുമാർ MD ഫിസിഷ്യൻ
ഡോ: സതീഷ് നായിക് MD ഗൈനക്കോളജിസ്റ്റ്
ഡോ: നാഗരത്നം MD ഗൈനക്കോളജിസ്റ്റ്
ഡോ: മോഹൻസുന്ദരം MD; DPM – സൈക്യാട്രിസ്റ്റ്
ഡോ: രവി വടക്കേടത്ത് MBBS;DA- –അനസ്തറ്റിസ്റ്റ്
ഡോ: മനോജ്കുമാർ MBBS; RMO
ഡോ: സോമശേഖരൻ MBBS. RMO

***ആശുപത്രിയിലെ സൗകര്യങ്ങൾ***

Ultra sound Scan-Linearmicro convex sector-Abdominal and Trans varginal.
Upper GI Endoscopy, ECg-computerised and ordinary .ECT-Auto Analyser Attached Lab, Premature Baby Incubator & Defibrillator.



# ഹോട്ടൽ എം. ജി. ടി ഇന്റർ നാഷണൽ

## കൽപ്പറ്റ നോർത്ത്

***ലോഡ്ജിംഗ് & റെസ്റ്റോറന്റ് കോൺഫറൻസ് ഹാൾ (ബാർ അറ്റാച്ച്ഡ്)***

ഫോൺ: 2645, 2099

*With the best compliments from*

# BABA MOTORS

**(APPROVED BY GOVERNMENT)**

**AUTOMOBILE ENGINEERS AND CONSULTANT**
**KALPETTA - 673 121**

**AUTHORISED SERVICE CENTRE FOR ASHOK LEYLAND, MAHINDRA&MAHINDRA AND PREMIER AUTOMOBILES**

***Sister Concerns***

Baba Agencies,
Baba sales corporation, Meenangadi

**ഫോൺ: 2582, 2757**

*With the best compliments from*

# കൃഷ്ണാ ഹാർഡ് വേഴ്സ്

**ACCസിമന്റ് ഡീലർ**

**കൽപ്പറ്റ**

***Prop.രാജമോഹൻ***

*With the best compliments from*

PHONE: (04936) 2673

*Scaling New Heights in Hospitality*

# HOTEL HARITAGIRI

**PADMAPRABHA ROAD**
**KALPETTA - 673 121**

*ആശംസകൾ*

# ശോഭാ ടെക്സ്റ്റയിൽസ്

**മെയിൻ റോഡ്, കൽപ്പറ്റ**

**ഫോൺ: 3240**

*With the best compliments from*

# Woodlands Tourist Home

**MAIN ROAD KALPETTA**

**PHONE : 2547, 2761**

*With the best compliments from*

# P.P.S.TOURIST HOME
# &
# HOTEL PANKAJ

(BAR ATTACHED)

**KALPETTA**
**PH: 3431, 2677**

*With Best compliments from*

# VIJAYA TALKIES

## KALPETTA NORTH

*With best compliments from*

**Padhoor**

**Plantations (Pvt) Ltd.**

(Elstone estates)

**KALPETTA -673 121**

**(Ph: 0493-602376/ 602404/ 602218)**

Manufactures of Quality
CTC Teas.

118

ആശംസകളോടെ

# മണിയങ്കോട് ക്ഷീര വ്യവസായ സഹകരണ സംഘം

P. ചാത്തു
പ്രസിഡന്റ്

സൗദാമിനി
സെക്രട്ടറി

*With Best Compliments From*

# MAHAVEER MOVIES

**KALPETTA**

*Phone : 602553*
*Res : 602913*
*Office : 602442*

---

ഗുണ നിലവാരമുള്ള പലചരക്ക് സ്റ്റേഷനറി സാധനങ്ങൾ
മിതമായ നിരക്കിൽ ലഭിക്കുന്ന കൽപ്പറ്റയിലെ പ്രമുഖ സ്ഥാപനം.

# Janesh Super Market

**VILLAGE OFFICE ROAD ,KALPETTA**

***sister concerns:***

**JALEEL STORES PROVISIONS & STATIONARIES**

**SHYJAL AGENCIES- Dealers in Sife Cattle feed**

**Phone: Shop : 602336**
**Resi : 602856**

*With best Compliments*

COLOR KING STUDIO

STREEM LINE MANTION, MAIN ROAD, KALPETTA

*Best Compliments From*

Living Spaces

DESIGNERS AND CONSULTANTS

OPP. MUNCIPAL OFFICE, KALPETTA

*Best Compliments From*

T. V. HOUSE

NEAR MUNCIPAL OFFICE,

GUDALAI, KALPETTA

*Best Compliments From*

SINDUR

KALPETTA

*With Best Compliments From*

# VIJAYA AUTO SERVICE

*Dealers:*

**BHARAT PETROLEUM CORPORATION LTD.**
**KALPETTA & S. BATHERY**

*Phone:*
KPT: 602304 & 603437
SBY: 621011

Kalpetta-673 121
Wayanad Dist, Kerala.

ആശംസകളോടെ

ഫോൺ: 602083



# മലനാട് ജ്വല്ലേഴ്സ്

പോസ്റ്റ് ഓഫീസ് ബിൽഡിംഗ്,
കൽപ്പറ്റ

*With best Compliments from*

# KRIPA NURSING HOME

**KALPETTA-673 121**
**WAYANAD**

**PHONE: 602766, 602682**

ആശംസകളോടെ

# അനന്തപത്മ തിയേറ്റർ

**കൽപ്പറ്റ**

**ഫോൺ: 602359, 602271**

123


സുഖകരമായ താമസത്തിനും രുചികരമായ
ഭക്ഷണത്തിനും

# അരുൺ ടൂറിസ്റ്റ് ഹോം
# &
# ഹോട്ടൽ വൃന്ദാവൻ

**മെയിൻ റോഡ് കൽപ്പറ്റ**
**ഫോൺ: 602039**

*With best Compliments from*

# THOMSON ASSOCIATES

**GUDALAI, KALPETTA**
**Phone: 602787, 602187**

*Branch:*

**KOTTAKKUNNU**
**S. BATHERY, Phone: 621457**

*Whole sale Dealers of*

**GODREJ: REFRIGERATORS, FURNITURES, STOREWELS,**
**SECURITY ITEMS, LOCKS & TYPE WRITERS**

*With best compliments from:*



# STREAM LINE BUILDING

**MAIN ROAD KALPETTA**

**PHONE: 2036, 47224**

125

# വയനാട് ജില്ലാ സഹകരണ ബാങ്ക്

## ഹെഡ്ഡാഫീസ് - കൽപ്പറ്റ നോർത്ത്

**സാധാരണക്കാരൻെറ ഭാവി ശോഭനമാക്കാൻ പുതിയ മൂന്ന് നിക്ഷേപപദ്ധതികളുമായി വികസന പാതയിൽ**

**അക്ഷര**

**സ്വയംവര**

**വിസ്മയം**



- കുട്ടികളുടെ വിദ്യാഭ്യാസ പദ്ധതി
- മക്കളുടെ വിവാഹാവശ്യങ്ങൾ നിറവേറ്റുവാൻ
- സമ്പൂർണ്ണ സുരക്ഷിത സമ്പാദ്യ പദ്ധതി

5000 രൂപയോ ഗുണിതങ്ങളോ നിക്ഷേപമായി സ്വീകരിക്കുന്നു

മറ്റ് വിവിധ തരം നിക്ഷേപ പദ്ധതികളും ലളിതമായ വ്യവസ്ഥകളിൽ വായ്പാ പദ്ധതികളും വിശദ വിവരങ്ങൾക്ക് ഞങ്ങളുടെ ശാഖകളുമായി ബന്ധപ്പെടുക.

വയനാടിൻേറയും - നിങ്ങളുടേയും പുരോഗതി വയനാട് ജില്ലാ സഹകരണ ബാങ്കിലൂടെ

പി. വി. സഹദേവൻ
പ്രസിഡൻറ്

എൻ. പി ജയരാമക്കുറുപ്പ്
ജനറൽ മാനേജർ